ദേശത്തിലെ വിശ്വസ്തൻമാർ
എന്നോട് കൂടെ
വസിക്കേണ്ടതിന്
എന്റെ ദൃഷ്ടി അവരുടെ
മേൽ ഇരിക്കുന്നു. സങ്കീ:101:6

BOOK No: 4



# ശുശ്രൂഷാ ഡയറിക്കുറിപ്പുകൾ

**Bro. BIJU THOMAS**

www.prayerhome.org

# ശുശ്രൂഷാ
# ഡയറിക്കുറിപ്പുകൾ

**A PRAYER HOME PUBLICATION**

**By**

**Bro. BIJU THOMAS**

**Sushroosha Diarikkurippukal**

**Ministry Diary Notes**

**Malayalam**

**First Impression 2007**

**By Bro. BIJU THOMAS**

**Rights Reserved to Publishers**

**Type Setting: Simplex**

**Printed at: Ebenezer, Trichur**

**Publishers:**

**Prayer Home Publications**

# ആമുഖം

"നിന്റെ പൂർവ്വസ്ഥിതി അൽപമായിത്തോന്നും. നിന്റെ അന്ത്യ സ്ഥിതി അതിമഹത്തായിരിക്കും." ഇയ്യോബ് : 8:7. കർത്താവായ യേശുക്രിസ്തു ഭൂമിയിൽ കഷ്ടപ്പെടുന്ന ദാസനായിട്ട് വന്നു. അനേകം കഷ്ടതകൾ, പീഢനങ്ങൾ, ക്രൂശ് മരണം വഹിച്ചു. എന്നാൽ രണ്ടാമത് കർത്താവ് വാനമേഘേ ഭൂമിയിലേക്ക് വരുന്നത് രാജാധിരാജാവായിട്ടാണ്. പൂർവ്വസ്തിഥി അൽപമായതും അന്ത്യസ്ഥിതി അതിമഹത്തരവുമാകുന്നു. കർത്താവ് സകലതിനും മാതൃകയായി നമ്മുടെ മുമ്പിൽ നിൽക്കുന്നു. ദൈവത്തെ നോക്കി ഇറങ്ങിപ്പുറപ്പെട്ട പൂർവ്വ പിതാക്കൻമാർ വളരെ കഷ്ടതകൾ, സങ്കടങ്ങൾ, പീഢനങ്ങൾ, നേരിട്ടു. എന്നാൽ അവരുടെ അന്ത്യസ്ഥിതി അതിമനോഹരമായിരുന്നു. സ്വർഗ്ഗം അവരെ മാനിച്ചു. ഭൂമിയിൽ അവർ മാനിക്കപ്പെട്ടു. അനുഗ്രഹിക്കപ്പെട്ടു. അവരുടെ തലമുറ ഉയർന്ന സ്ഥാനമാനങ്ങളിൽ ദൈവത്താൽ എത്തപ്പെട്ടു. ഇത് ഏതൊരു ശുശ്രൂഷകനും വിശ്വാസിക്കും പറയുവാനും കഴിയും. സത്യമായും ദൈവത്തെ അന്വേഷിച്ചിട്ടുള്ള ആരും ലജ്ജിക്കപ്പെട്ടിട്ടില്ല. ദൈവം അവരെ മാനിച്ചു.

എന്റെ ജീവിതത്തിൽ 1993-ലാണ് ദൈവത്തെ കണ്ട് മുട്ടുന്നത്. ദൈവത്തിന്റെ അനുഗ്രഹവും സംരക്ഷണവും വിടുതലും ലഭിച്ച സമയത്ത് തന്നെ, മനുഷ്യരാൽ വലിയ അളവിൽ ഞാൻ താഴ്ത്തപ്പെട്ടു. അപമാനിക്കപ്പെട്ടു. അവന് ദൈവത്തിങ്കൽ രക്ഷയില്ല, എന്ന

സ്ഥിതിയിൽ നീണ്ട വർഷങ്ങൾ പ്രവാസപീഢ നേരിടേണ്ടി വന്നു. സ്വർഗ്ഗത്തിന്റെ ശക്തമേറിയ ആലോചന തുടർച്ചയായി ലഭിക്കുകയും ഒരു സ്ഥലത്തും അത് പറയുവാൻ സ്വർഗ്ഗം അനുവദിക്കാതിരിക്കു കയും ചെയ്യുന്ന നിരവധി വർഷങ്ങൾ എന്റെ ജീവിതത്തിൽ കടന്ന് പോയി. 2001 മുതൽ ഈ അവസ്ഥയ്ക്ക് മാറ്റം വന്നു. ദൈവത്താൽ ലഭിക്കപ്പെടുന്ന ആലോചനകൾ എഴുതിവയ്ക്കുവാൻ പരിശുദ്ധാത്മാവ് എനിക്ക് പ്രേരണ നൽകി. അതിനനുയോജ്യമായ ഒരു സ്ഥാപനത്തിൽ പഠിക്കുവാനും ദൈവം എന്നെ ബലപ്പെടുത്തി.

ദൈവം തന്ന ആലോചനകൾ എഴുതുന്തോറും ഞാൻ കൂടു തൽ ബലപ്പെട്ടു. അത് വീണ്ടും വീണ്ടും എഴുതുവാൻ എനിക്ക് പ്രേര ണയായി. എഴുതിയ സ്വർഗ്ഗീയാലോചനകൾ 3,4 വർഷം സൂക്ഷിച്ച് വച്ചു. 2007 മുതൽ പ്രസിദ്ധീകരിക്കുന്നതിനായി ദൈവം എന്നെ ശക്തീ കരിച്ചു. ഇപ്പോൾ അത് ഒരു പുസ്തകമായി നിങ്ങളുടെ കൈകളിൽ എത്തിക്കുവാൻ ദൈവം എന്നെ ശക്തീകരിച്ചു. മഹാകരുണ വെളി പ്പെടുത്തിയ ദൈവത്തിന് നന്ദി. നിങ്ങളുടെ അഭിപ്രായങ്ങൾ, പ്രതിക രണങ്ങൾ, വിമർശനങ്ങൾ എന്നെ അറിയിക്കണം. ദൈവം നിങ്ങളെ ശക്തീകരിക്കട്ടെ.

**കർതൃ ശുശ്രൂഷയിൽ**

**ബ്രദർ. ബിജു തോമസ്.**

# PRAYER HOME MINISTRIES

KERALA - INDIA

***DIRECTOR***

**Bro. BIJU THOMAS**

**www.prayerhome.org**

**പ്രിയ വിശ്വസ്ത വാഗ്ദത്തജനം അറിയുന്നതിന്, സ്നേഹവന്ദനം.**

ദൈവീക ശുശ്രൂഷയോട് ബന്ധപ്പെട്ട പ്രാർത്ഥനാവിഷയങ്ങൾ ദൈവജനത്തെ അറിയിക്കുവാൻ ആഗ്രഹിക്കുന്നു. നിങ്ങളുടെ വിലയേറിയ പ്രാർത്ഥനകൾക്കും സ്നേഹസഹകരണത്തിനും എന്റെ നന്ദി അറിയിക്കുന്നു. 1993 ലാണ് ഞാൻ വിശ്വാസത്തിൽ വന്നത്. 1998 ൽ ദൈവിക ശുശ്രൂഷയെ സംബന്ധിച്ച് വലിയ ഒരു ദർശനം ദൈവം എനിക്ക് നൽകി. 1999 മുതൽ വളരെ ശക്തമായ ശത്രുപോര് ഞാൻ നേരിടുവാൻ തുടങ്ങി. മാനസീകമായും ശാരീരികമായും സാമ്പത്തീകമായും ശത്രു എന്നെ ശൂന്യനാക്കി തകർക്കുവാൻ തുടങ്ങി. എങ്കിലും എന്നോട് ചേർന്ന് നിൽക്കുന്ന, എന്റെ പ്രാർത്ഥനാ സംരക്ഷണ വലയത്തിനകത്തുള്ള കുടുംബങ്ങളെ, വ്യക്തികളെ ശത്രുവിന് ഒന്നും ചെയ്യുവാൻ കഴിഞ്ഞില്ല എന്നുള്ളതിൽ ഞാൻ അതീവ സന്തുഷ്ടനുമാണ്. ദർശനം ലഭിച്ച് 9 വർഷത്തിന് ശേഷം 2007 മാർച്ചിൽ ഒരു **Malayalam Online Magazine** ആരംഭിക്കുവാൻ കഴിഞ്ഞതിൽ, ദൈവം അതിനായി അഭിഷിക്തന്മാരെ ഒരുക്കിയതിൽ ദൈവത്തിന് നന്ദി പറയുന്നു. 1999 മുതൽ എഴുതിയ 5 പുസ്തകങ്ങളും 2 ബുക്ക്ലെറ്റുകളും പ്രസിദ്ധീകരിക്കുവാൻ കഴിഞ്ഞതിൽ ദൈവത്തെ സ്തുതിക്കുന്നു. ബുക്കുകളും ബുക്ക്ലെറ്റുകളും മാഗസിനുകളും പ്രസിദ്ധീകരിക്കുന്നത് **Prayer Home Publication** ന്റെ കീഴിലാണ്.

ദൈവം എനിക്ക് തരാമെന്ന് പറഞ്ഞ ദേശത്തെക്കുറിച്ച്, ദൈവം എന്നെ അറിയിച്ച വിധം ക്രമമായി രേഖപ്പെടുത്തുന്നു.

1. 1999 ൽ ദൈവം ഒരു ഫോൺ കോഡ് നൽകി - 0472
2. തുടർന്ന് തിരുവനന്തപുരം അല്ല തിരുവനന്തപുരം ജില്ല എന്ന് ദൈവം പറഞ്ഞു.
3. പിന്നീട് തിരുവനന്തപുരത്തിനും കൊല്ലത്തിനും നടുവിൽ എന്ന് ദൈവം പറഞ്ഞു.
4. തുടർന്ന് കടൽതീരത്ത് നിന്ന് 7 കിലോമീറ്റർ എന്ന് ദൈവം ഇടപെട്ടു.
5. തുടർന്ന് ദേശത്തിന്റെ പേര് പരിശുദ്ധാത്മാവ് പറഞ്ഞു.

**“വർക്കല.”**

ദൈവത്തെ അറിയാത്ത വളരെയധികം ജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലമാണ്. വിശ്വാസികൾ വളരെ കുറവാണ്.

**24 Hours Prayer Center** കൂടാതെ 24 ൽ അധികം വിദ്യാർത്ഥികളെ ദൈവിക ശുശ്രൂഷയിൽ പരിശീലിപ്പിക്കുന്നതിനായി, **Prayer Home College** എന്ന പേരിൽ ഒരു വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കുന്നതിനും ദൈവത്തിന്റെ ആലോചന ഉണ്ട്.

ദൈവം എന്റെ മേൽ പകർന്ന ദർശനത്തിന്റെ പൂർത്തീകരണത്തിനായി നിങ്ങളുടെ പ്രാർത്ഥനകൾ, ആത്മീയ പിന്തുണ, ശുശ്രൂഷാസഹകരണം ഞാൻ ചോദിക്കുന്നു. എന്റെ ഭാര്യ ഡെയ്സി ബിജു, മകൾ ഏഞ്ചല ആൻ ബിജുവിനായും ഒരുമിച്ചുള്ള ഒരു വലിയ ദൈവിക ശുശ്രൂഷയ്ക്കായി ദൈവം ഞങ്ങളെ ഒരുക്കേണ്ടതിനായും ദൈവജനത്തിന്റെ പ്രാർത്ഥന ചോദിക്കുന്നു. നിങ്ങളുടെ പ്രാർത്ഥനാവിഷയങ്ങൾ എന്നെ അറിയിക്കുന്നതിൽ ഒട്ടും മടി വിചാരിക്കരുത്. രാജ്യത്തിന്റെ ഉണർവ്വിനായി വളരെ ശക്തമായ ഒരു പ്രാർത്ഥനാ സംഘം രൂപപ്പെടുവാൻ പ്രാർത്ഥിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. നിങ്ങൾക്കോരോരുത്തർക്കുമായി പ്രാർത്ഥിക്കുന്നു.

കർതൃശുശ്രൂഷയിൽ,

**ബ്രദർ ബിജു തോമസ്**

# ജനനവും വിദ്യാഭ്യാസവും

2002 ജനുവരി മാസം മുതൽ എല്ലാ ദിവസത്തേയും അനുഭവങ്ങൾ എഴുതുവാൻ എനിക്ക് പരിശുദ്ധ പ്രേരണ ലഭിച്ചു. എന്നാൽ അതിന് മുമ്പ് ജീവിതത്തിൽ സംഭവിച്ചതും അനുഭവിച്ചതുമായ കാര്യങ്ങൾ അൽപമായി രേഖപ്പെടുത്തുന്നത് ഒരു മുഖവുരപോലെ ഭംഗിയായിരിക്കും എന്ന് വിശ്വസിക്കുന്നു. എന്റെ സ്ക്കൂൾ വിദ്യാഭ്യാസം ആരംഭിക്കുന്നത് തൊടുപുഴ മുട്ടം ഗവൺമെന്റ് ഹൈസ്ക്കൂളിലാണ്. എട്ടാം ക്ലാസ് മുതൽ തുടങ്ങനാട് സെന്റ് തോമസ് സ്ക്കൂളിൽ പഠനം തുടർന്നു. തുടർന്ന് പ്രീഡിഗ്രി പഠനത്തിനായി അറക്കുളം സെന്റ് ജോസഫ് കോളേജിൽ ചേർന്നു. B.com Degree Course-നായി തൊടുപുഴ Newman College –ൽ തുടർന്ന് പഠിച്ചു.

വിദ്യാർത്ഥി രാഷ്ട്രീയസംഘടനാ തലത്തിൽ പൂർണ്ണ സമയ പ്രവർത്തകനായി സമയം ചെലവഴിച്ചത് മുഖാന്തരം കോഴ്സ് പൂർത്തീകരിക്കുവാൻ കഴിഞ്ഞില്ല. തുടർന്ന് B.com ക്യാൻസൽ ചെയ്ത് തൊടുപുഴ Co-operative College-ൽ B.A Economics-ന് ചേർന്നു. പഠനത്തിനിടക്ക് ഒരു Co-operative സ്ഥാപനത്തിൽ ജോലി ലഭിച്ചത് മുഖാന്തരം B.A പൂർത്തീകരിച്ചില്ല. തുടർന്നുണ്ടായ നിരവധി ജീവിതാനുഭവങ്ങളുടെ, ജീവിത സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ സാധാരണ ജീവിതക്രമത്തിൽ വ്യത്യാസം വന്നുതുടങ്ങി.

ഒരു പുതിയ ജീവിതക്രമം ആരംഭിക്കുവാൻ തുടങ്ങി. ചാലക്കുടി മുരിങ്ങൂർ ധ്യാനകേന്ദ്രത്തിൽ ഒരാഴ്ച പ്രാർത്ഥനയിൽ പങ്കെടുക്കുവാൻ കഴിഞ്ഞത് അൽപം ദൈവചൈതന്യം ലഭിക്കുവാൻ കാരണമായി. സാധാരണ ധ്യാനപ്രാർത്ഥനയിൽ തുടർന്ന് പങ്കെടുത്തുവെങ്കിലും ആത്മ സംതൃപ്തി ലഭിക്കാത്തതിനാൽ കൂടുതൽ അറിയുവാൻ അന്വേഷണം നടത്തി. 1994 സെപ്തംബർ മാസത്തിൽ തൊടുപുഴ വാഴക്കുളം Assemblies of God Church-ൽ ആരാധനക്ക് പോകുവാൻ തുടങ്ങി. 1994 ഡിസംബർ 11–ാം തീയ്യതി

സ്നാനപ്പെട്ടു. 1995 ജൂൺ മാസത്തിൽ തിരുവല്ല കുറ്റപ്പുഴ Gospel For Asia Biblical Seminari-ൽ B.Th Course-ന് ചേർന്നു. 1995 ജൂൺ 7 –ാം തീയ്യതി പരിശുദ്ധാത്മാഭിഷേകം ലഭിച്ചു. കുടുംബ ആവശ്യത്തിനോടനുബന്ധിച്ച് 1996 –ൽ പഠനം താൽക്കാലികമായി നിർത്തി. തുടർന്ന് ഏകദേശം ഒരു വർഷം ശക്തമായ കൃപാവരശുശ്രൂഷയുള്ള ഒരു ശുശ്രൂഷകന്റെ കീഴിൽ പ്രവർത്തിക്കുവാൻ കഴിഞ്ഞത് ശുശ്രൂഷയിൽ ഒരു കാഴ്ചപ്പാട് ലഭിക്കുവാൻ കാരണമായി.

1997 ജൂൺ മാസത്തിൽ B.Th രണ്ടാം വർഷ പഠനത്തിനായി തിരുവല്ല New India Bible College-ൽ ചേർന്നു. 1996 മുതൽ ദൈവം ഉപയോഗിക്കുവാൻ തുടങ്ങി. 1998 മുതൽ വളരെ പ്രധാനപ്പെട്ട ചിലകാര്യങ്ങളിൽ തുടക്കമിട്ടു. ഭാവികാലശുശ്രൂഷയെക്കുറിച്ച് ദൈവം ദർശനവും വെളിപ്പാടുകളും കാണിക്കുവാൻ തുടങ്ങി. പിന്നീടുള്ള ഓരോചലനവും ദൈവം തന്ന ദർശനത്തിൽ കേന്ദ്രീകരിച്ചായിരുന്നു. ഓരോ മാസങ്ങൾ കഴിയുന്തോറും ദർശനത്തിന് ആഴവും നീളവും വീതിയും ഉയരവും കൂടിക്കൂടി വന്നു. സഭാശുശ്രൂഷയെ സംബന്ധിച്ച്, അന്ധകാരശക്തിക്കെതിരെയുള്ള പോരാട്ടത്തെക്കുറിച്ച്, ഉണർവ്വ് യോഗങ്ങളെ ക്കുറിച്ച്, പ്രാർത്ഥനാ കേന്ദ്രങ്ങളെക്കുറിച്ച്, വിദ്യഭ്യാസ സാമൂഹ്യ സേവനപ്രവർത്തനങ്ങളെ ക്കുറിച്ച്, സംസ്ഥാനങ്ങളെക്കുറിച്ച്, ശുശ്രൂഷാ പരിശീലന കേന്ദ്രങ്ങളെക്കുറിച്ച്, പ്രസിദ്ധീകരണ മേഖലയെക്കുറിച്ച്, വിദേശരാജ്യ ശുശ്രൂഷകളെ ക്കുറിച്ച് ദർശനങ്ങളും വെളിപ്പാടുകളും ദൈവം കാണിച്ച് തുടങ്ങി.

1999 ഫെബ്രുവരിയിൽ B.Th Graduation കഴിഞ്ഞ് നിലമ്പൂർ, എടക്കര ഫിലാദൽ ഫിയ ബൈബിൾ കോളേജിൽ അധ്യാപകനായി ദൈവികശുശ്രൂഷയിൽ പ്രവേശിച്ചു. ഏലിയാവ് കെരീത്ത് തോട്ടിൽ ജീവിച്ചത് പോലെ ഒരു വർഷം അവിടെയായിരിക്കുവാൻ ദൈവം കൃപ തന്നു. കെരീത്ത് തോട്ടിൽ നിന്ന് സാരാഫത്തിലേക്ക് ഏലിയാവ് പോയത് പോലെ ഒരു കുടുംബ ബന്ധത്തിലൂടെ മറ്റൊരു വിശാല മണ്ഡലം തുറക്കപ്പെട്ടു. 2000 ജൂൺ 15 –ാം തീയ്യതി ഡെയ്സിയുമായി വിവാഹം നടന്നു.

1999 അവസാനം ദൈവം പറഞ്ഞിരുന്നു. പ്രവാസകാലയനുഭവത്തിൽ

പ്രവേശിക്കേണ്ടിവരും എന്ന്. 2000 അവസാനത്തിൽ പ്രവാസകാലം ആരംഭിച്ചു. പരസ്യശുശ്രൂഷകൾ എല്ലാം തന്നെ വേണ്ടയെന്ന തീരുമാനം എടുക്കേണ്ടി വന്നു. ആരേയും പരിചയമില്ലാത്ത ആർക്കും അറിയത്തില്ലാത്ത ഒരിടം പ്രവാസകാലത്തിൽ ചെലവഴിക്കുവാൻ ദൈവം കാണിച്ച് തന്നു. 2001 മറക്കുവാൻ കഴിയാത്ത വർഷമായി. ദയനീയമായ നിരവധി സാഹചര്യങ്ങളെ അഭിമുഖീകരിച്ചു. 2001 നവംബർ 21-ാം തീയ്യതി ബാംഗ്ലൂരിന് ട്രെയിൻ കയറി. ഇതുവരെ നേരിട്ട ദേശാന്ധകാരശക്തികളുടെ പോരുകളേക്കാൾ കഠിനമായ പോരുകൾ ബാഗ്ലൂര് വന്നത് മുതൽ എഴുന്നേൽക്കുവാൻ തുടങ്ങി. ശത്രു എഴുന്നേൽക്കുന്ന രഹസ്യവാതിൽ ദൈവം ഒരു വെളിപ്പാടിനാൽ കാണിച്ചു തന്നു. ശത്രു പ്രവർത്തിക്കുന്നതിന് മുമ്പേ അവന്റെ പദ്ധതി വെളിപ്പെടുന്നതിന് മുമ്പേ അവന്റെ ആക്രമണമുന ഭക്തന്റെ നേരെ തിരിയും മുമ്പേ അവനെ വെട്ടിമാറ്റുവാൻ ദൈവത്തിൽ ശരണം പ്രാപിച്ചു.

കുന്ന് ഒന്ന്, കുന്ന് രണ്ട് എന്ന് പറഞ്ഞ് ശിംശോൻ ശത്രു നിരയെ വെട്ടിമാറ്റിയത് പോലെ ദൈവം ശത്രു പദ്ധതിയെ വെട്ടിമാറ്റി. 2001 ഡിസംബർ 1-ാം തീയ്യതി മുതൽ ജോൺ താന്നിക്കൽ സർ പ്രിൻസിപ്പാളായ New Life College-ൽ M.Div Ist Year Second Semester-ന് ചേർന്നു. ഒരു മാസം കൊണ്ട് തന്നെ ബാഗ്ലൂർ തന്ന അനുഭവം വളരെ വലുത്. 2001 ഡിസംബർ 23-ാം തീയ്യതി മുതൽ ദേശാന്ധകാരശക്തി രോഗമിട്ട് പോരാടി. ശരീരമാകെ വേദനയിട്ട് , ഉദരത്തിൽ അസ്വസ്ഥത വരുത്തി , ഒരു കാൽ മമ്പോട്ട് വയ്ക്കുവാൻ കഴിയാത്ത തരത്തിൽ, ഒരു വാക്ക് പ്രാർത്ഥിക്കുവാൻ കഴിയാത്ത തരത്തിൽ ശത്രു ശരീരത്തിൽ പിടിമുറുക്കി.

എന്നാൽ നീണ്ട ഒരാഴ്ചത്തെ പോരാട്ടത്തിന് ശേഷം ശത്രു ആയുധം വച്ച് കീഴടങ്ങി. ശരീരത്തിന്മേലുള്ള അവന്റെ പിടി അയഞ്ഞു. അസ്വസ്ഥകൾ മാറി. വീണ്ടും സ്വാതന്ത്രത്തിലേക്ക് കാൽ എടുത്ത് വയ്ക്കുകയാണ്. ഈ ഒരു മാസത്തിനിടയിൽ രണ്ട് പ്രാവശ്യം ശത്രു ചെവിയിൽ മന്ത്രിച്ചു "തിരിച്ച് പോ" എന്ന്. ശത്രു അയച്ചിട്ടല്ല ഞാൻ ബാഗ്ലൂര് വന്നത്. ദൈവം അയച്ചിട്ട് വന്നതാണ്. ഇവിടെ നിന്ന് എന്ന് പോകണം എന്ന് ദൈവം നിശ്ചയിക്കും. അപ്പോൾ ഞാൻ പുറപ്പെടും.

പൗലോസ് ഗലാത്യരോട് പറയുകയാണ് "അത് ഞാൻ മനുഷ്യരോട് പ്രാപിച്ചിട്ടില്ല, പഠിച്ചിട്ടുമില്ല, യേശുക്രിസ്തുവിന്റെ വെളിപ്പാടിനാൽ അത്രേ പ്രാപിച്ചത്" 1:12. ആത്മീയ ജീവിതം ആരംഭിക്കുന്നതിന് മുമ്പ് ധാരാളം കാര്യങ്ങൾ മാനുഷിക ലോകത്ത് നിന്ന് ഞാൻ പഠിച്ചിട്ടുണ്ട്. എന്നാൽ ദൈവീക മാർമ്മികരഹസ്യങ്ങൾ, ശുശ്രൂഷാ രീതികൾ, ആത്മ മണ്ഡലചലനങ്ങൾ തുടങ്ങി നിരവധി കാര്യങ്ങൾ കർത്താവായ യേശുക്രിസ്തുവിന്റെ വെളിപ്പാടിനാൽ പ്രാപിക്കുവാൻ കഴിഞ്ഞു. അത് എത്രമാത്രം ആഴത്തിലുള്ളതാണ് എന്ന് ഇപ്പോഴും എനിക്ക് വിവേചിച്ചെടുക്കുവാൻ കഴിഞ്ഞിട്ടില്ല. എന്നിൽ നിന്ന് നല്ല പ്രവർത്തിയെ ആരംഭിച്ചവൻ തന്നെ അവസാനത്തോളം അത് നിർവ്വഹിക്കും എന്ന് ഞാൻ വിശ്വസിക്കുന്നു.

2001 ഡിസംബർ 31-ാം തീയ്യതി അവസാനിക്കുവാൻ പോകുകയാണ്. ഏതാനും മണിക്കൂറുകൾ മാത്രം മുമ്പിൽ. 2002 പുതുവത്സര പ്രാർത്ഥന നടക്കുകയാണ്. ജോൺ താന്നിക്കൽ സാറും എല്ലാവരും ഉണ്ട്. അനുഗ്രഹിക്കപ്പെട്ട പ്രാർത്ഥനയോടെ, അനുഭവങ്ങളോടെ 2002-ലേക്ക് പ്രവേശിക്കുകയാണ്. അല്ല പ്രവേശിച്ച് കഴിഞ്ഞു. ബാഗ്ലൂർ പട്ടണത്തിൽ ദൈവം എന്നെ എത്തിച്ചു. വലിയ ഒരു വ്യത്യാസം ദൈവം പകർന്നു. സകലമഹത്വവും സ്തുതിയും യേശു കർത്താവിന്. ആമേൻ !!!

## 2002 ജനുവരി 1

പുതുവത്സര ദിനം രാവിലെ മുതൽ തന്നെ ആത്മീയ സ്വാതന്ത്രം അനുഭവിക്കുവാൻ കഴിയുന്നു. പുതിയ ചില തുടക്കങ്ങൾ ആത്മാവിൽ എനിക്ക് ദർശിക്കുവാൻ കഴിയുന്നു. അത് മനോഹരമായി പൂത്ത് നിലത്ത് വേരൂന്നും എന്ന് ആത്മാവ് എന്നോട് പറയുന്നു. ഒരു വാക്യം ദൈവം തന്നു. യഹോവ മത്സ്യത്തോട് കൽപ്പിച്ചിട്ട് അത് യോനയെ കരയ്ക്ക് ഛർദ്ദിച്ച് കളഞ്ഞു.യോന:2:10. കഴിഞ്ഞ കുറേ നാളുകളായി യോന മത്സ്യത്തിന്റെ വയറ്റിലായിരുന്നു. വയറിനകത്ത് ആകുന്നതിന് മുമ്പ് തന്നെ യോനയിലെ ശുശ്രൂഷകൻ വളർന്നിരുന്നു.

മഹാനഗരമായ നിനവേയാണ് അവന്റെ ശുശ്രൂഷാസ്ഥലം. പക്ഷെ ചിലമാനസിക കണക്ക് കൂട്ടലുകളുടെ അടിസ്ഥാനത്തിൽ തർശീശ് അവൻ തെരഞ്ഞെടുത്തു. എന്നാൽ പ്രതീക്ഷിക്കാത്ത ഒരു അത്യാഹിതം അവൻ നേരിട്ടു. ഇളകി മറിയുന്ന സമുദ്രത്തിലേക്ക് അവൻ എടുത്തെറിയപ്പെട്ടു. അവന്റെ ദൃഷ്ടിയിൽ അവൻ നശിച്ചുപോയി. അവൻ സഞ്ചരിച്ചിരുന്ന കപ്പലിൽ ഉള്ളവരുടെ ദൃഷ്ടിയിലും അവൻ നശിച്ചുപോയി. ഇതാ മറ്റൊരു വലിയ ആപത്ത് കൂടി, സമുദ്രത്തിൽ വീണ യോനയുടെ നേരെ വരികയാണ്. ഒരു മഹാ മത്സ്യം. യോന ചിന്തിച്ചു എന്റെ പൊടി പോലും ഇനി ആർക്കും കിട്ടുകയില്ല. ശുശ്രൂഷയുടെ ആരംഭത്തിൽ തന്നെ ഇങ്ങനെ സംഭവിക്കുവാൻ കാരണമെന്ത്? അൽപം കൂടെ ആഴത്തിൽ നിനവേക്ക് പോകുവാൻ പറഞ്ഞിരുന്നുവെങ്കിൽ ഞാൻ പോകുമായിരുന്നല്ലോ. എന്നാൽ മാനുഷിക ദൃഷ്ടിയിൽ ആശ്ചര്യമായ ചിലത് സംഭവിക്കുവാൽ പോകുകയാണ്. തള്ളിക്കളഞ്ഞ കല്ല് മൂലക്കല്ല് ആകുവാൻ പോകുകയാണ്. അതിനായി യോനയെ മത്സ്യത്തിന്റെ വയറ്റിൽ ദൈവം സൂക്ഷിച്ചിരിക്കുകയാണ്. ദൈവത്തിന്റെ സംരക്ഷണരീതി ഭയങ്കരം തന്നെ.

മത്സ്യത്തിന്റെ വയറ്റിൽ വച്ച് യോന ഒന്ന്കൂടി കടഞ്ഞെടുക്ക പ്പെടുകയായിരുന്നു. ശുശ്രൂഷയിലെ മൂർച്ച ദൈവം വർദ്ധിപ്പിച്ചെടുക്കുക യായിരുന്നു. അപ്പോൾ തന്നെ യോന എവിടേക്ക് ആണോ ദൈവത്താൽ നിയോഗിക്കപ്പെട്ടത് അങ്ങോട്ട് തന്നെ സഞ്ചരിക്കുകയായിരുന്നു. മറ്റുള്ളവരുടെ ദൃഷ്ടിയിൽ യോന വെറുതെ ഇരിക്കുകയാണ്. യോനയെ വിഴുങ്ങിയ മത്സ്യം ഒരു തുറമുഖത്ത് നിന്ന് മറ്റൊരു തുറമുഖത്തേക്ക് സഞ്ചരിക്കുകയായിരുന്നു. ദൈവം തന്റെ പൂണിയിൽ യോനയെ മറച്ച് വച്ചു. തക്കസമയത്ത് ലക്ഷ്യത്തിൽ എത്തിക്കുവാൻ. യോനയെ വിഴുങ്ങേണ്ടതിന് മത്സ്യത്തെ കൽപ്പിച്ചാക്കിയ ദൈവം തന്നെ നിനവേയുടെ തീരത്ത് യോനയെ ഛർദ്ദിക്കുവാൻ കൽപ്പിച്ചു.

ഇതാ ദൈവം ആഗ്രഹിച്ച സ്ഥലമായ നിനവെ എന്ന മഹാനഗരത്തിൽ യോന എത്തിച്ചേർന്നു. അത് ഒരു മഹാനഗരം തന്നെയായിരുന്നു. മൂന്ന് ദിവസം വേണമായിരുന്നു അതിന്റെ ഒരു ഭാഗത്ത് നിന്ന് മറ്റൊരു ഭാഗത്ത് എത്തുവാൻ. ശുശ്രൂഷയുടെ ആരംഭത്തിൽ അപ്രതീക്ഷിതമായി കടന്ന് വന്ന

അത്യാഹിതങ്ങളായ ചില സംഭവങ്ങൾ എന്നെ ആകമാനം തകർത്ത് കളഞ്ഞിരുന്നു. വചനത്തിന് വിരുദ്ധമായി ദൈവീകാലോചനക്ക് വിരുദ്ധമായി ഒന്നും ഉണ്ടായിട്ടില്ല. എന്നാൽ യോസേഫ് കുണ്ടറയും തടവറയും അന്യദേശത്ത് നേരിട്ടത് പോലെയുള്ള ചില അനുഭവങ്ങൾ എന്നേയും ഭയപ്പെടുത്തി കളഞ്ഞിരുന്നു. സാധുക്കളുടെ പ്രത്യാശയെ മാനിക്കുന്ന ദൈവം എന്നേയും ഓർത്തു. യോസേഫിനെ കാത്തിരുന്ന ചില മാന്യതകൾ, യോനയെ കാത്തിരുന്ന ചില മഹാ ശുശ്രൂഷകൾ എനിക്കായും കാത്തിരിക്കുന്നു എന്ന് ദൈവാത്മാവ് എന്നേയും ഓർമ്മിപ്പിച്ച് കൊണ്ടിരിക്കുന്നു. പുതുവത്സരദിന സന്തോഷത്തിന്റെ കൂട്ടായ്മക്കായി പ്രിൻസിപ്പാൾ ഒരുക്കിയ സ്നേഹവിരുന്ന് വളരെ ഗംഭീരമായിരുന്നു.

**2002 ജനുവരി 2**

കഴിഞ്ഞ ചില നാളുകൾ നേരിട്ട യാഥാർത്ഥ്യങ്ങളുടെ ആഴം പ്രകടമാകാതിരുന്ന അവഗണനയുടെ രഹസ്യ ചലനങ്ങൾ ഒരു വെളിപ്പാടിലൂടെ ദൈവാത്മാവ് ഇന്ന് പുലർകാല സമയത്ത് കാണിച്ചുതന്നു. മനസ്സിലാക്കുവാൻ കഴിയാതിരുന്നതിലും അപ്പുറമായിരുന്നു ആ അവഗണന. ആ കാലഘട്ടം തരണം ചെയ്യുവാൻ പകരപ്പെട്ട ദൈവകൃപക്കായി സ്തോത്രം.

ഒരു ഇംഗ്ലീഷ് പ്രസിദ്ധീകരണം ആരംഭിക്കുന്നത് സംബന്ധിച്ച് ദൈവം ചില ആലോചനകൾ പകർന്നു. ഒരു ആഘോഷത്തിന്റെ അനുഭവം എവിടെ നിന്നോ വരുന്നു. ആശ്വാസത്തിന്റെ ഒരു ദിവസം കൂടി കടന്നുപോകുകയാണ്. Youth With A Mission-ന്റെ പൂനയിലെ ഡയറക്ടർ ആയ ഒരു ദൈവദാസന്റെ ഒരു Message കേൾക്കുവാൻ കൃപ ലഭിച്ചു. Mathew 8:14-25. കർത്താവ് തന്റെ കൂടെയുള്ള ജനത്തെ ദൈവികജ്ഞാനത്തിന്റെ ഉയർന്ന കാഴ്ചപ്പാടിലേക്ക് കൊണ്ടുവരുന്നതിന് വേണ്ടി ചില ഉപദേശങ്ങൾ നൽകുകയാണ്. പരീശന്മാരുടേയും, ഹെരോദാവിന്റേയും പുളിച്ചമാവ് സൂക്ഷിച്ചു കൊൾവിൻ എന്ന് പറഞ്ഞു. അവരുടെ കപടഭക്തിയെ തിരിച്ചറിയുവാനാവശ്യമായ ജ്ഞാനത്തേയും വിവേചനത്തേയും കുറിച്ചാണ്

കർത്താവ് പറയുന്നത്. പക്ഷെ ശിഷ്യന്മാർ ഇത് തിരിച്ചറിയാതെ കർത്താവിന്റെ ഉയർന്ന കാഴ്ചപ്പാടിലേക്ക് വരുവാൻ കഴിയാതെ നമുക്ക് അപ്പം ഇല്ലായ്കയാൽ ആണ് അവൻ ഇത് പറയുന്നതെന്ന് അവർ ചിന്തിച്ചു. ഏഴ് അപ്പം നുറുക്കി 4000 പേർക്ക് നൽകിയതിനുശേഷം പടകിൽ യാത്ര ചെയ്യുന്ന സമയത്താണ് ഇത് ഉപദേശിക്കുന്നത്. ശിഷ്യന്മാർ ഭൗതിക കാര്യങ്ങളിൽ വ്യാപൃതരായി നിൽക്കുകയാണ്. പക്ഷെ കർത്താവ് ആത്മീയ വിഷയത്തിൽ വ്യാപൃതനായി അവരെ ഉയർന്ന കാഴ്ചപ്പാടിലേക്ക് കൊണ്ടു വരുവാൻ ശ്രമിക്കുന്നു. തുടർന്ന് നിരവധി ചോദ്യം കർത്താവ് ശിഷ്യരോട് ചോദിക്കുകയാണ്. എന്നിട്ടും കർത്താവ് ഉദ്ദേശിച്ചത് അവർ ഗ്രഹിക്കുന്നില്ല. തന്നെക്കുറിച്ചും തന്റെ വചനത്തെക്കുറിച്ചും തന്റെ പ്രവൃത്തികളെ ക്കുറിച്ചും മനസ്സിലാക്കുവാൻ കഴിയാതെ ജഢബുദ്ധിയാൽ വ്യാപൃതരായി ഇരിക്കുന്ന ശിഷ്യഗണത്തോട് കർത്താവ് ചോദിക്കുകയാണ് ഇപ്പോഴും നിങ്ങൾ ഗ്രഹിക്കുന്നില്ലയോ എന്ന്? ആ ചോദ്യം നമ്മുടെ മുമ്പിൽ ഇപ്പോഴും എഴുന്നേറ്റ് നിൽക്കുന്നു. അനുഗ്രഹപ്രദമായ ഒരു ആലോചന. ആ ദൈവ ഭൃത്യനെ ദൈവം അനുഗ്രഹിക്കട്ടേ.

### 2002 ജനുവരി 3

ഒരു പ്രഭാതദിനം കൂടി കടന്നുപോകുന്നു. അൽപം ശൂന്യതയും ഇല്ലായ്മയും അനുഭവപ്പെടുന്നു. ചുറ്റുപാടും നോക്കുമ്പോൾ പ്രതീക്ഷിക്കുവാൻ ഒന്നും ഇല്ല. മാനുഷിക കണ്ണാൽ ഒന്നും കാണുവാൻ കഴിയുന്നില്ല. ഇരുട്ട് മിഴിച്ച് നോക്കുകയാണ്. എന്നാൽ ഇരുളിനെ കീറിമുറിച്ച് വരുവാൻ ഒരു പ്രകാശ കിരണം ശ്രമിക്കുകയാണ്, അല്ല അത് വന്ന് കഴിഞ്ഞു. നിരാശക്ക് കാരണമായതിനെതന്നെ ദൈവം പ്രത്യാശക്ക് കാരണമാക്കുകയാണ്. ദൈവികപ്രവൃത്തിയും ജ്ഞാനവും അപാരം തന്നെ.

ശൂഹ്യനായ ബിൽദാദ് ഇയ്യോബിനോട് പറയുകയാണ് "നിന്റെ പൂർവ്വ സ്ഥിതി അൽപ്പമായി തോന്നും; നിന്റെ അന്ത്യസ്ഥിതി അതി മഹത്തായിരിക്കും". ഇയ്യോബ്:8:7. ഇത് കഴിഞ്ഞ വർഷം ഒരു ദൈവദാസൻ ആലോചനയായി എന്നോടും പറഞ്ഞു. എന്തായിരുന്നു പൂർവ്വസ്ഥിതി. ഒരു പുഴുവിനെപ്പോലെ

നിലം പറ്റി ഓടുന്ന ഒരു അനുഭവം. പറക്കണമെന്ന് ആഗ്രഹമുണ്ട്. പക്ഷെ ചിറകില്ല. ഉയരങ്ങളിൽ പറക്കുന്ന പക്ഷികളെ നോക്കി വിഷാദ മൂകനായി ചോദിച്ചിട്ടുണ്ട്. എന്നെങ്കിലും ഇങ്ങനെ ഒന്ന് പറക്കുവാൻ കഴിയുമോ? പക്ഷെ നോക്കുമ്പോൾ അതിനായി ഒന്നും സ്വതന്ത്രമായി ഇല്ല. ഇഴയുക മാത്രം മാർഗ്ഗം. ജീവിതം ഇങ്ങനെ തീരും. എന്നാൽ ദൃഷ്ടിയെങ്കിലും ഉയരത്തിൽ ഇരിക്കട്ടെ എന്ന് വിചാരിച്ചു. സ്വപ്നങ്ങൾ നെയ്ത്ക്കൂട്ടി. ആഗ്രഹങ്ങൾ വിശാലമാക്കി. ലഭിക്കില്ല എന്ന് കരുതിയതിലേക്ക് തന്നെ നോക്കിയിരുന്നു. എന്നെങ്കിലും ഒരു ചെറിയ ചിറക് എനിക്കും മുളക്കും , അത് മതി.

പക്ഷെ നോക്കിയവർ നോക്കിയവർ പറഞ്ഞു ഇത് ഇഴഞ്ഞിങ്ങനെ ജീവിതകാലം കഴിച്ച് കൂട്ടും. പക്ഷെ മനുഷ്യദൃഷ്ടിയിൽ ആശ്ചര്യമായത് സംഭവിക്കാൻ പോകുന്നു. ഒന്നുമില്ലായ്മയിൽ നിന്നും സകലതിനേയും സൃഷ്ടിച്ച ദൈവത്തിന്റെ കരം പ്രവർത്തിക്കുവാൻ പോകുകയാണ്. അൽപത്തിലും അധികത്തിലും പ്രവർത്തിക്കാൻ കഴിയുന്നവൻ എന്തോ ചിലത് ചെയ്യുവാൻ പോകുന്നു. സൃഷ്ടികളുടെ ആരംഭത്തിൽ ആദാമിൽ നിന്നും വളരെ വ്യത്യസ്തമായ ഒന്നിനെ രൂപപ്പെടുത്തിയവൻ ഹവ്വയെ സൃഷ്ടിച്ചവൻ ഇതാ ഉയരത്തിൽ നിന്ന് ഇറങ്ങി വരികയാണ്.

പുഴുവായിരുന്ന യാക്കോബിന്മേൽ ഒരു വ്യത്യാസം. ഇഴയുന്ന അനുഭവം മാറുകയാണ്. ഒരു ചെറിയ ചിറക് മുളയ്ക്കുന്നു. അത് സാവകാശം വലുതായി വലുതായി തീരുന്നു. പൂർവ്വ സ്ഥിതിക്ക് മാറ്റം വന്നുതുടങ്ങുന്നു. അത് അതിമഹത്തരമായ ഒന്നിലേക്ക് മാറുകയാണ്. മാറിക്കഴിഞ്ഞു. സ്വപ്നം വെറുതെയായില്ല. യാഥാർത്ഥ്യമായി മാറിക്കഴിഞ്ഞു. ഇതാ അത് പറന്നുതുടങ്ങി. ഉല്ലാസഘോഷം നീതിമാന്റെ കൂടാരങ്ങളിൽ വെളിപ്പെട്ടു. അതാ ദൈവത്തിന്റെ വിശ്വസ്തത ഒരിക്കൽ കൂടി തെളിയിക്കപ്പെട്ടു കഴിഞ്ഞു. പുഴുവായിരുന്നവൻ നന്ദി നിറഞ്ഞ അനുഭവത്തോടെ തന്റെ സൃഷ്ടാവിലേക്ക് നോക്കുകയാണ്.

**2002 ജനുവരി 4**

ജനുവരി നാല്, വെള്ളി അനുഗ്രഹ പ്രദമായ ഒരു ദിവസം. ഒരു നിശ്ചലത

ദർശിക്കുന്നു. വാക്കുകൾ ഇല്ല, ഭാഷണം ഇല്ല പുറമെ ശാന്തഗംഭീരമായ ഒരു ഭാവം. പ്രൗഢമായ ഒരു മൗനം. പ്രപഞ്ച സൃഷ്ടിയുടെ ആരംഭത്തിൽ ആഴത്തിന്മീതെ ഇരുൾ ആയിരുന്നുവെങ്കിലും ദൈവത്തിന്റെ ആത്മാവ് വെള്ളത്തിന്മേൽ പരിവർത്തിച്ച് കൊണ്ടിരിക്കുന്ന സമയം. ഇതാ ദൈവമുഖത്ത് നിന്ന് ഒരു കൽപ്പന പുറപ്പെട്ടു. ''വെളിച്ചം ഉണ്ടാകട്ടേ'' വെളിച്ചം ഉണ്ടായി. ഇരുൾ ഭയപ്പെട്ട് മാറി.

വിളഞ്ഞ് നിൽക്കുന്ന മുന്തിരിക്കുലകളും, ഒരു ഏഴ് നില പൊൻവിളക്കും ഒരു വെളിപ്പാടിനാൽ ദൈവം കാണിച്ചു. ശുശ്രൂഷയുടെ മനോഹരമായ ഫലദായകമായ ഒരു പ്രവൃത്തിയെ സൂചിപ്പിക്കുന്നതാണ് ഈ വെളിപ്പാട്. ഇതുവരെ ഭൂമിയിൽ വെളിപ്പെടാതിരുന്ന ചില ശുശ്രൂഷകൾ വെളിപ്പെടും. ഇതുവരെ ഒരു രാജ്യത്തും വെളിപ്പെടാതിരുന്ന ഒരു ശുശ്രൂഷ മേഖല തുറക്കപ്പെടും. അതിന്റെ മനോഹാരിതഎനിക്ക് ആത്മാവിൽ മുന്നമേ ദർശിക്കുവാൻകഴിയുന്നു. അത് വിവരിക്കുവാൻ തക്ക പദസഞ്ചയം എന്റെ കൈവശമില്ല. വാക്കുകൾക്കും ചിന്തകൾക്കും അസാദ്ധ്യമായ ഒന്ന്. എന്റെ കണ്ണ് എന്ന് അത് ദർശിക്കും.

**2002 ജനുവരി 5**

ഒന്നും ചെയ്യുവാനില്ലാതിരുന്ന ഒരു ദിവസം. വിശ്രമദിവസമായി ആഴ്ചയിൽ ഒരു ദിവസം ലഭിക്കുന്നത് നല്ലത് തന്നെ. കർത്താവ് ശീമോനോട് നീ കടലിൽ ചെന്ന് ചൂണ്ടൽ ഇട്ട് ആദ്യം കിട്ടുന്ന മീനിനെ എടുക്കുക. അതിന്റെ വായ് തുറക്കുമ്പോൾ ഒരു ചതുർദ്രഹ്മപ്പണം കാണും. അത് എടുത്ത് എനിക്കും നിനക്കും വേണ്ടി കൊടുക്ക എന്ന് Mathew17: 27. കർത്താവിന് ഭൂമിയിലെ ഒരാവശ്യത്തിന് ഒരു ചതുർദ്രഹ്മപ്പണം ആവശ്യമുണ്ട്. കർത്താവിന്റെ ആവശ്യത്തിനു കൊടുക്കാനായി ഒരു മത്സ്യം ഒരു ചതുർദ്രഹ്മപ്പണം വായിൽ സൂക്ഷിച്ച് കടലിൽ സഞ്ചരിക്കുകയാണ്. നന്മ ആഴത്തിൽ മറഞ്ഞിരിക്കുകയാണ്. കർത്താവിന്റെ ദൃഷ്ടിയിൽ ഒന്നും മറഞ്ഞിരിക്കുന്നില്ല.

മാനുഷിക ദൃഷ്ടിയിൽ മറഞ്ഞിരിക്കുന്നു. ശീമോനോട് കർത്താവ് ഈ ആലോചന പറയുമ്പോൾ മാത്രമാണ് ശീമോനും ഈ നന്മയെക്കുറിച്ച് അറിയുന്നത് തന്നെ. കർത്താവ് വിവിധ നന്മകൾ നമുക്ക് വേണ്ടി സൂക്ഷിച്ച് വച്ചിരിക്കയാണ്. തക്കസമയത്ത് അതിനെക്കുറിച്ച് നമ്മോട് പറയുകയും അതിന് വേണ്ടി എന്ത് ചെയ്യണമെന്ന് നമുക്ക് ആലോചന തരികയും ചെയ്യും. അവന്റെ വിശ്വസ്തതക്കായി, കരുതലിനായി സ്തോത്രം. അബ്രഹാമിനുവേണ്ടി ഒരു ആടുകൊറ്റനെ കാട്ടിൽ കൊമ്പുകൾക്കിടയിൽ കുടുക്കിയിട്ട ദൈവം തക്കസമയത്ത് ഇസ്ഹാക്കിന് പകരം ഹോമയാഗം കഴിക്കുവാൻ അതിനെ കരുതിവച്ചു.

## 2002 ജനുവരി 6

2002-ാം ആണ്ടിലെ ആദ്യ ആരാധനാ ദിവസം അനുഗ്രഹമേറിയ, ആശ്വസിപ്പിക്കുന്ന ഒരു സന്ദേശം പ്രിൻസിപ്പാൾ ജോൺ താന്നിക്കൽ സർ നൽകി. Mathew 6:33 “മുമ്പേ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ, അതോടുകൂടി ഇതൊക്കേയും കിട്ടും, അതുകൊണ്ട് നാളേക്കായി വിചാരപ്പെടരുത്”. തന്റെ ജീവിതാനുഭവത്തെ ആസ്പദമാക്കി ചില ആലോചനകൾ പറഞ്ഞു. പഠനം കഴിഞ്ഞ് പുറത്തിറങ്ങിയപ്പോൾ മുമ്പോട്ട് എങ്ങനെ പോകണം എന്നതിനെക്കുറിച്ച് നിരവധിപേർ പറഞ്ഞു. പട്ടാളത്തിൽ ചേരുവാൻ ചിലർ പറഞ്ഞു. നല്ല ഒരു ഉദ്യോഗത്തിന് പോകുവാൻ ചിലർ പറഞ്ഞു. എന്നാൽ മാനുഷികമായ ഏതെങ്കിലും അധികാരത്തിൻ കീഴിൽ ജീവിക്കുവാൻ ആഗ്രഹിക്കാതെ ദൈവരാജ്യത്തിന് അതിന്റെ പ്രവർത്തനത്തിന് പ്രഥമ പരിഗണന നൽകി. പ്രതിഫലത്തെക്കുറിച്ച് ചിന്തിച്ചില്ല. ലഭിച്ചത് സ്വീകരിച്ചു. പുറകോട്ട് നോക്കുമ്പോൾ ദൈവരാജ്യത്തിന് പ്രഥമ പരിഗണന നൽകിയത് കൊണ്ട് ആവശ്യമായത് മുഴുവൻ തനിക്ക് ലഭിച്ചു. പരീക്ഷാസമയത്ത് കർത്താവിന്റെ അടുക്കൽ വന്ന് പിശാച് നിരവധി വാഗ്ദാനങ്ങൾ നൽകി. കർത്താവ് അതൊന്നും സ്വീകരിക്കാതെ ദൈവരാജ്യത്തിന്, ദൈവകൽപ്പനക്ക്, ദൈവവചനത്തിന് പ്രഥമ പരിഗണന കൊടുത്തു. എല്ലാത്തിന്റേയും നേരെ Yes പറയാതെ ചിലതിന്റെ

നേരെ No പറയാനും ശ്രമിക്കണം. പുതുവർഷത്തിന്റെ ആദ്യ ആഴ്ച പൂർത്തിയായി.

**2002 ജനുവരി 7**

സമ്മിശ്രവികാരം അനുഭവപ്പെടുന്ന ഒരു ദിവസം. ശരീരത്തിൽ അൽപ്പം ക്ഷീണത അനുഭവപ്പെടുന്നു. യിരമ്യാവ് പറയുന്നത്പോലെ ‘‘എന്റെ പരിക്ക് നിമിത്തം എനിക്ക് അയ്യോ കഷ്ടം! എന്റെ മുറിവ് വ്യസനകരമാവുന്നു: അത് എന്റെ ദീനം! ഞാൻ അത് സഹിച്ചേ മതിയാകൂ എന്നു പറഞ്ഞു’’. യിരമ്യാവ്: 10:19. 2001 ജൂൺ 18 എനിക്ക് മറക്കുവാൻ കഴിയില്ല. ശത്രുവിന്റെ ആക്രമണം മൂലം ഒരു ബസ്സപകടത്തിൽ എന്റെ വലതുകൈയ്യ് ഒടിയുകയും കൈമുട്ട് ഇടിച്ച് തകരുകയും ചെയ്ത ദിവസം. ഒരു യാത്രക്ക് മുമ്പായി ശത്രുവിന്റെ ആക്രമണം ഉണ്ട് എന്ന് ദൈവാത്മാവ് തുടർച്ചയായി അറിയിച്ചിരുന്നു. ഏത് ഭാഗത്ത് നിന്നാണ് ആക്രമണം എങ്ങനെയാണ് എന്നൊക്കെ ഞാൻ വിവേചിച്ച് നോക്കി. വിവിധ ദേശാന്ധകാര ശക്തികൾ ക്രോധത്തിൽ എഴുന്നേൽക്കുന്ന വെളിപ്പാട് ദൈവം എന്നെ കാണിച്ച് കൊണ്ടിരുന്നു. ഒരു Operation- Table-ൽ ഞാൻ കിടക്കുന്നതായ ഒരു വെളിപ്പാട് ഒരു ദൈവദാസൻ എന്നെക്കുറിച്ച് കണ്ടിരുന്നു. ശത്രു എന്റെ ശിരസ്സിനെയാണ് ലക്ഷ്യം വച്ചത്. പക്ഷെ ദൈവം തന്റെ ദൂതഗണത്തെ അയച്ചു എന്നെ സംരക്ഷിച്ചു.

40-ൽ അധികം യഹൂദന്മാർ പൗലോസിനെ കൊന്നു കളയുവോളം ഒന്നും തിന്നുകയോ, കുടിക്കുകയോ ചെയ്യില്ലെന്ന് ശപഥം ചെയ്ത് കാത്തിരിക്കുകയാണ്. എന്നാൽ ദൈവം തന്റെ അഭിഷിക്തന് വേണ്ടി സംരക്ഷണത്തിനായി ഒരുക്കിയ സൈന്യം അതി ശക്തിയുള്ളതായിരുന്നു. അത് ഇതാണ്.

കാലാൾപ്പട- 200
കുതിരച്ചേവകർ- 70
കുന്തക്കാർ- 200 (Acts: 23:23)

നിരവധി ദേശാന്ധകാരശക്തികൾ സംയോജനരൂപത്തിൽ എനിക്കെതിരെ എഴുന്നേറ്റപ്പോൾ ദൈവം അതി ശക്തിയുള്ള ദൂതന്മാരെ എനിക്ക് വേണ്ടി അയച്ചു. അപകടസമയത്തും അതിനു ശേഷവും പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യം എന്റെ മേൽ അതിശക്തമായിരുന്നു. ആഴത്തിലുള്ള വെളിപ്പാടുകളാണ് ദൈവം കാണിച്ച് തന്ന് കൊണ്ടിരുന്നത്. വലത് കൈ പൂർണ്ണമായി ഇതുവരെ സൗഖ്യമായിട്ടില്ല. ഇപ്പോഴും വേദന അനുഭവപ്പെടുന്നു. ചിലപ്പോൾ അസഹ്യമായ വേദനയാണ് അനുഭവപ്പെടുന്നത്. യിരെമ്യാവ് പറയുന്നത് പോലെ എന്റെ മുറിവ് വ്യസനകരമാണ്. പക്ഷേ ഞാൻ അത് സഹിച്ചേ മതിയാകൂ. വലത്കൈയ്ക്ക് അസ്വസ്ഥത ഉണ്ടെങ്കിലും എന്റെ ആദ്യപുസ്തകത്തിലെ 5 അധ്യായങ്ങൾ അപകടത്തിന് ശേഷമാണ് എഴുതിയത്. ദൈവാത്മാവ് ഉദ്യമിപ്പിക്കുന്നിടത്തോളം ശത്രുവിന് എന്നെ തടയുവാൻ കഴിയില്ല. ഒരിക്കൽ ദൈവാത്മാവ് എന്നോട് പറഞ്ഞു ''ഞാൻ നട്ടു, ഞാൻ നനച്ചു,ഞാൻ വളർത്തി, ആർ നിന്റെ ഗമനത്തെ തടയും എന്ന്''. പരിശുദ്ധാത്മ നിയോഗത്താൽ ഞാൻ ചലിക്കുന്നിടത്തോളം കാലം ഒരു ദുഷ്ട ശക്തിക്കും എന്റെ ഗമനത്തെ തടയുവാൻ കഴിയുകയില്ല. കാരണം ലോകത്തിൽ ഉള്ളവനേക്കാൾ വലിയവനാണ് എന്റെ ഉള്ളിൽ വസിക്കുന്നത്. അന്ത്യത്തോളം ഈ ദൈവം എന്നെ നടത്തും. ശാരീരിക ബലമില്ലായ്മ, ക്ഷീണം ഇതൊന്നും തടസമാകുന്നില്ല. കാരണം ബലമുള്ളതിനെ ലജ്ജിപ്പിക്കാൻ ദൈവം ബലഹീനമായത് തെരഞ്ഞെടുത്തു. ദൈവത്തിന്റെ വിളിയും തെരഞ്ഞെടുപ്പും ആണ് പ്രധാനം.

## 2002 ജനുവരി 8

ഇന്ന് അനുഗ്രഹപ്രദമായ ഒരു ദിവസം. ശത്രു രാവിലെ ശക്തമായി പോരാടിയെങ്കിലും ധാരാളം നന്മകൾ പ്രാപിക്കുവാൻ കഴിഞ്ഞു. ഒരു പുതിയ ഷർട്ടും പാന്റും ഒരു പുതിയ ഷൂവും ദൈവം തന്നു. ഒരു പുതിയ ഇ–മെയ്ൽ അഡ്രസ്സ് എടുക്കുവാൻ ദൈവം കൃപ ചെയ്തു. ഇന്ന് രാവിലെ ദൈവം ഒരു പ്രത്യേക Guidance-ന്റെ കീഴിൽ ബാഗ്ലൂരിലെ ഒരു ഉൾപ്രദേശത്തേക്ക് നടത്തി. ചേരിപ്രദേശം അല്ല. പക്ഷെ ജനം ചെറിയ ചെറിയ മുറികളിൽ ഞെരുങ്ങി

താമസിക്കുന്നു. ജീവിതസാഹചര്യം ദയനീയമാണ്. അതിലൂടെ സഞ്ചരിച്ചപ്പോൾ ഹൃദയം ശരിക്കും തകർന്ന്പോയി. ചിലരംഗങ്ങൾ മനസ്സിനെ പിടിച്ച് ഉലയ്ക്കുകയാണ്. എനിക്ക് എന്ത് ചെയ്യുവാൻ കഴിയും എന്നുവരെ ഞാൻ ചിന്തിച്ചു പ്രാർത്ഥിച്ചു.

ഇരുളിലും മരണനിഴലിലും ഇരുന്ന ജനത്തിന് വേണ്ടി "ആ ആർദ്ര കരുണയാൽ ഉയരത്തിൽ നിന്ന് ഉദയം നമ്മെ സന്ദർശിച്ചിരിക്കുന്നു"(Luke 1:79). നീതി സൂര്യൻ ഉദിച്ചുയരുവാൻ സമയമായി.

## 2002 ജനുവരി 9

ഇന്ന് ഒരു പ്രത്യേക ദിവസമാണ്. ചെറിയ ചെറിയ കാര്യത്തിൽ പോലും ശത്രു ഇങ്ങനെ പോരാടുമോ എന്ന് ചോദിക്കേണ്ടി വരികയാണ്. നമ്മുടെ മുമ്പോട്ടുള്ള ഒരു ചെറിയ ചലനത്തിൽ പോലും ശത്രു അസഹിഷ്ണുത വെളിപ്പെടുത്തുകയാണ്. പരിജ്ഞാനത്തിൽ ജീവിക്കാത്ത ചില വ്യക്തികളുമായി നമ്മെ ബന്ധപ്പെടുത്തി കുടുക്കുവാൻ ശത്രു കാണിക്കുന്ന വ്യഗ്രത ഭയങ്കരമാണ്. നമ്മുടെ മേൽ മോശമായ എന്തെങ്കിലും ഒന്ന് അണിയിക്കുവാൻ അവൻ ശ്രമിച്ച് കൊണ്ടിരിക്കും. ഒരുവനെ മറ്റുള്ളവരുടെ മുമ്പിൽ തെറ്റായി ധരിപ്പിക്കുക എന്നത് ശത്രുവിന്റെ ഒരു പ്രത്യേക പദ്ധതിയാണ്.

ദൈവത്തെക്കുറിച്ച് പിശാച് ആദിയിൽ ഹവ്വയെ തെറ്റിദ്ധരിപ്പിച്ചു. നിങ്ങൾ തോട്ടത്തിന്റെ നടുവിലെ വൃക്ഷത്തിന്റെ ഫലം തിന്നരുത് എന്ന് ദൈവം നിങ്ങളോട് പറയാൻ കാരണം അത് ഭക്ഷിച്ചാൽ നിങ്ങൾ ദൈവത്തെപ്പോലെയാകും അത് കൊണ്ടാണ് അത് തിന്നരുത് എന്ന് ദൈവം നിങ്ങളോട് പറഞ്ഞത്. നോക്കുക ദൈവത്തെക്കുറിച്ച് ശത്രു എങ്ങനെയാണ് തെറ്റായി ധരിപ്പിക്കുന്നത് എന്ന്. ഈ പണി അവൻ ഇന്നും തുടരുകയാണ്. സൂക്ഷിച്ച് കാൽ മുമ്പോട്ട് വച്ചില്ലെങ്കിൽ അവൻ നമ്മെ കുടുക്കികളയും. അതുകൊണ്ട് ഒരു വിഷയത്തിലും നാം തത്രപ്പെട്ട് കാൽ വെക്കരുത്.

ദോഷമാകും.

നീതി സൂര്യന്റെ ഉദയം അടുത്ത് വരികയാണ്. ഇരുളിന് ഇനി അധികകാലം പിടി മുറുക്കുവാൻ കഴിയില്ല. ദൈവത്തിന്റെ ആർദ്ര കരുണ നമ്മെ തേടി വരികയാണ്. കേരളത്തോടും ഇന്ത്യയോടും ഉള്ള ദൈവത്തിന്റെ സ്നേഹം ഒരു പ്രത്യേകമായ അളവിൽ വെളിപ്പെടുവാൻ പോകുകയാണ്. ഒരു പഞ്ചായത്തിൽക്കൂടി വന്നാൽ ഇപ്പോൾ 500 വിശ്വാസികൾ ഉണ്ടാകണം. ചില പഞ്ചായത്തിൽ 100 പേർ പോലും ഇല്ല. ഇതനുസരിച്ച് മുനിസിപ്പാലിറ്റിയുടേയും കോർപ്പറേഷന്റേയും കാര്യങ്ങൾ ചിന്തിക്കാവുന്നതാണ്. കേരളത്തിലെ കാര്യമാണ് ഞാൻ സംസാരിക്കുന്നത്.

ദൈവാത്മാവ് എനിക്ക് തന്ന ഒരു ആലോചന ഞാൻ എഴുതുകയാണ്. 2020ന് മുമ്പായി ചുരുങ്ങിയത് 2000 പേർ എങ്കിലും ഒരു പഞ്ചായത്തിൽ വിശ്വാസത്തിൽ വരും. മുനിസിപ്പാലിറ്റിയിലേയും കോർപ്പറേഷനിലേയും കാര്യങ്ങൾ ഇതനുസരിച്ച് കണക്കാക്കി നോക്കുക. ഒരു വലിയ വിസ്ഫോടനം വിശ്വാസ ഗോളത്തിൽ സംഭവിക്കുവാൻ പോകുകയാണ്. ഈ കാലഘട്ടത്തിൽ ജനിക്കുവാൻ കഴിഞ്ഞത് ഒരു മഹാഭാഗ്യമായി ഞാൻ കരുതുന്നു.

## 2002 ജനുവരി 10

അൽപം ഗുണകരമായ ചില കാര്യങ്ങൾ ചെയ്യുവാൻ കഴിഞ്ഞു. എന്തുകൊണ്ടും അനുഗ്രഹപ്രദമായ ദിവസം. ശരീരം വളരെ വളരെ ബലഹീനമാണ്. പലകാര്യങ്ങളിലും വളരെ ധൃതിയുള്ള ഒരു വ്യക്തിയായിരുന്നു ഞാൻ. പക്ഷെ ദൈവം എന്നെ വളരെ സൗമ്യമായ രീതിയിലും സാവധാനത്തിലും ഓരോകാര്യങ്ങൾ ചെയ്യുവാൻ പഠിപ്പിക്കുകയാണ്. പരിശുദ്ധാത്മാവിന്റെ കീഴിൽ യുദ്ധം അഭ്യസിക്കുന്നത് ഒരു യോഗ്യതയാണ്. മറ്റെല്ലാ തിയോളജിക്കൽ ഡിഗ്രികളേക്കാൾ അതിന് ഒരു മാന്യതയുണ്ട്.

“രാത്രിയിൽ കർത്താവ് പൗലോസിനോട് ധൈര്യമായിരിക്ക നീ

എന്നെക്കുറിച്ച് യരുശലേമിൽ സാക്ഷീകരിച്ചത് പോലെ റോമയിലും സാക്ഷീകരിക്കേണ്ടതാകുന്നു'' ഒരു വലിയ ദൂതാണ് കർത്താവ് പറഞ്ഞത്. സ്വന്തം ജനത്തിന്റെ സ്വന്തം പട്ടണത്തിൽ അവൻ പീഢ ഏറ്റാണ് കർത്താവിന്റെ വചനം ശുശ്രൂഷിക്കുകയും സാക്ഷീകരിക്കുകയും ചെയ്തത്. എത്രമാത്രം കൃപ ലഭിച്ചവനായാലും അവൻ ഒരു മനുഷ്യനാണ്. ഒരു ഭയം അവനെ ഭരിച്ചു. അത് അവന്റെ മേൽ നിഴലിട്ടു. അവന്റെ ഉൾഭയത്തെ അറിഞ്ഞ കർത്താവ് അവനോട് പറയുകയാണ് ''ധൈര്യമായിരിക്ക'' എന്ന്. നിന്റെ ശുശ്രൂഷ ഇവിടെ തീരുകയില്ല മറിച്ച് തുടങ്ങുകയാണ് തുടർന്ന് റോമിലേക്ക് അത് നീളുകയാണ്. രാജാക്കന്മാരെ, ഭരണാധിപന്മാരെ നിന്റെ മുമ്പിൽ ഞാൻ പിടിച്ചിരുത്തും. എന്റെ വചനം നീ അവരുടെ മുമ്പാകെ വളരെ പ്രാഗൽഭ്യത്തോടെ ശുശ്രൂഷിക്കണം.

വിദ്യാബഹുത്വത്താൽ പൗലോസെ നിനക്ക് ഭ്രാന്ത് പിടിച്ചിരിക്കുന്നു എന്ന് പറയത്തക്കരീതിയിൽ ആഴത്തിൽ ദൈവത്തിന്റെ ജ്ഞാനം രാജസഭകളിൽ വെളിപ്പെടുത്തുവാൻ ദൈവം പൗലോസിനെ ഉപയോഗിച്ചു. ഈ ദൈവം എന്നും എന്നേയ്ക്കും നമ്മുടെ ദൈവം പൗലോസിനെ ഉപയോഗിച്ചത് പോലെ അവൻ നമ്മേയും ഉപയോഗിക്കും.

## ജനുവരി 11

ഒരുവനോടും ഒന്നും സംസാരിക്കരുത് എന്ന് ദൈവം എന്നോട് പറഞ്ഞു. ഇത് ഒരു പ്രത്യേക കൽപ്പനയാണ്. ഞാൻ അനുസരിച്ചേ പറ്റൂ. സങ്കീർത്തനക്കാരൻ പറയുന്നത് പോലെ ''ഞാൻ ഉരിയാടാതെ ഊമനായിരുന്നു, നന്മയെ ഗണ്യമാക്കാതെ മൗനമായിരുന്നു എന്റെ സങ്കടം പൊങ്ങിവന്നു എന്റെ ഹൃദയത്തിന് ചൂട് പിടിച്ചു. എന്റെ ധ്യാനത്തിങ്കൽ തീ കത്തി. അപ്പോൾ ഞാൻ നാവ് എടുത്ത് സംസാരിച്ചു'' 3:2,3.

ദൈവം എന്തെങ്കിലും കൽപിക്കുമ്പോൾ ബുദ്ധി ഉപയോഗിച്ച് അതിനെ പരിശോധിക്കരുത്. കാരണം മാനുഷികബുദ്ധിക്ക് ധാരാളം പരിമിതികളുണ്ട്. ദൈവിക ആലോചനക്ക് പരിമിതികളില്ല. സർവ്വവും അറിഞ്ഞാണ് ദൈവം

ആലോചന പറയുന്നത്. നമുക്ക് ചെയ്യുവാൻ കഴിയുന്ന കാര്യങ്ങളെ നമ്മളോട് ദൈവംപറയുക. അനുസരിക്കേണ്ടത് നമ്മുടെ കടമയാണ്.

**2002 ജനുവരി 12**

"അങ്ങനെ അവർ രണ്ട് പേരും ബേദ്ലേഹേം വരെ നടന്നു. അവർ ബേദ്ലേഹെമിൽ എത്തിയപ്പോൾ പട്ടണം മുഴുവനും അവരുടെ നിമിത്തം ഇളകി. ഇവൾ നോവോമിയോ എന്ന് സ്ത്രീജനം പറഞ്ഞു" (Ruth1: 19). ഈ പുസ്തകത്തിൽ നിന്ന് അനേകർ ശുശ്രൂഷിച്ചത് ഞാൻ കേട്ടിട്ടുണ്ട്. അതിൽ നിന്നെല്ലാം വ്യത്യസ്തമായ ഒരു വ്യാഖ്യാനം ദൈവം എനിക്ക് തരികയാണ്. അനേകവാഗ്ദത്തങ്ങൾ ഉള്ള ഒരു പെൺകുട്ടി ബേത്ലേഹെമിൽ നിന്ന് വളരെ ദൂരെ മോവാബ് ദേശത്ത് വസിക്കുകയാണ്. അവളിലൂടെ ഇസ്രയേലിന് ഒരു പ്രബലരാജാവിനെ ദൈവത്തിന് നൽകേണ്ടതുണ്ട്. പിന്നീട് ദാവീദ് പുത്രൻ എന്ന് വിളിക്കത്തക്കവണ്ണം കർത്താവും ആ കുടുംബശൃംഖലക്ക് കീഴിൽ ആണ് ജനിക്കുവാൻ തീരുമാനിച്ചിരിക്കുന്നത്.

അവൾ ബേത്ലേഹെമിൽ വരണം. എങ്കിൽ മാത്രമേ ബോവസ് അവളെ അറിയുകയുള്ളൂ. ബോവസിന് രൂത്തിൽ ഉണ്ടാകുന്ന തലമുറയാണ് അനുഗ്രഹത്തിന്റെ കൈവഴി. രൂത്തിനെ ബേത്ലേഹെമിൽ കൊണ്ടുവരുവാൻ മനുഷ്യദൃഷ്ടിക്കജ്ഞാതമായ ഒരു പദ്ധതി ദൈവം ഒരുക്കി. മോവാബിലേക്ക് ബേത്ലേഹെമിൽ നിന്ന് ഒരു കുടുംബത്തെ അയക്കുക. അവർ അവിടെ ചെന്നു. അവന്റെ രണ്ട് പുത്രന്മാർ രണ്ട് മോവാബ്യ പെൺകുട്ടികളെ വിവാഹം കഴിച്ചു. അങ്ങനെ രൂത്തിന് ബേത്ലേഹെമുമായി അൽപം ബന്ധം ഉണ്ടായി. തുടർന്ന് അൽപം വേദനാജനകമായ സംഭവങ്ങളിലൂടെ നൊവൊമി രൂത്തുമായി ബേത്ലേഹെമിൽ വരികയും ദൈവികപദ്ധതി പൂർണ്ണമാകുകയും ചെയ്തു.

ദൈവം വിവിധ മുഖാന്തരങ്ങളിലൂടെ തന്റെ പദ്ധതി ഭൂമിയിൽ തികച്ചെടുക്കും. കാരണം സകലതും ദൈവത്തിന്റെ നിയന്ത്രണത്തിൻ കീഴിലാണ്.

## ജനുവരി 13

ചില വിഷയത്തിന്മേൽ ശത്രു എത്രമാത്രം മല്ല് പിടിക്കും എന്നുള്ളത് ശ്രദ്ധിക്കേണ്ട കാര്യമാണ്. ഗിദയോൻ ചോദിക്കുന്നത് പോലെ "അയ്യോ യജമാനനേ യഹോവ നമ്മോട് കൂടെ ഉണ്ടെങ്കിൽ നമുക്ക് ഇതൊക്കെ ഭവിക്കുന്നത് എന്ത്?"(Judges 6:13). തന്റെ ദയനീയ അവസ്ഥയിൽ അവൻ ചോദിച്ചുപോകുകയാണ്. മിദ്യാന്യർ ദിനം തോറും ഇസ്രായേൽ ജനത്തിന്റെ വിളകൾ നശിപ്പിച്ച് അവരെ തകർക്കുകയാണ്. ജനത്തിന്റെ നിലവിളി ദൈവസന്നിധിയിൽ എത്തി.

യഹോവ ജനത്തിനിടയിൽ നിന്ന് തന്നെ ഒന്നുമല്ല എന്ന് വിചാരിച്ചിരുന്നവനെത്തന്നെ എഴുന്നേൽപ്പിച്ച് ഈ ബലത്തോടെ പോക എന്നരുളി ചെയ്തു. ഞാൻ നിന്നോട് കൂടെ ഇരിക്കും. നീ മിദ്യാന്യരെ ഒറ്റമനുഷ്യനെപ്പോലെ തോൽപ്പിക്കും എന്നരുളി ചെയ്തു. അങ്ങനെ സംഭവിച്ചു. ശത്രു എത്രമാത്രം പോരാടുന്നു എന്നുള്ളത് ഒരു പ്രശ്നമല്ല. അവൻ എത്രമാത്രം പോരാടിയാലും ശരി ദൈവത്തിന്റെ പദ്ധതി, ദൈവത്തിന്റെ ആലോചന നടപ്പിൽ വരും. ശത്രു പരാജയപ്പെടും. കാരണം ദൈവത്തിന്റെ നിഘണ്ടുവിൽ പരാജയം എന്ന വാക്കില്ല.

## ജനുവരി 14

ചില വിഷയത്തിന്മേൽ ദൈവം ഒരു പൂർണ്ണവിടുതൽ തന്നത് പോലെ ഒരു അനുഭവം ശരീരത്തിൽ വെളിപ്പെടുന്നു. ഒരിക്കൽ ദൈവം പറഞ്ഞു "സകല വിഷയത്തിന്മേലും സമസ്ത മണ്ഡലത്തിൽ മേലും ഞാൻ എന്റെ കൃപയെ പകരും". കാരണമെന്തെന്ന് പരിശോധിച്ചു. ശത്രു സകലവിഷയത്തിന്മേലും സമസ്തമണ്ഡലത്തിന്മേലും പോരാടി. അതുകൊണ്ട് ദൈവം അതനുസരിച്ച് പ്രവർത്തിക്കുകയാണ്. II ദിനവൃത്താന്തം 20:20-ൽ. "നിങ്ങളുടെ ദൈവമായ യഹോവയിൽ വിശ്വസിപ്പിൻ എന്നാൽ നിങ്ങൾ ഉറച്ച് നിൽക്കും. അവന്റെ

പ്രവാചകന്മാരേയും വിശ്വസിപ്പിൻ '' എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. നമ്മുടെ ഏത് ആവശ്യത്തിന്മേലും ദൈവം പ്രവർത്തിക്കും എന്നുള്ള വിശ്വാസം നമുക്ക് വേണം. അപകടം സംഭവിച്ച് തളർന്ന് ഭവനത്തിൽ ആയിരിക്കുമ്പോൾ ചുറ്റും ഭീതി എന്ന അപശ്രുതി മുഴങ്ങിയപ്പോൾ ''എന്റെ നരയെ നിങ്ങൾ ദു:ഖത്തോടെ പാതാളത്തിലേക്ക് ഇറങ്ങുമാറാക്കും'' എന്ന് യാക്കോബ് പറഞ്ഞതുപോലെ ചില പ്രശ്നങ്ങളെ ഞാൻ നേരിട്ടു.

ദൈവത്തോട് ഞാൻ പറഞ്ഞു നിന്റെ ഹിതത്തിനെതിരായി ഞാൻ ഒന്നും ചെയ്തിട്ടില്ല. നിന്റെ ആലോചന ചോദിച്ചേ ഞാൻ എന്തും ചെയ്തിട്ടുള്ളൂ. മാനുഷിക വാക്കുകളെ ഞാൻ മുഖവിലക്ക് എടുത്തിട്ടില്ല. നിരവധി പീഡകൾ സഹിച്ചവനാണ്. ഇനി മറ്റൊന്നുകൂടെ സഹിക്കുവാൻ എനിക്ക് മനസില്ല എന്ന് പറഞ്ഞ് ഞാൻ ദൈവസന്നിധിയിൽ വ്യാകുലപ്പെടുവാൻ തുടങ്ങി. ഏതാനും നിമിഷങ്ങൾ കഴിഞ്ഞപ്പോൾ ദൈവം എന്നോട് ചോദിച്ചു ''എന്നെ വിശ്വസിക്കാത്തത് എന്താണ്'' ആ ശബ്ദം ഒരിക്കലും എനിക്ക് മറക്കുവാൻ കഴിയില്ല. ആ ശബ്ദം ശ്രവിച്ചതിന് ശേഷമാണ് എനിക്ക് അന്ന് ശാന്തമായി ഉറങ്ങുവാൻ സാധിച്ചത്. ഈ സംഭവം കഴിഞ്ഞിട്ട് ആറ് മാസം ആകുന്നു. അതിനുശേഷം നിരവധി വൈതരണികൾ നേരിട്ടുവെങ്കിലും ദൈവം അത്ഭുതമായി നിരവധി വിഷയത്തിൽ ഇടപെട്ട് സമസ്തമണ്ഡലത്തിന്മേലും സകല വിഷയത്തിന്മേലും കൃപകളെ പകർന്നു. അതെ ദൈവത്തിൽ വിശ്വസിക്കുക, വിശ്വസിക്ക മാത്രം ചെയ്ക.

## ജനുവരി 15

വിവാഹം കഴിഞ്ഞിട്ട് 19 മാസം ആകുന്നു. 2000 ജൂൺ 15 ദൈവം ഞങ്ങളെ യോജിപ്പിച്ച ദിവസം. 1998–ൽ ദൈവം എന്റെ വിവാഹത്തെക്കുറിച്ച് സംസാരിച്ചു. നിരവധി വിവാഹ ആലോചനകൾ ദൈവദാസന്മാർ നൽകി, വാഗ്ദത്തമുള്ള ഒരു പെൺകുട്ടിയെ ദൈവം തരും എന്ന് പറഞ്ഞു. വിവാഹത്തിന് മുമ്പ് പരിശുദ്ധാത്മാവ് വെളിപ്പാട് മുഖാന്തരം എനിക്ക് വ്യക്തമായ നിയോഗം തന്നു. സകലവിഷയത്തിന്മേലും ദൈവം ഇടപ്പെട്ട് എല്ലാം ഒരുക്കി.

പരിചയമില്ലാത്ത ഒരു പുതിയ ജീവിതം തുടങ്ങി. ധാരാളം അനുഭവങ്ങൾ, ദൈവിക നടത്തിപ്പ്, വളർത്തി എടുത്ത വിധങ്ങൾ, അഗാധമായ സംരക്ഷണ വലയം, ഗ്രഹിക്കുവാൻ കഴിയാത്ത ജ്ഞാനം, എല്ലാം ദൈവം തന്നു. ഒരുമിച്ചുള്ള ശുശ്രൂഷക്ക് ഇനിയും വർഷങ്ങൾ കാത്തിരിക്കണം. എവിടെ പോകണം, എങ്ങനെ പോകണം എന്നെല്ലാം ദൈവം പറഞ്ഞു. ആരോടും ഈ കാര്യം പറയാൻ എനിക്ക് അനുവാദമില്ല. തക്കസമയത്ത് ദൈവം അത് ചെയ്യും. സമാഗമനകൂടാരത്തെക്കുറിച്ച് മോശയോട് പർവ്വതത്തിൽ വച്ച് സംസാരിച്ചത് പോലെ ശുശ്രൂഷയുടെ രീതി, സ്വഭാവം, ആഴം എല്ലാം ദൈവം പറഞ്ഞു. ഇത്തരം തേജസ്സേറിയ ശുശ്രൂഷക്ക് എനിക്ക് എന്ത് യോഗ്യത എന്ന് ഞാൻ ചോദിച്ചു. ഒരു കഴുതയെപ്പോലെ എനിക്ക് ഒരു യോഗ്യതയും ഇല്ല. കുറവുകൾ മാത്രം , പക്ഷെ കൃപ എന്നെ സംരക്ഷിച്ച് നിർത്തുന്നു.

### ജനുവരി 16

ദൈവത്തിന്റെ പ്രവൃത്തികൾ അഗോചരമാണ്. അത് എങ്ങനെ തുടങ്ങുന്നു എന്ന് ഒരുവനും അറിയുന്നില്ല. പരിശുദ്ധാത്മാവിൽ അതിന്റെ ആഴങ്ങളെ മനസ്സിലാക്കുവാൻ കഴിയും. സർവ്വതും ഒഴിഞ്ഞ പാത്രത്തിലേ പരിശുദ്ധാത്മാവിന്റെ നിറവ് വരൂ. പരിശുദ്ധാത്മാവിന്റെ നിറവിൽ നമുക്ക് പലതും ചെയ്യുവാൻ കഴിയുന്നു.

നമ്മളിലുള്ള നിറവ് നാം അറിയാതെ തന്നെ ശത്രു ചോർത്തി എടുക്കും. നാം നല്ല അനുഭവത്തിലാണ് പോകുന്നത് എന്ന് നാം വിചാരിക്കും. വീണിരിക്കുന്നവൻ താൻ വീണിരിക്കുകയാണെന്ന് അറിയുന്നില്ല. എന്നാൽ ശക്തമായ ചില ആരാധനാനുഭവങ്ങളിൽക്കൂടി സഞ്ചരിക്കുമ്പോഴാണ് വീഴ്ചയുടെ ആഴം മനസിലാകുന്നത്. നമ്മുടെ കുറവ് നമ്മെ അറിയിക്കാതിരിക്കുക എന്നുള്ളത് ശത്രുവിന്റെ വൻ പദ്ധതിയാണ്. എന്നാൽ പരിശുദ്ധാത്മാവ് നമ്മുടെ അവസ്ഥയെ നമുക്ക് വെളിപ്പെടുത്തി തരുന്നു. ഉന്നത അനുഭവത്തിലൂടെ എപ്പോഴും സഞ്ചരിക്കുവാൻ ആർക്കും കഴിയില്ല. ചിലപ്പോൾ ശൂന്യമായ അനുഭവത്തേയും നേരിടേണ്ടി വരുന്നു. എന്തിനാണ് ദൈവം ചിലപ്പോൾ ശൂന്യത തരുന്നത്?. നിറവിന്റെ

പ്രാധാന്യം മനസ്സിലാക്കുവാനാണ്. എന്തിനാണ് ഇരുട്ട്? പ്രകാശത്തിന്റെ മൂല്യം മനസ്സിലാക്കുവാനാണ്.

**ജനുവരി 17**

ദൈവം എഴുന്നേൽക്കുന്നു അവന്റെ ശത്രുക്കൾ ചിതറിപ്പോകുന്നു. “ആ മുന്നൂറ് പേരും കാഹളം ഊതിയപ്പോൾ യഹോവ പാളയത്തിലൊക്കേയും ഓരോരുത്തന്റേയും വാൾ താന്താന്റെ കൂട്ടുകാരന്റെ നേരെ തിരിപ്പിച്ചു” Judge:7:22. ഇസ്രായേൽ ജനത്തെ തകർക്കുവാൻ ശത്രുസംഘം ചേർന്നിരിക്കുകയാണ്. എന്നാൽ യഹോവ ഗിദയോന്റെ നേതൃത്വത്തിൽ 300 പേരെ ഒരുക്കി അവർ ഒരുമിച്ച് കാഹളം മുഴക്കിയപ്പോൾ ശത്രുപാളയത്തിൽ ഭിന്നിപ്പ് ഉണ്ടായി അവർ തമ്മിൽ തമ്മിൽ നശിപ്പിച്ചു. ദൈവജനം യോജിച്ച് നിന്നാൽ തങ്ങളുടെ പാളയം ചിതറിപ്പോകും എന്ന് ശത്രുവിനറിയാം. അതിനാൽ അവരെ ഭിന്നിപ്പിച്ച് നിർത്തുക എന്നത് ശത്രുപാളയത്തിന്റെ നിലനിൽപിന് ആവശ്യമാണ്. പരിശുദ്ധാത്മാവിന്റെ കാഹളധ്വനിക്ക് കീഴിൽ അഭിഷിക്തന്മാർക്ക് കീഴിൽ ജനം അണിനിരക്കട്ടേ. ശത്രുപാളയം വിറച്ച് തുടങ്ങും. സംഘടനകൾ തമ്മിലുള്ള യോജിപ്പല്ല. പ്രാർത്ഥനാരാധാനകളിൽ ഒരുയോജിപ്പ്. വ്യക്തമായ ചിലപദ്ധതിക്ക് കീഴിൽ ശത്രുപാളയത്തിനെതിരെ ഒരു സംയോജനം. പരസ്യമായ പ്രചാരണ കോലാഹത്തിലൂടെയല്ല, രഹസ്യമായ അണിയറനീക്കങ്ങളിലൂടെ വ്യക്തികളെ ഉയർത്തി പിടിച്ച് കൊണ്ടല്ല, പദ്ധതികൾ വെളിപ്പെടുത്തി നടപ്പിലാക്കി മുന്നേറുവാൻ അതിനായി ഒരുങ്ങാം.

**ജനുവരി 18**

ദൈവികശുശ്രൂഷയോടുള്ള ബന്ധത്തിൽ ഒരു യാത്രയുണ്ട് എന്ന് ദൈവാത്മാവ് 2000 മുതൽ സംസാരിക്കുന്നതാണ്. ഒരു യാത്രക്ക് ആവശ്യമായ വഴികളെല്ലാം തുറന്നു. യാത്രയിലെ തടസങ്ങളെ ഓരോന്നോരോന്നായി ദൈവം വെട്ടിനീക്കി. സുഗമമായ പാത ദൈവം ഒരുക്കുകയാണ്.

യെരിഹോമതിലിനോട് യഹോവയുദ്ധം ചെയ്യും. അതിനകത്തുള്ള ജന

ത്തോട് നീ യുദ്ധം ചെയ്യണമെന്നആലോചന യോശുവക്ക് നൽകിയത്പോലെ യാത്രക്കെതിരെ നിൽക്കുന്ന സർവ്വമതിലുകളേയും യഹോവ തകർക്കും. ഈ യാത്രകൊണ്ട് ദൈവത്തിന് ധാരാളം ലക്ഷ്യങ്ങളുണ്ട്. വലിയ ഒരു പദ്ധതിയുടെ അടിത്തറ ഇടുന്നത് യാത്രക്ക് ശേഷമാണ് ദർശനത്തിന്റെ ആരംഭവും യാത്രക്ക് ശേഷമാണ്.

കുടുംബബന്ധങ്ങളിൽ കുടുക്കിയിടുവാൻ ശത്രു ശ്രമിക്കുന്നത് യാത്രയെ തടയുവാനാണ്. യാത്രക്ക് നിയോഗം ലഭിച്ച് കഴിഞ്ഞു. അതിന്റെ എല്ലാ സ്വർഗ്ഗീയ ക്രമീകരണങ്ങളും നടന്നുകഴിഞ്ഞു. ഭൂമിയിൽ ഇനി അത് വെളിപ്പെട്ടാൽ മതി. ദൂരത്ത് ദൈവം ചെയ്യുവാൻ പോകുന്ന ശുശ്രൂഷ അതിബൃഹത്തരമാണ്. അത് ഇത്രമാത്രം മനോഹരമാക്കുവാൻ ദൈവം ആഗ്രഹിക്കുന്നതിന് കാരണമെന്താണ്?. ദൈവം ഇന്ത്യയെ സ്നേഹിക്കുന്നു അതാണ് അതിന്റെ ഉത്തരം.

## ജനുവരി 19

ദൈവത്തിന്റെ അനുഗ്രഹവും സന്തോഷവും കടന്ന് വരികയാണ്. എല്ലാ പോരുകളും അഴിഞ്ഞ് മാറുകയാണ്. ശ്രീലങ്കയിൽ നിന്ന് വന്ന Rev: Anton Rajumoni എന്ന ദൈവദാസന്റെ ശുശ്രൂഷ അനുഭവിക്കുവാൻ കഴിഞ്ഞു. അനുഗ്രഹപ്രദമേറിയ ആലോചനകൾ വെളിപ്പെട്ടു. ഇതുവരെ കാണാത്ത ഒരു പ്രകാശം വെളിപ്പെടുവാൻ പോകുകയാണ് എന്ന് പറഞ്ഞു. ദൈവം തന്റെ ജനത്തെ തൃപ്തിപ്പെടുത്തും എന്നും സമൃദ്ധിയായി അനുഗ്രഹിക്കുവാൻ പോകുകയാണ് എന്നും ദൈവദാസൻ പറഞ്ഞു. ആശ്വാസത്തിന്റെ ദിനങ്ങളെ ദൈവം തരട്ടേ. കാരണം തന്റെ ജനം ധാരാളം ദു:ഖം അനുഭവിച്ചതാണ്.

## ജനുവരി 20

യേശു അവനോട്, ഏഴ് വട്ടമല്ല, ഏഴ് എഴുപത് വട്ടം എന്ന് ഞാൻ നിന്നോട് പറയുന്നു. Mt:18:22. ആർക്ക് ഇത് കഴിയും? ഉന്നതമനസ്സിന്റെ ഉടമകൾക്കും

ആത്മീയ ജ്വലനത്തിൽ തിളങ്ങിനിൽക്കുന്നവർക്കും മാത്രമേ ഇത് സാധിക്കൂ. ഒരുവന് ക്ഷമിക്കാൻ കഴിയാത്ത എന്തെങ്കിലും ഉണ്ടെങ്കിൽ അവൻ ആത്മീയത്തിൽ പക്വത പ്രാപിച്ചവനല്ല. ജോസഫ് നിരവധി പീഢകൾ സ്വസഹോദരന്മാരിൽ നിന്ന് അനുഭവിച്ചവനാണ്. എന്നാൽ പ്രതികാരം ചെയ്യുവാൻ ഒരു സാഹചര്യം അവന് ലഭിച്ചു. പക്ഷെ തന്റെ ഉന്നതമനസ്സ് അവൻ വെളിപ്പെടുത്തി. തന്റെ സഹോദരന്മാർക്ക് അവൻ രക്ഷാകാരണമായിത്തീർന്നു.

## ജനുവരി 27

ജനുവരി 21 ഒരു പ്രത്യേകസമയത്തിന്റെ, ഒരു ബ്രായ്ക്കറ്റ് പിരിയഡിന്റെ അവസാനമായിരുന്നു. വിടുതലിന്റെ ആരംഭമായിരുന്നു. ദൈവത്തിന്റെ മറ്റൊരു നടത്തിപ്പ് വെളിപ്പെട്ട ആഴ്ചയായിരുന്നു. ആരാധിക്കാൻ കഴിയാത്ത ഒരു പ്രത്യേക വരൾച്ച അനുഭവപ്പെട്ടു. പക്ഷെ ശക്തിയേറിയ വെളിപാടുകളും ദൂതും ലഭിച്ചു.

“വിത്ത് ചുമന്ന് കരഞ്ഞും വിതച്ചും കൊണ്ടും നടക്കുന്നു, കറ്റ ചുമന്ന് ആർത്തും കൊണ്ടും വരുന്നു” സങ്കീ : 126:6. “കണ്ണ് നീരോടെ വിതയ്ക്കുന്നവർ ആർപ്പോടെ കൊയ്യും”. 1996 – ൽ ആദ്യമായി ഇംഗ്ലീഷിൽ പ്രസംഗിച്ച വചനമാണ്. കരഞ്ഞ് നടന്ന നാളുകൾ. 2001 അവസാനം വരെ ആ ദിനങ്ങൾ നീണ്ടു. കറ്റ ചുമന്നു ആർത്തുകൊണ്ടുവരുന്ന ചില വെളിപാടുകൾ ദൈവം തന്നു. അതെ ഒരു കൊയ്ത്തിന്റെ നാൾ ആരംഭിക്കുകയാണ്.

അഭിഷിക്തൻ ആയ ഗിദയോൻ, ഗോതമ്പ് മിദ്യാന്യരുടെ കയ്യിൽ പെടാതിരിക്കേണ്ടതിന് മുന്തിരിച്ചക്കിന്നരികെ വച്ച് മെതിക്കുകയാണ്. മിദ്യാന്യരുടെ തുടർച്ചയായ ആക്രമണത്തിൽ തളർന്ന് പോയ പരാക്രമശാലി, യഹോവയുടെ വീര്യപ്രവർത്തികളും അത്ഭുതങ്ങളും അവൻ കേട്ടിട്ടുണ്ട്. പക്ഷെ കണ്ടിട്ടില്ല. അവന്റെയടുക്കൽ ദൈവം ചിലനിയോഗവുമായി വന്നു. അത് ഒരു വലിയ നിയോഗമായിരുന്നു. പക്ഷെ അവൻ ദയനീയ അനുഭവത്തിൽ ആണ്.

"യഹോവ നമ്മോട് കൂടെ ഉണ്ടെങ്കിൽ നമുക്ക് ഇതൊക്കെ ഭവിക്കുന്നത് എന്ത്? എന്ന് അവൻ ചോദിക്കുകയാണ്. മിസ്രയീമിൽ നടന്ന ആ അത്ഭുതങ്ങളൊക്കേയും എവിടെ? അത് ഒരു ചോദ്യചിഹ്നമാണ്. ഒരു പ്രത്യേകമായ പീഢയാണ് ഈ ജനം അനുഭവിച്ചത്. അദ്ധ്വാനിക്കുന്നത് മാത്രം മിച്ചം. വിളകൊയ്ത് എടുക്കുവാൻ കഴിയുന്നില്ല. അതുപോലെ മിദ്യാന്യർ പോരാടുകയാണ്. ജയിക്കുവാനും കഴിയുന്നില്ല. നിരാശ വന്ന് മൂടി.

"പുരുഷന്റെ ധീരത അവന്റെ ദീനത്തെ സഹിക്കും. തകർന്ന മനസിനേയോ ആർക്ക് സഹിക്കാം" Proverb:18:14, മനസ്സ് തകർന്ന് അവൻ മുന്നോട്ട് പോകുകയാണ്. പക്ഷെ യഹോവ അവനോട് പറയുകയാണ് "നീ മിദ്യാന്യരെ ഒരൊറ്റ മനുഷ്യനെപ്പോലെ തോൽപിക്കും" അവൻ ദൈവത്തെ വിശ്വസിച്ചു. വലിയ ഒരു സൈന്യത്തെ അസാധാരണ രൂപത്തിൽ അവൻ നേരിടുവാൻ തീരുമാനിച്ചു. 300 പേരെ ഉപയോഗിച്ച് അവൻ അത് നേടി. അക്ഷരത്തിന്റെ ശുശ്രൂഷയല്ല ആത്മാവിന്റെ ശുശ്രൂഷ ചെയ്തെടുക്കേണ്ടതുണ്ട്. ഒരു പുതിയ ഉണർവിന്റെ പുറകിൽ എപ്പോഴും ഒരു പുതിയ സമീപനം ഉണ്ട്. അത് പഴയ സമ്പ്രദായിക സമീപനത്തിന് വിരുദ്ധവും ഒരു പുതിയ വെളിപ്പാടിനാൽ ആയിരിക്കും നടത്തപ്പെടുന്നത്. ജീവനുള്ളവൻ അതിനെ സ്വാഗതം ചെയ്യും. അല്ലാത്തവൻ അതിനെതിരെ ആയുധവുമായി ഇറങ്ങിപുറപ്പെടും. നിരവധി ദൈവദാസന്മാരുമായി ബന്ധപ്പെടുവാൻ ലഭിച്ച ആഴ്ച. പുതിയ ചിലകാര്യങ്ങൾ ചെയ്യുവാനും കഴിഞ്ഞു. അതെ അനുഗ്രഹത്തിന്റെ ഒരു തുടക്കം.

## ഫെബ്രുവരി 3.

ഈ ഒരാഴ്ച പ്രത്യേകതയുടെ ആഴ്ചയായിരുന്നു. തുടക്കം മുതൽ തന്നെ ശത്രു തെറ്റിക്കുകയായിരുന്നു. ആഗ്രഹിച്ച് തീരുമാനിച്ച ലക്ഷ്യത്തിലെത്താൻ കഴിഞ്ഞില്ല. ഒരു വലിയ ശുശ്രൂഷകൻ പ്രസംഗിച്ച ഒരു മീറ്റിംഗിൽ പങ്കെടുക്കുവാൻ ശിവാജിനഗർ പട്ടണത്തിൽ പോയി. പട്ടണം മുഴുവൻ നടന്ന് കറങ്ങിയതല്ലാതെ ലക്ഷ്യത്തിൽ എത്താൻ കഴിഞ്ഞില്ല. അതുപോലെ ഒരേ സ്വഭാവമുള്ള നിരവധി അനുഭവങ്ങൾ. പക്ഷെ ദൈവം അനുവദിച്ചിട്ട് സംഭവിച്ചതാകയാൽ

എനിക്ക് പരിഭവമില്ല. നഹും പ്രവചനത്തിൽ 1:9 – ൽ പറയുന്നു ''കഷ്ടത രണ്ട് പ്രാവശ്യം പൊങ്ങിവരികയില്ല''. ഇത് ദൈവം എനിക്ക് തന്ന ദൂത് ആയിരുന്നു. കഷ്ടതയുടെ ചിലരൂപഭാവങ്ങൾ മിന്നിമറഞ്ഞപ്പോൾ ഞാൻ ഭയപ്പെട്ട് പോയി. കാരണം കഷ്ടതയുടെ പരമ്പരയെ തുടർച്ചയായ ചില വർഷങ്ങൾ നേരിട്ടു. അൽപം ആശ്വാസത്തിനായിട്ടാണ് ബാഗ്ലൂര് വന്നത്. ദൈവം എന്നെ നിരവധി രീതി യിൽ ആശ്വസിപ്പിക്കുകയും ചെയ്തു. വീണ്ടും അത് മുളച്ച് എന്റെ നേരെ എഴു ന്നേൽക്കുകയാണോ എന്ന് തോന്നി. പക്ഷെ ദൈവം എനിക്ക് ആലോചന തന്നു. കഷ്ടത രണ്ട് പ്രാവശ്യം പൊങ്ങിവരികയില്ല, ഒരു കഷ്ടതയുടെ പ്രതിഫലം തന്ന തിന് ശേഷമേ അടുത്ത ഒരു പദ്ധതിയിലൂടെ ദൈവം നമ്മെ നടത്തുകയുള്ളൂ. ഞങ്ങൾ പാർക്കുന്ന സ്ഥലം വളരെ ഇടുക്കമുള്ളതാണ് എന്ന് ഏലീശാ പ്രവാചക ശിഷ്യന്മാർ പറഞ്ഞപ്പോൾ കാട്ടിൽ പോയി മരം വെട്ടുവാൻ അനുവദിച്ചു. മരം മുറി ക്കുമ്പോൾ കോടാലി ഊരി വെള്ളത്തിൽ വീണു. മൂർച്ചയില്ലാത്ത കോടാലിയുടെ കൈപ്പിടിയും പിടിച്ച് കൊണ്ട് ഭക്തൻ നിലവിളിക്കുകയാണ്. അവന്റെ നിലവി ളിക്ക് രണ്ട് അർത്ഥം ഉണ്ട്.

1. വിശാലതയ്ക്ക് വേണ്ടി ഇറങ്ങിപ്പുറപ്പെട്ടതാണ് മരം മുറിക്കുവാൻ.
2. മരം മുറിക്കുവാനും കഴിഞ്ഞില്ല, വായ്പ വാങ്ങിയകോടാലി വെള്ളത്തിൽ നഷ്ടപ്പെടുകയും ചെയ്തു.

ഒരു പ്രത്യേക ദുരവസ്ഥ. നേരത്തെയുണ്ടായിരുന്ന ഇടുക്കമേറിയ ഭവനത്തിലേക്ക് തിരിച്ച് പോകാൻ കഴിയാത്ത സാഹചര്യം. വായ്പ വാങ്ങിയ കോടാലി നഷ്ടപ്പെട്ടു. ആഗ്രഹിച്ചത് ലഭിച്ചുമില്ല. ഉണ്ടായിരുന്നത് നഷ്ടപ്പെടുകയും ചെയ്തു. എങ്കിലും അവൻ നിലവിളിക്കുകയാണ്. അവന്റെ ദയനീയ അവസ്ഥയെ മനസിലാക്കി അഭി ഷിക്തൻ സംസാരിക്കുകയാണ്. തുടർന്ന് ചിലഅത്ഭുതശുശ്രൂഷകൾ അവൻ ചെയ്യുകയാണ്. ഒരു കോൽ വെട്ടി കോടാലി വീണ ഭാഗത്ത് എറിഞ്ഞു. ഉടനെ ആ ഇരുമ്പ് പൊങ്ങിവന്നു. അത് എടുത്ത് കൊൾക എന്ന് പ്രവാചകൻ പറഞ്ഞു. അത് അവൻ എടുത്തു. അവന്റെആദ്യകഷ്ടതക്ക് ശേഷം അത് പരിഹരിക്കുന്ന തിന്റെ ഭാഗമായി നഷ്ടപ്പെട്ടത് ദൈവം അവന് തിരികെ കൊടുത്തു. മറഞ്ഞ്പോ യി,നഷ്ടപ്പെട്ട് പോയി എന്ന് വിചാരിച്ച നന്മ പൊങ്ങിവന്നു. അതെ ആഴത്തിൽ നിന്ന് നന്മ പൊങ്ങി വന്നു.

ഒരു ഇംഗ്ലീഷ് മെസ്സേജ് എഴുതുവാൻ ദൈവം കൃപ തന്നു. പഠിപ്പിക്കുന്ന അദ്ധ്യാപകർ ജ്ഞാനം ഉള്ളവരാണ്. അനുഭവമുള്ളവരാണ്. എങ്കിലും അവരുടെ ജ്ഞാനത്തിന്റെ കീഴിൽ പോയാൽ നാം കുടുങ്ങിപ്പോകാൻ സാദ്ധ്യതയുണ്ട്. പരിശുദ്ധാത്മാവിന്റെ ജ്ഞാനത്തിൻ കീഴിലെ നാം സഞ്ചരിക്കുവാൻ പാടുള്ളൂ. ഓരോ കാലഘട്ടത്തിലും പരിശുദ്ധാത്മാവ് പുതിയത് ഒന്ന് ചെയ്ത്കൊണ്ടിരിക്കും. അത് പ്രാപിക്കണമെങ്കിൽ എപ്പോഴും മനസ് പുതുക്കി രൂപാന്തരപ്പെട്ട് പരിശുദ്ധാത്മ ആലോചനക്ക് ചെവി കൊടുത്ത് നിൽക്കണം.

അന്യഭാഷയുടെ ആഴങ്ങൾ അഗാധമാണ്. വെളിപ്പെടുന്ന ഭാഷ ഓരോ ദിവസവും പുതിയത് ആയിരിക്കും. ചിലർ വർഷങ്ങൾക്ക് മുമ്പ് കിട്ടിയ അതേ ഭാഷയായിരിക്കും ഇപ്പോഴും ഉപയോഗിക്കുന്നത്. ചിലർക്ക് ഒരു വാക്ക് മാത്രമായിരിക്കും. ചിലർക്ക് ചില പദങ്ങൾ കിട്ടുന്നു. ചിലർ അന്യഭാഷയിൽ പാടുന്നു. ശക്തമേറിയ അന്യഭാഷ ആരാധനയിൽ ദൂരസ്ഥലത്തെ ചിലകെട്ടുകൾ ദൈവം അഴിക്കുന്നു. ഇതിലും അഗാധമായ ചില വിഷയങ്ങൾ ഉണ്ട്. അതൊന്നും ഇപ്പോൾ എഴുതുവാൻ എനിക്ക് അനുവാദം ഇല്ല. ഇതൊക്കെ പ്രാപിച്ചെടുക്കുന്നത് പരിശുദ്ധാത്മാവുമായുള്ള ആഴത്തിലുള്ള ചിലകൈകോർക്കലുകളിൽക്കൂടിയാണ്. ഈ അനുഭവം അൽപം ഉള്ളവർ അന്യാഭാഷയിലൂടെ വെളിപ്പെടുന്ന ശുശ്രൂഷയെ തിരസ്കരിക്കുന്നു. പക്ഷെ കർത്താവ് അവരോട് ''നിങ്ങൾ തിരുവെഴുത്തുകളേയും ദൈവശക്തിയേയും അറിയായ്കയാൽ അല്ലയോ തെറ്റിപ്പോകുന്നത്'' എന്ന് പറഞ്ഞു. തിരുവെഴുത്തുകളെക്കുറിച്ച് അവർക്കറിയാം. പക്ഷെ ദൈവ ശക്തിയെക്കുറിച്ച് ദൈവം ആഗ്രഹിക്കുന്ന അളവിൽ അറിയില്ല.

വചനത്തിന്റെ ആഴത്തിലൂടെ മുങ്ങിനടന്ന യഹൂദ പുരോഹിതന്മാരുടെ നടുവിൽ ദൈവശക്തിയുമായി കർത്താവ് വന്നു. അവർക്ക് കർത്താവിനെ സ്വാഗതം ചെയ്യുവാൻ കഴിഞ്ഞില്ല. ശബത്തിൽ ഒന്നും ചെയ്യരുത് എന്ന പഴയ നിയമത്തിൽ രേഖപ്പെടുത്തിയതിനെ കെട്ടിപ്പിടിച്ച് പുരോഹിതന്മാർ നിൽക്കുകയാണ്. പക്ഷെ കർത്താവ് ശബത്തിൽ അത്ഭുതരോഗശാന്തി ശുശ്രൂഷ ചെയ്ത് വിടുവിക്കുകയാണ്. വചനത്തിൽ ഉറച്ച് നിന്ന് ദൈവശക്തിയെ അവർ തിരസ്കരി

ക്കുകയാണ്. വചനത്തിന്റെ കീഴിൽ നിന്ന് ദൈവശക്തിയെ സ്വാഗതം ചെയ്യണം. അതിന് അവർക്ക് കഴിയുന്നില്ല. പഴയ ചില മാമൂലുകളിൽ അവർ കുടുങ്ങികിട ക്കുകയാണ്. ദൈവം എപ്പോഴും പുതിയത് ഒന്ന് സൃഷ്ടിച്ച് കൊണ്ടിരിക്കുന്നു. ൈ െ ദ വ സൃഷ്ടിയായ മനുഷ്യനും പുതിയതിനെ സ്വാഗതം ചെയ്യണം. അതേ സമയം സാത്താൻ ഡ്യൂപ്ലിക്കേറ്റുമായി എപ്പോഴും നിൽക്കുന്നുണ്ട് എന്ന തിരിച്ചറിവും നാം അറിഞ്ഞിരിക്കേണം.

ഉണർവ്വിന്റെ ഒഴുക്കിന്റെ നടുവിലും ശത്രു ഇറങ്ങി നിൽക്കും എന്ന് ഒരു ദൈവദാസൻ പറഞ്ഞത് ഓർത്ത് പോകുന്നു.

## ഫെബ്രുവരി 10

ഈ ആഴ്ച പൊതുവെ നിസഹായതുടേയും തളർച്ചയുടേയും ഒരു തുടർച്ചയായിരുന്നു. ഒരു രീതിയിലും ഒന്നും ചെയ്യുവാൻ കഴിയുന്നില്ല. ക്ഷീണത പൂർണ്ണ അളവിൽ വെളിപ്പെടുകയാണ്. ആരോ ഉന്തി മുന്നോട്ട് കൊണ്ട്പോകു ന്നത് കൊണ്ട് മുമ്പോട്ട് പോകുന്നു. ഇങ്ങനെ എത്രനാൾ മുമ്പോട്ട് പോകും. പിന്നെ ആശ്വാസമായിട്ടുള്ളത് ഒന്ന് മാത്രം ദൈവവചനം.

“യഹോവ യോശുവയോട് ഞാൻ മോശയോട് കൂടെ ഇരുന്നത് പോലെ നിന്നോട് കൂടേയും ഇരിക്കും എന്ന് ഇസ്രയേൽ അറിയേണ്ടതിന് ഞാൻ ഇന്ന് അവർ കാൺകേ നിന്നെവലിയവനാക്കാൻ തുടങ്ങും”.Josh:3:7. മോശയോട് കൂടെ ഇരുന്നത് പോലെ യോശുവയോട് കൂടെ ഇരുന്നത് പോലെ തന്റെ എളിയ ജനത്തോട് കൂടെ ഇരുന്ന് ആശ്വസിപ്പിച്ച് നടത്തുന്ന ദൈവം സ്വന്തമായി ഉള്ളത് കൊണ്ട് നാം പിടിച്ച് നിൽക്കുന്നു.

ഇസ്രായേൽ എല്ലാം അറിയേണ്ടതിന്, അവർ കാൺകേ, നിന്നെ വലിയ വനാക്കാൻ തുടങ്ങും. യോശുവയുടെ ശുശ്രൂഷ വെളിപ്പെടുന്നതിന് മുമ്പ് വളരെ

കുറച്ച് ഭാഗങ്ങളിലെ യോശുവയെക്കുറിച്ച് രേഖപ്പെടുത്തിയൊട്ടുള്ളു. അയക്കപ്പെട്ട 12 പേരിൽ ഒരുവൻ, മോശയോട് കൂടെ കൂടാര ശുശ്രൂഷകൻ, നൂന്റെ പുത്രനായ യോശുവഎന്ന ബാല്യക്കാരൻ. പക്ഷെ അവന്റെ ശുശ്രൂഷ ആരംഭിച്ചതിന് ശേഷമാണ് ഇവനും അഭിഷിക്തഗണത്തിൽപെട്ടവനാണ് എന്ന് പലരും തിരിച്ചറിഞ്ഞത്. താഴെ എഴുതുന്ന കാര്യങ്ങൾ ചിലപ്പോൾ യോശുവയുടെ കാര്യത്തിൽ ശരിയല്ലായിരിക്കാം. എന്നാൽ ഇത് വായിക്കുന്ന എഴുതുന്ന ആളുടെ മുമ്പിൽ ഒരു യാഥാർത്ഥ്യമാകാം.

എന്തിനാണ് ഇസ്രയേൽ എല്ലാം അറിയേണ്ടതിന് അവർ കാൺകേ വലിയവനാക്കുന്നത്. സങ്കീർത്തനത്തിൽ ദാവീദിനെക്കുറിച്ച് പറയുകയാണ് ''അവന് ദൈവത്തിങ്കൽ രക്ഷയില്ല എന്ന് പലരും എന്നെക്കുറിച്ച് പറയുന്നു'' സങ്കീർത്തനം :3:2. ഒന്ന് ദൈവത്തിന് വേണ്ടി ഇറങ്ങിപ്പുറപ്പെട്ടതാണ്. പരിശുദ്ധാത്മാവ് പറഞ്ഞിട്ടാണ് എന്തും ചെയ്യുന്നത്. പക്ഷെ മറ്റുള്ളവരുടെകാഴ്ചപ്പാടിൽ രക്ഷയില്ലാത്ത അനുഭവമാണ്. ലോകത്തിൽ ജീവിക്കുന്നവർ സ്വന്തം ബുദ്ധി ഉപയോഗിച്ച് ആണ് സകലതിനേയും വീക്ഷിക്കുന്നത്. അവർ നോക്കുമ്പോൾ

1. വെറുതെ അങ്ങോട്ടും ഇങ്ങോട്ടും നടക്കുകയാണ്.
2. വരുമാന മാർഗ്ഗം ഒന്നും കാണുന്നില്ല.
3. ദൈവം പറഞ്ഞിട്ട് ഉപവസിക്കുമ്പോൾ രൂപയില്ലാഞ്ഞിട്ട് പട്ടിണി കിടക്കുകയാണ്. അതാണ് ഇങ്ങനെ ക്ഷീണിച്ചിരിക്കുന്നത്.
4. അവർ ആഗ്രഹിക്കുന്നത് പോലെ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നില്ല.
5. മറ്റ് ഏതോ ഭോഷത്വമനുസരിച്ചാണ് എല്ലാം ചെയ്യുന്നത്.
6. ശത്രുവിന്റെ പീഢയെ രഹസ്യത്തിൽ നേരിട്ട് കൊണ്ടിരിക്കുമ്പോൾ അനുഭവിക്കുന്ന മാനസികാവസ്ഥക്ക് കീഴിൽ പതറി ഒതുങ്ങി ശാന്തമായിട്ടിരിക്കുമ്പോൾ ചിലർ ഇങ്ങനെ പറയുന്നു.
7. പണ്ട് അൽപം കാര്യശേഷി ഉള്ളവനായിരുന്നു. ഇപ്പോൾ അധികം ഉരിയാടാതെ ഊമനായി നടക്കുകയാണ്.

ഇതൊക്കെ കാണുമ്പോൾ അവന് രക്ഷയില്ലായെന്ന് ആരും പറഞ്ഞ് പോകും. ഇതൊക്കെ ദൈവഹിതമായിട്ട് സംഭവിച്ചതാകയാൽ, ദൈവനാമത്തി നായിട്ട് സംഭവിച്ചതാകയാൽ അവന് ദൈവത്തിങ്കൽ രക്ഷയില്ല എന്ന് പറഞ്ഞവർ കാൺകേ അവന് രക്ഷയുണ്ടോ ഇല്ലയോ എന്ന് ദൈവത്തിന് കാണിച്ച് കൊടു ക്കേണ്ടതുണ്ട്. അതിന്റെ ഭാഗമായിട്ടാണ് ഇസ്രയേൽ കാൺകെ ദൈവം അവനെ ഉയർത്തുവാൻ നോക്കുന്നത്.

യോശുവയുടെ നേതൃത്വത്തിൽ ജനം മുന്നോട്ട് പോകുകയാണ്. ലക്ഷ്യം ദൈവം പറഞ്ഞ വാഗ്ദത്ത ദേശമാണ്. പക്ഷെ വാഗ്ദത്ത ദേശത്തിന് മമ്പേ ഒന്ന് നെടുനീളേ കിടക്കുകയാണ് യോർദ്ദാൻ നദി, അത് കര കവിഞ്ഞ് ഒഴുകുക യാണ്. യോർദാൻ നദിയെ അകലെനിന്ന് നോക്കുമ്പോൾ ഭയമാണ്. എങ്ങനെ ഇത് മുറിച്ച് കടന്ന് വാഗ്ദത്ത ദേശത്ത് എത്തും. ഭയപ്പെടുത്തുന്ന ഭീഷണി ജനി പ്പിക്കുന്ന, മുട്ടാടിപ്പോകുന്ന വിഷയം. പക്ഷെ ഇതൊക്കെ ഉള്ളപ്പോൾ തന്നെ യോശുവ മുന്നോട്ട് പോകുകയാണ്. കാരണം അവൻ മുമ്പോട്ട് പോകാൻ വിളി ക്കപ്പെട്ടവനാണ്. അവൻ യോർദ്ദാന്റെ നദിയുടെ അടുക്കൽ എത്തി. എന്നാൽ അവിടെ ചെല്ലുന്നതിന് മുമ്പേ തന്നെ അത് കുറുകെ കടക്കേണ്ടതിനാവശ്യമായ ദൈവികാലോചന അവൻ പ്രാപിച്ചെടുത്തു. അതാണ് അവന്റെ വിജയത്തിന്റെ രഹസ്യവും.

യോർദ്ദാനിൽ എത്തുന്നതിന് മുമ്പ് അവൻ പ്രാപിച്ചെടുത്ത ആലോചന എന്താണ് ''പെട്ടകം ചുമക്കുന്ന പുരോഹിതൻമാർ തങ്ങളുടെ കാൽ യോർദ്ദാന്റെ നദിയിൽ ചവിട്ടുക'' ആലോചന അനുസരിച്ച് പുരോഹിതന്മാർ വെള്ളത്തിൽ ചവുട്ടി. വെള്ളത്തിന്റെ ഒഴുക്ക് നിന്നു. ഭയപ്പെടുത്തുന്ന അതിന്റെ ഹുങ്കാര ശബ്ദം നിലച്ചു. അരാബയിലെ കടലായ ഉപ്പ് കടലിലേക്ക് വെള്ളം വാർന്ന് പോയി. യാത്രക്ക് തടസ്സമായി നിന്ന യോർദ്ദാൻ എന്ന പ്രതികൂലത്തെ ദൈവം നീക്കി. ജനം മറുകര കടന്നു. ദൈവീക ആലോചന പ്രാപിച്ച് മുന്നേറുന്ന അഭിഷിക്തന്റെ മുമ്പിൽ പ്രതികൂലങ്ങൾ ഒന്നും അല്ല. അത് ഓരോന്നായി എരിഞ്ഞടങ്ങും. അതെ, ഭയപ്പെട്ട വിഷയം മാറിപ്പോയി. കഷ്ടത രണ്ട് പ്രാവശ്യം പൊങ്ങിവരുകയുമില്ല.

ആശ്വാസത്തിന്റെ ആലോചന ദൈവം തന്നതിനായി സ്തോത്രം.

## ഫെബ്രുവരി 17

മൂന്ന് മാസത്തെ ബാഗ്ലൂർ ജീവിതത്തിന് ശേഷം സ്വന്തം നാട്ടിൽ അൽപ നാൾ ആയിരിക്കുന്നതിന് ദൈവം കൃപ ചെയ്തു. ദാവീദ് അബ്ശലോമിനെ ഭയപ്പെട്ട്, സിംഹാസനം വിട്ട് വനാന്തരങ്ങളിലേക്ക് തനിക്കുള്ളവരുമായി യാത്രതിരിച്ചു. അവന്റെ അധികാരം എല്ലാം നഷ്ടപ്പെട്ട് ദാവീദിന് സ്വന്തമായതെല്ലാം അബ്ശാലോം കവർന്നെടുത്തപ്പോൾ തനിക്ക് അനുകൂലമായി നിൽക്കും എന്ന് ദാവീദ് വിചാരിച്ചവരിൽ ചിലർ അവനെതിരെ വന്നു. അപ്പോൾ ദാവീദിന് വേണ്ടി അഭിഷിക്തനായ അർഖ്യനായ ഹൂശായിയെ ദൈവം എഴുന്നേൽപ്പിച്ചു. മറ്റൊരു അഭിഷിക്തന്റെ സാന്നിദ്ധ്യം അഭിഷിക്തനായ ദാവീദിന് ആശ്വാസമായിത്തീർന്നു.

“ദാവീദ് തലമൂടിയും ചെരിപ്പിടാതേയും നടന്നു, കരഞ്ഞും കൊണ്ടും ഒലിവ്മലയുടെ കയറ്റം കയറി കൂടെയുള്ള ജനം ഒക്കേയും തലമൂടി കരഞ്ഞ് കൊണ്ട് കയറിച്ചെന്നു. അബ്ശാലോമിനോട് കൂടെയുള്ള കൂട്ട് കെട്ട്കാരിൽ അഹീഥോഫെലും ഉണ്ടെന്ന് ദാവീദിന് അറിവ് കിട്ടിയപ്പോൾ യഹോവേ അഹീഥോഫെലിന്റെ ആലോചനയെ അബദ്ധമാക്കേണമേ എന്ന് പറഞ്ഞു” II ശമു:15:30,31.

ദാവീദ് സകലതും നഷ്ടപ്പെട്ട് തളർന്നിരുന്ന സമയത്ത് അവനെ ഒടുക്കികളയേണ്ടതിന് അഹീഥോഫെൽ ചില ആലോചനകൾ പറയുകയാണ്. “അനന്തരം അഹീഥോഫെൽ അബ്ശാലോമിനോട് പറഞ്ഞത് ഞാൻ പന്തീരായിരം പേരെ തെരഞ്ഞെടുത്ത് പുറപ്പെട്ട് ഇന്ന് തന്നെ ദാവീദിനെ പിന്തുടരട്ടേ. ക്ഷീണിച്ചും അധൈര്യപ്പെട്ടും ഇരിക്കുന്ന അവനെ ഞാൻ ആക്രമിച്ച് ഭ്രമിപ്പിക്കും. അപ്പോൾ അവനോട് കൂടെയുള്ള ജനം ഒക്കേയും ഓടിപ്പോകും. ഞാൻ രാജാവിനെ മാത്രം വെട്ടിക്കളയും” IIശമു:17:1,2.

ഈ ആലോചന അബ്ശാലോം സ്വീകരിച്ചിരുന്നുവെങ്കിൽ ദാവീദ് തകർന്ന് പോകുമായിരുന്നു. അവന്റെ നര ദു:ഖത്തോടെ പാതാളം പൂകുമായി

രുന്നു. കാരുണ്യാവാനായ ദൈവം അനേകരുടെ ജീവനെ വിലയേറിയതായി കണ്ട ദാവീദിനേയും അവന്റെ പ്രാണനേയും വിലയേറിയതായി കണ്ടു. അവനെ സംര ക്ഷിച്ചു. അതിനായി ദൈവം മറ്റൊരു അഭിഷിക്തനായ അർഖ്യനായ ഹൂശായിയെ എഴുന്നേൽപ്പിച്ചു.

"ഹൂശായി അബ്ശാലോമിനോട് പറഞ്ഞത് എന്തെന്നാൽ അഹീഥോ ഫെൽ ഈ പ്രാവശ്യം പറഞ്ഞ ആലോചന നന്നല്ല. നിന്റെ അപ്പനും അവന്റെ ആളു കളും വീരന്മാരും കുട്ടികൾ കവർന്ന് പോയ കരടിയെപ്പോലെ ഉഗ്രമാനസന്മാരും ആകുന്നുവെന്ന് നീ അറിയുന്നുവല്ലോ. നിന്റെ അപ്പൻ യോദ്ധാവ് ആകുന്നു. അവൻ ജനത്തോട് കൂടെ രാപാർക്കുകയില്ല. അവൻ ഇപ്പോൾ ഒരു ഗുഹയിലോ മറ്റ് വല്ല സ്ഥലത്തോ ഒളിച്ചിരിക്കുകയായിരിക്കും. ആരംഭത്തിങ്കൽ തന്നെ ഇവ രിൽ ചിലർ പട്ടുപോയാൽ അത് കേൾക്കുന്ന എല്ലാവരും അബ്ശാലോമിന്റെ പക്ഷ ക്കാരിൽ സംഹാരമുണ്ടായി എന്ന് പറയും" II ശമു:17:7 – 9.

അഹീഥോഫെല്ലിന്റെ ആലോചനയേക്കാൾ അഖ്യനായ ഹൂശായിയുടെ ആലോചനയാണ് നല്ലത് എന്ന് അബ്ശാലോം ചിന്തിച്ചു. അങ്ങനെ അഹീഥോഫെ ലിന്റെ നല്ല ആലോചനയെ വ്യർത്ഥമാക്കി ദാവീദിനെ ദൈവം സംരക്ഷിച്ചു. അൽപം നാൾ സ്വന്തം ദേശത്ത് വന്നപ്പോൾ ശത്രുവിന് എന്നെക്കുറിച്ച് ധാരാളം ആലോചന ഉണ്ടായിരുന്നു. തളർന്നിരുന്ന എന്നെ നശിപ്പിക്കുവാൻ നിരവധി മണ്ഡലം അവൻ അതിനായി തുറന്നു.

എന്നാൽ ആ മണ്ഡലങ്ങളിൽ എല്ലാം ഒരു അർഖ്യനായ ഹൂശായിയെ ദൈവം എനിക്ക് വേണ്ടി എഴുന്നേൽപ്പിച്ചു. സാമ്പത്തികമണ്ഡലത്തിൽ ദൈവം എന്നെ സഹായിച്ചു. ശാരീരികമണ്ഡലത്തിൽ, കുടുംബജീവിത മണ്ഡലത്തിൽ, ആത്മീകജീവിതമണ്ഡലത്തിൽ അങ്ങനെ സകല വിഷയത്തിന്മേലും ദൈവകരം ഒന്നുതൊട്ടു. അത് തളർന്നിരുന്ന അഭിഷിക്തന് ഒരു ആശ്വാസമായിത്തീർന്നു.

പിന്നെ ദാവീദ് മഹനയീമിൽ എത്തി. അവിടെ ആശ്വാസ ഭുജവുമായി നിരവധി പേർ എത്തി.

1. അമ്മോന്യരുടെ രബ്ബയിൽ നിന്ന് നാഹാശിന്റെ മകൻ ശോബി
2. ലോ– ദെബാരിൽ നിന്ന് അമ്മീയേലിന്റെ മകൻ മാഖീർ
3. രോഗെലീമിൽ നിന്ന് ഗിലയാദ്യൻ ബർസില്ലായി

ഇവർ കിടക്കകളും, കിണ്ണങ്ങളും, മൺപാത്രങ്ങളും ദാവീദിനും കൂടെയുള്ള ജനത്തിനും ഭക്ഷിപ്പാൻ ഗോതമ്പ്, യവം, മാവ്, മലർ, അമരക്ക, പയർ, പരിപ്പ്, തേൻ, വെണ്ണ, ആട്, പശുവിൻ പാൽക്കട്ട എന്നിവ കൊണ്ടുവന്ന് മരുഭൂമിയിൽ വിശന്നും ദാഹിച്ചും ഇരുന്ന ജനത്തിന് കൊടുത്തു. II ശമു:17:28.

ദാവീദും അവനുള്ളവരും മരുഭൂമിയിൽ പട്ട് പോകാതെ ജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവന് ആവശ്യമായതെല്ലാം കൊടുത്ത് അവനെ ആശ്വസിപ്പിച്ച് മറ്റൊരു യുദ്ധത്തിനായിട്ട് ഒരുക്കി. കാരണം ദാവീദ് യഹോവയുടെ യുദ്ധങ്ങളെയാണ് ചെയ്യുന്നത്. ഒരു സ്ത്രീ ആ സാക്ഷ്യം വിളിച്ച് പറഞ്ഞു "യഹോവയുടെ യുദ്ധങ്ങളെയല്ലോ യജമാനൻ നടത്തുന്നത്" I ശമു: 25:28. അവൾ അബീഗയിൽ ഒരു വാക്ക് കൂടി പറഞ്ഞു.

"യഹോവ യജമാനന് സ്ഥിരമായൊരു ഭവനം പണിയും" ആ വാക്കുകളും അവനെ ആശ്വസിപ്പിച്ചു.

## ഫെബ്രുവരി 24

ആശ്വാസത്തിന്റെ ഒരാഴ്ച കടന്നുപോയി. ഉടൻ തന്നെ ചെയ്യേണ്ട ചില കാര്യങ്ങൾ ചെയ്യുവാൻ കഴിഞ്ഞു. ചില നന്മകൾ പ്രാപിച്ചു. എങ്കിലും അൽപം ചില കാര്യങ്ങൾ ക്കുടി ചെയ്യേണ്ടതുണ്ട്. അൽപം ചില നന്മകൾ കൂടി പ്രാപിക്കേണ്ടതുണ്ട്. അത് ചെയ്യുവാൻ ദൈവം വിശ്വസ്തൻ.

ലൂക്കോസ് സുവിശേഷം 15:24 – ൽ "ഈ എന്റെ മകൻ മരിച്ചവനായിരുന്നു, വീണ്ടും ജീവിച്ചു" എന്ന് കാണുന്നു. അപ്പന്റെ സന്നിധിയിൽ ആയിരുന്ന മകൻ അൽപനാളത്തേക്ക് പിതാവിന്റെ അടുക്കൽ നിന്ന് മാറി ജീവിച്ചു. അപ്പൻ

കൈവിട്ട അനുഭവം. അത് ഒരിക്കലും മറക്കുവാൻ അവന് കഴിയില്ല. പലതും അവന് നഷ്ടപ്പെട്ടു. ഒരു നിശ്ചിതകാലം കഴിഞ്ഞ് അവൻ തിരികെ പിതാവിന്റെ സംരക്ഷണയിൽ ആയി. എന്തിനാണ് പിതാവ് അൽപനാളത്തേക്ക് അവനെ കൈവിട്ടത്.

യശ: 54:7 – ൽ പറയുന്നു ''അൽപനേരത്തേക്ക് മാത്രം ഞാൻ നിന്നെ ഉപേക്ഷിച്ചു, എങ്കിലും മഹാകരുണയോടെ ഞാൻ നിന്നെ ചേർത്ത് കൊള്ളും'' എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. '' തന്റെ ഏകജാതനായ പുത്രനിൽ വിശ്വസി ക്കുന്ന ഏവനും നശിച്ച് പോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്, ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. പിതാവായ ദൈവം പുത്രനായ യേശുക്രിസ്തുവിനെ അൽപനാളത്തേക്ക് കൈവിട്ടു. കാരണം താൻ മുഖാന്തരം അനേകർ നിത്യജീവൻ പ്രാപിക്കേണ്ടതിന് പുത്രനായ യേശുക്രിസ്തു അൽപനാൾ കൈവിടപ്പെട്ടു''.

പിതാവായ യാക്കോബിന്റെ സംരക്ഷണയിൽ നിന്ന് യോസേഫ് മാറിപ്പോ യി. എന്തിന്? തന്റെ സ്വകുടുംബം നന്മ പ്രാപിച്ച് വളർന്ന് ദൈവനാമമഹത്വ ത്തിനായി ഉപയോഗിക്കുവാൻ. ഇതാ പൗലോസ് പറയുന്നു ''അങ്ങനെ ഞങ്ങ ളിൽ മരണവും നിങ്ങളിൽ ജീവനും വ്യാപരിക്കുന്നു'' II കൊരിന്ത്യ:4:12. മരണം എന്ന് വച്ചാൽ അതിന്റെ അർത്ഥം വേർപാട് എന്നാണ്.

1. ജഢത്തിൽ നിന്ന് ആത്മാവ് വേർപെടുന്നത് ജഢീകമരണം.
2. മാനുഷികാത്മാവ് ക്രിസ്തുവിനെ സ്വീകരിക്കാത്തത് മുഖാന്തരം ദൈവത്തിൽ നിന്ന് വേർപെട്ട് പോകുന്നത് ആത്മീയമരണം.
3. നിത്യശിക്ഷാവിധി സമയത്ത് ക്രിസ്തുവിനെ സ്വീകരിക്കാത്തതി നാൽ നിത്യജീവൻ പ്രാപിക്കുവാൻ കഴിയാതെ എന്നേക്കും ദൈവത്തിൽ നിന്ന് വേർപെട്ട് പോകുന്നത് നിത്യമരണം.

എന്നാൽ ഇതിൽ നിന്നെല്ലാം വ്യത്യസ്തമായ മറ്റൊരു മരണം ഉണ്ട്. അതാണ് പൗലോസ് പറയുന്നത്. ഒരു ശുശ്രൂഷകനിൽ ശുശ്രൂഷക്ക് തടസമായ ഒരു സംഗതി ഉണ്ട്. ആത്മാവിന്റെ സ്വാതന്ത്രത്തിനെതിരെ, വ്യാപരിക്കുന്ന ആത്മാ

വിന്റെ ശുശ്രൂഷക്കെതിരെ നിൽക്കുന്ന ഒന്ന്. ശുശ്രൂഷകന്റെ ശരീരം, ജഢം, ആത്മീയശുശ്രൂഷക്ക് എതിരായിരിക്കും. ജഢത്തിന്റെ ബുദ്ധി, ചിന്ത, മനസ് എല്ലാം. അപ്പോൾ ആത്മീയ ശുശ്രൂഷവെളിപ്പെടണമെങ്കിൽ ഒരു ശുശ്രൂഷകന്റെ ഉള്ളിലെ ജഢം മരിക്കണം.

ശുശ്രൂഷകന്റെ ഉള്ളിലെ ജഢം മരിക്കുമ്പോൾ അവന്റെ ആത്മാവ് പൂർണ്ണസ്വാതന്ത്രം ഉള്ളതായിത്തീരുന്നു. അത് ആത്മീയശുശ്രൂഷക്ക് കാരണമാകുന്നു. ശുശ്രൂഷകന്റെ ജഢം മരിക്കുമ്പോൾ അത് അനേകരിൽ നിത്യജീവൻ പ്രാപിക്കുന്നതിന് കാരണമായിത്തീരുന്നു. അതാണ് പൗലോസ് പറഞ്ഞത് ഞങ്ങളിൽ മരണവും നിങ്ങളിൽ ജീവനും വ്യാപരിക്കുന്നു എന്ന്.

സ്വമനസാലെ ഈ ജഢം മരിക്കുകയില്ല. അതിനാൽ ദൈവം ശുശ്രൂഷകനെ അസാധാരണ പീഢയിലൂടെ, മരണകരമായ നിരവധി അനുഭവങ്ങളിലൂടെ കടത്തിവിട്ട് ''ചത്തതിനൊക്കുമേ ജീവിച്ചിരിക്കലും'' എന്ന രീതിയിൽ ആക്കിത്തീർക്കും. ബലം നഷ്ടപ്പെട്ട് ബലഹീനതയിൽ അവൻ പ്രവേശിക്കും. മാനം നഷ്ടപ്പെട്ട് അപമാനത്തിൽ പ്രവേശിക്കും. സൗന്ദര്യം നഷ്ടപ്പെട്ട് വിരൂപതയിൽ പ്രവേശിക്കും. അങ്ങനെ ക്രിസ്തു നിമിത്തം സർവ്വതും ചപ്പും ചവറുമായി തള്ളിക്കളഞ്ഞ് നിൽക്കും.

ഉയരെ പറക്കുന്ന പക്ഷിയുടെ ചിറക് എല്ലാം ഓരോന്നായി നഷ്ടപ്പെട്ട് പറക്കുവാൻ കഴിയാതെ, എന്തിന് വേണ്ടി ജനിച്ചു അതിന് കഴിയാതെ ശൂന്യമായ അവസ്ഥയിൽ മരിച്ചത്പോലെയുള്ള അനുഭവം. എന്നാൽ ഈ അനുഭവം കഴിഞ്ഞ് പുറത്ത് വരുമ്പോൾ ചില പ്രത്യേകതകളുമായി അവൻ എഴുന്നേൽക്കും.

യോസേഫ് എങ്ങനെയാണ് എഴുന്നേറ്റത്. രാജസിംഹാസനാരുഢനായി അവൻ എഴുന്നേറ്റു. പീഢകൾ സഹിച്ച ക്രൂശ്മരണത്തിന് ശേഷം കർത്താവ് എങ്ങനെയാണ് വരുന്നത്. വെളിപ്പാട് ഒന്നാം അധ്യായത്തിൽ അത് രേഖപ്പെടുത്തിയിരിക്കുന്നു. ''നിലവിളക്കുകളുടെ ഇടയിൽ നിലയങ്കി ധരിച്ച്, മാറത്ത് പൊൻകച്ച കെട്ടി, ഹിമത്തോളം വെളുത്ത തലമുടിയുമായി, അഗ്നിജ്വാലക്കൊത്ത

കണ്ണുമായി, വായിൽ മൂർച്ചയേറിയ ഇരുവായ്ത്തലയുള്ള വാളുമായി, കയ്യിൽ ഏഴ് നക്ഷത്രവുമായി അവൻ എഴുന്നേറ്റു''. അപമാനത്തിൽ വിതയ്ക്കപ്പെടുന്നു. തേജസിൽ ഉയിർക്കുന്നു. ബലഹീനതയിൽ വിതയ്ക്കപ്പെടുന്നു. ശക്തിയിൽ ഉയിർക്കുന്നു. II കൊരി :15:43.

കർത്താവ് സകലത്തിനും നമുക്ക് മാതൃക തന്നു. ആ വഴിയിലൂടെ നാം സഞ്ചരിക്കേണ്ടതാകുന്നു. ഏത് ഒരു ആത്മീയശുശ്രൂഷകനും ഒരു കല്ലറയെ നേരിടേണ്ടി വരും. ഏത് ഒരു ശുശ്രൂഷകന്റേയും മുമ്പിൽ അവന് ഉരുട്ടി മാറ്റുവാൻ കഴിയാത്ത തരത്തിലുള്ള ഒരു കല്ല് ഉണ്ടായിരിക്കും. ദൈവം ഉയിർപ്പിച്ചില്ലെങ്കിൽ അല്ലാതെ, ദൈവം എഴുന്നേൽപ്പിച്ചില്ലെങ്കിൽ അല്ലാതെ ആ ശുശ്രൂഷകന് ഒന്നും ചെയ്യുവാൻ കഴിയില്ല.

അങ്ങനെയുള്ള ഒരുവൻ ആയിരിക്കണം ഒരു ശുശ്രൂഷകൻ. വെളിപ്പാട് പുസ്തകത്തിൽ കർത്താവ് പറയുന്നു ''ഞാൻ മരിച്ചവനായിരുന്നു, എന്നാൽ ഇതാ എന്നേക്കും ജീവിച്ചിരിക്കുന്നു, മരണത്തിന്റേയും പാതാളത്തിന്റേയും താക്കോൽ എന്റെ കൈവശമുണ്ട്'' 1:8. അധികാരം പ്രാപിച്ചവനായി കർത്താവ് സംസാരിക്കുന്നു. ഈ അനുഭവത്തിലൂടെ കടന്ന് വരുന്ന ശുശ്രൂഷകനും അധികാരം പ്രാപിച്ചവനായി എഴുന്നേറ്റ് സംസാരിക്കും. ദൈവം അത് ചെയ്യും. എന്റേയും ജീവിതത്തിൽ ഈ ഒരു അനുഭവം നേരിടുവാൻ ദൈവം കൃപ തന്നു. ദു:ഖകരമായിരുന്നു, വ്യസനകരമായിരുന്നു. പക്ഷെ അവന്റെ കൃപ സകലത്തിനും കാരണമായി. അവന്റെ ശക്തി ബലഹീനതയിൽ തികഞ്ഞ് വരുന്നു. എല്ലാ നന്മയും ഉയരങ്ങളിൽ നിന്ന് വെളിച്ചങ്ങളുടെ പിതാവായ ദൈവത്തിങ്കൽ നിന്ന് വരുന്നു.

## മാർച്ച് 3

''അപ്പോൾ യാക്കോബ് ഉറക്കമുണർന്നു യഹോവ ഈ സ്ഥലത്തുണ്ട് സത്യം. ഞാനോ അത് അറിഞ്ഞില്ല എന്ന് പറഞ്ഞു'' ഉൽ: 28:16. യാക്കോബ് ബേർ–ശേബയിൽ നിന്ന് പുറപ്പെട്ട് ഹാരാനിലേക്ക് പോയി. കാരണം ബേർ–ശേബ

അവന്റെ മുമ്പിൽ അടയപ്പെട്ടു. ബേർ–ശേബയിൽ ഇനി അവൻ നിന്നാൽ ദോഷമാണ്. ഹാരാനിലേക്കുള്ള വഴി ഏതെന്ന് അവന് അറിയത്തില്ല. ഹാരാനിൽ ചെന്നാൽ എങ്ങനെയാകും എന്ന് അവന് അറിയത്തില്ല. പക്ഷെ യാത്ര പുറപ്പെട്ടു.

സൂര്യൻ അസ്തമിക്കാറായ് ഹാരാനിൽ എത്തിയതുമില്ല. ഏതായാലും ഒരുസ്ഥലത്ത് അവൻ എത്തി. അവിടെയുള്ള ഒരു കല്ല് തലയണയായി ഉപയോഗിച്ചു. ബേർ–ശേബയിൽ വച്ചും ഹാരാനിലേക്കുള്ള യാത്രയോടുള്ള ബന്ധത്തിലും അവൻ ശരിക്കും തളർന്ന്പോയി. ഉറങ്ങിയത് പോലും അവൻ അറിഞ്ഞില്ല. പരുപരുത്ത കല്ല് ആണ് തലയണ എന്ന് പോലും അവൻ മറന്ന്പോയി. അത്രയ്ക്ക് അവൻ തളർന്ന് പോയിരുന്നു. അവൻ പ്രായം എത്തിയവനായിരുന്നില്ല. ശരിക്കും ഒരു ബാലനേക്കാൾ അൽപം മൂത്തത്.

പക്ഷെ തളരാത്ത, ഉറങ്ങാത്ത ഒരു ദൈവം അവന്റെ കൂടെ ഉണ്ടായിരുന്നു. പക്ഷെ യാക്കോബ് വിചാരിക്കുന്നത് ദൈവം പോലും അവനെ ഉപേക്ഷിച്ചു എന്നാണ്. ദൈവം സ്വപ്നത്തിലൂടെ ഇടപെട്ടു. ഭൂമിയിൽ വച്ചിരിക്കുന്ന ഒരു കോവണി. പക്ഷെ അതിന്റെ തല സ്വർഗ്ഗത്തോളം എത്തിയിരുന്നു. അവൻ കണ്ടത് ഒരു സ്വർഗ്ഗീയ കോവണിയാണ്. ഭൂമിയിൽ തുടങ്ങി ഭൂമിയിൽ അവസാനിക്കുന്നതല്ല. ഭൂമിയിൽ തുടങ്ങി സ്വർഗ്ഗത്തിൽ അവസാനിക്കുന്നത്. ആത്മീയ അനുഭവത്തിൽ തുടങ്ങി ജഢത്തിൽ അവസാനിക്കുന്നതല്ല. ഭൂമിയിലെ ആത്മീയഅനുഭവത്തിൽ തുടങ്ങി സ്വർഗ്ഗത്തിലെ ആത്മീയ അനുഭവത്തിൽ അവസാനിക്കുന്നത്. ദൂതന്മാർ കയറുകയും ഇറങ്ങുകയും ചെയ്യുന്ന കോവണി. സ്വർഗ്ഗവുമായി കറപുരളാത്ത ബന്ധം ഉണ്ടെങ്കിലേ സ്വർഗ്ഗവുമായുള്ള കോവണിബന്ധം നിലനിൽക്കുകയൊള്ളൂ. അത് നിലനിന്നാൽ മാത്രമേ തന്റെ വിഷയത്തിൻമേൽ താൻ ഇടപെടുന്ന വിഷയത്തിന്മേൽ ദൂതന്മാർ കയറുകയും ഇറങ്ങുകയും ചെയ്യുകയൊള്ളൂ.

എന്നാൽ യാക്കോബിന്റെ കോവണിയിലൂടെ ദൂതന്മാർ മാത്രമല്ല ഇറങ്ങി വന്നത്. സ്വർഗ്ഗസിംഹാസനത്തിൽ ഇരിക്കുന്നവൻ തന്നെ ഇറങ്ങി വന്നു. അനുഗ്രഹത്തിന്റെ ഒരു വലിയ ദൂത് യഹോവ അവന് നൽകി. അതിന്ശേഷം “ഇതാ

ഞാൻ നിന്നോട് കൂടെ ഉണ്ട്. നീ പോകുന്നിടത്തൊക്കേയും നിന്നെ കാത്ത് ഈ രാജ്യത്തേക്ക് മടക്കി വരുത്തും, ഞാൻ നിന്നെ കൈ വിടാതെ നിന്നോട് അരുളി ചെയ്തത് നിവർത്തിക്കും'' ഉൽ:28:15. ''ഇതാ ഞാൻ നിന്നോട് കൂടെയുണ്ട്'' എന്ന യഹോവയുടെ വാക്ക് അവന്റെ തളർച്ച മാറ്റുവാൻ ഉതകുന്നതായിരുന്നു. ''നീ പോകുന്നേടത്തൊക്കേയും നിന്നെ കാത്ത് ഈ രാജ്യത്തേക്ക് മടക്കി വരുത്തും'' അപ്പോൾ അവന് മനസ്സിലായി ഈ യാത്ര ദൈവത്തിന്റെ പദ്ധതിയിൽ പെട്ടതാണെന്ന്. ''ഞാൻ നിന്നെ കൈ വിടാതെ നിന്നോട് അരുളി ചെയ്തത് നിവർത്തിക്കും''. ഇതിന് മുമ്പ് സ്വപ്നത്തിലൂടെയും മറ്റൊരു രീതിയിലും ദൈവം അരുളി ചെയ്തത് ദൈവം തന്നെ നിവർത്തിച്ച് തരും എന്നുള്ളത് ഒരു പ്രത്യാശ യായി അവന്റെ മുമ്പിൽ എഴുന്നേറ്റ് നിന്നു. ഇത്രയുമായപ്പോഴേക്കും അവന്റെ തളർച്ചയും ഉറക്കവും എല്ലാം പോയി. ''അപ്പോൾ യാക്കോബ് ഉറക്കമുണർന്നു'' ഉറക്കത്തിൽ നിന്ന് എഴുന്നേൽക്കുന്നവൻ ഉണർവ്വിനെ പുണരുന്നവൻ മറ്റുള്ളവ രുടെ ദോഷമല്ല ആദ്യം വിളിച്ച് പറയുന്നത്. ദൈവത്തിന്റെ മഹത്വം ആണ് പറയു ന്നത്. മറ്റുള്ളവന്റെ ദോഷം വിളിച്ച് പറയുന്നവനാരോ അവൻ ദൈവത്തിൽ നിന്നു ള്ളവനല്ല. സദാ കുറ്റം ചുമത്തുന്ന അപവാദിയായ പിശാച് ആണ് അവന്റെ പിതാ വ്. ചില ശുശ്രൂഷകർക്ക് വചനമോ, മഹത്വമേറിയ ദൈവിക ശുശ്രൂഷയോ അല്ല പ്രധാനം. ബുദ്ധിമണ്ഡലത്തിലൂടെ വ്യാപരിക്കുന്ന ജഡചിന്തയും താൻ പോരിമ യുമാണ് അവന്റെ കൈമുതൽ. അവനറിയാവുന്നത് മാത്രമാണ് ശരി. ബാക്കി എല്ലാം മൂഢതയാണ് എന്നാണ് ആ വ്യക്തി ചിന്തിക്കുന്നത്. മറ്റൊരുവനെ നിന്നേ ക്കാൾ ശ്രേഷ്ഠനെന്ന് എണ്ണണം എന്ന വചനം അവർക്ക് ഭൂഷണമല്ല.

പക്ഷെ യാക്കോബ് അങ്ങനെ ഒരുവനല്ല. അവൻ ദൈവമഹത്വമാണ് വിളിച്ച് പറയുന്നത്. ''യഹോവ ഈ സ്ഥലത്തുണ്ട്, സത്യം ഞാനോ അത റിഞ്ഞില്ല''അവൻ ഭയപ്പെട്ടു. അനേകരിൽ ദൈവഭയമില്ലാത്തതിന് കാരണം യഹോവ നമ്മുടെ മദ്ധ്യേ ഉണ്ട് എന്നുള്ളത് അവർ അറിയുന്നില്ല എന്നതാണ്. ഉടൻ തന്നെ യാക്കോബ് എല്ലാവരും ഉപേക്ഷിച്ച തലയണയായി ഉപയോഗിച്ച കല്ലെടുത്ത് തൂണായി നിർത്തി അതിന്മേൽ എണ്ണ ഒഴിച്ചു.

ഇതാ അനേകർ തള്ളിയ, ആർക്കും ഉപയോഗം ഇല്ലാതെയിരുന്ന ആ

കല്ല് ഒരു സ്വർഗ്ഗീയ പ്രവർത്തിക്ക് കാരണമായിത്തീർന്നു. ആ ഒരൊറ്റ കാരണം കൊണ്ട് തന്നെ അതിന്റെ പേര് വരെ മാറി എന്നുള്ളതാണ് അതിന്റെ പ്രത്യേകത. ആദ്യം ആ പട്ടണത്തിന്റെ പേർ ലൂസ് എന്നായിരുന്നു. ഇപ്പോൾ അത് അറിയപ്പെടുന്നത് ബഥേൽ എന്നാണ്. അതാണ് ദൈവപ്രവൃത്തി വെളിപ്പെടുമ്പോൾ അതിന്റെ മേൽവിലാസം തന്നെ മാറുകയാണ്. അതാണ് ദൈവപ്രവൃത്തിയുടെ ആഴം.

ഏതൊരു ഭക്തന്റേയും ജീവിതത്തിൽ ദൈവം പ്രവൃത്തിക്കുമ്പോൾ സംഭവിക്കുന്നതിതാണ്. ദാവീദിന്റെ അപ്പനും സഹോദരങ്ങളും അവനെ തള്ളിക്കളഞ്ഞു. പക്ഷെ ദൈവം അനേകർ തള്ളിക്കളഞ്ഞ ദാവീദിനെത്തന്നെ തെരഞ്ഞെടുത്തു എന്നുള്ളത് എത്ര മഹനീയമാണ്. തള്ളിക്കളയപ്പെട്ട കല്ല് മൂലക്കല്ല് ആയിത്തീർന്നത് പോലെ ഒരു രക്ഷ ദൈവത്തിങ്കൽ നിന്ന് വരുന്നു. തന്റെ ജനം ഒരു ഉയർച്ചയിലേക്ക് ഒരു കാൽ എടുത്ത് വയ്ക്കുകയാണ്. ദൈവപ്രവൃത്തികളുടെ ആരംഭം കുറിക്കുകയായി.

## മാർച്ച് 10

‘‘യോശുവ യെരീഹോവിന് സമീപത്ത് ഇരിക്കുമ്പോൾ തല ഉയർത്തി നോക്കി. ഒരാൾ കയ്യിൽ വാൾ ഊരി പിടിച്ച് കൊണ്ട് അവന്റെ നേരെ നിൽക്കുന്നത് കണ്ടു. യോശുവ അവന്റെ അടുക്കൽ ചെന്ന് അവനോട് നീ ഞങ്ങളുടെ പക്ഷക്കാരനോ, ശത്രു പക്ഷക്കാരനാണോ എന്ന് ചോദിച്ചു. അതിന് അവൻ അല്ല, ഞാൻ യഹോവയുടെ സൈന്യത്തിന്റെ അധിപതിയായി ഇപ്പോൾ വന്നിരിക്കുന്നു എന്ന് പറഞ്ഞു’’ യോശുവ :5:13,14.

യോശുവ ഇപ്പോൾ യെരീഹോവിന് സമീപത്ത് ഇരിക്കുകയാണ്. അവൻ പുറകോട്ട് തിരിഞ്ഞ് നോക്കി. ഭയപ്പാടോടെ നോക്കിയ യോർദ്ദാൻ ഇപ്പോൾ ഇല്ല. യഹോവ അതിനെ പിളർത്തി തന്റെ ജനത്തെ അക്കരെ കടത്തി. അവൻ നന്ദി നിറഞ്ഞ അനുഭവത്തോടെ യഹോവയെ നോക്കി. അതിന്ശേഷം തന്റെ കൂടെയുള്ള ജനത്തെ നോക്കി മിസ്രയിമിൽ നിന്ന് പുറപ്പെട്ട ആണുങ്ങളായ ജനമൊക്കേയും മരുഭൂപ്രയാണസമയത്ത് മരിച്ച് പോയി. എന്നാൽ അവർക്ക് പകരം

യഹോവ എഴുന്നേൽപ്പിച്ച, മരുഭൂമിയിൽ ജനിച്ച സന്തതി, തീക്കല്ല് കൊണ്ട് മരുഭൂമിയിൽ വച്ച് പരിച്ഛേദനയേറ്റ സന്തതി, യോശുവയുടെ വാക്ക് അതുപോലെ തന്നെ അനുസരിച്ച് നടക്കുന്ന സന്തതി, ഇതാ യുദ്ധസന്നദ്ധരായി എഴുന്നേറ്റ് നിൽക്കുകയാണ്. കാഹളധ്വനിക്ക് വേണ്ടി, അന്ത്യകാല യുദ്ധത്തിന് വേണ്ടി, അന്ത്യകാല ഉണർവ്വിന് വേണ്ടി, ഇതാ തിളച്ച്, ജ്വലിച്ച്, ഉയർന്ന് അങ്ങനെ നിൽക്കുകയാണ്.

കനാൻ ദേശം കൈ വശമാക്കുന്നതിന് യോശുവയുടെ കീഴിൽ യുദ്ധസന്നദ്ധരായ ജനം നിന്നത്പോലെ അന്ത്യകാല ഉണർവ്വിന് വേണ്ടി ഒരു കൂട്ടം ജനം മരുഭൂമിയുടെ അനുഭവത്തിലൂടെ സഞ്ചരിച്ച ജനം, വിഷസർപ്പങ്ങളെ നേരിട്ട ജനം ഉരുക്കുപോലെ ഉറച്ച ഐക്യവുമായി അഭിഷിക്തൻ കൽപ്പിക്കുന്നത് അതുപോലെ തന്നെ അനുസരിക്കുന്ന ജനമായി യഹോവ രൂപപ്പെടുത്തി വച്ചിരിക്കുകയാണ്. അവരെ ദൈവം ഇപ്പോൾ മറച്ച് വച്ചിരിക്കുകയാണ്. ആർക്കും അവരെ തിരിച്ചറിയത്തില്ല. പക്ഷെ ശത്രു അവരെ തിരിച്ചറിഞ്ഞു. രഹസ്യത്തിലും പരസ്യത്തിലും അവൻ ശക്തമായി ഈ അഭിഷിക്തകൂട്ടത്തിനെതിരെ ശക്തമായി പോരാടുകയാണ്. അഭിഷിക്തകൂട്ടമോ ശത്രുവിന്റെ സകല പദ്ധതികളേയും രഹസ്യത്തിൽ ശത്രുപോലും അറിയാതെ പ്രാർത്ഥിച്ചുപവസിച്ച് പരാജയപ്പെടുത്തികൊണ്ടിരിക്കുകയാണ്.

യോശുവ എല്ലാരീതിയിലും യുദ്ധസന്നദ്ധനായി നിൽക്കുകയാണ്. എങ്കിലും അവന്റെ മനസ് ചെറുതായി പതറി നിൽക്കുകയാണ്. കാരണം യെരീഹോമതിൽ ഇങ്ങനെ നീണ്ട് കിടക്കുകയാണ്. ഇത് തകരാതെ, തകർക്കാതെ യെരീഹോവിന്റെ നന്മ പ്രാപിക്കുവാൻ കഴിയില്ല. അവന്റെ വാഗ്ദത്തമൊക്കെ വലുതാണ്. നിന്റെ ജീവകാലത്ത് ഒരു മനുഷ്യനും നിന്റെ നേരെ നിൽക്കുകയില്ല.

ഏതൊരു വീരനും യുദ്ധത്തിന് മുമ്പ് അൽപം പതറും. പക്ഷെ യഹോവയായ ദൈവം തന്റെ അഭിഷിക്തന്റെ അകത്തളത്തിലെ ഭയം മനസ്സിലാക്കി ഒരു സ്വർഗ്ഗീയ ദൂതനെ യുദ്ധത്തിന് മുമ്പായി അയച്ചു. യഥാർത്ഥത്തിൽ ഈ വിഷയം പറഞ്ഞ് യോശുവ പ്രാർത്ഥിച്ചത് പോലും ഇല്ല. പക്ഷെ യഹോവയായ ദൈവം

പ്രവർത്തിക്കുന്നത് മനുഷ്യൻ പ്രാർത്ഥിക്കുന്നത് കൊണ്ടല്ല. അവൻ പ്രാർത്ഥിച്ചില്ലെങ്കിലും യഹോവ തന്റെ പ്രവൃത്തി ചെയ്യും.

ആദിയിൽ ഒരു മനുഷ്യന്റേയും പ്രാർത്ഥനയും പ്രവൃത്തിയും ഇല്ലാതെ, തന്റെ ഒരു വാക്കിനാൽ ഈ പ്രപഞ്ചത്തേയും ഭൂമിയേയും ജീവജാലങ്ങളേയും അവൻ സൃഷ്ടിച്ചു. മനുഷ്യനെ സൃഷ്ടിച്ചത് മുഖാന്തരം യഥാർത്ഥത്തിൽ ദൈവത്തിനും ദൈവപ്രവൃത്തിക്കും ദോഷമാണുണ്ടായത്. മനുഷ്യൻ ഒരു പ്രവൃത്തിയും ചെയ്യേണ്ടതില്ല. ദൈവപ്രവൃത്തിക്ക് കീഴ്പെട്ട് നിന്നാൽ മതി, കാടിളക്കി കൊണ്ടുള്ള വലിയ പ്രവർത്തനം കൊണ്ട് എന്താണ് മനുഷ്യൻ നേടിയിട്ടുള്ളത്. ഒന്നും നേടിയിട്ടില്ല. എന്നാൽ ദൈവം പറയുന്നത് അതുപോലെ തന്നെ പ്രവർത്തിക്കുന്നവരെ കൊണ്ട് ദൈവത്തിന് വലിയ കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്.

യോശുവ വലിയ പരാക്രമങ്ങൾക്ക് ഒന്നും പോയില്ല. അവൻ ഒന്ന് ചെയ്തു. അത് എപ്പോഴും അവൻ ചെയ്യുന്നതാണ്. തന്റെ ശിരസ്സ് അവൻ ഉയരങ്ങളിലേക്ക് ഉയർത്തി നോക്കി. കാരണം ഉയരങ്ങളിൽ നിന്നാണ് സഹായം വരുന്നത് എന്ന് അവനറിയാം. സഹായം വരുകയും ചെയ്തു. ഇതാ യഹോവ അയച്ച ഒരു ദൂതൻ ഊരിപ്പിടിച്ച വാളുമായി യുദ്ധസന്നദ്ധനായി നിൽക്കുകയാണ്. നീ ഏത് പക്ഷക്കാരൻ എന്ന് യോശുവ ചോദിച്ചു. ഇന്നും ഓരോരുത്തർ ചോദിക്കുന്നത് നീ ഏത് സഭയാണ്, കാത്തോലിക്കനാണോ, യാക്കോബക്കാരനാണോ, പെന്തക്കോസ്ത്ക്കാരനാണോ ഏത് ഏത് എന്ന് ചോദിക്കുകയാണ്.

യഹോവയുടെ അഭിഷേകം പ്രാപിച്ചവൻ ഒന്നേ പറയൂ. ഇതാ ദൂതൻ പറയുകയാണ് ''ഞാൻ യഹോവയുടെ സൈന്യത്തിന്റെ അധിപതിയായി വന്നിരിക്കുന്നു''. സഭാ ചിന്തകൾക്കതീതമായി യഹോവയായ ദൈവത്തിന് വേണ്ടി ജനം എഴുന്നേൽക്കട്ടേ. ദൂതൻ യോശുവയോട് പറഞ്ഞു, നിന്റെ കാലിൽ നിന്ന് ചെരുപ്പ് അഴിച്ച് കളയുക. നീ നിൽക്കുന്ന സ്ഥലം വിശുദ്ധമാകുന്നു. ചിലരഹസ്യയുദ്ധമുറ ദൂതൻ അവന് പറഞ്ഞ് കൊടുത്തു.

1. യെരീഹോമതിലിന്റെ നേരെ നീ യുദ്ധം ചെയ്യരുത്. കാരണം

അത് തകർക്കുവാനാണ് ഞാൻ വന്നിരിക്കുന്നത്.

2. ഞാൻ അത് തകർക്കുന്നതിന് മുമ്പായി ജനത്തിന്റെ യുദ്ധവീര്യം നിലനിർത്തണം.
3. യഹോവയുടെ പ്രവൃത്തി വെളിപ്പെടുന്നതിന് വേണ്ടി യഹോവ കൽപ്പിക്കുന്നത് മുഴുവൻ ഈ ജനത്തെ കൊണ്ട് ചെയ്യിക്കണം.
4. യെരിഹോമതിലിനെ ഞാൻ തകർത്തതിന് ശേഷം യെരിഹോ നഗരത്തിലെ ജനത്തിനെതിരെ നിങ്ങൾ യുദ്ധം ചെയ്യണം.
5. ശപഥാർപ്പിത വസ്തു ഒന്നും തൊടുകയോ എടുക്കുകയോ അരുത്. അത് മുഴുവൻ യഹോവയുടെ ഭണ്ഢാരത്തിൽ ചേരേണം.

യോശുവ നിയോഗം പ്രാപിച്ചതിന് ശേഷം ജനത്തെ കൊണ്ട് ആദ്യദിവസം ഒരു തവണ പട്ടണത്തെ ചുറ്റി നടത്തിച്ചു. അങ്ങനെ ആറ് ദിവസവും ഓരോ തവണ വീതം ചുറ്റി നടത്തിച്ചു. ഏഴാം ദിവസം ഏഴ് പ്രാവശ്യം ജനത്തെകൊണ്ട് പട്ടണം ചുറ്റി നടത്തിച്ചതിന് ശേഷം പുരോഹിതന്മാർ കാഹളം ഊതി. ജനം കാഹളനാദം കേട്ടപ്പോൾ അത്യുച്ചത്തിൽ ആർപ്പിട്ടു. പട്ടണ മതിൽ വീണു. ജനം മുമ്പോട്ട് കടന്ന് പട്ടണം പിടിച്ചു.

ഇതാ യുദ്ധ സന്നദ്ധരായ ജനത്തെ കൊണ്ട് യഹോവയായ ദൈവം തന്റെ ജനത്തിനവകാശമായി യെരിഹോപട്ടണം പിടിച്ചെടുത്തു. യെരിഹോ പോലെ നമ്മുടെ മുമ്പിൽ അനേക പട്ടണങ്ങൾ എഴുന്നേറ്റ് നിൽക്കുകയാണ്. ഈ പട്ടണങ്ങൾ മുഴുവൻ യഹോവയായ ദൈവത്തിന് വേണ്ടിനാം പിടിച്ചെടുക്കേണ്ട തല്ലയോ. നമുക്ക് യോശുവയുടെ മേൽ പകർന്ന ആ അഭിഷേകം, ജയത്തിന്റെ അഭിഷേകം ദൈവത്തോട് ചോദിക്കാം. നമുക്ക് ഈ ദൈവം അത് തരും. നാം ചോദിക്കണം. അനുസരിക്കണം. വിലകൊടുക്കണം. അപ്പോൾ പട്ടണമായ പട്ട ണമെല്ലാം നഗരമായ നഗരമെല്ലാം നമ്മുടേതായി തീരും. ദൈവജനത്തിനവകാശ പ്പെട്ടതാണ് ഈ ഭൂമി. ശത്രുവിനുള്ളതല്ല.

ധീരരായി മുന്നേറിടാം. ജയകൊടി പിടിച്ചീടുക നാം.

കാടായാലും മേടായാലും കർത്താവിനെ പിൻപറ്റിടാം.
കരയാതെ എൻ പ്രിയമകനേ, കരയാതെ എൻപ്രിയ മകളേ..
ജയകൊടി പിടിച്ചീടുക, ധീരയായി മുന്നേറിടാം.

## മാർച്ച് 17

അൽപം വിടുതലും ആശ്വാസവും പ്രാപിച്ച ആഴ്ച. വിശ്വാസത്തിൽ ദൈവം വളർത്തിയെടുക്കുന്ന രീതി അവർണ്ണനീയം തന്നെ. ആദ്യം എഴുതിയ പുസ്തകം പ്രസിദ്ധീകരിക്കുവാൻ ആവശ്വമായ പ്രേരണയും അൽപം ധനസഹായവും ലഭിച്ചു. ബാക്കികൂടി ദൈവം തന്നെ ക്രമീകരിക്കും. എല്ലാം തന്റെ മഹത്വത്തിനായി തീരട്ടേ.

''അബ്രഹാം തല പൊക്കി നോക്കിയപ്പോൾ പിമ്പുറത്ത് ഒരു ആട്ടുകൊറ്റൻ കൊമ്പ് കാട്ടിൽ പിടിപെട്ട് കിടക്കുന്നത് കണ്ടു. അബ്രഹാം ചെന്ന് ആട്ടുകൊറ്റനെ പിടിച്ചു തന്റെ മകന് പകരം ഹോമയാഗം കഴിച്ചു'' ഉൽ:22:13.

ദൈവം അബ്രഹാമിനോട് വില പിടിച്ചതിനെ തന്നെയാണ് ചോദിച്ചത്. ഇത്രയും വിലപിടിപ്പുള്ള ഒന്ന് അബ്രഹാമിന്റെ കൈവശം വേറെയൊന്നുമില്ല. ഐശ്വര്വമായ അനുഗ്രഹവും വിടുതലും ശുശ്രൂഷയും വേണമെങ്കിൽ വില പിടിച്ചത് തന്നെ ദൈവത്തിന് നൽകണം.

ബേഥാന്വയിൽ ശീമോന്റെ ഭവനത്തിൽ യേശു ഇരിക്കുമ്പോൾ ഒരു സ്ത്രീ വെൺകൽ ഭരണി വിലയേറിയ സ്വച്ഛജടാമാംസി തൈലം കൊണ്ട് വന്ന് ഭരണി പൊട്ടിച്ച് കർത്താവിന്റെ ശിരസ്സിൽ ഒഴിച്ചു. അപ്പോൾ ചിലർ പറയുകയാണ്. ''ഇത് 300 – ൽ അധികം വെള്ളിക്കാശിന് വിറ്റ് ദരിദ്രർക്ക് കൊടുപ്പാൻ കഴിയുമായിരുന്നല്ലോ എന്ന്'' മർ : 14: 3, 4. ആ സ്ത്രീ തനിക്ക് ഉള്ളതിൽ ഏറ്റവും വിലപിടിച്ചത് പൂർണ്ണമായും കർത്താവിന് അർപ്പിക്കുകയായിരുന്നു. വെൺകൽ ഭരണിയിൽ സൂക്ഷിക്കുന്ന ഈ ജടമാംസിതൈലം എന്തിന് വേണ്ടിയാണ് എന്നുള്ളത് യഹൂദപാരമ്പര്വ ചരിത്രം പരിശോധിച്ചാൽ അറിയാം. അവളുടെ ജീവിതം

തന്നെയാണ് യഥാർത്ഥത്തിൽ അവൾ നൽകിയത്. അവളുടെ ഭാവിയെ അവൾ നോക്കിയില്ല. കർത്താവിന് വേണ്ടി ഇത് സമർപ്പിച്ചാൽ എന്ത് സംഭവിച്ചാലും എനിക്ക് ഒരു പ്രശ്നവും ഇല്ല. നഷ്ടം എങ്കിൽ നഷ്ടം, ലാഭം എങ്കിൽ ലാഭം എന്ന് അവൾ ചിന്തിച്ചു. ഇങ്ങനെയാണ് വില കൊടുക്കുന്നത്. ആ തൈലത്തിന് 300 വെള്ളിക്കാശ് വിലയുണ്ടായിരുന്നു. കർത്താവിനെ 30 വെള്ളിക്കാശിനാണ് ഒറ്റി കൊടുത്തത് എന്നോർക്കുമ്പോൾ അത് ഒരു വലിയ തുകയാണ് എന്ന് കാണാം.

അതേ പോലെ അബ്രഹാമും വില കൊടുക്കുകയായിരുന്നു. നീണ്ട 20–ൽ അധികം വർഷങ്ങൾ പ്രാർത്ഥിച്ച് , കാത്തിരുന്ന് ലഭിച്ചതാണ് ഇസ്ഹാക്കിനെ. ആ ഇസ്ഹാക്കിനെ തന്നെയാണ് ദൈവം യാഗം അർപ്പിക്കുവാൻ പറയുന്നത്. വേണമെങ്കിൽ അബ്രഹാമിന് അത് തിരസ്ക്കരിക്കാമായിരുന്നു. പക്ഷെ അവന് ദൈവത്തെ അനുസരിക്കുവാൻ മാത്രമേ അറിയത്തുള്ളൂ. അതെ അവൻ ആ വില കൊടുക്കുകയാണ്.

ഇസ്ഹാക്കിനെ യാഗം അർപ്പിക്കുവാൻ തീരുമാനിച്ചു. പക്ഷെ മറ്റാർക്കും ഇല്ലാത്ത വിശ്വാസവും അബ്രഹാമിനുണ്ടായിരുന്നു. ''യിസ്ഹാക്കിൽ നിന്ന് ജനിക്കുന്നവൻ നിന്റെ സന്തതി എന്ന് വിളിക്കപ്പെടും എന്ന അരുളപ്പാട് ലഭിച്ചു വാഗ്ദത്തങ്ങളെ കൈ കൊണ്ടവൻ തന്റെ ഏകജാതനെ അർപ്പിച്ചു. മരിച്ചവരുടെ ഇടയിൽ നിന്ന് ഉയിർപ്പിപ്പാൻ ദൈവം ശക്തൻ എന്ന് എണ്ണുകയും അവരുടെ ഇടയിൽ നിന്ന് ഏഴുന്നേറ്റവനെ പോലെ അവനെ തിരികെ പ്രാപിക്കുകയും ചെയ്തു'' എബ്രാ:11: 19.

തന്റെ ഏകജാതനായവനെ ദൈവം പറഞ്ഞിട്ട് യാഗം അർപ്പിച്ചാൽ ദൈവം തന്നെ ആ ചാരകൂമ്പാരത്തിൽ നിന്ന് യിസ്ഹാക്കിനെ ഉയിർപ്പിച്ചെടുക്കും എന്ന് അബ്രഹാം വിശ്വസിച്ചു. അത് അവന് നീതിയായി കണക്കിട്ടു. അബ്രഹാം തന്നെ പൂർണ്ണമായി അനുസരിക്കുമോ എന്ന് ദൈവം പരിശോധിച്ച് നോക്കി. അബ്രഹാം പൂർണ്ണമായും ദൈവത്തെ അനുസരിച്ചു. പൂർണ്ണമായും അനുസരിക്കുന്നവന്റെ അവസാനം അനുഗ്രഹമായിരിക്കും. ഭാഗികമായി അനുസരിക്കുന്നവരാണ് കൂടുതലും. ''പിന്നെ അബ്രഹാം കൈനീട്ടി തന്റെ മകനെ അറുക്കേ

ണ്ടതിന് കത്തി എടുത്തു. ഉടനെ യഹോവയുടെ ദൂതൻ ആകാശത്ത് നിന്ന് അബ്രഹാമേ ബാലന്റെ മേൽ കൈവയ്ക്കരുത്, അവനെ ഒന്നും ചെയ്യരുത്" എന്ന് വിളിച്ചുപറഞ്ഞു. കാട്ടിൽ കുരുങ്ങികിടന്ന ആട്ടുകൊറ്റനെ ദൈവം കാണിച്ച് കൊടുക്കുകയും യിസ്ഹാക്കിന് പകരം അബ്രഹാം അതിനെ യാഗം കഴിക്കുകയും ചെയ്തു.

ഇതുവരെ നാം പരിശോധിക്കാത്ത ഒരു കഥാപാത്രം ഇവിടെ ഉണ്ട്. ഇസ്ഹാക്ക്. ആവശ്യത്തിന് ആരോഗ്യവും ബലവും ശേഷിയുമുണ്ട്. ഒരു വ്യക്തിയെ യാഗം കഴിക്കുന്നതിന് എത്രമാത്രം വിറക് ആവശ്യമുണ്ട്. എങ്ങനെയായാലും ഒരു 100 കിലോ എങ്കിലും അതുണ്ട്. അത് തലയിൽ ചുമന്നാണ് ഇസ്ഹാക്ക് യാഗസ്ഥലത്ത് എത്തിയത്. ആ കഴുത എങ്ങനെയാണോ വിറക് ചുമന്നത് അതുപോലെ തന്നെ അവനും ചുമന്നു. യാഗവസ്തു താൻ തന്നെയാണ് എന്ന് മനസ്സിലാക്കിയിട്ടും ഒരു പൊട്ടനെപ്പോലെ, ഒന്നും അറിയത്തില്ലാത്തവനെപ്പോലെ ആ വിറക് കെട്ട് ചുമന്ന് യാഗസ്ഥലത്ത് എത്തി.

യാഗത്തിനുള്ള ആട്ടിൻകുട്ടി താൻ തന്നെയാണ് എന്നറിഞ്ഞിട്ടും അവൻ ചോദിക്കുകയാണ്. അപ്പാ ഹോമയാഗത്തിനുള്ള ആട്ടിൻ കുട്ടി എവിടെ എന്ന്? ദൈവം കരുതികൊള്ളും മകനെ എന്ന് അബ്രഹാം പറഞ്ഞപ്പോഴും ഒരു കഴുതയെപ്പോലെ അവൻ വിശ്വസിച്ചു. യാഗപീഠത്തിനുള്ള വിറക് അടുക്കി ഇസ്ഹാക്കിനെ കെട്ടി യാഗപീഠത്തിൻ മീതെ കിടത്തിയപ്പോഴും ഒന്നും അറിയാത്തവനെപ്പോലെ അവൻ അനുസരിച്ചു. എല്ലാം അറിയാമായിരുന്നിട്ടും ഒന്നും അറിയത്തില്ലാത്തവനെപ്പോലെ അവൻ നില കൊണ്ടു.

ഇസ്ഹാക്കും മറ്റൊരു രീതിയിൽ ദൈവത്തിന് വില കൊടുക്കുകയായിരുന്നു. അതാണ് അവൻ അനുഗ്രഹം പ്രാപിച്ചത്. എന്താണ് വിലയെന്ന് ഇന്നും അനേകർക്ക് അറിയത്തില്ല. അത് ഇനിയും അവർക്ക് മറഞ്ഞിരിക്കട്ടേ. വില കൊടുക്കാത്ത ഒരുവനും ഒരു ശുശ്രൂഷയോ ഒരു അനുഗ്രഹമോ ഒന്നും ദൈവത്തിൽ നിന്ന് പ്രാപിക്കുകയില്ല. സൂത്രത്തിൽ ദൈവത്തിൽ നിന്ന് എന്തെങ്കിലും സാധിച്ചെടുക്കാം എന്ന് ആരും കരുതുകയും വേണ്ട. കാരണം ദൈവം സർവ്വ

ജ്ഞാനി ആകുന്നു.

"ഹാ ദൈവത്തിന്റെ ധനം, ജ്ഞാനം, അറിവ് എന്നിവയുടെ ആഴമേ! അവന്റെ ന്യായവിധികൾ എത്ര അപ്രമേയവും അവന്റെ വഴികൾ എത്ര അഗോചരവും ആകുന്നു. കർത്താവിന്റെ മനസ്സറിഞ്ഞവൻ ആർ? അവന് മന്ത്രിയായിരുന്നവൻ ആർ? അവന് വല്ലതും മുമ്പേ കൊടുത്തിട്ട് പ്രതിഫലം വാങ്ങുന്നവൻ ആർ? സകലവും അവനിൽ നിന്നും അവനാലും അവങ്കലേക്കും ആകുന്നുവല്ലോ. അവന് എന്നേക്കും മഹത്വം ആമേൻ. റോമ: 11: 33 – 36.

## മാർച്ച് 24.

"അവർ മഹാസന്തോഷത്തോടെ യരുശലേമിലേക്ക് മടങ്ങിചെന്ന് എല്ലായ്പ്പോഴും ദൈവാലയത്തിൽ ഇരുന്നു ദൈവത്തെ വാഴ്ത്തിപ്പോന്നു" ലൂക്കോ: 24: 52,53. ശിഷ്യന്മാർ മഹാസന്തോഷത്തിലേക്ക് പ്രവേശിച്ചു. എന്നാൽ അവർ നേരിട്ട് കൊണ്ടിരുന്നതും ചുറ്റുപാട് അവർക്ക് ഉണ്ടായിരുന്നതും സന്തോഷിക്കുവാനുള്ളത് അല്ലായിരുന്നു. പക്ഷെ അതിന്റെ മദ്ധ്യേ കർത്താവിന്റെ പ്രവൃത്തി, പുനരുത്ഥാനശക്തി നിരവധി പ്രാവശ്യം വെളിപ്പെട്ടപ്പോൾ അവർ പോലും അറിയാതെ സന്തോഷത്തിലേക്ക് അവർ പ്രവേശിച്ചു.

സന്തോഷത്തിലേക്ക് പ്രവേശിക്കുന്നതിന് മുമ്പ് മൂന്ന് പ്രത്യേകമായ അനുഭവത്തിലൂടെ അവർ സഞ്ചരിച്ചു.

1. " അതിനെക്കുറിച്ച് അവർ ചഞ്ചലിച്ചിരിക്കുമ്പോൾ മിന്നുന്ന വസ്ത്രം ധരിച്ച രണ്ട് പുരുഷന്മാർ അരികെ നിൽക്കുന്നത് കണ്ടു" ലൂക്കോ: 24:4. ശിഷ്യന്മാർ ചഞ്ചലചിത്തരായി എന്താണ് ചെയ്യേണ്ടത് എന്നറിയാതെ പതറി നിൽക്കുകയാണ്. അവർ ഇപ്പോൾ പതറി നിൽക്കുന്നതിന് കാരണമുണ്ട്. നേരത്തെ കർത്താവ് അവരുടെ കൂടെ ഉണ്ടായിരുന്നപ്പോൾ എന്ത് പ്രതിസന്ധി വന്നാലും ഓടിച്ചെന്ന് കർത്താവിനോട് പറഞ്ഞാൽ മതിയായിരുന്നു.

a. പടകിൽ സഞ്ചരിച്ചപ്പോൾ കാറ്റും സമുദ്രവും പ്രതികൂലമായപ്പോൾ

അവർ കർത്താവിനോട് പറഞ്ഞു അത് ശാന്തമായി.

b. ചന്ദ്രരോഗം പിടിച്ച ഒരുവനെ ഒരു പിതാവ് ശിഷ്യന്മാരുടെ അടുക്കൽ കൊണ്ടുവന്നപ്പോൾ സൗഖ്യമാക്കുവാൻ കഴിയാതെ ഭാരപ്പെട്ട് തളർന്നിരിക്കുമ്പോൾ കർത്താവ് അവിടെചെന്ന് അവരുടെ അവിശ്വാസത്തെ ശാസിച്ച് രോഗിയെ സൗഖ്യമാക്കി അവരെ രക്ഷിച്ചത്.

c. 5000 – ൽ അധികം ജനം ഭക്ഷണമില്ലാതെ ക്ഷീണിച്ചിരുന്ന സമയത്ത് ഒരു ബാലകൻ നൽകിയ അഞ്ച് അപ്പവും മീനുമായി, ഇതെന്തുള്ളൂ എന്ന് പറഞ്ഞ് കണ്ണ് മിഴിച്ച് നിൽക്കുമ്പോൾ, ആ അഞ്ച് അപ്പവും മീനും ഉപയോഗിച്ച് ആ ജനത്തിന് മുഴുവൻ ഭക്ഷണം നൽകി ആദരിച്ചത് .

അങ്ങനെ ഏത് സമയത്തും സഹായകനായി കർത്താവ് അവരുടെ കൂടെ ഉണ്ടായിരുന്നു. എന്നാൽ യഹൂദന്മാർ അവനെ ക്രൂശിച്ച് കല്ലറയിൽ അടക്കിയപ്പോൾ അവരുടെ പ്രത്യാശയും കൂടെയാണ് കല്ലറയിൽ അടക്കിയത്. ജീവനില്ലാത്ത കല്ലറയിൽ അടക്കിയ ക്രിസ്തുവിന്റെ ജഡം അൽപം ആശ്വാസവും പ്രത്യാശയും തരും എന്ന് പ്രതീക്ഷിച്ച് ചെന്നപ്പോൾ ആരോ കല്ലറയുടെ മുമ്പിൽ ഉണ്ടായിരുന്ന കല്ല് ഉരുട്ടിമാറ്റി, കർത്താവിന്റെ ശരീരം എടുത്ത് കൊണ്ട് പോയി എന്ന് അവർ അറിഞ്ഞപ്പോൾ ചഞ്ചലചിത്തരായി പതറി അവർ നിൽക്കുന്നു.

അവരുടെ നിസഹായകതയെ കണ്ട് പിതാവ് രണ്ട് ദൂതന്മാരെ അവരുടെ അടുത്തേക്ക് നിയോഗിച്ച് “ നിങ്ങൾ ജീവനുള്ളവനെ മരിച്ചവരുടെ ഇടയിൽ അന്വേഷിക്കുന്നത് എന്ത്, അവൻ ഇവിടെ ഇല്ല ഉയിർത്തെഴുന്നേറ്റിരിക്കുന്നു” എന്ന് പറഞ്ഞപ്പോൾ അവർ സന്തോഷത്തിന്റെ ഒന്നാമത്തെ പടിയിലേക്ക് എത്തിച്ചേർന്നു.

2. “ അവൻ അവരോട് നിങ്ങൾ വഴിനടന്ന് തമ്മിൽ വാദിക്കുന്ന ഈ കാര്യം എന്ത് എന്ന് ചോദിച്ചു. അവർ വാടിയ മുഖത്തോടെ നിന്നു” ലൂക്കോ : 24:17. യരുശലേമിൽ നിന്ന് രണ്ട് പേർ എമ്മാവൂസ് എന്ന ഗ്രാമത്തിലേക്ക് പോകുകയാണ്. എന്തിനാണ് എമ്മാവൂസിലേക്ക് പോകുന്നത്? വെറുതെ എന്ന് പറയേണ്ടിവരുന്നു.

കാരണം എമ്മാവുസിൽ ചെന്ന ആ നാഴികയിൽ തന്നെ അവർ യരുശലേമിലേക്ക് തിരികെ വരുന്നതായി വചനം പറയുന്നു. ലൂക്കോ: 24:33. യരുശലേമിൽ അവർക്ക് ഉണ്ടായിരുന്ന പ്രതീക്ഷ മുഴുവൻ അസ്തമിച്ചു. യിസ്രയേലിനെ വീണ്ടെടുപ്പാൻ ഉള്ളവനെന്ന് അവർ ആശിച്ചിരുന്നവൻ മരണ വിധിക്ക് കീഴിലായി. അവർക്ക് പ്രതികരിക്കുവാൻ ശേഷിയില്ല. നേരിടുവാനുള്ള കഴിവും ഇല്ല. കാരണം എതിരാളികൾ ശക്തരാണ്. യിസ്രായേലിലെ പ്രമാണികളും മഹാ പുരോഹിതരുമാണ്.

നേരിടുവാനും പരിഹരിക്കുവാനും കഴിയാത്ത വലിയ പ്രതിസന്ധികൾ തുടർച്ചയായി വരുമ്പോൾ ജനം വിഷാദത്തിനടിമയായിത്തീരുന്നു. അതെ അവർ വാടിയ മുഖത്തോടെ നടക്കുകയാണ്. എങ്ങോട്ടാണെന്ന് അവർക്ക് അറിയില്ല. പക്ഷെ ആ വഴി എത്തിച്ചേരുന്നത് എമ്മാവൂസിലേക്കാണ് എന്ന് മാത്രം. എമ്മാവൂസിൽ എന്തെങ്കിലും പ്രതീക്ഷയുണ്ടോ, ഒന്നും ഇല്ല. എങ്കിലും അവർ നടക്കുകയാണ്. പലരും ഇവരെപ്പോലെയാണ്. പ്രതിസന്ധി വരുമ്പോൾ ദോഷം നേരിടുമ്പോൾ വെറുതെ ഇങ്ങനെ ഓരോ സ്ഥലത്തേക്കും പോകും. എന്തെങ്കിലും രക്ഷ ലഭിക്കുമോ? ഇല്ല താനും.

‘‘വഴിയിൽ വച്ച് നശിക്കാതെ ഇരിപ്പാൻ പുത്രനെ ചുംബിപ്പിൻ’’ എന്ന് സങ്കീർത്തനത്തിൽ പറയുന്നു. ഇവർ പുത്രനെ ചുംബിച്ചില്ലെങ്കിലും പുത്രൻ ഇവരെ ചുംബിക്കുവാൻ വന്നു. കാരണം ഇവർ നശിച്ച് പോകുന്നത് പുത്രന് ഇഷ്ടമല്ലാത്തത് തന്നെ. അവന് എല്ലാം അറിയാം. എങ്കിലും അവൻ ചോദിക്കുകയാണ് ‘‘ നിങ്ങൾ തമ്മിൽ വാദിക്കുന്ന കാര്യം എന്ത്?’’. നമ്മുടെ എല്ലാകാര്യവും ദൈവത്തിന് അറിയാം. എങ്കിലും നമ്മുടെ അധരങ്ങൾ കൊണ്ട് അത് കേൾക്കുവാൻ പുത്രനായ ദൈവം ആഗ്രഹിക്കുന്നു. അവരുടെ വിഷാദഛായയിൽ എല്ലാം അവർ പറഞ്ഞ് ഫലിപ്പിച്ചു.

തുടർന്ന് വചനത്തിൽ തന്നെക്കുറിച്ച് എഴുതിയിരിക്കുന്നതും പ്രവാചകശബ്ദങ്ങളെ വിശ്വസിക്കാത്തതിലും, അവരുടെ കൂടെ ഉണ്ടായിരുന്ന സ്ത്രീകൾ പറഞ്ഞ പ്രത്യാശയുടെ വാക്കുകൾ അവർ വിശ്വസിക്കാതെ വിഷാദത്തോടെ നട

ക്കുന്ന അവരെ നോക്കി ബുദ്ധിഹീനരേ എന്ന് പറഞ്ഞ് വചനസത്യങ്ങൾ ഹൃദയം കത്തിജ്വലിക്കത്തക്കരീതിയിൽ മനസിലാക്കി കൊടുത്തപ്പോൾ ഈ ശിഷ്യഗണം വലിയ സന്തോഷത്തിന്റെ രണ്ടാമത്തെ പടിയിലേക്ക് കാലെടുത്ത് വച്ചു. ഒരുവൻ വിഷാദമൂകനായി നടക്കുമ്പോൾ അവനെ ഉപദേശിക്കാതെ വചനസത്യങ്ങൾ ഹൃദയം കത്തിജ്വലിക്കത്തെരീതിയിൽ വ്യാഖ്യാനിച്ച് കൊടുത്താൽ അവനെ ദൈവ രാജ്യത്തിലേക്ക് ആദായമാക്കുവാൻ നമുക്ക് കഴിയും.

3. രണ്ട് പ്രാവശ്യം കർത്താവ് പ്രത്യക്ഷപ്പെട്ടു. മനസിലേയും ആത്മാവി ലേയും ശത്രുസ്വാധീനത്തെ നീക്കം ചെയ്തുവെങ്കിലും ഈ ശിഷ്യഗണം മറ്റൊരു പ്രതിസന്ധിയെക്കൂടി ഇപ്പോൾ നേരിടുകയാണ്. തങ്ങളുടെ പ്രാണൻ നഷ്ടപ്പെ ടുമോ എന്ന് ഭയപ്പെട്ട് യഹൂദരെ പേടിച്ച് അവർ മുറിക്കകത്ത് സംസാരിച്ചിരിക്കു മ്പോൾ കർത്താവ് അവരുടെ നടുവിൽ പ്രത്യക്ഷപ്പെട്ട് '' നിങ്ങൾക്ക് സമാധാനം എന്ന് പറഞ്ഞു''. അവർ ഞെട്ടി ഭയപ്പെട്ടു എന്ന് വചനത്തിൽ കാണുന്നു. പേടിച്ച് വിറച്ചിരിക്കുന്ന ജനത്തിന്റെ ഇടയിൽ ഒരു കരിയില അനങ്ങിയാൽ മതി അവർ ഭയപ്പെടുവാൻ. പക്ഷെ കർത്താവ് അവരെ ധൈര്യപ്പെടുത്തുവാനാണ് അവിടെ വന്നത്. അവരുടെ കൂടെ ഇരുന്ന് നേരത്തെ എങ്ങനെ അവരുടെ കൂടെ ഇരു ന്നുവോ അതുപോലെ തന്നെ അവരുടെ കൂടെ ഇരുന്ന് അവരെ ധൈര്യപ്പെടുത്തി. ''ഉയരത്തിൽ നിന്ന് ശക്തി ധരിക്കുവോളം നഗരത്തിൽ പാർപ്പീൻ എന്ന് പറഞ്ഞ്'' അവരെ വിട്ട് പിരിഞ്ഞു. മഹാ സന്തോഷത്തിന്റെ മൂന്നാമത്തെ പടിയിലേക്ക് അവർ കാൽ എടുത്ത് വച്ചു.

## മാർച്ച് 31.

''ഹാമാൻ രാജാവിനോട് രാജാവ് ബഹുമാനിപ്പാൻ ഇച്ഛിക്കുന്ന പുരുഷന് വേണ്ടി രാജാവ് ധരിച്ച് വരുന്ന രാജവസ്ത്രവും രാജാവ് കയറുന്ന കുതിരയും അവന്റെ തലയിൽ വയ്ക്കുന്ന രാജകീയ കിരീടവും കൊണ്ട് വരട്ടേ, അതിശ്രേഷ്ഠ പ്രഭുക്കന്മാരിൽ ഒരുവനെ അവന്റെ മുമ്പിൽ നിറുത്തിയിട്ട് ഈ വസ്ത്രം എല്ലാം ധരിപ്പിച്ച് രാജാവ് ബഹുമാനിപ്പാൻ ഇച്ഛിക്കുന്ന പുരുഷനെ ഇങ്ങനെ ചെയ്യും എന്ന് പട്ടണവീഥിയിൽ വിളിച്ച് പറയണം'' എസ്ഥേർ: 6:7 – 9.

യഹൂദജനത്തെ കൊന്ന് മുടിക്കുവാൻ ഹാമാൻ തീരുമാനിച്ച് പദ്ധതി ഉണ്ടാക്കി. യഹൂദനായ മോർദ്ദേഖായി വസ്ത്രം കീറി രട്ട് ഉടുത്ത് വെണ്ണീർ വാരി ഇട്ട്, പട്ടണവാതിൽക്കൽ ഇരുന്ന് നിലവിളി തുടങ്ങി. ആർക്കും എതിരെ ദോഷം നിരൂപിക്കാതെ പ്രവർത്തിക്കാതെ ഇരുന്ന മോർദ്ദേഖായി രാജ്യം ഭരിക്കുന്ന രാജാവിന് വരെ ഉപകാരിയായിത്തീർന്നു. പ്രതിഫലം മോഹിച്ചല്ല ഇതൊക്കെ അവൻ ചെയ്തത്.

പക്ഷെ രാജാവിന് ഒരു സ്വഭാവം ഉണ്ട്. സർവ്വത്തിനും അവൻ പ്രതിഫലം കൊടുക്കും. നന്മയ്ക്ക് നന്മയും തിന്മയ്ക്ക് തിന്മയും പ്രതിഫലമായ് വരും. അത് വൃക്ഷം വളരുന്നത് പോലെ, സൂര്യൻ ഉദിക്കുന്നത് പോലെ സ്വാഭാവികമായി വരുന്നതാണ്. മോർദ്ദേഖായി നാലുവിധത്തിലാണ് ദൈവസന്നിധിയിൽ വന്നത്.

1. വസ്ത്രം കീറി
2. രട്ട് ഉടുത്ത്
3. വെണ്ണീർ വാരിയിട്ട്
4. പട്ടണവീഥിയിലെ നിലവിളി.

നാല് രീതിയിൽ പീഢ അനുഭവിച്ചപ്പോൾ മാനവും ബഹുമാനവും നാല് വിധത്തിൽ വന്നു. കാരണം ദൈവം നീതിയുള്ള ന്യായാധിപതി ആകുന്നു. മോർദ്ദേഖായിയെപ്പോലെ ഞാനും ഈ സങ്കടകരമായ അനുഭവത്തിലൂടെ സഞ്ചരിച്ചതാണ്. വർഷങ്ങളോളം ചിരിക്കുവാൻ കഴിയാതെ ഞാൻ ജീവിച്ചിട്ടുണ്ട്. പ്രാർത്ഥിക്കുവാനിരുന്നാൽ പ്രാർത്ഥനയല്ല നടക്കുന്നത്, വിഷമത്തോടെയുള്ള കണ്ണുനീർ മാത്രം. ഞാൻ ചാരമായിപ്പോയി വെണ്ണീർ ആയിത്തീർന്നു എന്ന് അനേകർ ചിന്തിക്കത്തക്ക രീതിയിൽ എനിക്ക് നടക്കേണ്ടി വന്നു. പട്ടണവീഥികളിൽ എന്നെ ബഹുമാനിച്ചിരുന്നവർ എന്നെ കാണുമ്പോൾ മുഖം വെട്ടിത്തിരിച്ച് കാണാത്തത് പോലെ പോകുന്നത് തുടർച്ചയായി ഞാൻ കണ്ടിട്ടുണ്ട്. ഇതിനെല്ലാം കാരണം ഒന്നെയുള്ളൂ. യഹോവയായ ദൈവത്തെ ഞാൻ സേവിക്കുന്നു.

അതുകൊണ്ട് തന്നെ മാനവും ബഹുമാനവും ഉയർച്ചയും യഹോവയിൽ

നിന്ന് തന്നെ വരും എന്ന് എനിക്കറിയാം. ഇതാ മോർദ്ദേഖായിക്കും നാല് വിധത്തിൽ മാനവും ബഹുമാനവും രാജാവിൽ നിന്ന് വന്നു.

1. രാജവസ്ത്രം
2. രാജാവ് കയറുന്ന കുതിര
3. രാജകിരീടം
4. പട്ടണവീഥിയിൽ അതിശ്രേഷ്ഠ പ്രഭുക്കന്മാരിൽ ഒരുവനാൽ വിളിച്ച് പറയപ്പെട്ടു.

അതുപോലെ ദൈവം എനിക്കും ചിലത് തരാം എന്ന് പറഞ്ഞു:-

1. രാജകീയഭിഷേകമുള്ള ഒരു കൂട്ടം ജനവുമായി ബന്ധപ്പെടുത്താം എന്ന് പറഞ്ഞു തന്നു.
2. രാജകീയമായ ശുശ്രൂഷ വസ്ത്രം വിദേശത്ത് നിന്ന് വരുന്ന ഒരു വെളിപ്പാട് ദൈവം എന്നെ കാണിച്ചു.
3. വളരെ ഭംഗിയുള്ള ഒരു രാജകീയ വാഹനം തരാം എന്ന് ദൈവം പറഞ്ഞു.
4. ദേശത്ത് നിന്നെ മാനിക്കും എന്ന് ദൈവം പറഞ്ഞു

അതെ ദൈവം നീതിമാനാകുന്നു. ദൈവത്തിന്റെ വിശ്വസ്തത വ്യത്യസ്തമായ രീതിയിൽ വ്യത്യസ്തമായ അളവുകളിൽ വെളിപ്പെടും. ദൈവത്തിന്റെ കൈക്കീഴിൽ നമുക്ക് താണ് ഇരിക്കാം. തക്കസമയത്ത് ഈ ദൈവം നമ്മെ ഉയർത്തും.

## ഏപ്രിൽ 7

ദിവസങ്ങൾ എങ്ങനെ പോകുന്നുവെന്ന് ഒരു പിടിയും ഇല്ല. ദൈവിക നടത്തിപ്പ് ഒരു മനുഷ്യനും മനസ്സിലാക്കുവാനും കഴിയില്ല. ദൈവകൃപയ്ക്ക് കീഴിൽ വരുവാൻ കഴിഞ്ഞതും അവന്റെ സംരക്ഷണകീഴിൽ ആയിരിക്കുന്നതും

മഹാഭാഗ്യം തന്നെ. പഴയ നിയമകാലഘട്ടത്തിലേയും, പുതിയ നിയമകാലഘട്ട ത്തിലേയും ശുശ്രൂഷകൾക്ക് വളരെ പ്രത്യേകതയുണ്ട്. പഴയ നിയമത്തിൽ യഹൂ ദനിൽ മാത്രം അത് ഒതുങ്ങിയെങ്കിൽ പുതിയനിയമത്തിൽ അത് കർത്താവിന്റെ കൃപയിൻ കീഴിൽ വരുന്ന ഏത് മനുഷ്യനിലൂടേയും ദൈവം തെരഞ്ഞെടുത്ത ഏതൊരുവനിലൂടേയും അത് വ്യാപരിച്ചു.

ധാരാളം വ്യത്യസ്തകൾ ഉണ്ടെങ്കിലും ഈ ആഴ്ചയിൽ ഒരു കാര്യം മാത്രം സൂചിപ്പിക്കുവാനാണ് ഞാൻ ആഗ്രഹിക്കുന്നത്. പഴയ നിയമത്തിൽ ''അത് നില ത്തിടുക എന്ന് കൽപ്പിച്ചു, അവൻ നിലത്തിട്ടു. അത് ഒരു സർപ്പമായിത്തീർന്നു. മോശ അതിനെ കണ്ട് ഓടിപ്പോയി. യഹോവ മോശയോട് നിന്റെ കൈ നീട്ടി അതിനെ വാലിന് പിടിക്കുക എന്ന് കൽപ്പിച്ചു. അവൻ കൈനീട്ടി അതിനെ പിടി ച്ചു. അത് അവന്റെ കയ്യിൽ വടിയായിത്തീർന്നു'' പുറപ്പാട്: 4:3,4.

പുതിയനിയമത്തിൽ ''പാമ്പുകളേയും തേളുകളേയും ശത്രുവിന്റെ സകലബലത്തേയും ചവിട്ടുവാൻ ഞാൻ നിങ്ങൾക്ക് അധികാരം തരുന്നു. ഒന്നും നിങ്ങൾക്ക് ഒരിക്കലും ദോഷം വരുത്തുകയില്ല'' എന്ന് അരുളി ചെയ്തു. ലൂക്കോ:10:19.

പഴയനിയമത്തിൽ ശത്രുവിന്റെ വാലിൽ പിടിക്കുവാനേ അധികാരം ഉണ്ടായിരുന്നുവുള്ളൂ. കാരണം ശത്രുവിന്റെ ശിരസ്സ് അന്ന് ശക്തിയും ബലവും പ്രാപിച്ച് നിൽക്കുകയാണ്. എന്നാൽ പുതിയനിയമസമയത്ത് ശത്രുവിന്റെ ശിര സിന്റെ ബലവും ശക്തിയും തകർക്കുവാൻ കർത്താവ് നേരിട്ട് വന്ന സമയം മുതൽ ശത്രുവിന്റെ തലയിന്മേൽ നാം ക്രിസ്തുവിനാൽ അധികാരം പ്രാപിച്ചു.

അന്ത്യകാലഘട്ടത്തിലേക്ക് നീങ്ങുകയാണ്. തനിക്ക് അൽപകാലമേ ഇനി ഉള്ളൂ എന്ന് മനസ്സിലായിട്ട് തനിക്കുള്ള മുഴുബലവുമായി ദൈവജനത്തിന്റെ നേരെ ശത്രു എഴുന്നേൽക്കുകയാണ്. പുസ്തകത്തിലെ പശു പുല്ല് തിന്നുകയി ല്ല. ജീവനുള്ള പശു പുല്ല് തിന്നുന്നു. അതുപോലെ വിശുദ്ധവേദപുസ്തകത്തി ലൂടെ കർത്താവ് നമുക്ക് തന്നിരിക്കുന്ന അധികാരത്തിന്റെ വചനം ''ശത്രുവിന്റെ

സകലബലത്തേയും ചവിട്ടുവാനുള്ള അധികാരം'' നാം പ്രാപിച്ചെടുത്താൽ മാത്രമേ അന്ത്യകാലഘട്ടത്തിൽ ദൈവരാജ്യത്തിന് വേണ്ടി എന്തെങ്കിലും ചെയ്യുവാൻ നമുക്ക് കഴിയൂ. കർത്താവ് തന്നെ പറയുന്നു ''തിരുവെഴുത്തുകളേയും ദൈവശക്തിയേയും അറിയായ്ക കൊണ്ടല്ലയോ നിങ്ങൾ തെറ്റിപോകുന്നത് എന്ന്''. പരിശുദ്ധാത്മാഭിഷേകം പ്രാപിച്ചവരിൽതന്നെയുള്ള ഒരുകൂട്ടം ശുശ്രൂഷകർ പരിശുദ്ധാത്മശക്തിക്ക് പ്രാധാന്യം കൊടുക്കാതെ നിൽക്കുന്നുണ്ട്. തിരുവെഴുത്തിനാണ് അവർ പ്രാധാന്യം നൽകുന്നത്. ഒരു പക്ഷിയുടെ രണ്ട് ചിറകാണ് തിരുവെഴുത്തും പരിശുദ്ധാത്മശക്തിയും. ഇത് രണ്ടും ഒരുപോലെ പ്രവർത്തിക്കുന്നവരിലൂടെ ശത്രുവിന്റെ ശിരസ് തകർക്കപ്പെടുന്നത്. അവന്റെ കോട്ട കൈവശമാക്കുന്നത്. ഇന്നും സാത്താൻ അജയ്യശക്തിയായി നിൽക്കുന്ന സാത്താന്യകോട്ടകൾ ഭൂമിയിൽ ഉണ്ട്. ഇത് തകർക്കപ്പെട്ടാൽ മാത്രമേ അതിന്റെ കീഴിൽ നിൽക്കുന്ന ജനത്തെ ദൈവരാജ്യത്തിനവകാശമാക്കുവാൻ കഴിയൂ. ആയതിനാൽ ശത്രുവിന്റെ തലയെ ചവിട്ടുന്ന അധികാരം നമുക്ക് പ്രാപിച്ചെടുക്കാം.

## ഏപ്രിൽ 14

സംഭവബഹുലമായ ദിനങ്ങളും ശത്രുവിന്റെ ശക്തമായ പോരുകളും സകലതിൽ നിന്നും രക്ഷിക്കുന്ന ദൈവശക്തിയും സംരക്ഷണവും സഹായവും ഒരു പോലെ അനുഭവവേദ്യമായ ദിനങ്ങൾ. ശക്തമായ ചില വെളിപ്പാടുകൾ ദൈവം കാണിച്ചു. ആക്രമിക്കുവാൻ തക്കംപാർത്ത് ആഴത്തിൽ ഒളിച്ചിരുന്ന ശത്രുനീക്കവും, അവനെ പുറത്ത് കൊണ്ട് വന്ന് ഒടുക്കികളഞ്ഞ് ഭക്തനെ കാത്തുസൂക്ഷിച്ച ദൈവകൃപയും സൂചിപ്പിക്കുന്ന വെളിപ്പാടുകൾ. ഇന്ത്യയിലും വിദേശത്തും അറിയപ്പെടുന്ന ചില ശുശ്രൂഷകരോടൊത്ത് മാനിക്കപ്പെടുന്ന വേദി പങ്ക് വയ്ക്കുന്ന അനുഭവവും മാനിക്കപ്പെടുന്ന വസ്ത്രധാരണ രീതികളും ദൈവം ഒരു വെളിപ്പാടിലൂടെ കാണിച്ചു. ദൈവകൃപ സകലതിനും മതിയായത് എന്ന് ഉറക്കെ വിളിച്ച് പറയുവാൻ മോഹം.

''അത് എവിടെ നിന്ന് എന്ന് വെള്ളംകോരിയ ശുശ്രൂഷക്കാരല്ലാതെ വിരുന്ന് വാഴി അറിഞ്ഞില്ല. വീഞ്ഞായിത്തീർന്ന വെള്ളം വിരുന്നുവാഴി രുചിനോ

ക്കിയാറെ മണവാളനെ വിളിച്ചു. എല്ലാവരും ആദ്യം നല്ലവീഞ്ഞും ലഹരി പിടിച്ച ശേഷം ഇളപ്പമായതും കൊടുക്കാറുണ്ട്. നീ നല്ല വീഞ്ഞ് ഇതുവരേയും സൂക്ഷിച്ചുവച്ചുവല്ലോ എന്ന് പറഞ്ഞു'' യോഹ: 3:9,10. അനേകരുടെ സന്തോഷത്തിനും ആത്മദാഹത്തിനും കാരണമായ ആ നല്ല വീഞ്ഞ് എവിടെ നിന്ന് ആരും അറിഞ്ഞില്ല. ശക്തമായ ചില ശുശ്രൂഷകളുമായി ചില ദൈവദാസന്മാർ അനേകരുടെ ആത്മദാഹത്തിനും സന്തോഷത്തിനുമായി എഴുന്നേൽക്കുമ്പോൾ അത് ഇത്രപെട്ടെന്ന് എങ്ങനെ പൊട്ടിമുളച്ചു എന്ന് മനുഷ്യർ ചോദിക്കാറുണ്ട്. പൊട്ടിമുളക്കുന്നതിന് മുമ്പ്, വിടരുന്നതിന് മുമ്പ്, സുഗന്ധം പരത്തുന്നതിന് മുമ്പ് ഈ ശുശ്രൂഷകർ അനുഭവിച്ച മനോവേദന, മനോഭീതി, തളർച്ച, അപമാനം, മരിച്ചത് പോലെ മണ്ണിനടിയിൽ രാവും പകലും തിരിച്ചറിയാതെ കിടന്നത് ആരും അറിയുന്നില്ല. ആരും ചോദിക്കുന്നില്ല.

ഈ നല്ലവീഞ്ഞ് എവിടെ നിന്ന് എന്ന് അത് വിളമ്പുവാൻ കാരണക്കാരായ ശുശ്രൂഷകർ മാത്രം അതറിഞ്ഞു. കാരണം അവർ വിശ്വസ്തരും കർത്താവ് എന്ത് പറഞ്ഞാലും നഷ്ടലാഭകണക്ക് നോക്കാതെ അത് അനുസരിക്കുന്നവരും ആണ്. കർത്താവും കർത്താവിനെ പിൻഗമിക്കുന്നവരും ആ കല്യാണവീട്ടിൽ വന്നത്കൊണ്ടാണ് വീഞ്ഞ് ഇത്ര പെട്ടെന്ന് തീർന്ന് പോയത്. സംഘാടകരുടെ, വ്യക്തിയുടെ പിടിപ്പ് കേട് കൊണ്ടല്ല. കർത്താവ് ജീവിതത്തിൽ വന്ന് കഴിയുമ്പോൾ കാരണമില്ലെങ്കിൽക്കൂടി പരിഹസിക്കുന്നവർ ധാരാളം ഉണ്ട്. അപ്പോൾ വീഞ്ഞ് തീർന്ന് പോയാൽ പറയുവാൻ തെളിവുള്ള ഒരു കാരണം കിട്ടിയാൽ അവർ പറയും. കണ്ടോ അവന്റെ വിവരമില്ലായ്മയും, ഭാവിക്കുന്നതിൽ മീതെ ഭാവിച്ച് സകലകരക്കാരേയും വിവാഹത്തിന് ക്ഷണിച്ച്, താൻ വലിയ പുള്ളിയാ എന്ന് കാണിക്കുവാൻ വേണ്ടി ശ്രമിച്ച അവന്റെ അഹങ്കാരമാണ് ഇങ്ങനെ സംഭവിക്കുവാൻ കാരണം. കർത്താവ് ആ കല്യാണവീട്ടിൽ വന്നത് കൊണ്ടാണ്അന്യായമായ ഈ പരിഹാസം അവർ കേട്ടതെങ്കിൽ അവരുടെ വായടിപ്പിക്കാൻ വേണ്ടത് ഈ കർത്താവ് തന്നെ ചെയ്തുകൊള്ളും.

ഇതാ കർത്താവിന്റെ കരം ആ വിരുന്ന് വീട്ടിൽ ചലിക്കുവാൻ പോകുകയാണ്. കർത്താവ് ആ വീടും മുഴുവൻ സൂക്ഷിച്ച് നോക്കി ആരെ ഉപയോഗിച്ച്

ഞാൻ അത്ഭുതം ചെയ്യണം. മനുഷ്യൻ നോക്കുന്നത് പോലെയല്ല കർത്താവ് നോക്കുന്നത്. വെളുത്തതും തുടുത്തതും ഭംഗിയുള്ളതും ഒന്നും അല്ല കർത്താവ് നോക്കിയത്. അവൻ സാധാരണക്കാരെ കയ്യിലെടുത്ത് അസാധാരണ പ്രവൃത്തികൾ ചെയ്യുന്നവനാണ്. ബലമുള്ളതിനെ ലജ്ജിപ്പിക്കുവാൻ ബലഹീനമായത് തെരഞ്ഞെടുക്കുന്നവനാണ്. ജ്ഞാനികളെ ലജ്ജിപ്പിക്കുവാൻ ശിശുക്കളെ തെരഞ്ഞെടുക്കുന്നവനാണ്. അനേകർ തള്ളിയതിനെ തെരഞ്ഞെടുത്ത് മൂലക്കല്ല് ആക്കുന്നവനാണ്.

ദൈവികദൃഷ്ടി കല്യാണവീട്ടിനകത്ത് നിന്നും പുറത്തേക്ക് നീണ്ടു. നോക്കിയപ്പോൾ ആറ് കൽപാത്രം ആരും ഉപയോഗിക്കാതെ കിടക്കുകയാണ്. അത് പുറത്താണ് കിടക്കുന്നത്. അത്കൊണ്ട് തന്നെ വലിയ വൃത്തിയൊന്നും ഇല്ല. പക്ഷെ വലുതാണ്. കാഴ്ചപ്പാട് വലുതാണെങ്കിൽ അതിനനുസരിച്ച് ദൈവപ്രവൃത്തിയും വെളിപ്പെടും. അതുപോലെ ലേഖനത്തിൽ പറയുന്നു "ഞങ്ങളുടെ പുറമേയുള്ള മനുഷ്യൻ ക്ഷയിച്ച് പോകുന്നു എങ്കിലും ഞങ്ങളുടെ അകമേ ഉള്ളവൻ നാൾക്ക് നാൾ പുതുക്കം പ്രാപിക്കുന്നു" 2 കൊരി: 4:16. കർത്താവ് പുറംമോടി നോക്കിയല്ല. അവന്റെ അകത്തെ കാഴ്ചപ്പാട് ആണ് നോക്കിച്ചത്. ആ വിശാലമനസ്ഥിതി ദൈവത്തിന് ബോധിച്ചു. കർത്താവ് വിളിച്ചുപറഞ്ഞു "ഈ കൽപാത്രങ്ങളിൽ വെള്ളം നിറപ്പിൻ" അനേകർ അത്ഭുതത്തോടെ നോക്കി നിൽക്കുകയാണ്. ചോദ്യശരങ്ങളുമായി സ്തംഭിച്ച് നിൽക്കുകയാണ്, ഈ കർത്താവിന് എന്തുപറ്റി? തുടുത്ത് വീർത്ത് നിൽക്കുന്ന ഞങ്ങളിങ്ങനെ മുൻപന്തിയിൽ നിൽക്കുമ്പോൾ ഈ പുറംതിണ്ണയിൽ കിടക്കുന്നവനെയാണോ ഇതിനൊക്കെ വേണ്ടി തെരഞ്ഞെടുക്കുന്നത്.

തനിക്ക് 12 ശിഷ്യന്മാരെ ആവശ്യമുണ്ടായിട്ട് അക്ഷരഭ്യാസം പോലും അറിയാത്ത കടൽതീരത്ത് താമസിക്കുന്ന മുക്കുവരുടെ അടുത്തേക്ക് ആണ് അവൻ പോയത്. വേദം അരച്ച് കലക്കി കുടിക്കുന്ന പുരോഹിതപ്രമാണികളുടെ അടുത്തേക്കോ, വലിയ പി. എച്ച്.ഡി ഉള്ള തിയോളജിയന്മാരുടെ അടുത്തേക്കോ അല്ല അവൻ പോയത്. അങ്ങനെയുള്ള കർത്താവിനോടാണ് അവർ ഈ ചോദ്യം ചോദിക്കുന്നത്. ദാവീദിനെ അഭിഷേകം ചെയ്യുവാൻ ശമുവേൽ പ്രവാചകൻ പോയ

പ്പോൾ, ദാവീദിനെ കാട്ടിലേക്ക് പറഞ്ഞ് വിട്ടിട്ട് തടി മിടുക്കുള്ള തന്റെ മൂത്ത പുത്ര ന്മാരെ ശമുവേൽ പ്രവാചകന്റെ മുമ്പിൽ അണിനിരത്തിയ ബേത്ലേഹേംകാരൻ യിശ്ശായിയെപ്പോലെ ഇങ്ങനെ നിൽക്കുകയാണ്.

ഈ ചോദ്യം ചോദിച്ച് നിന്നവർ സ്തംഭിച്ച് നിൽക്കുമ്പോൾ കർത്താവ് എന്ത് പറഞ്ഞാലും ചോദ്യം കൂടാതെ അനുസരിക്കുന്ന ഒരുകൂട്ടം ശുശ്രൂഷകർ അവിടെ ഉണ്ടായിരുന്നു എന്നതാണ് കാനാവിലെ കല്യാണവീട്ടിൽ അത്ഭുതം നട ക്കുവാൻ കാരണങ്ങളിൽ ഒന്ന് ആ ശുശ്രൂഷകർ കർത്താവ് പറഞ്ഞതനുസരിച്ച് ആ കൽപാത്രങ്ങളുടെ അടുത്ത് വന്ന് നോക്കി. അത്രയ്ക്ക് നല്ല വൃത്തിയൊന്നും ഇല്ല. അപ്പോൾ വെള്ളം നിറയ്ക്കുന്നതിന് മുമ്പ് ആ കൽപാത്രങ്ങൾ ഒന്ന് ശുദ്ധീ കരിക്കണം. കർത്താവിന്റെ കൽപന ഉൾകൊണ്ട് വേണം അനുസരിക്കുവാൻ, അല്ലാതെ യന്ത്രംപോലെ പറയുന്നത് ചെയ്യുകയല്ല വേണ്ടത്. അത് ഈ ശുശ്രൂഷ കരോട് പറയുകയൊന്നും വേണ്ട അവർക്കറിയാം. ''കൽപാത്രങ്ങളിൽ വെള്ളം നിറപ്പിൻ'' എന്ന കൽപ്പനക്ക് കീഴിൽ അത് ശുദ്ധീകരിച്ചിട്ട് വേണം വെള്ളം നിറ യ്ക്കുവാൻ എന്ന് കൂടി അവർക്കറിയാം.

യോസേഫിനെ കുണ്ടറയിൽ നിന്ന് ഫറവോന്റെ മുമ്പിൽ നേരിട്ട് എത്തിക്കുകയല്ലായിരുന്നു. കുണ്ടറയിൽ കിടക്കുന്നവൻ അല്പം നാറ്റവും വൃത്തിഹീനവും ആയ സാഹചര്യത്തിലാണ് എന്ന് എല്ലാവർക്കും അറിയാം. ഫറ വോൻ സ്വപ്നം വ്യാഖ്യാനിക്കുന്നതിന് യോസേഫിനെ വിളിച്ചപ്പോൾ അവന്റെ ഭൃത്യ ന്മാർ വേഗത്തിൽ അവനെ കുണ്ടറയിൽ നിന്ന് ഇറക്കി, ക്ഷൗരം ചെയ്യിച്ചു, വസ്ത്രം മാറ്റിയാണ് ഫറവോന്റെ മുമ്പിൽ ശുശ്രൂഷക്ക് എത്തിച്ചത്. പരിശുദ്ധാത്മാവ് ഇന്നും അത് ചെയ്യും. മറ്റുള്ളവരോട് ചേർന്ന് നിൽക്കുവാൻ കഴിയാത്തതരത്തിൽ ദോഷമുള്ള എല്ലാ അനുഭവത്തേയുംനീക്കം ചെയ്തതിന് ശേഷമേ പരിശുദ്ധാ ത്മാവ് മഹത്തേറിയ ശുശ്രൂഷകൾ ഭാരമേൽപ്പിക്കുകയുള്ളൂ. ഉൽ: 41:14.

ആ ശുശ്രൂഷകർ ആ കൽപാത്രങ്ങളെ ശുദ്ധീകരിച്ച് കൽപ്പാത്രത്തിന്റെ വക്കോളം വെള്ളം നിറച്ചു. കർത്താവ് പറയുന്നത് അനുസരിക്കുക. അതിന് ശേഷം എന്താണ് സംഭവിക്കുന്നത് എന്നോ ഒന്നും ചിന്തിക്കേണ്ടതില്ല. അത്ഭുതം

നടന്നാൽ നടന്നു. നടന്നില്ലെങ്കിൽ നടന്നില്ല. മനുഷ്യനോട് കൽപ്പിച്ചിട്ടുള്ളത് മനുഷ്യൻ ചെയ്യുക. ദൈവത്തിന് ചെയ്യുവാനുള്ളത് ദൈവത്തിന് ഇഷ്ടമുള്ള രീതിയിൽ ചെയ്തുകൊള്ളും. കർത്താവ് പറയുന്നു ''ഇപ്പോൾ വിരുന്ന് വാഴിക്ക് കൊണ്ടുപോയി കൊടുപ്പിൻ'' അതും അവർ അനുസരിച്ചു. അവർ പറഞ്ഞില്ല ഞങ്ങളല്ലെ നിന്റെ കൂടെ ഈ പ്രവൃത്തികളിൽ സഹകരിച്ചത് ഞങ്ങൾ നേരിട്ട് അങ്ങ് വിളമ്പുന്നത് അല്ലെ അതിന്റെ ശരി എന്നൊന്നും അവർ ചോദിച്ചില്ല. വിരുന്ന് വാഴിക്ക് കൊണ്ടുപോയി കൊടുത്തു.

ദൈവം ക്രമത്തിന്റെ ദൈവമാണ്. ദൈവം സകലതും ദൈവികക്രമത്തിന് കീഴിലെ ചെയ്യുകയുള്ളൂ. വിരുന്ന് വാഴി അറിയാതെ ഒരു സാധനം കല്യാണസദ്യയ്ക്ക് വിളമ്പുവാൻ അനുവാദം ഇല്ല. അവൻ കൊടുക്കണ്ട എന്ന് പറഞ്ഞാൽ കൊടുക്കണ്ട. കൊടുക്കണം എന്ന് പറഞ്ഞാൽ കൊടുക്കണം. കാരണം സദ്യയുടെ ഉത്തരവാദിത്വം അവനാണ്. എന്തെങ്കിലും ദോഷം സംഭവിച്ചാൽ ചോദ്യം മുഴുവൻ അവന്റെ നേരെയാണ് വരുന്നത്.

വിരുന്ന് വാഴി വിളിച്ച് പറയുന്നു. വെറുതെ പറയുകയല്ല രുചിച്ച് നോക്കിയിട്ട് പറയുകയാണ് ''നീ നല്ല വീഞ്ഞ് ഇതുവരേയും സൂക്ഷിച്ച് വച്ചുവല്ലോ'' അവനെ സംബന്ധിച്ചിടത്തോളം അത് വിസ്മയമാണ്. നല്ലത് ആദ്യം കൊടുത്തിട്ട് മത്തരാകുമ്പോൾ മോശമായത്, തരംതാന്നത് നൽകുക. അതിന് വിപരീതമാണ് ഇവിടെ സംഭവിച്ചത്. ആരംഭത്തേക്കാൾ അവസാനമാണ് മനോഹരം. ആത്മാവ് കൊണ്ട് ആരംഭിച്ച് ജഢത്തിൽ അവസാനിക്കുന്നതല്ല. ആത്മാവ് കൊണ്ട് ആരംഭിച്ച് ആത്മാവിൽ തന്നെ പരിസമാപ്തിയിൽ എത്തിക്കുക എന്നതാണ് ദൈവിക പദ്ധതി.

ആ നല്ല വീഞ്ഞ് പരസ്യമായി വെളിപ്പെട്ടു. അതിന് വേണ്ടി സഹിച്ച പ്രവാസവും പീഢയും മാനവും കഷ്ടതയും കർത്താവിന്റെ കൽപ്പന അനുഭവിച്ച ശുശ്രൂഷകർ അല്ലാതെ ആരും അറിഞ്ഞില്ല. ആത്മീയ രംഗത്തും കർത്താവിന്റെ പ്രവൃത്തി ഇതേരീതിയിൽ തന്നെയാണ്.

ഓരോ കാലഘട്ടവും കഴിയും തോറും മേത്തരമായത് ദൈവം വെളിപ്പെടുത്തികൊണ്ടേഇരിക്കും. ഓരോ 20, 50, 100, 1000 വർഷകാലഘട്ടത്തിനിടയിൽ മേത്തരമായ ഓരോ ദൈവിക പദ്ധതികൾ ശുശ്രൂഷകൾ ദൈവം ചെയ്യും. പരിശുദ്ധാത്മാവ് ഭൂമിയിൽ പൂർണ്ണമായി വെളിപ്പെട്ട ദിനങ്ങൾ മുതൽ പരിശോധിക്കാം

1. പ്രാവ് രൂപത്തിൽ കർത്താവിനരികെ പ്രത്യക്ഷപ്പെട്ടു.
2. അഗ്നി നാളങ്ങളായി പെന്തക്കോസ്ത് ദിനത്തിൽ അന്യഭാഷാ അടയാളത്തോടെ മർക്കോസിന്റെ മാളികമുറിയിൽ വെളിപ്പെട്ടു.
3. ഒന്നാം നൂറ്റാണ്ടിൽ തന്നെ ലോകത്തിന്റെ എല്ലാ അറ്റത്തും സുവിശേഷവുമായി ശിഷ്യന്മാരെ എത്തിച്ചു.

ദൈവപ്രവൃത്തി അതിഭയങ്കരമായി പുതിയനിയമാരംഭസമയത്ത് വെളിപ്പെട്ടപ്പോൾ ശത്രുവും സുവിശേഷത്തിനെതിരെ വെളിപ്പെട്ടു. സുവിശേഷം ഇങ്ങനെ വ്യാപരിക്കുന്നതിന് കാരണം പരിശുദ്ധാത്മ ശക്തിയാണ് എന്ന് മനസ്സിലാക്കിയ ശത്രു ക്രിസ്തീയ ജനസമൂഹത്തിൽ നിന്ന് പരിശുദ്ധാത്മശക്തിയെ അവർപോലും അറിയാതെ ചോർത്തിയെടുത്തു. ശക്തിയില്ലാത്ത ഭക്തിയുടെ വേഷം ധരിച്ച, ജീവനില്ലാത്ത ഒരു സമൂഹമായി ശത്രു ക്രിസ്തീയ സമൂഹത്തെ ആക്കിത്തീർത്തു. അനേകജാതികൾ എങ്ങനെ നടന്നുവോ അതുപോലെ തന്നെ ക്രിസ്തീയസമൂഹവും ആയി. അനേകവർഷം ക്രിസ്തീയ സമൂഹം ഇങ്ങനെ പോയെങ്കിലും ദൈവം അവിടെ ഇവിടെയായി ചെറിയ ചെറിയ ഉണർവ്വുകളും തന്റെ ജനത്തിന്റെ ഇടയിൽ ചെയ്തുകൊണ്ടിരുന്നു. അനേകം ഭാഷകളിലേക്ക് സുവിശേഷം തർജ്ജമ ചെയ്യപ്പെട്ടു.

ആരംഭത്തിൽ പരിശുദ്ധാത്മ ശക്തിയെ ശത്രു ചോർത്തിയെടുത്തെങ്കിലും തിരികെ പകരുവാൻ ദൈവം ശക്തനാകയാൽ 20–ാം നൂറ്റാണ്ട് ആരംഭത്തിൽ പരിശുദ്ധാത്മശക്തിയെ ക്രിസ്തീയ സമൂഹത്തിൽ പകരുവാൻ ആരംഭിച്ചു. അന്ന് മുതൽ പരിശോധിക്കുമ്പോൾ ക്രിസ്തീയ സമൂഹം ദൈവം ആഗ്രഹിച്ചത് പോലെ നിരവധി അഭിഷിക്തന്മാർക്ക് ജന്മം നൽകി ദൈവം എഴുന്നേൽപ്പിച്ച 100 കണക്കിന് അഭിഷിക്തന്മാർ മുഖാന്തരം വിവിധ രാജ്യങ്ങൾ, ഭൂഖണ്ഡങ്ങൾ ഉണർത്തപ്പെടുവാൻ തുടങ്ങി. ഇപ്പോഴത്തെ സാഹചര്യത്തെ നോക്കി

യാൽ വിവിധ രാജ്യങ്ങളിൽ ഭാഷക്കാരുടെ ഇടയിൽ ശക്തമായ ദൈവപ്രവൃത്തികൾ വെളിപ്പെട്ടുകൊണ്ടിരിക്കുകയാണ്.

പണ്ട് കാലഘട്ടത്തിലേതിലും വ്യത്യസ്തമായി വിവിധരൂപത്തോടെ വിവിധ ഭാവത്തോടെ നിരവധി സുവിശേഷസംഘടനകളും സഭകളും വെളിപ്പെടുകയാണ്. അന്ത്യകാല ഉണർവ്വിന്റെ സമയത്ത് എല്ലാം ഓരോ ചങ്ങലകണ്ണികൾ പോലെ ദൈവം ചേർത്ത് ചേർത്ത് പണിയും. കർത്താവ് ദൂതഗണങ്ങളുമായി വാനമേഘത്തിൽ വെളിപ്പെടുന്നതിന് മുമ്പ് അതിമനോഹരമായ, മേത്തരമായ അന്ത്യകാല ദൈവിക ശുശ്രൂഷ ഭൂമിയിൽ വെളിപ്പെടും. അത്ഭുതരോഗശാന്തികൾ ദിനംതോറും പരസ്യമായി ഘോഷിക്കപ്പെടും. മുടന്തർ, കുരുടർ, ചെകിടർ, മരിച്ചവർ ദൈവശക്തി പ്രാപിച്ച് രൂപാന്തരപ്പെട്ട് ആൾ മാറിയത് പോലെ ജനസമൂഹത്തിന്റെ മുമ്പിൽ നിൽക്കും. അതേ മേത്തരമായത് പിന്നേയും ദൈവം വെളിപ്പെടുത്തികൊണ്ടേയിരിക്കും. അതിശക്തിയേറിയ അഭിഷിക്തന്മാർ ഇപ്പോഴും ദൈവകരത്തിന്റെ മറവിൽ ഉണ്ട്.

## ഏപ്രിൽ 21

ഈ ദിവസം അനുഗ്രഹപ്രദമാണ്. കാരണം 21 ദിവസ ഉപവാസപ്രാർത്ഥന ആരംഭിക്കുവാൻ കഴിഞ്ഞു. നാല് വർഷങ്ങൾക്ക് മുമ്പ് ദൈവത്തോട് ഞാൻ ചോദിച്ചിരുന്നു. എന്നാണ് 21 ദിവസം ഉപവസിക്കുവാൻ കഴിയുക എന്ന്. വിവാഹത്തിന് ശേഷം എന്ന് ദൈവാത്മാവ് ആലോചന തന്നു. വിവാഹം കഴിഞ്ഞ് രണ്ട് വർഷത്തിനുള്ളിൽ ദൈവം സാഹചര്യം ഒരുക്കിതന്നു.

ഈ ആഴ്ച പരിശുദ്ധാത്മാവ് നല്ല ഒരു ആലോചനയാണ് തരുന്നത്. “ദൈവം തന്റെ ജനത്തിന്റെ സ്ഥിതി മാറ്റുമ്പോൾ യാക്കോബ് സന്തോഷിക്കുകയും ഇസ്രയേൽ ആന്ദിക്കുകയും ചെയ്യും” സങ്കീ: 53:6. ഈ വാക്യത്തിനുള്ളിൽ തന്നെ ആലോചന ഉണ്ട്.

1. യഹോവയുടെ ജനത്തിന്റെ സ്ഥിതി അത്ര സന്തോഷകരമായ

രീതിയിലല്ല.

2. ജനം എന്ത് ചെയ്താലും യഹോവ സ്ഥിതി മാറ്റാതെ സന്തോഷം വെളിപ്പെടുകയില്ല.

3. യഹോവ തന്റെ ജനത്തിന്റെ സ്ഥിതി മാറ്റിയാൽ ആർ വിചാരിച്ചാലും യാക്കോബിന്റെ സന്തോഷവും ഇസ്രയേലിന്റെ ആനന്ദവും എടുത്ത് മാറ്റുവാൻ കഴിയില്ല. കാരണം പ്രപഞ്ചസൃഷ്ടാവിന്റെ പ്രവൃത്തിയിന്മേൽ സൃഷ്ടിക്ക് ഒന്നും ചെയ്യുവാൻ കഴിയുകയില്ല എന്ന് തന്നെ.

നമുക്ക് യാക്കോബിന്റെ ഇപ്പോഴത്തെ സ്ഥിതിയെ പരിശോധിക്കാം. യാക്കോബ് ഏകനായി തന്റെ അമ്മയുടെ അടുക്കൽ നിന്ന് പുറപ്പെട്ട് ലാബാന്റെ ഭവനത്തിൽ ചെന്ന് നീണ്ട 20 വർഷങ്ങൾ അദ്ധ്വാനിച്ച് സേവ ചെയ്ത് ലഭിച്ച നന്മയുമായി തന്റെ സ്വന്തം സ്ഥലത്തേക്ക് യാത്ര തിരിക്കുകയാണ്. ഇപ്പോൾ അവൻ ഏകനല്ല. ഒരിക്കൽ ഏകനായിരുന്നു. എന്നാൽ ദൈവത്തിന് അവനോട് കരുണ തോന്നിയത് കൊണ്ട് ഇപ്പോൾ അവന് രണ്ട് ഭാര്യമാരും രണ്ട് ദാസിമാരും പതിനൊന്ന് മക്കളും ഉണ്ട്. കൂടാതെ എണ്ണിത്തിട്ടപ്പെടുത്തുവാൻ കഴിയാത്ത വലിയ ഒരു കൂട്ടം മൃഗസമ്പത്തും.

ഇത്രയൊക്കെ അനുഗ്രഹം പ്രാപിച്ച സ്ഥിതിക്ക് അവൻ സന്തോഷിച്ചാൽ പോരെ. പക്ഷെ അവൻ പറയുന്നത് ശ്രദ്ധിക്കുക. "യഹോവേ, അടിയനോട് കാണിച്ചിരിക്കുന്ന സകലദയക്കും സകല വിശ്വസ്തതയ്ക്കും ഞാൻ അപാത്രമത്രേ, ഒരു വടിയോട് കൂടെ മാത്രമല്ലോ ഞാൻ ഈ യോർദ്ദാൻ കടന്നത് ഇപ്പോഴോ ഞാൻ രണ്ട് കൂട്ടമായി തീർന്നിരിക്കുന്നു. എന്റെ സഹോദരനായ ഏശാവിന്റെ കയ്യിൽ നിന്നും എന്നെ രക്ഷിക്കേണമേ, അവൻ വന്ന് എന്നേയും മക്കളോട് കൂടെ തള്ളയേയും നശിപ്പിക്കും എന്ന് ഞാൻ ഭയപ്പെടുന്നു" ഉൽ : 32:10-11. ഒരു പ്രത്യേക ഭയം അവന്റെ ഉള്ളിൽ രൂപം കൊണ്ടു. ദൈവം തന്റെ ജനത്തിന് ഒരിക്കലും ഭയം നൽകുകയില്ല. ധൈര്യമേ നൽകൂ. ശത്രുവിന്റെ മേൽ ദൈവം ഭീതി അയക്കും. പക്ഷെ തന്റെ സ്വന്തം ജനത്തിന്റെ മേൽ അത് ചെയ്യുകയില്ല. അപ്പോൾ ഈ ഭയം എവിടെനിന്ന് വന്നു. ശത്രു യാക്കോബിന്റെ മേൽ വിതച്ച വിത്താണ് ഭയം. ദൈവം അനുവദിച്ചാൽ മാത്രമേ ശത്രുവിന് അത് ചെയ്യുവാൻ കഴിയുക.

അതിന്മേൽ ദൈവത്തിന് എന്തെങ്കിലും ഉദ്ദേശം കാണും.

യാക്കോബ് ഭയപ്പെടുവാൻ കാരണം ഒറ്റവാക്കാണ് ''നിന്റെ സഹോദരനായ ഏശാവ് 400 ആളുകളുമായി നിന്നെ എതിരേൽപ്പാൻ വരുന്നു'' അപ്പോൾ യാക്കോബ് ഏറ്റവും പരിഭ്രമിച്ചു. ഒരു സാധാരണ മനുഷ്യനെപ്പോലെ ഭയവും പരിഭ്രമവും അവനുണ്ട്. പക്ഷെ അവൻ സാധാരണക്കാരനല്ല. വാഗ്ദത്തം പ്രാപിച്ചവനാണ്. ദൈവവുമായി പ്രത്യേകരൂപത്തിലുള്ള അസാധാരണ ബന്ധവും ഉണ്ട്. അവൻ ദൈവത്തിൽ ആശ്രയിച്ച് തനിക്ക് ഉള്ളത് ഉപയോഗിച്ച് മൂന്ന് പദ്ധതി ആവിഷ്ക്കരിക്കുകയാണ്.

1. തന്റെ ദാസന്മാരേയും മൃഗസമ്പത്തിനേയും രണ്ടായി വിഭാഗിച്ച് ഒരു കൂട്ടത്തെ തന്റെ കൂടെ നിർത്തി. മറ്റെ കൂട്ടത്തെ അഞ്ചായി വിഭജിച്ചു.
   a. 200 കോലാടിനേയും 20 കോലാട്ട് കൊറ്റനേയും അവയ്ക്ക് വേണ്ട ദാസന്മാരേയും
   b. 200 ചെമ്മരിയാടിനേയും 20 ചെമ്മരിയാട്ട് കൊറ്റനേയും അവയ്ക്ക് വേണ്ട ദാസന്മാരേയും
   c. 30 ഒട്ടകത്തേയും അവയുടെ കുട്ടികളേയും ദാസന്മാരേയും
   d. 40 പശുവിനേയും 10 കാളയേയും ദാസന്മാരേയും
   e. 20 പെൺകഴുതയേയും 10 കഴുത കുട്ടികളേയും ദാസന്മാരേയും

തനിക്ക് മുമ്പേ ഈ ഓരോകൂട്ടത്തേയും പ്രത്യേകം പ്രത്യേകം വേർതിരിച്ച് അയച്ചു. ഈ ഓരോകൂട്ടത്തിലേയും ദാസന്മാർ ഇങ്ങനെ പറയണമെന്നും നിർദ്ദേശിച്ചു ''നിന്റെ അടിയൻ യാക്കോബിന്റെ വക ഇത് യജമാനനായ ഏശാവിന് അയച്ചിരിക്കുന്ന സമ്മാനം, അതാ അവനും പിന്നാലെ വരുന്നു''എന്ന് പറയണം.

2. പിന്നീട് തന്റെ കൂടെയുള്ള സകലരേയും ആറ്റിനക്കരെ കടത്തിയ ശേഷം യാക്കോബ് തനിയെ ശേഷിച്ചു. ആ രാത്രി ദൈവസന്നിധിയിൽ മല്ല് പിടിച്ചു. അവൻ ഏകനായി അസാധാരണ രൂപത്തിൽ പോരാടി പ്രാർത്ഥിച്ചു. അനേ

കർക്ക് അറിവില്ലാത്ത പ്രാർത്ഥനയുടെ ഏറ്റവും മുകളിലത്തെ നില ആ ഒറ്റ രാത്രി കൊണ്ട് അവന്റെ പേര് വരെ മാറിപ്പോയി. യാക്കോബിന്റെ സ്ഥാനത്ത് ഇസ്രായേൽ. മുള്ളിന്റെ സ്ഥാനത്ത് പുഷ്പം. വേദനയുടെ സ്ഥാനത്ത് സന്തോഷം. ശൂന്യതയുടെ സ്ഥാനത്ത് നിറവ്, ഇല്ലായ്മയുടെ സ്ഥാനത്ത് വർദ്ധനവ്.

3. ഏശാവിന്റെ മുമ്പിൽ തന്റെ മക്കളേയും ഭാര്യമാരേയും ദാസിമാരേയും നാലായി വിഭജിച്ച് നിർത്തി. രണ്ട് ദാസിമാരേയും അവരുടെ മക്കളേയും രണ്ടായി തിരിച്ച് ആദ്യം നിർത്തി. അതിന് ശേഷം ലേയയേയും മക്കളേയും നിർത്തി. അതിന് ശേഷം റാഹേലിനേയും യോസേഫിനേയും നിർത്തി. അതിന് ശേഷം അവർക്ക് മുമ്പായി ഏശാവിന്റെ നേരെ ഏഴ് പ്രാവശ്യം സാഷ്ടാംഗം നമസ്കരിച്ച് അടുത്ത് ചെന്നുനിന്നു.

ഇത്രയുമൊക്കെ ആയപ്പോഴേക്കും ഏശാവിന് യാക്കോബിനെ ചുംബിക്കാതെ നിവർത്തിയില്ല. ഏശാവ് യാക്കോബിനെ ചുംബിച്ച് കരഞ്ഞു. അങ്ങനെ യാക്കോബിന്റെ ഭയം മാറി. സമാധാനവും സന്തോഷവും ദൈവം അവന് നൽകി. യാക്കോബ് ചെയ്ത മൂന്നെണ്ണത്തിൽ രണ്ടെണ്ണം രഹസ്യശുശ്രൂഷയും ഒന്ന് പരസ്യശുശ്രൂഷയും ആണ്. ഈ രണ്ട് രഹസ്യശുശ്രൂഷകൾ അവൻ ക്രമീകരിക്കാതെ ഒരു പരസ്യമായ ശുശ്രൂഷ മാത്രമാണ് ചെയ്തിരുന്നതെങ്കിൽ അവന്റെ വിജയം എങ്ങനെയാകുമെന്ന് അറിയില്ല.

യഹോവ തന്റെ ജനത്തിന്റെ സ്ഥിതി മാറ്റുമ്പോൾ യാക്കോബ് എങ്ങനെ സന്തോഷിച്ചു എന്ന് കണ്ടു. ഇനി ഇസ്രയേൽ എങ്ങനെയാണ് ആനന്ദിച്ചത് എന്ന് നോക്കാം. മിസ്രയീമിൽ ആയിരുന്ന ഇസ്രയേൽജനം ഊഴിയവിചാരകന്മാർ നിമിത്തം കഠിനമായ പീഢ അനുഭവിക്കുകയാണ്. ഈ ജനത്തിന്റെ സങ്കടം ഒന്ന് നോക്കാം.

1. അവർ മിസ്രയിമിൽ അന്യദേശത്ത് ആശ്രയം ഇല്ലാതെ കഠിന വേലകളാൽ ജീവിക്കുന്നു.
2. ഊഴിയ വിചാരകന്മാരുടെ പീഢ അനുഭവിക്കേണ്ടി വരുന്നു.
3. ഇവർ മുഖാന്തരമാണ് ഒരിക്കൽ മിസ്രയീമ്യർ പട്ടിണികിടക്കാതെ

നിലനിന്നത്. എന്നിട്ടും ഇല്ലാത്തത് പറയുകയാണ്. ''അവർ പെരുകീട്ട് ഒരു യുദ്ധം ഉണ്ടാകുന്ന പക്ഷം നമ്മുടെ ശത്രുക്കളോട് ചേർന്ന് നമ്മോട് പൊരുതും'' പുറ: 1:10.

ജനത്തിന്റെ നിലവിളി യഹോവ കേട്ടു. ഇതിന്റെ മറുപടിയായി മോശയെ എഴുന്നേൽപ്പിക്കുന്ന സമയത്ത് യഹോവ പറയുന്ന ഒരു കാര്യമുണ്ട് ''എന്റെ ജനത്തിന്റെ കഷ്ടത ഞാൻ കണ്ടു. അവരുടെ നിലവിളിയും കേട്ടു. ഒന്ന് തന്റെ ജനം നിലവിളിക്കുന്നതിന് മുമ്പ് തന്നെ അവർ നിലവിളിച്ച് പറയാതിരുന്ന അവർ അനുഭവിക്കുന്ന മറ്റൊരു കഷ്ടതയേയും യഹോവ കണ്ടു. അവർ നിലവിളിച്ച കഷ്ടതയേയും കണ്ടു. അതുകൊണ്ടാണ് യഹോവ അവരുടെ കഷ്ടത ഞാൻ കണ്ടു കണ്ടു എന്ന് പറയുന്നത്.

തുടർന്ന് മോശ മുഖാന്തരം അസാധാരണ യുദ്ധത്തിലൂടെ ജനത്തെ വിടുവിച്ചു. ഇപ്പോൾ ജനം ചെങ്കടലിന്റെ അരികിലാണ്. ദൈവത്തിന്റെ ഒരു പ്രവൃത്തി വെളിപ്പെടുകയാണ്. ദൈവത്തെ സ്നേഹിച്ച ജനത്തിന് അത് ഒരു അനുഗ്രഹവും യഹോവയ്ക്കെതിരെ നിന്ന ജനത്തിന് അത് നാശവുമായിത്തീർന്നു. ഇസ്രയേൽ കടലിന്റെ നടുവേ ഉണങ്ങിയ നിലത്ത് കൂടെ കടന്ന്പോയി. മിസ്രയീമ്യർ കടൽക്കരയിൽ ചത്തടിഞ്ഞ് കിടന്നു. ജനത്തിന്റെ ഭീതി മാറിപ്പോയി. ഫറവോന്യശക്തി ഒടുങ്ങിപ്പോയി. ''അഹരോന്റെ സഹോദരി മിര്യാം എന്ന പ്രവാചകി കയ്യിൽ തപ്പ് എടുത്ത് സ്ത്രീകൾ എല്ലാവരും കൂടെ തപ്പ്കളോടും നൃത്തത്തോടും ഗാനപ്രതിഗാനമായി ചൊല്ലിയത് യഹോവക്ക് പാടുവിൻ അവൻ മഹോന്നതൻ കുതിരയേയും അതിന്മേൽ ഇരുന്നവരേയും അവൻ കടലിൽ തള്ളിയിട്ടിരിക്കുന്നു'' പുറ:15:20,21.

## ഏപ്രിൽ 28.

ഉപവാസത്തിന്റെ രണ്ടാമത്തെ ആഴ്ചയിലേക്ക് പ്രവേശിച്ചു. സൂക്ഷ്മതയോടെ നിന്നില്ലെങ്കിൽ ബന്ധിക്കപ്പെടാം. കാരണം ബന്ധനം അഴിഞ്ഞ് ആരാധന വെളിപ്പെടാത്ത സ്ഥലത്താണ് ഉപവസിക്കുന്നത്, ശുശ്രൂഷിക്കുന്ന ശുശ്രൂഷകർ

തൊട്ട് ഉപവസിക്കുന്ന അനേകർ വരെ എന്തിന് ഞാൻ വരെ ഒരു പ്രത്യേക അളവിൽ ബന്ധിക്കപ്പെട്ട് നിൽക്കുകയാണ്. സൂക്ഷിച്ച് നിന്നില്ലെങ്കിൽ അന്യായമായ മറ്റൊരു ബന്ധനം കൂടെ സമ്മാനമായി കിട്ടും. ദൈവകൃപ കൂടെയുള്ളതിനാൽ സ്തോത്രം.

ഈ ആഴ്ച അസാധാരണമായ ഒരു മാനസികാവസ്ഥയെക്കുറിച്ചാണ് ദൈവം ആലോചന തന്നത്. 102 –ാം സങ്കീർത്തനത്തിന്റെ മുകളിലായി ഒരു വാക്യം ഇങ്ങനെയുണ്ട് ''അരിഷ്ടന്റെ പ്രാർത്ഥന അവൻ ക്ഷീണിച്ച് യഹോവയുടെ മുമ്പാകെ തന്റെ സങ്കടത്തെ പകരുമ്പോൾ കഴിച്ചത്''

ഈ അരിഷ്ടൻ ദാവീദാണ്. രാജസിംഹാനത്തിൽ ഇരിക്കുവാൻ ദൈവത്താൽ നിയോഗിക്കപ്പെട്ടവൻ. പക്ഷെ ശത്രുവിന്റെ തുടർച്ചയായ പീഢയാൽ അവൻ തകർന്ന് പോയി. ഇനി അവന് ഒന്നും നശിക്കുവാൻ ഇല്ല. ഇപ്പോൾ അവൻ അല്ല ജീവിക്കുന്നത്. അവന്റെ ശവമാണ്. കാരണം അതുപോലെ അവൻ ആയിത്തീർന്നു.

**ആരാണ് അരിഷ്ടൻ ?**

1. തുടർച്ചയായ ഞെരുക്കം
2. തുടർച്ചയായ പീഢ
3. തുടർച്ചയായ അപമാനം
4. തുടർച്ചയായ നിന്ദ
5. തുടർച്ചയായ കഷ്ടത
6. തുടർച്ചയായ ദാരിദ്രം
7. തുടർച്ചയായി തള്ളപ്പെട്ട സാഹചര്യം

ഈ സാഹചര്യം വർഷങ്ങളോളം നീണ്ട് നിന്നത് ആരുടെ ജീവിതത്തിലാണോ അവനാണ് അരിഷ്ടൻ. ബൈബിളിലെ ഏറ്റവും വലിയ അരിഷ്ടന്മാർ യിരമ്യാവും ഇയ്യോബും ആണ്. പിന്നെ ദാവീദ്, യോസേഫ്, മോശ, യാബ്ബേസ്, പൗലോസ് അങ്ങനെ അവരുടെ നിര നീളുന്നു.

ദൈവം പോലും തന്റെ മുഖം മറച്ച് നിൽക്കുകയാണോ എന്ന് തോന്നും. ജീവിതനാളുകൾ പുകപോലെ കഴിഞ്ഞ് പോകുന്ന അവസ്ഥ, അസ്ഥികൾ തീക്കൊള്ളിപോലെ വെന്തിരിക്കുന്ന സാഹചര്യം. ഹൃദയം അരിഞ്ഞ പുല്ലുപോലെ ഉണങ്ങിപ്പോയതായി തോന്നുക, ഭക്ഷണം കഴിപ്പാൻ കഴിയാത്ത ദിനങ്ങൾ. തുടർച്ച യായ ഞരക്കത്തിന്റെ ഒച്ച. ശത്രുക്കൾ ഇടവിടാതെ നിന്ദിക്കുന്ന സാഹചര്യം.

യിരമ്യാവ് 20–ാം അദ്ധ്യായത്തിൽ പറഞ്ഞത് അതുപോലെ എഴുതാം. ''ഞാൻ ഇടവിടാതെ പരിഹാസവിഷയമായിരിക്കുന്നു. എല്ലാവരും എന്നെ പരി ഹസിക്കുന്നു. സംസാരിക്കുമ്പോഴൊക്കേയും ഞാൻ നിലവിളിക്കുന്നു. മറ്റുള്ള വരുടെ സാഹസത്തേയും ബലാൽക്കാരത്തേയും കുറിച്ച് ആവലാധി പറയേണ്ടി വരുന്നു. യഹോവയുടെ വചനം എനിക്ക് ഇടവിടാതെ നിന്ദയ്ക്കും പരിഹാസ ത്തിനും വിഷയമായിത്തീരുന്നു. ഞാൻ സഹിച്ചു തളർന്നു എനിക്ക് വഹിയാതെ യായി സർവ്വത്രഭീതി''. അരിഷ്ടന്റെ മാനസികാവസ്ഥ വെളിപ്പെടുന്ന ഒരു ഞ രക്കം താഴെ കാണുന്നു '' ഞാൻ ജനിച്ച ദിവസം ശപിക്കപ്പെട്ടിരിക്കട്ടേ എന്റെ അമ്മ എന്നെ പ്രസവിച്ച ദിവസം അനുഗ്രഹിക്കപ്പെടാതിരിക്കട്ടേ. കഷ്ടവും സങ്കടവും അനുഭവിച്ച് ജീവകാലം ലജ്ജയിൽ കഴിച്ച് കൂട്ടേണ്ടതിന് ഞാൻ ഉദരത്തിൽ നിന്ന് പുറത്ത് വന്നതെന്തിന്'' യിരമ്യാവിനെപോലെ ഇയ്യോബും പറയുന്നു. '' ഇയ്യോബ് വായ് തുറന്ന് തന്റെ ജന്മദിവസത്തെ ശപിച്ചു. ഞാൻ ഗർഭ പാത്രത്തിൽ വച്ച് മരി ക്കാത്തതെന്ത്? ഉദരത്തിൽ നിന്ന് പുറപ്പെട്ടപ്പോൾ തന്നെ പ്രാണൻ പോകാതിരു ന്നത് എന്ത്? ഞാൻ കുറുക്കന്മാർക്ക് സഹോദരനും ഒട്ടകപ്പക്ഷികൾക്ക് കൂട്ടാ ളിയും ആയിരിക്കുന്നു. എന്റെ ത്വക്ക് കറുത്ത് പൊളിഞ്ഞ് വീഴുന്നു. എന്റെ അസ്ഥി ഉഷ്ണം കൊണ്ട് കരിഞ്ഞിരിക്കുന്നു. എന്റെ കിന്നരനാദം വിലാപമായും എന്റെ കുഴലൂത്ത് കരച്ചിലായും തീർന്നിരിക്കുന്നു'' ഇയ്യോബ് : 30.

പൗലോസും തന്റെ അനുഭവത്തെ പറയുന്നു '' ഞങ്ങൾ സകല വിധ ത്തിലും കഷ്ടം സഹിക്കുന്നവർ എങ്കിലും ഇടുങ്ങിയിരിക്കുന്നില്ല. ബുദ്ധിമുട്ടു ന്നവർ എങ്കിലും നിരാശപ്പെടുന്നില്ല. ഉപദ്രവം അനുഭവിക്കുന്നവർ എങ്കിലും ഉപേ ക്ഷിക്കപ്പെടുന്നില്ല. വീണ് കിടക്കുന്നവർ എങ്കിലും നശിച്ച് പോകുന്നില്ല. യേശു

വിന്റെ ജീവൻ ഞങ്ങളുടെ കൂടെ ശരീരത്തിൽ വെളിപ്പെടേണ്ടതിന് യേശുവിന്റെ മരണം ശരീരത്തിൽ എപ്പോഴും വഹിക്കുന്നു. എല്ലായ്പ്പോഴും യേശു നിമിത്തം മരണത്തിൽ ഏൽപ്പിക്കപ്പെടുന്നു'' II കൊരി: 4:8:11.

''അതുകൊണ്ട് ഞങ്ങൾ അധൈര്യപ്പെടാതെ ഞങ്ങളുടെ പുറമേയുള്ള മനുഷ്യൻ ക്ഷയിച്ച് പോകുന്നു. എങ്കിലും ഞങ്ങളുടെ അകമേയുള്ളവൻ നാൾക്കുനാൾ പുതുക്കം പ്രാപിക്കുന്നു. നൊടിനേരത്തേക്കുള്ള ഞങ്ങളുടെ ലഘുവായ കഷ്ടം അത്യന്തം അനവധിയായി തേജസിന്റെ നിത്യഘനം ഞങ്ങൾക്ക് കിട്ടുവാൻ ഹേതുവാകുന്നു. കാണുന്നതിനെ അല്ല കാണാത്തതിനെ അത്രേ ഞങ്ങൾ നോക്കികൊണ്ടിരിക്കുന്നു. കാണുന്നത് താൽക്കാലികം കാണാത്തതോ നിത്യം'' II കൊരി: 4:16 – 118.

അരിഷ്ടന്റെ നേരെ സകലരും മുഖം മറയ്ക്കുന്നു. സകലരും തള്ളി ക്കളയുന്നു. സകലരുടേയും മുമ്പിൽ ഒരു വിലയും അവനില്ല. ഒരു മാന്യതയും ബഹുമാനവും ഇല്ല. പക്ഷെ ദൈവം അരിഷ്ടന്റെ നേരെ മുഖം മറയ്ക്കുന്നില്ല. അവന്റെ പ്രാർത്ഥന കേൾക്കുകയത്രേ ചെയ്യുന്നത്. സകലരും കാൺകേ അവനെ ഉയർത്തും അവനെ മാനിക്കും. ബൈബിളിലെ എല്ലാവരേയും അവൻ മാനിച്ചു. ഈ അനുഭവത്തിലൂടെ പോയ സകല വ്യക്തിജീവിതങ്ങളേയും ദൈവം മാനിച്ചിട്ടുണ്ട്. ഈ എഴുതിയ വ്യക്തിയും ഈ അനുഭവത്തിലൂടെ സഞ്ചരിച്ചതാ ണ്. ദൈവം എന്നെ മാനിക്കും ഇത് വായിക്കുന്ന വ്യക്തിയും ഈ അനുഭവത്തി ലൂടെ സഞ്ചരിച്ചിട്ടുള്ളതാണെങ്കിൽ വിഷാദം ഉപേക്ഷിക്കുക ദൈവം നിങ്ങളേയും മാനിക്കും.

## മെയ് 5.

ഉപവാസത്തിന്റെ മൂന്നാം ആഴ്ചയിലേക്ക് പ്രവേശിക്കുകയാണ്. ദൈവം എന്റെ മേൽ പകർന്നിട്ടുള്ള ശുശ്രൂഷ പൂർണ്ണമായും പുതിയ തലമുറക്ക് വേണ്ടി യാണ്. അതുകൊണ്ട് എനിക്ക് മുമ്പെ ശുശ്രൂഷക്ക് ഇറങ്ങിയ ശുശ്രൂഷകർ നല്ല വർ എങ്കിലും എനിക്ക് അവരുമായി യാതൊരുവിധ ബന്ധവും ഇല്ല. അങ്ങനെ

ഒരു ബന്ധം എനിക്ക് ദോഷം ചെയ്യും. കാരണം അവരുടെ കാഴ്ചപ്പാടും ദൈവം എനിക്ക് തന്ന കാഴ്ചപ്പാടും വളരെ വ്യത്യസ്തമാണ്. ഒരിക്കലും ചേർന്ന് പോകുകയില്ല. പരിശുദ്ധാത്മാവിന്റെ ആലോചനയ്ക്ക് കീഴിൽ എന്തെങ്കിലും പറഞ്ഞാൽ സ്വീകരിക്കുക എന്നല്ലാതെ അവരുമായി എനിക്ക് ബന്ധവും ഇല്ല. എത്ര വലിയ ശുശ്രൂഷകരാണെങ്കിലും ശരി ഞാൻ ഒഴിഞ്ഞ് മാറിപോകുകയേ ഉള്ളൂ. എനിക്ക് ദൈവം തന്നിരിക്കുന്ന ആലോചനകളും കാഴ്ചപ്പാടുകളും പ്രവർത്തന രീതികളും ആരോടും എനിക്ക് പറയത്തില്ല. മറ്റാരുടേയും എനിക്ക് സ്വീകരിക്കത്തും ഇല്ല.

ഞാൻ ഉന്നതനമായ വ്യക്തിയൊന്നും അല്ല. മാന്യമായ ഒരു സ്ഥാനത്ത് ഇരിക്കുവാനുള്ള യോഗ്യത പോലും ഇപ്പോൾ എനിക്കില്ല. എല്ലാവരുമായി ഒരു പ്രത്യേക അകലമിട്ട് മാത്രമേ എനിക്ക് ബന്ധപ്പെടുവാൻ അനുവാദം ഉള്ളൂ. ഒരിക്കൽ ദൈവം എനിക്ക് തന്ന ആലോചന ''ശുശ്രൂഷകന്മാരെ സൂക്ഷിക്കണം'' എന്നാണ്. ഇതിന് രണ്ട് അർത്ഥം ഉണ്ട്.

1. ശുശ്രൂഷകന്മാരെ സംരക്ഷിക്കണം, വളർത്തണം, സഹായിക്കണം.
2. ശുശ്രൂഷകന്മാർ മുഖാന്തരം ശത്രു ദോഷം വിതയ്ക്കും. അതുകൊണ്ട് സൂക്ഷിച്ച് മാത്രമേ അവരുമായി ബന്ധപ്പെടാവൂ.

ഭാവികാലത്ത് ദൈവം ഉപയോഗിക്കുവാൻ തീരുമാനിച്ചിട്ടുള്ളവരുമായി മാത്രമേ എനിക്ക് ബന്ധം ഉള്ളൂ. ഇപ്പോൾ ഉപയോഗിക്കുന്നവരുമായോ, ഉപയോഗിക്കപ്പെട്ടവരുമായോ എനിക്ക് ബന്ധം ഇല്ല. എല്ലാവരേയും ഞാൻ സ്നേഹിക്കുന്നു, ബഹുമാനിക്കുന്നു. ഇപ്പോൾ ഇന്ത്യയിൽ ദൈവം ഉപയോഗിക്കുന്നവരെ ഞാൻ സ്നേഹിക്കുന്നു. ബഹുമാനിക്കുന്നു. അവർക്കായി പ്രാർത്ഥിക്കുന്നു. പക്ഷെ അവരിലൂടെ ദൈവം വെളിപ്പെടുത്തുന്നത് വരും കാലത്തെ ശുശ്രൂഷയെ വച്ച് താരതമ്യം ചെയ്യുമ്പോൾ ഒന്നും അല്ല എന്ന് എനിക്ക് തോന്നിപ്പോകുന്നു. എത്ര വലിയ ശുശ്രൂഷകരാണെങ്കിലും വചനം പറയാതെ മറ്റ് വീരകഥകൾ പറയുകയാണെങ്കിൽ ഉൾകൊള്ളുവാൻ കഴിയില്ല. എന്നാൽ തീരെ പ്രായം കുറഞ്ഞ, ശുശ്രൂഷയിലേക്ക് കാൽ എടുത്ത് വച്ച പുതിയ ശുശ്രൂഷകർ അവർ പ്രശസ്തരല്ലെങ്കിലും വലിയ ആലോചനകൾ അവരിലൂടെ എനിക്ക് ലഭിക്കുന്നു. പഴയനിര

ശുശ്രൂഷകരുടെ നടുവിലാണ് ഞാൻ ഉപവാസത്തിലായിരുന്നത്. അവരിലൂടെ ദോഷം ശരീരത്തിൽ അനുഭവപ്പെട്ടതിന് ശേഷമാണ് അത് മനസിലാകുന്നത്. അവരിൽ നിന്ന് മാറി പരിശുദ്ധാത്മാവുമായി സമയം ചെലവഴിക്കുമ്പോഴാണ് യാഥാർത്ഥ്യം മനസിലാകുന്നത്. ഉപവാസ പ്രാർത്ഥന ദൂരക്കാഴ്ചയിൽ എനിക്ക് ഗുണമാണെങ്കിലും ഇപ്പോൾ എന്റെ പ്രാർത്ഥനാനുഭവത്തിനും ആരാധനക്കും അൽപം ദോഷമായിത്തീർന്നു. ഇനി ചില ദിവസങ്ങൾ പരിശുദ്ധാത്മാവുമായി ഏകനായി ചിലവഴിച്ചാൽ മാത്രമേ പഴയ അനുഭവം വീണ്ടും ലഭിക്കുകയുള്ളൂ. അത് ഒരാഴ്ചക്കുള്ളിൽ എനിക്ക് തിരികെ ലഭിക്കും.

ദൈവം എന്നെ പുതിയ അനുഭവങ്ങളിലൂടെ നടത്തുകയാണ്. ആരംഭത്തിൽ അല്പം ദോഷം അനുഭവപ്പെട്ടാലും പിന്നീട് അത് ഗുണമായി മാറും. ദൈവം നന്മയാക്കി അതിനെ മാറ്റും. സർവ്വ ബന്ധനവും ദൈവം അഴിച്ച് കളയും. പുതിയ ചിറക് തന്ന് ആകാശവിതാനത്തിൽ നമ്മെ ഉയർത്തും. പരിശുദ്ധാത്മ ശക്തിയും വചനവുമായ ചിറക് ദൈവം നമുക്ക് തരും. നാം ഉണർത്തപ്പെടും.

**മെയ് 12.**

ഉപവാസദിനങ്ങൾ അവസാനിച്ചു. പ്രത്യക്ഷത്തിൽ വിടുതലുകൾ കാണുന്നില്ല. എങ്കിലും ആഴത്തിൽ ദൈവപ്രവൃത്തി വെളിപ്പെട്ടിട്ടുണ്ട്. മൂന്ന് മാസത്തിനുള്ളിൽ ആരംഭം കാണുവാൻ കഴിയും എന്ന് പ്രത്യാശിക്കാം.

കർത്താവ് പുനരുത്ഥാനം ചെയ്ത് കഴിഞ്ഞ് നിരവധി പ്രാവശ്യം ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെട്ടു. അങ്ങനെയൊരു സമയത്ത് ശീമോൻ പത്രോസിനോട് ഇങ്ങനെ ചോദിച്ചു ''അവരിൽ അധികമായി എന്നെ സ്നേഹിക്കുന്നുവോ? ഉവ്വ് എന്ന് പത്രോസ് പറയുന്നു. മൂന്ന് പ്രാവശ്യം കർത്താവ് ഇതേ ചോദ്യം ചോദിക്കുന്നുണ്ട്. മൂന്ന് പ്രാവശ്യവും ഉവ്വ് എന്ന് പത്രോസ് പറയുന്നു. എന്നാൽ മൂന്നാം പ്രാവശ്യം കർത്താവ് ചോദിച്ചതുകൊണ്ട് പത്രോസ് ദു:ഖിച്ച് പറയുന്നു നീ സകലവും അറി

യുന്നു, എനിക്ക് നിന്നോട് പ്രിയം ഉണ്ട് എന്നും നീ അറിയുന്നു എന്ന് പറഞ്ഞു. എന്താണ് കർത്താവ് ഇങ്ങനെ മൂന്ന് പ്രാവശ്യവും ഒരേ ചോദ്യം ചോദിച്ച് ഒരേ ഉത്തരം അവനേക്കൊണ്ട് പറയിപ്പിച്ചത്.

കർത്താവിന്റെ ക്രൂശീകരണ സമയത്ത് പത്രോസ് മൂന്ന് പ്രാവശ്യം കർത്താവിനെ തള്ളി പറഞ്ഞിരുന്നു. ഓരോ പ്രാവശ്യം തള്ളി പറയുമ്പോഴും അതിന്റെ തീവ്രത കൂടി വന്നു. ബാല്യക്കാരത്തി ചോദിച്ചു നീയും ഈ മനുഷ്യന്റെ ശിഷ്യന്മാരിൽ ഒരുവനോ? പെട്ടെന്ന് പത്രോസ് അല്ല എന്ന് പറഞ്ഞു. തുടർന്ന് രണ്ടാമത് ചിലർ നീയും അവന്റെ ശിഷ്യന്മാരിൽ ഒരുത്തനല്ലയോ എന്ന് പറഞ്ഞു. ഉടൻ പത്രോസ് അല്ല എന്ന് മറുത്ത് പറഞ്ഞു. മൂന്നാമതും ഇവർചോദിച്ചപ്പോൾ പത്രോസ് പറയുന്നു “ നിങ്ങൾ പറയുന്ന മനുഷ്യനെ ഞാൻ അറിയുന്നില്ല എന്ന് പറഞ്ഞ് പ്രാകുവാനും ആണയിടുവാനും തുടങ്ങി”.

അങ്ങനെ കർത്താവിനെ തള്ളിപ്പറഞ്ഞതോടെ മൂന്ന് തരത്തിലുള്ള ബന്ധനം അവന്റെ ജീവിതത്തിൽ വന്നു. അവന്റെ മൂന്ന് ബന്ധനങ്ങളേയും അഴിച്ച് കളയുവാൻ കർത്താവ് ആഗ്രഹിച്ചു. നാവ് കൊണ്ടാണ് തള്ളിപ്പറഞ്ഞത്. ആ നാവുകൊണ്ട് തന്നെ ഏറ്റ് പറയിപ്പിച്ച് കർത്താവ് അവനെ സ്വതന്ത്രനാക്കി ശുശ്രൂഷ ഭരമേൽപ്പിച്ചു.

അതുപോലെ ശുശ്രൂഷയ്ക്ക് തടസ്സമായി ശുശ്രൂഷകന്റെ ശരീരത്തിൽ ശത്രു ബന്ധനം കൊണ്ട് വരും. ഒന്നാമത്തെ ബന്ധനം പാരമ്പര്യബന്ധനമാണ്. ഇത് തുടർച്ചയായ വചനധ്യാനത്തിലൂടെ ആരാധനയിലൂടെ പ്രാർത്ഥനയിലൂടെ അഴിച്ച് കളയാം. മറ്റൊന്ന് ശത്രു ശരീരത്തിന്റെ ചില ഭാഗങ്ങളെ ബന്ധിപ്പിക്കും. ബന്ധനം കടന്ന് വരുന്നത് പാപശാപത്തിലൂടെയാണ്. അതിന് വേണ്ടി നമ്മുടെ ശരീരഭാഗത്തെ പാപത്തിലൂടെ അവൻ കടത്തി വിടും. അങ്ങനെ ബന്ധിക്കും. ചിന്താമണ്ഡലത്തിലും ബുദ്ധിമണ്ഡലത്തിലും നിരവധി പാപങ്ങൾ കൊണ്ടു വരും. പക, അസൂയ, ജഢികചിന്ത, ക്രോധം, കോപം അങ്ങനെ ധാരാളം. ഇതിലൂടെ ചിന്താമണ്ഡലത്തെ ബുദ്ധിമണ്ഡലത്തെ ബന്ധിക്കും.

കണ്ണ്, ചെവി എന്നിവയിലൂടെ കാണുവാൻ പാടില്ലാത്തതും കേൾക്കുവാൻ പാടില്ലാത്തതുമായ പാപം ചെയ്യിക്കും. അങ്ങനെ അവയെ ബന്ധിക്കും. നാവും തൊണ്ടയും ഉപയോഗിച്ച് പറയുവാൻ പാടില്ലാത്ത മുഴുവൻ കാര്യങ്ങളും ശത്രു പറയിപ്പിക്കും. ശത്രു നാവിനെ ഉപയോഗിച്ച് ശാപം വരെ നമ്മുടെ തലയിൽ കെട്ടിവയ്പിക്കും. കൈകാലുകളേയും പാപത്തിന് പ്രേരിപ്പിച്ച് ശത്രു നമ്മെ ബന്ധിക്കും. അങ്ങനെ പാപശാപ ശത്രു ബന്ധനത്തിന്റെ കീഴിൽ ഒരു ശുശ്രൂഷകനെ ശത്രു കെട്ടും. അവന്റെ ശുശ്രൂഷ പൂർണ്ണമായി വെളിപ്പെടുകയില്ല. ഇതിൽ നിന്ന് വിടുതൽ വേണമെങ്കിൽ ചില തുടർമാന പ്രക്രിയകളുണ്ട്.

1. പരിശുദ്ധാത്മാവിനോട് ചോദിക്കണം ശത്രു ബന്ധനം ഇട്ടിരിക്കുന്നത് എവിടെയൊക്കെയാണ് എന്ന് ചോദിക്കണം. പരിശുദ്ധാത്മാവ് കാണിച്ച് തരും.
2. ഈ ബന്ധനം വരുവാൻ കാരണമായ പാപശാപങ്ങൾ ഏതാണ് എന്ന് ചോദിക്കണം, അപ്പോൾ പരിശുദ്ധാത്മാവ് ഓരോന്നായി വെളിപ്പെടുത്തും.

ഇനിയാണ് ഏറ്റവും പ്രധാനം. ജീവിതത്തിൽ വന്ന ഓരോ പാപശാപപ്രവൃത്തികളെ ഓർത്ത് അനുതപിക്കണം. ഹൃദയത്തിന്റെ ആഴത്തിൽ നിന്ന് ഏറ്റ് പറയണം. തുടർന്ന് ,യേശുവിന്റെ രക്തം ഉപയോഗിച്ച് ഓരോ പാപശാപവും കഴുകണം. വചനം ഉപയോഗിച്ച് ശുദ്ധീകരിക്കണം. പരിശുദ്ധാത്മാവിനോട് ഓരോ മേഖലയിലേക്കും കടന്ന് വരുവാൻ പറയണം. ഇത്രയും ചെയ്താൽ പാപശാപ ബന്ധനം അഴിഞ്ഞ് മാറും. ഇനി നേരിടേണ്ടത് ശത്രുബന്ധനത്തെയാണ്. അത് ദൈവവചനത്തിലും പരിശുദ്ധാത്മാവിലും ആശ്രയിച്ച് ശത്രുവിനോട് പോരാടി ജയിക്കണം. ആത്മശക്തിയാൽ വചനം ഉപയോഗിച്ച് പോരാടി പ്രാർത്ഥിച്ച് ശത്രുവിനെ പരാജയപ്പെടുത്തി സ്വന്തം ശരീരത്തിൽ നിന്ന് ശത്രുവിനെ ഓടിക്കണം. അങ്ങനെ ശത്രുബന്ധനം അഴിക്കണം. തുടർന്ന് വീണ്ടും ശത്രു പാപശാപശത്രു ബന്ധനവുമായി വരാതിരിക്കുവാൻ ശത്രുവിന്റെ സകല വഴികളും അടയ്ക്കണം. തുടർന്ന് സൗമ്യതയോടെ സാവധാനത്തിൽ സകലതും ക്രമീകരിക്കണം. അങ്ങനെ ചെയ്താൽ ഒരു ക്രിസ്തീയ ജയാളിയുടെ ജീവിതം നയിക്കാം. ദൈവത്തിൽ നിന്ന്

പൂർണ്ണ അനുഗ്രഹം പ്രാപിക്കാം.

**മെയ് 19.**

ദൈവികശുശ്രൂഷക്കെതിരെ നിരവധി നാളുകളായി നിന്ന് വ്യാപരിച്ച് പോരാടി നിന്ന സർപ്പശക്തി രൂപത്തിൽ വെളിപ്പെട്ട പൈശാചിക ദേശാന്ധകാര ശക്തി ഏഴായി പിളർന്ന് അതിന്റെ നല്ലൊരു ഭാഗം പരാജയപ്പെട്ട് നശിച്ച് പോയ ഒരു വെളിപ്പാട് ദൈവം കാണിച്ചു. ശത്രുനിര ശക്തികൾ ക്ഷയിച്ച് കൊണ്ടിരിക്കുകയാണ്. ദൈവശക്തി വെളിപ്പെടാൻ സമയമായി.

ദൈവാത്മാവ് തന്ന ഒരു ആലോചന എഴുതുന്നു'' രാത്രിയിൽ കർത്താവ് അവന്റെ അടുക്കൽ നിന്ന് ധൈര്യമായിരിക്ക; നീ എന്നെക്കുറിച്ച് യെരുശലേമിൽ സാക്ഷീകരിച്ചത്പോലെ റോമയിലും സാക്ഷീകരിക്കേണ്ടതാകുന്നു'' എന്നരുളിചെയ്തു. അപ്പോ: 23:11

അഭിഷിക്തനായ പൗലോസിന് മറ്റൊരു ശുശ്രൂഷാ സ്ഥലം ഒരുങ്ങുകയാണ്. എന്താണ് ആ സ്ഥലത്തിന്റെ പ്രത്യേകത. ആ കാലഘട്ടത്തിൽ ലോകത്തിൽ വച്ച് ഏറ്റവും സമ്പന്നവും പരിഷ്കാരവും ഉള്ള ദേശം. യരുശലേമിൽ നിന്നും ശുശ്രൂഷയോടുള്ള ബന്ധത്തിൽ റോമിലേക്ക് പൗലോസിന് പോകുവാൻ ദൈവിക നിർദ്ദേശം ലഭിച്ചു. ദൈവിക നിയോഗം പ്രാപിച്ച ഉടനെ ശത്രു അഭിഷിക്തനെതിരെ പോരുമായി എഴുന്നേറ്റു. ആദ്യം അവന് പോര് എഴുന്നേറ്റ് വന്നത് സ്വന്തം ജനമായ യഹൂദജനവിഭാഗത്തിൽ നിന്ന് തന്നെയാണ്.

ഇതാ 12 –ാം വാക്യത്തിൽ കാണുന്നു ''നേരം വെളുത്തപ്പോൾ ചില യഹൂദന്മാർ തമ്മിൽ യോജിച്ചു പൗലോസിനെ കൊന്നു കളയുവോളം ഒന്നും തിന്നുകയോ കുടിക്കുകയോ ചെയ്കയില്ല എന്ന് ശപഥം ചെയ്തു''. ശത്രു പദ്ധതിക്കെതിരെ പരിശുദ്ധാത്മാവ് അഭിഷിക്തന് വേണ്ടി ചില യുദ്ധപ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിച്ചു.

1. ശത്രു പദ്ധതിയെക്കുറിച്ച് പൗലോസിന്റെ പെങ്ങളുടെ മകന് പരിശുദ്ധാത്മാവ് അറിവ് കൊടുത്തു. 23:16.
2. സഹസ്രാധിപന്റെ അടുക്കൽ വിഷയത്തിന്റെ ഗൗരവം എത്തിച്ച് കൊടുത്തു. 23:20,21.
3. സഹസ്രാധിപൻ രഹസ്യത്തിൽ അഭിഷിക്തന് വേണ്ടി പ്രതിരോധ മാർഗ്ഗം സ്വീകരിച്ചു.

അഭിഷിക്തനെതിരെ 40 യഹൂദന്മാരാണ് സംഘടിച്ചത്. എന്നാൽ അഭിഷിക്തന് വേണ്ടി ദൈവം നൽകിയ സംരക്ഷണം അതിബൃഹത്തേറിയ ഒന്നായിരുന്നു. ശത്രുവിന് ഒന്നും തൊടുവാൻ പോലും കഴിഞ്ഞില്ല.

1. ശത്രു പദ്ധതി വെളിപ്പെടുന്നതിന് മുമ്പ് തന്നെ രാത്രിയിൽ മൂന്നാം മണി നേരത്ത് തന്നെ ദൈവികസംരക്ഷണ പദ്ധതി രൂപം കൊണ്ടു. 23:23.
2. സംരക്ഷണത്തിനായി താഴെ പറയുന്ന സേനയെ നിയോഗിച്ചു. ഇരുനൂറ് കാലാൾ, എഴുപത് കുതിരചേകവർ, ഇരുന്നൂറ് കുന്തക്കാർ
3. പൗലോസിന് സുരക്ഷിതമായി യാത്രചെയ്യുന്നതിനാവശ്യമായ മൃഗവാഹനങ്ങളും നൽകി സുരക്ഷിത ഇടമായ ദേശാധിപതിയായ ഫെലിക്സിന്റെ അടുക്കൽ ക്ഷേമത്തോടെ എത്തിച്ചു.

യാത്രക്കെതിരെ നിന്ന ഒന്നാമത്തെ ശത്രു പദ്ധതിയെ ദൈവം തകർത്തു. തുടർന്ന് റോമിലേക്ക് യാത്ര ചെയ്യുന്നതിനുള്ള ദൈവിക പദ്ധതി രൂപം കൊള്ളുകയാണ്. പൗലോസിനെ കപ്പൽ കയറ്റി ഇതല്യയ്ക്ക് (ഇറ്റലി) അയക്കുവാൻ കൽപ്പനയായി. 27:1.

പൗലോസിന്റെ കൂടെ കപ്പലിൽ ഉണ്ടായിരുന്നത് ആരൊക്കെയാണ്

1. മറ്റ് ചില തടവുകാർ
2. 100 പട്ടാളക്കാർ അടങ്ങിയ ഒരു ഗ്രൂപ്പായ ഔഗുസ്ത്യ പട്ടാളം
3. ശതാധിപനായ യൂലിയോസ്

4. മക്കെദോന്യക്കാരായ അരിസ്തഹൊർസ്
5. മാലുമിയും കപ്പലുടമസ്ഥനും.

അഭിഷിക്തൻ കൂടാതെ അഞ്ച് വിഭാഗത്തിലുള്ള ജനം കൂടെയുണ്ട്. കൂടെ ഉണ്ടായിരുന്ന തടവുകാർ മുഖാന്തരം ചെറിയ ദോഷമെ ഉണ്ടായുള്ളൂ. ശതാധിപനായ യൂലിയോസ് പൗലോസിന് അനുകൂലമായിരുന്നുവെങ്കിലും പൂർണ്ണമായി അംഗീകരിച്ചിരുന്നില്ല. മാലുമിയും കപ്പലുടമസ്ഥനും വിപരീതമായ വ്യത്യസ്ഥമായ അഭിപ്രായം ഉള്ളവർ ആയിരുന്നു.

യാത്രയുടെ ആരംഭം മുതലേ അഭിഷിക്തന് ദൈവം ആലോചന കൊടുത്തുകൊണ്ടേ ഇരുന്നു. പക്ഷെ കൂടെയുണ്ടായിരുന്നവർ അംഗീകരിച്ചില്ല. കപ്പൽ യാത്ര വിഷമമാകും എന്ന് ആത്മാവിൽ വിവേചിച്ച് ദൈവികാലോചന മനസിലാക്കിയ പൗലോസ് ക്രേത്തയിൽ നിന്ന് കപ്പൽ നീക്കരുത് എന്ന് ആലോചന പറഞ്ഞു. പക്ഷെ ആലോചന അംഗീകരിക്കപ്പെട്ടില്ല. ശതാധിപൻ മാലുമിയുടേയും കപ്പലുടമസ്ഥന്റേയും വാക്കുകൾ കൂടുതൽ വിശ്വസിച്ചു. ദൈവികാലോചനയെ തള്ളിക്കളഞ്ഞത് മുഖാന്തരം കഷ്ടനഷ്ടം അനുഭവിക്കുകയും ചെയ്തു. ദൈവികാലോചന അംഗീകരിക്കാത്തത് കൊണ്ട് നിരവധി നഷ്ടങ്ങൾ ഉണ്ടായി.

1. ചരക്ക് പുറത്ത് കളഞ്ഞു. 27:18.
2. കപ്പൽ കോപ്പും കടലിൽ ഇട്ട് കളഞ്ഞു. 27:19.
3. ധാന്യവും കടലിൽ കളഞ്ഞു. 27:38

ദൈവികാലോചനക്ക് കീഴിൽ പോകാത്തത് കൊണ്ടാണ് കഷ്ടനഷ്ടങ്ങൾ ചിലപ്പോൾ അനുഭവിക്കേണ്ടി വരുന്നത്. ധാരാളം മാനസികവ്യഥയും അനുഭവിക്കുന്നതിനും ചിലപ്പോൾ ഇതുതന്നെകാരണം എങ്കിലും ദൈവത്തെ അനുസരിക്കുന്ന ഒരുവൻ എങ്കിലും ഒരുകൂട്ടത്തിൽ ഉണ്ടെങ്കിൽ ദൈവത്തിന്റെ കരുണ വെളിപ്പെടും. അഭിഷിക്തനായ പൗലോസിനോട് ദൈവം പറയുന്നു ''നീ കൈസരുടെ മുമ്പാകെ നിൽക്കേണ്ടതാകുന്നു നിന്നോട് കൂടെ യാത്ര ചെയ്യുന്നവരെ ഒക്കേയും ദൈവം നിനക്ക് ദാനം ചെയ്തിരിക്കുന്നു'' 27:24 എന്ന് പറഞ്ഞു.

ഇവിടെ രണ്ട് കാഴ്ചപ്പാട് ഏറ്റുമുട്ടുന്നു

1. ആത്മാവിന്റെ കാഴ്ചപ്പാട്
2. ബുദ്ധിയുടെ കാഴ്ചപ്പാട്

‘‘വളരെ നാളായിട്ട് സൂര്യനേയും നക്ഷത്രങ്ങളേയും കാണാതെ, വല്ലാത്ത കൊടുങ്കാറ്റ് അടിച്ച് കൊണ്ട് ഇരിക്കയാൽ ഞങ്ങൾ രക്ഷപ്പെടും എന്നുള്ള ആശ ഒക്കേയും അറ്റുപോയി’’ 27:20. ബുദ്ധിയുടെ കാഴ്ചപ്പാടിൽ നീങ്ങുന്ന വ്യക്തിക്ക് കൺമുമ്പിൽ എന്തെങ്കിലും നന്മ വെളിപ്പെട്ടില്ലെങ്കിൽ അവൻ പതറിപ്പോകും. ആത്മാവിന്റെ കാഴ്ചപ്പാടുള്ളവൻ മുമ്പിൽ വെളിപ്പെടുന്ന പ്രതികൂലത്തെ നോക്കിയല്ല സഞ്ചരിക്കുന്നത്. ആത്മാവിന്റെ ആലോചനയ്ക്കനുസരിച്ചാണ്. ബുദ്ധിയുടെ കാഴ്ചപ്പാട് നിരാശ തരുമ്പോൾ ആത്മാവിന്റെ കാഴ്ചപ്പാട് പ്രത്യാശ തരുന്നു.

യാത്രയുടെ ആരംഭത്തിൽ അഭിഷിക്തനായ പൗലോസിന് അംഗീകാരം ലഭിച്ചില്ല. പക്ഷെ ഇപ്പോൾ അവൻ പറയുന്നതാണ് അവസാന വാക്ക്. കപ്പൽക്കാർ സ്വയം രക്ഷപ്പെടുവാൻ രഹസ്യത്തിൽ ശ്രമിച്ചപ്പോൾ പൗലോസ് ശതാധിപനോട് പറയുകയാണ് ഇവർകപ്പലിൽ താമസിച്ചല്ലാതെ നിങ്ങൾക്ക് രക്ഷപ്പെടുവാൻ കഴിയുന്നതല്ല എന്ന് പറഞ്ഞു.27:31. ശതാധിപൻ ഉടൻ അനുസരിച്ചത് കൊണ്ട് അവർ രക്ഷപ്പെട്ടു. തുടർന്ന് അഭിഷിക്തൻ ആ കപ്പലിൽ ഉള്ള എല്ലാവരുടേയും രക്ഷക്ക് കാരണമായിത്തീർന്നു. ദൈവികാലോചന പറഞ്ഞ് സകലരുടേയും നിരാശയെ അവൻ പ്രത്യാശയാക്കി മാറ്റി. അങ്ങനെ എല്ലാവരും ഒരു പ്രത്യേകമുഖാന്തരത്തിലൂടെ മെലിത്ത ദ്വീപിൽ എത്തിപ്പെട്ടു.

ഈ ജനം മുഴുവൻ രക്ഷപ്പെടുവാൻ കാരണം അഭിഷിക്തനാണ് എന്ന് മനസിലായ ശത്രു പൗലോസിന്റെ കയ്യിൽ ഒരു അണലിയായി ചുറ്റി. പക്ഷെ പൗലോസ് ആത്മശക്തി ഉപയോഗിച്ച് അതിനെ തീയിലേക്ക് കുടഞ്ഞ് കളഞ്ഞു. ഇനി തിരിച്ച് വരാൻ കഴിയാത്ത തരത്തിൽ ശത്രുവിനെ തകർത്തു. തുടർന്ന് അത്ഭുതരോഗ ശാന്തി ശുശ്രൂഷകളിലൂടെ ധാരാളം നന്മകൾ പ്രാപിച്ച് താനും

തന്റെ കൂടെയുള്ളവരും റോമിലേക്ക് യാത്രയായി.

''റോമയിൽ എത്തിയ ശേഷം പടയാളികളിൽ നിന്ന് വേറിട്ട് പാർപ്പാൻ അനുവാദം കിട്ടി'' 28:16. തുടർന്ന് നീണ്ട വർഷങ്ങൾ ദൈവികശുശ്രൂഷ ആ ദേശത്ത് ചെയ്ത് അവിടെ പാർത്തു. അങ്ങനെ ദൈവികാലോചന നിവൃത്തിയായി. തിരുവായ്കൊണ്ട് അരുളിചെയ്ത് അത് തൃക്കയ്യാൽ നിവർത്തിക്കുന്ന ദൈവത്തിന് സ്തോത്രം.

## മെയ് 26

ദൈവത്തിന്റെ കരുണ നിരവധി വിഷയങ്ങളിന്മേൽ വ്യാപരിച്ചു. തൃക്കയ്യുടെ പ്രവർത്തികൾ തന്നിൽ ആശ്രയിക്കുന്നവർക്ക് വേണ്ടി വ്യാപരിക്കുന്നു. യഹോവയിൽ ആശ്രയിക്കുകയും യഹോവ മാത്രം ആശ്രയമായും ഉള്ള മനുഷ്യൻ ഭാഗ്യവാൻ. ഈ നാളുകളിൽ ദേശം രണ്ടായി തിരിയും. ദൈവത്തെ സേവിക്കുന്നവനും സേവിക്കാത്തവനും തമ്മിലുള്ള വ്യത്യാസം വെളിപ്പെടുവാൻ പോകുകയാണ്.

ഈ ആഴ്ച ഒരു പ്രത്യേക തരത്തിലുള്ള ആലോചനയാണ് ദൈവം തരുന്നത്. ഒരു അഭിഷിക്തന്റെ അതി ദു:ഖത്തോടെയുള്ള ഒരു കരച്ചിൽ വെളിപ്പെടുകയാണ്. അവന്റെ നിസഹായകതയാണ് വെളിപ്പെടുത്തുന്നത്. ''ഞാൻ പലപ്പോഴും നിങ്ങളോട് പറഞ്ഞത് പോലെ അനേകർ ക്രിസ്തുവിന്റെ ക്രൂശിന് ശത്രുക്കളായി നടക്കുന്നു എന്ന് ഇപ്പോൾ കരഞ്ഞും കൊണ്ട് പറയുന്നു'' ഫിലി: 3:18.

ആരാണ് ക്രൂശിന്റെ ശത്രു? തല തകർന്ന പിശാച് തന്നെ. അവന്റെ തല തകരുന്നതിന് മുമ്പും ശേഷവും പലരൂപത്തിൽ പലരീതിയിൽ ശത്രു പ്രവർത്തിക്കുകയാണ്. അപ്പോസ്തലകാലഘട്ടത്തിൽ സഭ ശക്തമായി വളർന്ന് അനേക ജാതികൾ സഭയിലേക്ക് ആകർഷിക്കപ്പെട്ട് വന്ന സമയത്ത് ശത്രു ഒരു പ്രത്യേക രൂപത്തിൽ എഴുന്നേറ്റു. ജാതികളിൽ നിന്ന് വിശ്വാസത്തിൽ വന്നവർ പരിച്ഛേദനയേറ്റ് യഹൂദനായതിന് ശേഷം പിന്നെ സഭയിൽ ചേരണം. യഹൂദമതത്തിലും

സഭയിലും ഒരേ പോലെ ചാരിനിന്ന ചില തത്വജ്ഞാന പ്രസംഗികൾ പിശാചിന്റെ ഉപദേശം സഭയിൽ കൊണ്ടുവന്നു. അപ്പോസ്തലനായ പൗലോസും യാക്കോബും എല്ലാം വ്യക്തമായ നിലപാടെടുത്ത് അതിനെ നീക്കം ചെയ്തു. പൗലോസിന്റെ ലേഖനത്തിൽ ശ്രദ്ധിക്കുക "ഒരുവൻ പരിച്ഛേദനയോടെ വിളിക്കപ്പെട്ടുവോ അഗ്ര ചർമ്മം വരുത്തരുത്. ഒരുത്തൻ അഗ്രചർമ്മത്തോടെ വിളിക്കപ്പെട്ടുവോ പരിച്ഛേ ദന ഏൽപ്പിക്കരുത്. പരിച്ഛേദന ഒന്നുമില്ല, അഗ്രചർമ്മവും ഒന്നുമില്ല. ദൈവ കൽപ്പന പ്രമാണിക്കുന്നതത്രേ കാര്യം" I കൊരി: 7:18,19.

തുടർന്ന് മറ്റ് ചിലതത്വജ്ഞാനികൾ രംഗത്തിറങ്ങി. അവരിൽ നാലു കൂട്ടത്തെക്കുറിച്ച് ചെറുതായി പറയാം.

## 1. ഗ്നോസ്റ്റിക്കുകൾ

മനുഷ്യശരീരം പാപത്തിന്റെ ഇരിപ്പിടം ആകയാൽ പരിശുദ്ധനായ ദൈവ ത്തിന് മനുഷ്യശരീരത്തിൽ വെളിപ്പെടുവാൻ കഴിയില്ല. പ്രവൃത്തികൾ ആത്മാവി നോട് ബന്ധപ്പെടാത്തതിനാൽ പാപം എന്ന ഒന്നില്ല. ജ്ഞാനം ആണ് മോക്ഷം നൽകുന്നത്.

വചനം വച്ച് പരിശോധിക്കുമ്പോൾ ഇങ്ങനെ കാണുന്നു. "നിങ്ങൾ ദൈവ ത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ, ദൈവത്തിന്റെ മന്ദിരം നശിപ്പിക്കുന്നവനെ ദൈവം നശിപ്പിക്കും, ദൈവത്തിന്റെ മന്ദിരം വിശുദ്ധമല്ലോ, നിങ്ങളും അങ്ങനെ തന്നെ" I കൊരി: 3:16,17. ഈ വാക്യം ശ്രദ്ധിച്ചാൽ അറിയാം ഈ ഉപദേശം എത്രമാത്രം തെറ്റാണ് എന്ന്.

## 2. ഡോസ്റ്റിക്കുകൾ

ക്രിസ്തുവിന് ഒരു യഥാർത്ഥ ശരീരം ഇല്ലായിരുന്നു. പൂർണ്ണമായും ആത്മമയനായിരുന്നു. ക്രിസ്തുവിന് ഒരു ശരീരം ഉണ്ട് എന്ന് നമുക്ക് തോന്നിയ

തായിരുന്നു. കർത്താവ് ഭൂമിയിൽ സഞ്ചരിച്ചപ്പോൾ കാൽപ്പാടുകൾ ഭൂമിയിൽ പതിഞ്ഞിരുന്നില്ല. ഇതാണ് ഇവരുടെ ഉപദേശം.

ഒരു യഥാർത്ഥ മനുഷ്യനെപ്പോലെ സ്ത്രീഉദരത്തിൽ ജനിച്ച് വളർന്ന് ഒരു നിശ്ചിത സമയം വരെ സാധാരണക്കാരനെപ്പോലെ ജീവിച്ച് ദൈവിക സമയമായപ്പോൾ അതി ശക്തമായ ദൈവികശുശ്രൂഷ ചെയ്ത്, ക്രൂശിൽ മരിച്ച് പുനരുത്ഥാനം ചെയ്ത കർത്താവിനെ ക്കുറിച്ച് ചിന്തിക്കുമ്പോൾ ഈ ഉപദേശത്തിന് എന്ത് പ്രസക്തി.

3. **സെരിന്ത്യനിസം**

ക്രിസ്തുവും യേശുവും രണ്ടാണ്. സ്നാന സമയത്ത് യേശുവിന്റെ മേൽ ക്രിസ്തു വരികയാണ് ചെയ്തത് ക്രൂശ് മരണത്തോടെ ക്രിസ്തു വിട്ട് പോയി. യേശു വെറും മനുഷ്യനായിരുന്നു എന്ന് ഇവർ പറഞ്ഞു. യേശുക്രിസ്തുവിന്റെ ദൈവത്വത്തെയാണ് ഇവർ തള്ളിപ്പറയുവാൻ നോക്കിയത്.

4. **സ്റ്റോയിക്കുകൾ**

ദൈവം വിശ്വാത്മാവായ ലോഗോസ് ആണ് എന്നിവർ പറയുന്നു. പ്രപഞ്ചമാണ് ദൈവത്തിന്റെ ശരീരം. ക്രിസ്തുവിനെ ദൈവമായി അംഗീകരിച്ചിരുന്നില്ല.

കർത്താവായ യേശുക്രിസ്തുവിനെ ദൈവമായി അംഗീകരിക്കാതെ യഹോവയെ മാത്രം ഉയർത്തിക്കാണിക്കുന്ന, പരിശുദ്ധാത്മാവിന് പ്രാധാന്യം നൽകാത്ത യഹോവ സാക്ഷികൾ മറ്റൊരുപദേശം കൊണ്ടുവന്നു. ഇതൊക്കെ ക്രൂശിന്റെ പഴയ ശത്രുക്കൾ. ഇതിനെയൊക്കെ ഓർത്ത് അഭിഷിക്തൻ കരഞ്ഞു. മറ്റ് ചില സംഗതികളും ഉണ്ട്. അത് ഏറ്റവും അവസാനം എഴുതാം.

കേരളത്തിലെ വിശ്വാസ പിതാക്കന്മാർ അവർ ആദരണീയരാകുന്നു.

ദൈവം അതിശക്തമായ ശുശ്രൂഷകൾ അവരിലൂടെ ചെയ്തെടുത്തു. ധാരാളം പീഢനം അവർ സഹിച്ചു. നിന്ദ, അപമാനം, ദാരിദ്രം എല്ലാം അവർ അനുഭവിച്ചു. അവരേയും അവരുടെ മക്കളേയും വിശ്വാസത്തിന് വേണ്ടി നിന്നവരെ ഒക്കെ ദൈവം മാനിച്ചു. അവരെ നാം ആദരവോടെ ഓർക്കണം.

വചനത്തിൽ ഇല്ലാത്ത, അന്യായ ഉപദേശങ്ങൾ അവർ സഭയിൽ കൊണ്ടു വന്നു. ദൈവജനത്തിന് ഏറ്റവും പ്രധാനമായി ഉണ്ടാകേണ്ട ഒരു വസ്തുതയാണ് വേർപാട്. വേർപാട് അവന്റെ ജീവിതത്തിൽ ഇല്ലെങ്കിൽ അവൻ ഒരു ശ്രേഷ്ഠജാതിയാവുകയില്ല. എന്നാൽ വേർപാട് എന്താണ്? ആഭരണം ഇടാതെ ഇരിക്കുന്നതോ, മീശ കളയുന്നതോ ഇതാണോ വേർപാട്? ഈ ഒരു പദത്തെ ശരിയായി വിലയിരുത്തുവാൻ കഴിയാത്തതിന്റെ ദോഷമാണ് ഇന്നത്തെ പെന്തക്കോസ്ത് ലോകത്തിന് സംഭവിച്ച അപചയം.

എന്താണ് വേർപാട്?
എന്തിൽ നിന്നാണ് വേർപാട്?

1. ലോകസ്വഭാവത്തിൽ നിന്നും വെറിക്കുത്തുകളിൽ നിന്നും ജഢിക ദോഷങ്ങളിൽ നിന്നും ജഢസ്വഭാവത്തിൽ നിന്നും വേർപെട്ട് നിൽക്കണം.
2. വിഗ്രഹസേവയ്ക്ക് ഇടയാക്കുന്നതോ ജാതീയആചാരങ്ങളിൽ ഉടക്കി കിടക്കുന്നതോ ആയ ഒരു കാര്യത്തിലും ഇടപെടരുത്.
3. ലോകമനുഷ്യരിൽ അനേകരിൽ ഇല്ലാത്ത പരിശുദ്ധാത്മ ഫലങ്ങളായ സ്നേഹം, ക്ഷമ, സഹിഷ്ണുത തുടങ്ങിയവ സ്വജീവിതത്തിൽ വെളിപ്പെടുത്തി പേർപാട് കാണിക്കണം.
4. പക, അസൂയ, ദൂഷണം തുടങ്ങിയവ സ്വജീവിതത്തിൽ ഒഴിവാക്കി വേർപാട് കാണിക്കണം.
5. ആഭരണം ഊരണമെന്ന സിദ്ധാന്തം വചനത്തിൽ ഏത് ഭാഗത്താണ് ഉള്ളത്. ഇന്ന് പെന്തക്കോസ്ത് നേതാക്കളിൽ ജനം അംഗീകരിച്ചിട്ടുള്ള ചില അഭിഷിക്തന്മാർ ആഭരണം ഊരണമെന്നും ഇടണമെന്നും ബൈബിളിൽ ഇല്ല എന്ന് പറഞ്ഞത് ഇത്തരുണത്തിൽ ഓർക്കുന്നു.

ആഭരണം ഊരാതെ സ്നാനപ്പെട്ട് കർത്താവിനെ സേവിച്ചാൽ സ്വർഗ്ഗത്തിൽ പോകുകയില്ല എന്നാണ് ഒരുകൂട്ടർ പറയുന്നത്. എങ്കിൽ എനിക്ക് അവരോട് സഹതാപം ഉണ്ട്. അവർ കേരളത്തിന് പുറത്ത് ഒന്ന് സഞ്ചരിച്ചെങ്കിൽ കൊള്ളായിരുന്നു.

നമ്മുടെ വിശ്വാസ പിതാക്കന്മാർ അവരുടെ കാലഘട്ടത്തിൽ സ്വീകരിച്ച ഈ സമ്പ്രദായം വചനത്തിൽ ഉണ്ടെങ്കിൽ നാം തുടർന്നാൽ മതി. ആരുമായി തർക്കത്തിന് ഞാനില്ല. കാരണം ബുദ്ധിയില്ലാത്ത മൗഢ്യതർക്കം ശണ്ഠ ജനിപ്പിക്കും. പരസ്പരദ്വേഷത്തിന് കാരണമാകും. എന്റെ അഭിപ്രായം ഞാൻ എഴുതി

പക്ഷെ ഇവിടെ മറ്റൊരു ദൈവികാലോചനയുണ്ട്. ഒരു സ്ഥലത്ത്, ഒരു കുടുംബത്തിൽ, ഒരു സഭയിൽ ആഭരണം ഊരുന്നത് ആണ് ആത്മീയവളർച്ചയ്ക്കും നിലനിൽപിനും നല്ലതെങ്കിൽ പരിശുദ്ധാത്മാവ് അങ്ങനെ സംസാരിച്ചുവെങ്കിൽ ആഭരണം ഊരുകതന്നെ വേണം. ആത്മീയവളർച്ചക്ക് ആഭരണം തടസമായി വന്നാൽ അത് ഒഴിവാക്കുക തന്നെ വേണം. അപ്പോൾ തന്നെ ആഭരണം ഊരിയാൽ മാത്രമേ സ്നാനപ്പെടുത്തു എന്ന് പറയരുത്.

ഏറ്റവും പ്രധാനമായ ആലോചനയാണ് തുടർന്നുള്ളത്. അത് ശുശ്രൂഷയെ സംബന്ധിച്ചാണ്. അനേകർ ക്രൂശിന് ശത്രുക്കളായി നടക്കുന്നുവെന്ന് കരഞ്ഞും കൊണ്ട് ഞാൻ പറയുന്നു. അപ്പോസ്തലന്റെ ഒരു ദു:ഖം വെളിപ്പെടുകയാണ്. ‘‘ചിലർ ക്രിസ്തുവിനെ അസൂയയും പിണക്കവും നിമിത്തം പ്രസംഗിക്കുന്നു’’. ‘‘ചിലർ ശാഠ്യത്തോടെ പ്രസംഗിക്കുന്നു’’. ഒരു പ്രസംഗത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു സംഗതി എന്തിന് വേണ്ടിയാണ് അത് പ്രസംഗിക്കുന്നത് എന്നാണ്.

1. ഞാൻ നല്ല ഒരു പ്രാസംഗികൻ ആണ് എന്ന് കാണിക്കുവാനോ
2. എനിക്ക് കുറച്ച് ബൈബിൾ ജ്ഞാനം ഉണ്ട് എന്ന് കാണിക്കുവാനോ
3. ഞാൻ ഇന്ന ഇന്ന വീരകൃത്യങ്ങൾ കഴിഞ്ഞകാല ശുശ്രൂഷയിൽ ചെയ്തിട്ടുണ്ട് എന്ന് പറയുവാനോ

4. ഞാൻ എല്ലാ സ്ഥലങ്ങളും സന്ദർശിച്ചിട്ടുണ്ട് എന്ന് പറയുവാനോ
5. ഞാൻ ഇത്ര വർഷം അവിടെയായിരുന്നു എന്ന് സൂചിപ്പിക്കുവാനോ
6. ഞാൻ പണ്ട് ഒരു വീരശൂര പരാക്രമി ആയിരുന്നു എന്ന് പറയുവാനോ
7. അതോ ഈ കർത്താവിന്റെ സ്നേഹം, സമാധാനം, സന്തോഷം, സൗഖ്യം, വിടുതൽ, ആശ്വാസം നിനക്ക് ലഭിക്കും എന്ന് പറയുവാനോ.

എന്താണ് പ്രസംഗലക്ഷ്യം. പ്രസംഗലക്ഷ്യം തെറ്റാണെങ്കിൽ എത്ര നല്ലരീതിയിൽ പ്രസംഗിച്ചാലും കർത്താവിന്റെ നാമമഹത്വത്തിന് അതിന്റെ ഗുണം ലഭിക്കുകയില്ല. പ്രസംഗലക്ഷ്യം ശുദ്ധമാണെങ്കിൽ ദൈനമാമ മഹത്വം ആണെങ്കിൽ ജ്ഞാനം കുറവാണെങ്കിലും വിടുതൽ കുറവാണെങ്കിലും സാരമില്ല എന്ന് വയ്ക്കാം.

വികാര തീവ്രത, വിറച്ച് കൊണ്ട് പ്രസംഗിക്കുക, വലിയശബ്ദത്തിൽ പ്രസംഗിക്കുക, കുറ്റം പറഞ്ഞ് സംസാരിക്കുക വെറുപ്പിനും അവജ്ഞക്കും കാരണമാകും. ഇനിയാണ് പ്രധാനം. പ്രാർത്ഥനയില്ലാത്ത, വചനജ്ഞാനം ഇല്ലാത്ത പരിജ്ഞാനം ഇല്ലാത്ത, സ്നേഹം ഇല്ലാത്ത, നിർമ്മലസുവിശേഷ സത്യമില്ലാത്ത പ്രസംഗം ആർക്ക് വേണം.

പരിശുദ്ധാത്മവരങ്ങളില്ലാത്ത, ജഡജ്ഞാനത്തിന്റെ ശുശ്രൂഷയാണ് എവിടേയും മുഴങ്ങികേൾക്കുന്നത്. ജനം വരുന്നു പോകുന്നു. ഒരുഗുണവും ഇല്ല. നട്ടപ്പോഴും ഒരു കൊട്ട, പറിച്ചപ്പോഴും ഒരു കൊട്ട. വചനത്തിന്റെ കീഴിൽ മണിക്കൂറുകൾ ഇരുന്ന് ധ്യാനിച്ച് പ്രാർത്ഥിച്ച് ശുശ്രൂഷിക്കുന്നവന്റെ ശുശ്രൂഷയിൽ കണ്ണുനീർകണം ഉണ്ടാകും, ആശ്വാസം ഉണ്ടാകും, വിടുതൽ ഉണ്ടാകും.

ആത്മാവിന്റെ ഫലമില്ലാത്ത ശുശ്രൂഷ ഏറ്റവും അപകടകാരിയാണ്. സ്വജീവിതത്തിലൂടെ സുവിശേഷ സത്യം പ്രചരിപ്പിക്കണം. നാവിലൂടെയല്ല ജീവിതരീതിയിലൂടെ. ജനം വന്ന് ചോദിക്കണം ഇത്ര മാന്യമായി സംസാരിച്ച് സന്തോഷിച്ച് സഹായിച്ച് നടക്കുന്നതിന്റെ രഹസ്യം എന്താണ് എന്ന് ജനത്തെ കൊണ്ട് ചോദിപ്പിക്കണം. അവൻ മാന്യനായ ഒരു സഹോദരൻ ആണ്, സഹോദരി ആണ് എന്ന് പറയിപ്പിക്കണം. അല്ലാതെ ആത്മാവില്ലാത്ത ജഢം പോലെ ശുശ്രൂഷ ആകരുത്.

യാന്ത്രികമായിത്തീരരുത് ശുശ്രൂഷ. പരിശുദ്ധാത്മാവിന്റെ ആലോചനയ്ക്ക് കീഴിൽ ദൈവവചന വ്യവസ്ഥയിൽ ശുശ്രൂഷിക്കുവാൻ കഴിയുന്നില്ലെങ്കിൽ പ്രിയ മിത്രമേ ഒരു അപേക്ഷ ഉണ്ട്. ദൈവത്തേയും ദൈവവേലയേയും സ്നേഹിക്കുന്നുവെങ്കിൽ അനേക കാര്യങ്ങളിൽ ഇടപെടാതെ ഒരു ചെറിയ വൃത്തത്തിനുള്ളിൽ ഒതുങ്ങി ഓരോ കാര്യവും ചെയ്യുക.

പരിശുദ്ധാത്മാവിന്റെ ആലോചനയ്ക്ക് കീഴിൽ പോകുന്നവരെ ദു:ഖിപ്പിക്കരുത്. ദൈവം അവരെ നടത്തട്ടേ. ജഢജ്ഞാനം ഉപയോഗിച്ച് അവരെ വിധിക്കരുത്. ക്രൂശിന്റെ ശത്രുക്കളായി നമ്മെ തന്നെ ആക്കുവാൻ ശത്രു ശ്രമിക്കും. അറിവില്ലാത്ത കാര്യങ്ങൾ അറിയില്ല എന്ന് സമ്മതിക്കുക. അറിയുവാൻ ശ്രമിക്കുക. മറ്റുള്ളവരുടെ അറിവിനെ മാനിക്കുക.

നല്ല ലക്ഷ്യത്തോടെ നമുക്ക് ഒരുമിച്ച് സുവിശേഷ വേലയിൽ പോരാടാം. ദൈവനാമം നാം മുഖാന്തരം മഹത്വപ്പെടട്ടേ.

## ജൂൺ 2.

ദൈവിക സംരക്ഷണം അനുഭവിച്ച ദിനങ്ങൾ. പുതിയ ഒരു നിലവാരത്തിലേക്ക് മാറ്റിയ അനുഭവം. പ്രവാസകാലം അവസാനിച്ചു എന്ന് മനസ്സ് മന്ത്രിക്കുന്നു. ദു:ഖം മാറി എന്ന് പരിശുദ്ധാത്മാവ് പറയുന്നു. പീഢ തീർന്നു എന്ന് ആത്മാവ് അരുളി ചെയ്യുന്നു. എല്ലാം ദൈവഹിതം.

യിരമ്യാവ് 38 –ാം അദ്ധ്യായത്തിൽ നിന്ന് ചില ആലോചനകൾ എഴുതുന്നു. അതിന്റെ ഒന്ന് രണ്ട് വാക്യങ്ങളിൽ പ്രവാചകനിലൂടെ ദൈവികാലോചന വെളിപ്പെടുകയാണ്. ഈ നഗരത്തിൽ പാർക്കുന്നവൻ വാൾ കൊണ്ടും ക്ഷാമം കൊണ്ടും മഹാമാരി കൊണ്ടും മരിക്കും. ഈ ആലോചനയ്ക്ക് കാരണം എന്താണ്. നഗരം പാപത്താൽ നിറഞ്ഞ് വചനത്തോട് മത്സരിച്ച് പരിശുദ്ധ ആലോചനയോട് മറുതലിച്ച് ജഢികമായി ചീർത്ത് നിൽക്കുകയാണ്. അട്ടഹസിക്കുവാനും, കുറ്റം പറയുവാനും, കാര്യസാദ്ധ്യത്തിനും, സ്വാർത്ഥതയ്ക്കും വേണ്ടി എല്ലാവരും

ഓടി നടക്കുകയാണ്. ദൈവികആലോചന എന്തെന്ന് ചോദിക്കുവാനോ ദൈവ സന്നിധിയിൽ കണ്ണുനീർ പൊഴിക്കുവാനോ ആരും തയ്യാറാകുന്നില്ല. അതു കൊണ്ട് പ്രത്യേകിച്ച് ദൈവപ്രവൃത്തി ഒരിക്കൽ വെളിപ്പെട്ട നഗരമായത് കൊണ്ട് ന്യായവിധി വരുവാൻ പോകുകയാണ്.

എന്നാൽ ചില പ്രമാണികൾ

1. മത്ഥാന്റെ മകനായ ശെഫത്യാവ്
2. പശ്ഹൂരിന്റെ മകനായ ഗെദല്യാവ്
3. ശെലമ്യാവിന്റെ യൂഖൽ
4. പൽക്കിയാവിന്റെ മകൻ പശ്ഹൂർ

എന്നിവർ രാജാവിനോട് പറയുകയാണ് ഈ മനുഷ്യൻ യിരമ്യാവ് ജനത്തിന്റെ നന്മ യല്ല തിന്മയത്രേ അന്വേഷിക്കുന്നത് എന്ന് പറയുന്നു. ദൈവികാലോചന എങ്ങനെ അനുസരിക്കണം എന്ന് നോക്കുകയല്ല, പ്രവചിച്ചവനെ തൂക്കിലേറ്റാൻ ശ്രമിക്കു കയാണ്.

ഇതല്ലെ ഇപ്പോഴത്തെ വിശ്വാസ ഗോളത്തിനകത്ത് നടക്കുന്നത്. ഏതെ ങ്കിലും ഒരു ദൈവദാസൻ വളരെനാൾ ഉപവസിച്ച് പ്രാർത്ഥിച്ച് ദൈവികാലോചന കളും പരിശുദ്ധാത്മ ശുശ്രൂഷയും വെളിപ്പെടുത്തുമ്പോൾ മൂന്ന് ദിവസം പോലും ഉപവസിക്കാത്തവൻ ഒരു മണിക്കൂർ പോലും ഒരു സമയം ഇരുന്ന് പ്രാർത്ഥി ക്കാത്തവൻ അവന്റെ ജഢജ്ഞാനം അനുസരിച്ച് സംസാരിക്കുകയും എഴുതു കയും അല്ലെ ചെയ്യുന്നത്. പരിശുദ്ധാത്മാവിനോട് ആലോചന ചോദിക്കാറുണ്ടോ? അനുസരിക്കാറുണ്ടോ? ഇല്ല.

യിരമ്യാവ് ജനത്തിന് ധൈര്യക്ഷയം വരുത്തുന്നു. അതുകൊണ്ട് അവനെ കൊന്ന് കളയണം എന്ന് അവർ രാജാവിനോട് പറഞ്ഞു. അവർക്ക് പറ്റിയ രാജാവാണ് അവരെ ഭരിക്കുന്നത്. ഒരു ദൈവികാലോചനയും ഇല്ലാത്തവൻ. നിങ്ങൾക്കിഷ്ടമുള്ളത് ചെയ്ത് കൊള്ളാൻ കൽപനയും നൽകി. പ്രാർത്ഥിക്കു ന്നവനെ കുഴിയിൽ ഇറക്കാൻ എല്ലാവരും ഒരുമിക്കും. അതിന് യാതൊരു സഭാ

വ്യത്യാസവും ഇല്ല. എന്നാൽ നമുക്ക് ദേശത്തിന്റെ വിടുതലിന് സൗഖ്യത്തിന് ഉണർവ്വിന് വേണ്ടി ഒരാഴ്ച സഭാവ്യത്യാസമന്യേ ഒന്ന് ഉപവസിച്ച് പ്രാർത്ഥിച്ചാലോ എന്ന് ചോദിച്ചാൽ ഒരുവനും സമയം ഇല്ല. പിന്നെ മറ്റൊരു കാര്യം ഉണ്ട്. കാള യേയും കഴുതയേയും ഒരു നുകത്തിന്റെ കീഴിൽ ഒരുമിപ്പിച്ചാൽ ഒരു ഗുണവും ഉണ്ടാകുകയില്ല. കാഴ്ചപ്പാട് ഉള്ളവനും കാഴ്ചപ്പാട് ഇല്ലാത്തവനും തമ്മിൽ ഒരു മിച്ച് ഉപവസിച്ചാൽ ദോഷമാണ്. ആരാധന ഉള്ളവനും ആരാധന ഇല്ലാത്തവനും ഒരുമിച്ച് ഉപവസിച്ചാൽ ദോഷമാണ്. എന്തായാലും ദോഷത്തിന് ഒരുമി ക്കുവാൻ അപവാദം പറയുവാൻ ഒരുമിക്കാൻ ഒരു വൈമനസ്യവും ഇല്ല. അവർ ഒരുമിച്ച് പ്രവാചകനെ കുഴിയിൽ ഇട്ടു. വെറും കുഴിയിൽ അല്ല അവർ ഇട്ടത്. ചെളി മാത്രമുള്ള കുഴിയിൽ. യിരമ്യാവ് കുഴിയിൽ താണു.

പരിശുദ്ധ ആലോചനക്ക് കീഴിൽ ഓടുന്ന ഒരുവനെ ആരെല്ലാം നശിപ്പി ക്കുവാൻ നോക്കിയാലും നടക്കുകയില്ല. ദൈവം അവന്റെ സംരക്ഷകനാണ്. യിര മ്യാവിന് വേണ്ടി ഒരുവൻ എഴുന്നേൽക്കുകയാണ്. അതും രാജഗൃഹത്തിനകത്ത് നിന്ന് തന്നെ. കൂശ്യനായ എബെദ്- മേലെക് എന്ന ഷണ്ഢൻ. അവൻ രാ ജാവിനോട് പറയുകയാണ് ഈ മനുഷ്യർ യിരമ്യാവ് പ്രവാചകനോട് ചെയ്തത് ഒക്കേയും അന്യായമത്രേ. അവർ അവനെ കുഴിയിൽ ഇട്ടുകളഞ്ഞു. നഗരത്തിൽ അപ്പം ഇല്ലായ്കയാൽ അവൻ പട്ടിണി കിടന്ന് ചാകുകയേ ഉള്ളൂ.

യിരമ്യാവിന് അനുകൂലമായി രാജകൽപന പുറപ്പെടുകയാണ്. നീ ഇവിടെ നിന്ന് മുപ്പത് ആളുകളെ കൂട്ടി കൊണ്ട് ചെന്ന് യിരമ്യാവ് പ്രവാചകൻ മരിക്കും മുമ്പേ അവനെ കുഴിയിൽ നിന്ന് കയറ്റി കൊൾക. ഉടൻ തന്നെ എബെ ദ്- മേലെക്ക് മുപ്പത് ആളുകളെ ക്കൂട്ടി യിരമ്യാവിന്റെ അടുക്കൽ ചെന്ന് കുഴി യിൽ നിന്ന് അവനെ കയറ്റി. യിരമ്യാവെ കയറ് കൊണ്ട് കുഴിയിൽ നിന്ന് കയറ്റി. കയർ ഉപയോഗിച്ച് തന്നെയാണ് ചിലർ അവനെ കുഴിയിൽ ഇറക്കിയത്. എന്നാൽ ദൈവം അവനെ വിടുവിച്ചതും കയർ ഉപയോഗിച്ച് തന്നെ. എന്ത് കാരണത്താ ലാണ് സഹോദരാ സഹോദരി നീ ഇപ്പോൾ കുഴിയിൽ ആയിരിക്കുന്നത്. ദൈവി കശുശ്രൂഷ കാരണമോ ദൈവവചനത്തോടുള്ള അനുസരണം കാരണമോ. എന്നാൽ അത് ഉപയോഗിച്ച് തന്നെ നീ ഉയർച്ച പ്രാപിക്കും. അതാണ് ദൈവ

ത്തിന്റെ പ്രവൃത്തി. യിരമ്യാവ് കാവൽ പുരമുറ്റത്ത് പാർത്തു. സംരക്ഷണാനുഭവ ത്തിൽ ഇപ്പോൾ യിരമ്യാവ് പോകുന്നു. യിരമ്യാവ് പ്രവചിച്ചത് പോലെ സംഭവിച്ചു. യരുശലേം നഗരം പിടിക്കപ്പെട്ടു. ന്യായവിധി നഗരത്തിന്മേലും നഗരത്തിൽ താമ സിച്ച വചനാലോചനയ്ക്ക് എതിരെ നിന്ന എല്ലാവരുടെ മേലും വന്നു. യരുശലേം പിടിച്ച നാൾ വരേയും പിടിച്ചതിന് ശേഷവും യിരമ്യാവ്കാവൽപുരമുറ്റത്ത് സംരക്ഷണാനുഭവത്തിൽ താമസിച്ചു. യിരമ്യാവ് ഒരു അരിഷ്ടൻ ആണ്. അരി ഷ്ടനെക്കുറിച്ച് സങ്കീർത്തനത്തിൽ ഇങ്ങനെ പറയുന്നു ''അരിഷ്ടന്റെ അരി ഷ്ടത അവൻ നിരസിച്ചില്ല, വെറുത്തതുമില്ല. തന്റെ മുഖം അവന് മറച്ചതും ഇല്ല. തന്നെ വിളിച്ചപേക്ഷിച്ചപ്പോൾ കേൾക്കയത്രേ ചെയ്തത്'' 22:24.

**ജൂൺ 9.**

അനുഗ്രഹീതമായ ഒരു നാല്പത് ദിവസ ഉപവാസപ്രാർത്ഥനയുടെ അവ സാന ദിവസം. 40 ദിവസം ഉപവസിച്ചത് മറ്റൊരു ദൈവദാസനാണ്. അവസാന ദിവസങ്ങളിൽ ഞാൻ പങ്കെടുത്തു എന്ന് മാത്രം. വലിയ ഒരു ശത്രുശക്തി ഏഴായി പിരിഞ്ഞ് ഓരോ വ്യക്തിയിലൂടെ ഓരോ സാഹചര്യത്തിലൂടെ എന്റെ നേരെ വന്നു. എങ്ങനെ പിടിച്ച് നിന്നു എന്ന് ദൈവത്തിന് മാത്രം അറിയാം.

നഹൂം പ്രവചനത്തിൽ 1:9 – ൽ പറയുന്നു ''കഷ്ടത രണ്ട് പ്രാവശ്യം പൊങ്ങിവരികയില്ല''. കഷ്ടത രണ്ട് പ്രാവശ്യം പൊങ്ങിവരാൻ പാടില്ല. അതാണ് ദൈവനീതി. നരയെ ദുഃഖത്തോടെ പാതാളത്തിലിറക്കുവാൻ ദൈവം സമ്മതിക്കി ല്ല. അനർത്ഥം വ്യസനകാരണമായിത്തീരുവാൻ ദൈവം സമ്മതിക്കില്ല. ദാവീദിന്റെ ജീവിതത്തിൽ രാജാവാകുന്നതിന ് മുമ്പും ശേഷവും രണ്ട് പ്രാവശ്യം കഷ്ടത പൊങ്ങി വന്നു. രാജാവാകുന്നതിന് മുമ്പുള്ള കഷ്ടത ദൈവഹിതമായിരുന്നു. എന്നാൽ രാജാവായതിന് ശേഷം വന്ന രണ്ടാമത്തെ കഷ്ടത പാപം നിമിത്തമായി രുന്നു. ദൈവവചനത്തിൽ ധാരാളം തെളിവുകളുണ്ട്. പരിശുദ്ധാത്മാവും അത് പറയുന്നു. ''കഷ്ടത രണ്ട് പ്രാവശ്യം പൊങ്ങിവരികയില്ല''.

''ക്രിസ്തുവും നമ്മെ ദൈവത്തോട് അടുപ്പിക്കേണ്ടതിന് നീതിമാനായി

നീതികെട്ടവർക്ക് വേണ്ടി പാപം നിമിത്തം ഒരിക്കൽ കഷ്ടം അനുഭവിച്ചു ജഡത്തിൽ മരണശിക്ഷ ഏൽക്കുകയും ആത്മാവിൽ ജീവിപ്പിക്കപ്പെടുകയും ചെയ്തു'' 1 പത്രോ: 3: 18.

ലോകമനുഷ്യജാതിയുടെ പാപശാപ പരിഹാരത്തിനായി ക്രിസ്തു ഒരിക്കൽ കഷ്ടം അനുഭവിച്ച് മരിച്ചു. പീലാത്തോസ് യേശുവിനെ വാറ് കൊണ്ട് അടിപ്പിച്ചു. പടയാളികൾ മുള്ള് കൊണ്ട് ഒരു കിരീടം മെനഞ്ഞ് അവന്റെ തലയിൽ വച്ചു. യഹൂദന്മാരുടെ രാജാവേ ജയ ജയ എന്ന് പറഞ്ഞ് മുഖത്തടിച്ചു. യേശു താൻ തന്നെ ക്രൂശ് ചുമന്ന് ഗോൽഗൊഥയിൽ ചെന്നു. അധർമ്മികളുടെ കൂട്ടത്തിൽ എണ്ണപ്പെട്ട്, ശരീരത്തിൽ അഞ്ച് മുറിവേറ്റ്, ദാഹ പരവശനായി അതി ഭയങ്കര പീഢയാൽ പ്രാണനെ വിട്ട് ഒരിക്കൽ കഷ്ടം അനുഭവിച്ചു. ഇനി രണ്ടാമത് ഒരു കഷ്ടത അനുഭവിക്കേണ്ടതില്ല. പഴയ നിയമത്തിൽ അതിന്റെ നിഴൽ രേഖപ്പെടുത്തിയിട്ടുണ്ട്. ''ഞാൻ ഹോരേബിൽ നിന്റെ മുമ്പാകെ പാറയുടെ മേൽ നിൽക്കും. നീ പാറയെ അടിക്കണം. ഉടനെ ജനത്തിന് കുടിപ്പാൻ വെള്ളം അതിൽ നിന്ന് പുറപ്പെടും'' പുറ: 17:6. എന്നാൽ രണ്ടാമത് വെള്ളം ആവശ്യപ്പെട്ട സമയത്ത് ''യഹോവ മോശയോട് നിന്റെ വടി എടുത്ത് നീയും നിന്റെ സഹോദരൻ അഹരോനും സഭയെ വിളിച്ച് കൂട്ടി അവർ കാൺകേ പാറയോട് കൽപിക്ക'' എന്ന് പറഞ്ഞു. സംഖ്യ: 20:7. ഈ പാറ ക്രിസ്തുവത്രേ എന്ന് ലേഖനങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഒരിക്കൽ മാത്രമേ പാറയെ അടിക്കുവാൻ ആവശ്യപ്പെട്ടൊള്ളൂ. രണ്ടാമത് പാറയോട് കൽപ്പിക്ക എന്നാണ് പറഞ്ഞത്. കാരണം ഒരിക്കൽ അടിച്ചത് മതി. ഒരിക്കൽ കഷ്ടം അനുഭവിച്ചത് മതി. രണ്ടാമത് ആവശ്യമില്ലായിരുന്നു. എന്നാൽ മോശ ദൈവത്തെ ശുദ്ധീകരിപ്പാൻ തക്കവണ്ണം ദൈവത്തെ വിശ്വസിക്കാതിരുന്നത് കൊണ്ട് വലിയ ഒരു ശിക്ഷ ഏറ്റ് വാങ്ങേണ്ടി വന്നു. രണ്ടാമതും ക്രിസ്തുവാകുന്ന പാറയെ അടിച്ചത് കൊണ്ട് ഈ ജനത്തിന് കൊടുത്തിരിക്കുന്നദേശത്തേക്ക് നീ പോകുകയില്ല എന്ന് യഹോവ അരുളി ചെയ്തു. സംഖ്യ:20:12. മോശ ദൈവത്തെ അനുസരിക്കാതിരുന്നത് കൊണ്ട് പാപം ചെയ്കയാൽ ക്രിസ്തുവിനെ വീണ്ടും ക്രൂശിക്കുവാൻ ശ്രമിച്ചതിനാൽ ശിക്ഷ ഏറ്റ് വാങ്ങി.

ഒരിക്കൽ രക്ഷാദാനം അനുഭവിക്കുകയും പിന്നീട് ദൈവവചനവും

ആലോചനയും സ്വീകരിക്കാതെ തങ്ങളുടെ പാപത്തിലൂടെ അനുസരണക്കേടിലൂടെ നടക്കുന്നവർ ക്രിസ്തുവിനെ രണ്ടാമതും ക്രൂശിക്കുവാൻ ശ്രമിക്കുന്നവരാണ്. ദൈവികശിക്ഷ അവരുടെ മേൽവരും. മോശ ന്യായപ്രമാണയുഗത്തിൽ ജീവിച്ചിരുന്നത് കൊണ്ട് ശിക്ഷ കടുത്തതായിരുന്നു. ഇത് കൃപായുഗകാലഘട്ടമായത് കൊണ്ട് ദൈവത്തിന്റെ കൃപയും കരുണയും ക്രിസ്തു നിമിത്തം ജനത്തിന്മേൽ ഉള്ളത് കൊണ്ട് ക്രിസ്തു തന്റെ ജനത്തിന് വേണ്ടി നിരന്തരം ദൈവസന്നിധിയിൽ പക്ഷപാതം ചെയ്യുന്നത് കൊണ്ട് അനേകരിൽ ശിക്ഷ വെളിപ്പെടുന്നില്ല. ക്രിസ്തുവിനെ ദൈവമായി അംഗീകരിച്ച് ഉള്ളിൽ സ്വീകരിച്ചത് കൊണ്ട് രക്ഷമാത്രം ലഭിക്കുന്നു. പക്ഷെ ഈ ലോകത്തിലും സ്വർഗ്ഗത്തിലും അവർക്ക് പ്രതിഫലം ലഭിക്കുന്നില്ല. ഇവിടേയും അവിടേയും ജീവിച്ച് പോകും. അത് ദൈവത്തിന്റെ ദയ,കൃപ.

അതേ കഷ്ടത രണ്ട് പ്രാവശ്യം പൊങ്ങിവരികയില്ല. രണ്ടാമത് കഷ്ടത കൊണ്ടുവരാൻ ശത്രു ശ്രമിക്കും. പക്ഷെ ദൈവം അവനെ തകർക്കുന്നതിനാൽ അവന് ഒന്നും ചെയ്യുവാൻ കഴിയാതെ വരുന്നു. ദൈവത്തിന്റെ ദയ തന്റെ അഭിഷിക്തന്മാരുടെ മേൽ ഉണ്ട്. തന്റെ അഭിഷിക്തന്മാരെ അവൻ സംരക്ഷിക്കുന്നു എന്ന് ഞാൻ അറിയുന്നു.

### ജൂൺ 16.

ദുഷ്ടാത്മശക്തികളുടെ പോര് ജഢത്തെ ദണ്ഡിപ്പിക്കുകയാണ്. ശരീരം ആസകലം വേദനയിട്ട് ശത്രു പോരാടുകയാണ്. കാരിരുമ്പാണികൾ ദേഹത്ത് തറച്ച് കയറുന്നത് പോലെ ഒരു പീഢ എനിക്കെതിരേയും എനിക്കുള്ളവർക്കെതിരേയും പോരാടി തകർക്കുവാൻ ശത്രുവിന് കഴിയാത്തത് കൊണ്ട്, അവർക്ക് വേണ്ടി ദൈവസന്നിധിയിൽ രാപകൽ യാചന കഴിക്കുന്നത് കൊണ്ട് ദൈവകൃപയാൽ ദൈവികസംരക്ഷണം ഉള്ളതുകൊണ്ട് ശത്രുവിന് അവന്റെ പദ്ധതി നടപ്പാക്കുവാൻ കഴിയുന്നില്ല. പക്ഷെ എന്റെ ശരീരത്തെ വേദനിപ്പിക്കുകയാണ്. 2001 ഡിസംബർ 25 മുതൽ 31 വരെ ഇതുപോലെ ശാരീരിക രോഗം ഇട്ട് എന്നെ പീഢിപ്പിച്ചു. അതുപോലെ ഒരു ശത്രു പീഢ 6 മാസത്തിന് ശേഷം

ഇപ്പോൾ ശരീരത്തിൽ അനുഭവിക്കുന്നു. കടന്ന്പോന്ന വഴിത്താരകൾ ഓർക്കാതിരിക്കുന്നതാണ് നല്ലത്. ഏതെല്ലാം രീതിയിലാണ് ശത്രു എനിക്ക് എതിരെ എഴുന്നേറ്റത്. ഒരുമാതിരിപ്പെട്ട എല്ലാ സാഹചര്യങ്ങളേയും ദൈവം നിയന്ത്രിച്ചു. എങ്കിലും ഇപ്പോഴും ചിലർ ശത്രുവിന്റെ ആയുധമായി നിൽക്കുകയാണ്. അതെല്ലാം ദൈവം നിയന്ത്രിക്കും എന്ന് എനിക്കറിയാം. പക്ഷെ എത്രനാൾ ഇങ്ങനെ പോരാടും. അത് എനിക്കറിയില്ല. പക്ഷെ അധികം നാളില്ല. അഭിഷിക്തനെതിരെ ഒരു നിശ്ചിതസമയം വരെ മാത്രമേ പോരാടുവാൻ കഴിയൂ. ദൈവികശുശ്രൂഷയോടുള്ള ബന്ധത്തിൽ അനുഭവിക്കേണ്ടിവന്ന വേദനകളും വ്യഥകളും അവസാനിക്കേണ്ട സമയമായി. എന്ത് കൊണ്ടാണ് ഇങ്ങനെ ഒരു പോരാട്ടം നേരിടേണ്ടി വരുന്നത്. ശത്രുവിനേയും അവന്റെ സ്വാധീനമേഖലയേയും നമ്മുടെ മേലുള്ള അഭിഷേകം പരാജയപ്പെടുത്തികൊണ്ടിരിക്കുകയാണ്. അതാണ് ശത്രു നമ്മുടെ നേരെ പോരാടുന്നത്. അഭിഷേകം നഷ്ടപ്പെടുത്തി ശേഷം സാധാരണ മനുഷ്യരെപ്പോലെ നാം ജീവിച്ചാൽ ശത്രുപോരാട്ടത്തിന്റെ തീക്ഷണത കുറയും. സന്തോഷത്തോടെ നടക്കുവാനും കഴിയും. പക്ഷെ ദൈവപ്രവൃത്തി ദൈവം ആഗ്രഹിക്കുന്ന അളവിൽ വെളിപ്പെടുത്തുവാൻ കഴിയില്ല എന്ന് മാത്രം. എന്തൊരു പീഢയാണ് ഞാൻ ഇപ്പോൾ നേരിടുന്നത്. ഒന്ന് മുഖം തിരിക്കുവാൻ പോലും കഴിയുന്നില്ല. കൈയും കാലും ശരിക്ക് ഒന്നും ചലിപ്പിക്കുവാൻ പോലും കഴിയുന്നില്ല. ഉടൻ ഇത് മാറും എന്ന് അറിയാം. അത് മാത്രം ആശ്വാസം. ദൈവം അനുവദിച്ചിട്ടായത് കൊണ്ട് ഭയപ്പെടേണ്ടതില്ല. ദൈവം പകർന്ന് തന്ന ആലോചന എഴുതാം "അനന്തരം കർത്താവിന്റെ ദൂതൻ ഫിലിപ്പോസിനോട് : നീ എഴുന്നേറ്റ് തെക്കോട്ട് യെരുശലേമിൽ നിന്ന് ഗസെക്കുള്ള നിർജ്ജനമായ വഴിയിലേക്ക് പോക എന്ന് പറഞ്ഞു. അവൻ പുറപ്പെട്ട് ചെന്നപ്പോൾ കന്ദക്ക എന്ന ഐത്യോപ്യ രാജ്ഞിയുടെ ഒരു ഷണ്ഢനും മഹാനും അവളുടെ സകല ഭണ്ഢാരത്തിനും മേൽവിചാരകനുമായ ഒരു ഐത്യോപ്യനെ കണ്ടു" അപ്പോ:8 :26,27.

ശമര്യപട്ടണത്തിൽ വളരെയധികം ശുശ്രൂഷാതിരക്കുകളും വിടുതലുകളും ദൈവപ്രവൃത്തികളും ഫിലിപ്പോസിലൂടെ നടന്ന് കൊണ്ടിരിക്കുമ്പോൾ ആണ് ഇങ്ങനെ ഒരു ആലോചന ദൂതൻ നൽകുന്നത്. അതും ഗസെക്കുള്ള നിർജ്ജനമായ വഴിയിലേക്ക്. ദൈവികആലോചനയെ പെട്ടെന്ന് ബുദ്ധിയിലൂടെ

പരിശോധിക്കുമ്പോൾ ഒരു പ്രാധാന്യവും കാണുകയില്ല. അബദ്ധജഡിലമെന്നും ദൈവത്തിന്റെ ആലോചനയല്ല പിശാചിന്റെ ആലോചനയാണ് എന്നും ചിന്തിക്കാം. ദോഷത്താൽ ദൈവം പരീക്ഷിക്കുന്നവനല്ല. പിന്നെ നിർജ്ജന വഴിയിലേക്ക് പോകുവാൻ പറയാൻ കാരണം എന്ത്?.

മോശ രാജകൊട്ടാരത്തിൽ നിന്ന് ശൂന്യമാണ് എന്ന് ചിന്തിക്കുന്ന യിത്രോവിന്റെ ആടുകളുടെ അടുത്തേക്ക് പോകുവാൻ കാരണമായ ദൈവിക പദ്ധതി എന്താണ്?. ഏറ്റവും നല്ല ഉയർന്ന അനുഭവത്തിൽ നിന്ന് പെട്ടെന്ന് എല്ലാം നഷ്ടപ്പെട്ട് ഒന്നുമല്ലാത്ത സ്ഥിതിയിലേക്ക് പോകുവാൻ പ്രവാസത്തിന്റെ ദു;ഖത്തിലേക്ക്, ശൂന്യതയിലേക്ക് പോകുവാൻ എന്താണ് കാരണം?.

ആരും കടന്ന് പോകാത്തവണ്ണം നീ നിർജ്ജനവും ദ്വോഷവിഷയവും ആയിരുന്നതിന് പകരം ഞാൻ നിന്നെ നിത്യമാഹാത്മ്യവും തലമുറ തലമുറയായുള്ള ആനന്ദവും ആക്കിതീർക്കും. അപ്പോൾ നിർജ്ജനമായ അനുഭവം എല്ലാവരാലും പകയ്ക്കപ്പെടുന്ന അവസ്ഥ വെളിപ്പെടുന്നത് ദൈവിക പദ്ധതിയുടെ ഭാഗമാണ് എന്ന് മനസിലാകുന്നു. ആദ്യം കഷ്ടതയും അപമാനവും വരുന്നത് പിന്നീട് വിടുതലും ആനന്ദവും മാനവും വരുന്നതിന്റെ മുന്നോടിയാണ്.

നിർജ്ജനപ്രദേശം ഉല്ലസിച്ച് പനിനീർപ്പുഷ്പം പോലെ പൂക്കും എന്ന് എഴുതിയിരിക്കുന്നു. അത് മനോഹരമായി പൂത്ത് ഉല്ലസിക്കും. ലെബാനോന്റെ മഹത്വവും കർമ്മേലിന്റേയും ശാരോന്റേയും ശോഭയും അതിന് കൊടുക്കപ്പെടും. യഹോവയുടെ മഹത്വവും ദൈവത്തിന്റെ തേജസും അവർ കാണും. ആരും തിരിഞ്ഞ് നോക്കാത്ത സീയോനെപ്പോലെ ദ്വേഷവിഷയം ആയെങ്കിൽ അതിന്റെ അർത്ഥം ഒരു ദൈവ പ്രവൃത്തി വെളിപ്പെടുന്നതിന്റെ ആരംഭമായി എന്നാണ്. താമ്രത്തിന് പകരം സ്വർണ്ണം, ഇരുമ്പിന് പകരം വെള്ളി, മരത്തിന് പകരം താമ്രവും, കല്ലിന് പകരം ഇരുമ്പും വരുത്തും. സമാധാനം നമുക്ക് നായകന്മാരും നീതി നമുക്ക് അധിപതിയും ആകും. യഹോവ നിത്യാവകാശമാകും. ദു:ഖകാലം തീർന്ന്പോകും.

ഈ വസ്തുത ഫിലിപ്പോസിന് അറിയാമോ ഇല്ലയോ എന്ന് എനിക്കറിയില്ല. പക്ഷെ പരിശുദ്ധാത്മാവിന്റെ ആലോചനയെ അവൻ അനുസരിച്ചു. ചിലർ ദൈവികാലോചന അനുസരിക്കുന്നത് ഗുണമാണോ മെച്ചമാണോ എന്ന് നോക്കിയിട്ടാണ്. മെച്ചമല്ല എന്ന് കണ്ടാൽ അത് അനുസരിക്കുകയില്ല. നഷ്ടം വരുന്നതാണെന്ന് കണ്ടാൽ ദൈവം നേരിട്ട് വന്ന് അരുളി ചെയ്താൽ പോലും അനുസരിക്കുകയില്ല. കാരണം അവരെ സംബന്ധിച്ചിടത്തോളം ദൈവവേല ആദായസൂത്രവും അവർക്കിഷ്ടമുള്ളത് ചെയ്യുവാനുമുള്ള ലൈസൻസും ആണ്.

പക്ഷെ ഫിലിപ്പോസ് അങ്ങനെയുള്ള ഒരുവനല്ല. ദൈവം എന്ത് പറഞ്ഞാലും നഷ്ടമാണെങ്കിലും ശരി ലാഭമാണെങ്കിലും ശരി അവൻ അനുസരിക്കും. യരുശലേമിൽ നിന്ന് ഗസെയ്ക്കുള്ള നിർജ്ജനമായ വഴിയിലേക്ക് പോകുവാൻ ദൂതൻ പറഞ്ഞു. ഇതാ അവൻ അനുസരിക്കുകയാണ്. എന്ത് കൊണ്ട് ദൈവം ഇങ്ങനെ സംസാരിച്ചു എന്ന് അവൻ ആലോചിച്ചില്ല. ആ നിർജ്ജനമായ അനുഭവത്തിലേക്ക് അവൻ പോയി. അനുസരിക്കുന്നവർക്ക് വേണ്ടി പ്രവർത്തിക്കുന്ന കരം ഇവിടേയും വെളിപ്പെടുകയാണ്. നിർജ്ജനമായ വഴിയിലേക്ക് ഒരു വിശിഷ്ട വ്യക്തിയെ ദൈവം കൊണ്ട് വരികയാണ്. ഐത്യോപ്യരാജ്ഞിയുടെ സകലഭണ്ഡാരത്തിന്റേയും മേൽ വിചാരകനായ മഹാനായ ഷണ്ഡൻ. ഫിലിപ്പോസിന്റെ ശുശ്രൂഷ വെളിപ്പെടുന്നതിനാവശ്യമായ സാഹചര്യവും ദൈവാത്മാവ് ഒരുക്കി. ഫിലിപ്പോസിലൂടെ ദൈവികശുശ്രൂഷ വെളിപ്പെട്ടു. ഷണ്ഡൻ ദൈവകൽപ്പന അനുസരിച്ച് സ്നാനമേറ്റ് സന്തോഷത്തോടെ തന്റെ വഴിക്ക് പോയി. ഈ ഷണ്ഡൻ മുഖാന്തരം ആ രാജ്യത്ത് അനേകർ വിശ്വാസത്തിൽ വന്നു. സഭയും രൂപം കൊണ്ടു എന്ന് ചരിത്രരേഖകൾ പറയുന്നു. നിർജ്ജനമായ വഴിയിലെ അൽപസമയത്തെ ശുശ്രൂഷ ഒരു രാജ്യത്തിലെ ദൈവപ്രവൃത്തിക്ക് കാരണമായി. ഇതാണ് ദൈവികാലോചന അനുസരിക്കുന്നതിന്റെ നേട്ടം.

**ജൂൺ 23.**

ഒരു പുതിയ അദ്ധ്യയന വർഷം ആരംഭിക്കുകയാണ്. പുതിയ ചിലകാര്യങ്ങൾ ദൈവത്തിൽ നിന്ന് പ്രതീക്ഷിക്കുന്നു. കഴിഞ്ഞനാളുകളിലെ എല്ലാവിധ

വ്യഥകളിൽ നിന്നും ഒരു വ്യത്യാസം ദൈവം അയച്ചിരുന്നുവെങ്കിൽ കൊള്ളാമായിരുന്നു. പുതിയ ചില ഉറവിടങ്ങൾ ഞാൻ ദൈവത്തോട് ചോദിച്ചു.

"എങ്കിലും എന്റെ കഷ്ടതയിൽ നിങ്ങൾ കൂട്ടായ്മ കാണിച്ചത് നന്നായി" ഫിലി:4:14. പൗലോസ് പറയുന്നു ഞാൻ നിരവധി കഷ്ടതകളിലൂടെ കടന്ന് വന്ന വ്യക്തിയാണ്. "ജീവനോടെ ഇരിക്കുമോ എന്ന നിരാശ തോന്നുമാറ് ഞങ്ങൾ ശക്തിക്ക് മീതെ അത്യന്തം ഭാരപ്പെട്ടു"II കൊരി:1:8. ഇത്ര ഭയങ്കര മരണത്തിൽ നിന്ന് ദൈവം വിടുവിച്ചു. വിടുവിക്കുകയും ചെയ്യും. മേലാലും വിടുവിക്കും 1:10. ഒരു വലിയ മരണത്തിൽ നിന്ന്, ഒരു വലിയ താഴ്ചയിൽ നിന്ന്, ഒരു വലിയ നിരാശയിൽ നിന്ന് ഒരു വലിയ വിടുതൽ ദൈവത്തിൽ നിന്ന് ലഭിക്കേണ്ടതുണ്ട്. ലഭിച്ചു എന്ന് പറയാം.

ആ സങ്കടകരമായ ദിനങ്ങളിൽ എന്റെ കരത്തെ തലോടിയവർ ഉണ്ട്. താങ്ങിനിർത്തിയവർ ഉണ്ട്. എന്റെ കഷ്ടതയിൽ കൂട്ടായ്മ കാണിച്ചവർ. ദാവീദിന് സിക്ലാഗിൽ വച്ച് സർവ്വതും നഷ്ടപ്പെട്ടു. സ്വന്തം ഭാര്യമാർ, സ്വന്തം ജനം. അവന്റെ കൂടെയുണ്ടായിരുന്നവർ വരെ അവനെ കല്ലെറിയാൻ ഒരുമ്പെട്ടു. ദാവീദ് യഹോവയിൽ ധൈര്യപ്പെട്ട് കഷ്ടതയെ നേരിട്ടു. ഒരു സമയം ബലമില്ലാതാകുവോളം അവൻ ഉറക്കെ കരഞ്ഞു. പിന്നീട് ദൈവിക ആലോചന ചോദിച്ചു. തുടർന്ന് യുദ്ധസന്നദ്ധനായി പുറപ്പെട്ടു.

ശത്രുവിന്റെ കൂടാരം അവൻ കണ്ടുപിടിച്ചു. ദാവീദ് അവരെ സന്ധ്യ മുതൽ പിറ്റേനാൾ വൈകുന്നേരം വരെ സംഹരിച്ചു. അമാലേക്യർ അപഹരിച്ച് കൊണ്ടുപോയത് ഒക്കേയും ദാവീദ് വീണ്ട് കൊണ്ടു. അവൻ കൈപ്പോടെ നില വിളിച്ച സിക്ലാഗിൽ ജയാളിയായി അവൻ മടങ്ങി വന്നു. ആ കാലത്ത് യഹൂദമൂപ്പന്മാരായ തന്റെ സ്നേഹിതരെ സമ്മാനം നൽകി അവൻ മാനിച്ചു.

ദാവീദ് ശൗലിനെ പേടിച്ച് കാട്ടിൽ അലഞ്ഞ് തിരിഞ്ഞ നടന്ന നാളുകളിൽ അവന്റെ കഷ്ടതയിൽ കൂട്ടായ്മ കാണിച്ചവർ താഴെ രേഖപ്പെടുത്തുന്നു.

1. ബഥേലിൽ ഉള്ളവർ

2. തെക്കേ രാമോത്തിലുള്ളവർ
3. യാത്ഥീരിൽ ഉള്ളവർ
4. അരോവേരിൽ ഉള്ളവർ
5. സിഫ്മോത്തിലുള്ളവർ
6. എസ്തമോവയിലുള്ളവർ
7. രാഖാലിലുള്ളവർ
8. യെരമ്മേല്യരുടെ പട്ടണത്തിലുള്ളവർ
9. കേന്യരുടെ പട്ടണത്തിലുള്ളവർ
10. ഹൊർമ്മയിലുള്ളവർ
11. കോർ ആശാനിലുള്ളവർ
12. അഥാക്കിലുള്ളവർ
13. ഹെബ്രോനിലുള്ളവർ
14. ദാവീദും അവന്റെ ആളുകളും സഞ്ചരിച്ച് വന്ന സകല സ്ഥലങ്ങളിലുള്ളവർക്കും സമ്മാനം കൊടുത്തയച്ചു.

**ജൂൺ 30.**

കഴിഞ്ഞ ഒരാഴ്ച ദേശാന്ധകാരശക്തി രോഗമിട്ട് പോരാടി. ഒരു കോവണിയുടെ മുകൾ ഭാഗത്ത് എത്തിയ ശേഷം കൈവിട്ട് താഴെ പോരുന്നത് പോലെ തളർന്ന് പോകുന്ന ഒരു പീഢനകാലം. എന്നാൽ കാട്ടുപന്നിക്കൂട്ടങ്ങൾ തിന്നുവാൻ നോക്കിനിന്ന സമയത്ത് ദൈവം അവയിൽ നിന്ന് രക്ഷിച്ച് മറ്റൊരു കാണാദൂരത്തേക്ക് വഹിച്ച് കൊണ്ടുപോകുന്ന ഒരു വെളിപ്പാട് കാണിച്ച് തന്നു. ദൈവം അങ്ങനെ ചെയ്യട്ടേ.

'' നമുക്ക് ആർ നന്മ കാണിക്കും എന്ന് പലരും പറയുന്നു'' സങ്കീ: 4:6. എവിടെ നിന്ന് ഒരുനന്മ വരും എങ്ങനെയാണത്. ഒരു ധാരണയും ഇല്ല. വെളിപ്പാടുകൾ ധാരാളം ഉണ്ട്. കാഴ്ചപ്പാടും വേണ്ടതിലധികം. പ്രാർത്ഥിക്കുവാനും ഉപവസിക്കുവാനും തയ്യാർ. വിശ്വസ്തതയിലും വിശുദ്ധിയിലും നിൽക്കുവാൻ തയ്യാർ. ദൈവം പറയുന്നത് അനുസരിക്കുവാനും റെഡി. ധാരാളം പുച്ഛവും നിന്ദയും വഹിച്ചതാ

ണ്. ധാരാളം വിടുതലുകൾ പ്രാപിച്ചു. എങ്കിലും ഒരു സ്ഥിരമായ, വ്യക്തമായ ഒരു നന്മ എന്ന് എനിക്ക് കാണുവാൻ കഴിയും.

"ധാന്യവും വീഞ്ഞും വർദ്ധിച്ചപ്പോൾ ഉണ്ടായതിലും അധികം സന്തോഷം നീ എന്റെ ഹൃദയത്തിൽ നൽകിയിരിക്കുന്നു" സങ്കീ: 4:7. ഇങ്ങനെ ഒരു സന്തോഷം ലഭിച്ചിരുന്നുവെങ്കിൽ കൊള്ളാമായിരുന്നു. സകല ആവശ്യങ്ങളിന്മേലും ദൈവം കൂടെയിരുന്നു സഹായിച്ചു. സഹായിക്കാത്ത മേഖലയില്ല. എന്നിട്ടും ഞാൻ പരാതി പറയുകയാണ്. എന്താണ് അങ്ങനെ സംഭവിക്കുന്നത്. ശാശ്വതമായ ഒരു വിടുതൽ കാണാത്തത് കൊണ്ടായിരിക്കാം ഞാൻ ഇങ്ങനെ പറയുന്നത്. ഇത്രയും നടത്തിയ ദൈവം ഇനിയും വിശ്വസ്തനായി കൂടെ ഉണ്ട് എന്ന് ഞാൻ എപ്പോൾ മനസ്സിലാക്കും. സങ്കീർത്തനക്കാരൻ പറയുന്നത് പോലെ പറയുവാൻ സാധിച്ചിരുന്നുവെങ്കിൽ കൊള്ളാമായിരുന്നു. "ഞാൻ സമാധാനത്തോടെ കിടന്നുറങ്ങും നീയല്ലോ യഹോവേ എന്നെ നിർഭയം വസിക്കുമാറാക്കുന്നത്" 4:8. ഒരു നന്മ ഉയരത്തിൽ നിന്ന് വന്നിരുന്നുവെങ്കിൽ കൊള്ളാമായിരുന്നു.

**ജൂലൈ 7.**

2002 ജൂലൈ മാസം എന്റെ ജീവിതത്തിൽ സർവ്വമേഖലയിലും ഒരു പുതുക്കമാകട്ടേ. 1994–ൽ ദൈവികശുശ്രൂഷയോടുള്ള ബന്ധത്തിൽ ഇറങ്ങി പുറപ്പെട്ടുവെങ്കിലും ഒരു സ്വതന്ത്രമായ ദൈവികശുശ്രൂഷയിൽ എനിക്ക് വ്യാപരിക്കുവാൻ കഴിഞ്ഞിട്ടില്ല. എന്നാണ് ദൈവികശുശ്രൂഷയിൽ മാത്രം കേന്ദ്രീകരിച്ച് പോകുവാൻ കഴിയുക എന്ന് ഞാൻ ദൈവത്തോട് ചോദിച്ചിരുന്നു. 2002 ജൂലൈ മാസം ഞാൻ സ്വാതന്ത്ര്യം അനുവദിച്ച് തരികയാണ് എന്ന് ദൈവം പറഞ്ഞു. ദൈവികശുശ്രൂഷയോടുള്ള ബന്ധത്തിലുള്ള വിശാലമായ ഒരു മേഖല ഞാൻ കാണിച്ച് തരാം എന്ന് പറഞ്ഞു. ഇരുട്ടിന്റെ കുഴിമാടത്തിലേക്ക് നോക്കിയത് മതി എന്ന് ദൈവം പറഞ്ഞു. പ്രകാശ വലയിതമായ പുതിയ ചക്രവാളങ്ങളിലേക്ക് നോക്കുവാൻ പറഞ്ഞു. ഇല്ലായ്മയുടേയും പീഢയുടേയും കുഴിയിൽ നിന്ന് പുറത്ത് വരുവാൻ ദൈവം പറഞ്ഞു. അപമാനത്തിന്റെ നെരിപ്പോടിൽ നിന്ന്

പുറത്ത് വന്ന് മാനത്തിന്റെ തേരിൽ സഞ്ചരിക്കുവാൻ പറഞ്ഞു.

അനേകർ മുഖാന്തരം ഞാൻ നിന്നെ ഇത്രയും നാൾ പോറ്റി പുലർത്തി എങ്കിൽ നീ മുഖാന്തരം അനേകർ പോറ്റി പുലർത്തപ്പെടുവാൻ പോകുകയാണ് എന്ന് ദൈവം എന്നോട് പറഞ്ഞു. ദൈവത്തോട് ഞാൻ പ്രാർത്ഥിച്ചിരുന്നു. എനിക്ക് ശേഷം ദൈവികശുശ്രൂഷയിൽ ഇറങ്ങിപുറപ്പെട്ടവർ മാനിക്കപ്പെട്ട സ്ഥാനങ്ങളിൽ എത്തിച്ചേർന്നു. ഞാൻ ഇപ്പോഴും ഒന്നുമില്ലാത്തവനെപ്പോലെ ഓടുകയാണ്. പക്ഷെ അനേകശുശ്രൂഷകർക്ക് കിട്ടാത്തതിൽ കൂടുതൽ ദൈവം സാമ്പത്തികമായും ശുശ്രൂഷപരമായും എന്റെ മേൽ പകർന്നിട്ടുണ്ട്. മറ്റുള്ളവരുടെ ദൃഷ്ടിയിൽ എനിക്ക് ഒന്നും ഇല്ല എന്നത് നേരാണ്. അതാണ് ഒന്നുമല്ലാത്ത അവസ്ഥയിൽ ഞാൻ ഓടുകയാണ് എന്ന് പറഞ്ഞത്.

എനിക്ക് പൂർണ്ണമായും ദൈവികശുശ്രൂഷയിൽ കേന്ദ്രീകരിക്കണം. അതിനായി മറ്റുള്ളതെല്ലാം മറക്കുകയാണ്. ദൈവം നടത്തട്ടേ. ഇയ്യോബിന്റെ ചിലധർമ്മസങ്കടങ്ങൾ രേഖപ്പെടുത്തുകയാണ്. 29:2, 7 – 10, 12 – 18,25, 30:1, 9,10, 16,25,28 – 31, 19:5 – 10, 13 – 16,19,20.

ഇത്രയും വലിയ പീഢയിലൂടെ ഇയ്യോബ് സഞ്ചരിച്ചതിന് ശേഷം ദൈവം ഇയ്യോബിനോട് ചിലത് സംസാരിച്ചു. 11:16,39:5.

ഇങ്ങനെ സംഭവിക്കുവാൻ ദൈവം കൃപ പകരട്ടേ എന്ന് പ്രാർത്ഥിക്കുന്നു.

**ജൂലൈ 14.**

നല്ല ചിലആലോചനകളും വെളിപ്പാടുകളും ദൈവം കാണിച്ച ദിവസം . എല്ലാ ദിവസവും ദൈവം ഒന്ന് സംസാരിച്ചില്ലെങ്കിൽ ഒരു വല്ലാത്ത ദു:ഖം അനുഭവിക്കുന്നത് പോലെ. സ്നേഹം ഉള്ളവർ തമ്മിൽ ഒരുവാക്ക് പരസ്പരം സംസാരി

ച്ചാൽ ആശ്വാസത്തിന് കാരണമാകും. അത് ദൈവത്തിന് അറിയാവുന്നത് കൊണ്ട് ദൈവം തന്റെ ഭക്തനെ നിരാശയിൽ കടത്തിവിടാൻ ആഗ്രഹിക്കാത്തത് കൊണ്ട് എന്തെങ്കിലും എല്ലാ ദിവസവും സംസാരിക്കും. ഇപ്പോൾ ഇല്ലായ്മയാണ്. എന്നാൽ ലഭിക്കുന്ന ആലോചന മുഴുവൻ നിറവിനെക്കുറിച്ചാണ്. ദൈവം പകർന്ന ആലോചന എഴുതാം.

"അപ്പോൾ മുപ്പത് പേരിൽ തലവനായ അമാസായിയുടെ മേൽ ആത്മാവ് വന്നു. ദാവീദേ ഞങ്ങൾ നിനക്കുള്ളവർ, യിശായി പുത്രാ നിന്റെ പക്ഷക്കാർ തന്നെ സമാധാനം, നിനക്ക് സമാധാനം. നിന്റെ തുണയാളികൾക്കും സമാധാനം, നിന്റെ ദൈവമല്ലോ നിന്നെ തുണയ്ക്കുന്നത് എന്ന് പറഞ്ഞു" I ദിന :12:18.

ദാവീദിനും കൂടെയുള്ളവർക്കും ഇപ്പോൾ സമാധാനം ലഭിച്ചിരിക്കുകയാണ്. ദൈവം നൽകിയ സമാധാനവും സ്വസ്ഥതയും കാരണം നിന്റെ ദൈവമല്ലോ നിന്നെ തുണയ്ക്കുന്നത് എന്ന് വചനത്തിൽ കാണുന്നു. എന്നാൽ സമാധാനമില്ലാത്തവനായി, ശൗലിനെ പേടിച്ച് ഒരു ദുർഗത്തിൽ നിന്ന് മറ്റൊരു ദുർഗത്തിലേക്ക് പേടിച്ച് ഓടി നടന്ന കാലം ദാവീദിനുണ്ടായിരുന്നു. ഞാൻ ഛേദിക്കപ്പെട്ടു പോയി എന്ന് എന്റെ പരിഭ്രമത്തിൽ പറഞ്ഞു എന്ന അവസ്ഥയിലൂടെ അവൻ പോയിട്ടുണ്ട്. സിക്ലാഗിൽ വച്ച് സർവ്വതും അവന് നഷ്ടപ്പെട്ട് ബലമില്ലാതാകുവോളം അവൻ ഉറക്കെ കരഞ്ഞിട്ടുണ്ട്. കാട്ട് കരടിയും സിംഹവും അവനെ നേരിട്ടു. ശൗൽ കുന്തം ഓങ്ങി അവനെ കൊല്ലുവാൻ മുതിർന്നിട്ടുണ്ട്. എന്നാൽ അത് എല്ലാം ഒഴുകിപ്പോയ വെള്ളം പോലെ മറന്ന് പോകത്തക്ക രീതിയിൽ ഒരു സമാധാനം അവനും അവന്റെ കൂടെയുള്ളവർക്കും ലഭിച്ചിരിക്കുകയാണ്. യിശായി പുത്രാ നിനക്ക് സമാധാനം എന്ന് ദൈവാത്മാവ് ആലോചന നൽകി.

എന്നാൽ ഒരുവൻ അഭിഷിക്തനെതിരെ കുന്തം ഓങ്ങിയവൻ, യഹോവയുടെ ആലോചനയെ മറുതലിച്ചവൻ, സിംഹാസനത്തിൽ ഇരുന്ന് നിഷ്കളങ്ക മനസ്സിനെ പീഢിപ്പിച്ചവൻ, ചില പ്രതിസന്ധികളിൽപ്പെട്ട് നിൽക്കുന്നു.

"ശൗൽ യഹോവയോട് ചെയ്ത അതിക്രമം ഹേതുവായും യഹോവ

യുടെ വചനം പ്രമാണിക്കയാലും വെളിച്ചപ്പാടത്തിയോട് അരുളപ്പാട് ചോദിച്ചതിനാലും മരിക്കേണ്ടി വന്നു''I ദിന: 10:13. എന്നാൽ ദാവീദോ ''സൈന്യങ്ങളുടെ യഹോവ തന്നോട് കൂടെ ഉണ്ടായിരുന്നതിനാൽ ദാവീദ് മേൽക്ക് മേൽ പ്രബലനായി ത്തീർന്നു''I ദിന: 11:9. ദൈവവചനത്തെ അനുസരിക്കുന്നവനും അനുസരിക്കാത്തവനും തമ്മിൽ വ്യത്യാസം ആദ്യം വെളിപ്പെടുകയില്ല. ആരംഭത്തിൽ വചനം അനുസരിക്കാത്തവൻ ആയിരിക്കാം പ്രബലനായി നിൽക്കുന്നത്. പക്ഷെ ഒരു നിശ്ചിതസമയം മുതൽ ദൈവം ഒരു വ്യത്യാസം വരുത്തുവാൻ തുടങ്ങും. അത് ദൈവവചനം അനുസരിക്കുന്നവന്റെ നന്മയിലേക്ക്, പ്രകാശത്തിലേക്ക്, മാനത്തിലേക്ക് എത്തിപ്പെടും.

''ദാവീദിനെ സഹായിക്കേണ്ടതിന് ദിവസം പ്രതി ആളുകൾ അവന്റെ അടുക്കൽ വന്ന് ഒടുവിൽ ദൈവത്തിന്റെ സൈന്യം പോലെ വലിയ ഒരു സൈന്യമായിത്തീർന്നു''I ദിന:12:22. വീരന്മാർ ദാവീദിനെ പറ്റി നിൽക്കുവാൻ കാരണമെന്ത്? അവൻ ഒരു വീരനായിരുന്നത്കൊണ്ട് തന്നെ. ''യെബൂസ്യർ ദാവീദിനോട് നീ ഇവിടെ കടക്കുകയില്ല എന്ന് പറഞ്ഞു. എങ്കിലും ദാവീദ് സിയോൻ കോട്ട പിടിച്ചു. അതാകുന്നു ദാവീദിന്റെ നഗരം''I ദിന: 11:5. വെല്ലുവിളി ഉയരുന്ന സ്ഥലത്താണ് വീരന്മാരുടെ വീര്യം വെളിപ്പെടുന്നത്. ശൗലും പടനായകന്മാരും ഗോലിയാത്തിന്റെ വെല്ലുവിളിക്ക് മുമ്പിൽ ചൂളി നിൽക്കുമ്പോൾ വീരനായ ദാവീദിന്റെ രക്തം തിളച്ചു. ദാവീദ് യുദ്ധവീരനാണ്. യഹോവയാണ് അവനെ നടത്തുന്നത്.

അങ്ങനെ ഒരു വലിയ സൈന്യത്തിന്റെ അധിപതിയായി ദാവീദ് തീർന്നു. ദൈവത്തിന്റെ സൈന്യം പോലെ വലിയ ഒരു സൈന്യമായിത്തീർന്നു എന്നാണ് വചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. അതിന് ശേഷം മറ്റൊരു നന്മയും ദാവീദിന്റെ മേൽ ലഭിക്കുകയാണ്. സമാധാനത്തിന്റെ തുണയാളിയാണ് സന്തോഷം. അതും ദാവീദിന് ലഭിച്ചു. യിസ്രയേലിൽ സന്തോഷം ഉണ്ടായിരുന്നത് കൊണ്ട് സമീപവാസികൾ യിസ്സാഖാർ, സെബുലൂൻ, നാഫ്താലി, എന്നിവർ കൂടെ കഴുതപ്പുറത്തും ഒട്ടകപ്പുറത്തും കാളപ്പുറത്തും അപ്പം, മാവ്, അത്തിപ്പഴക്കട്ട, ഉണക്കമുന്തിരിപ്പഴം, വീഞ്ഞ്, എണ്ണ എന്നിവയേയും കാളകളേയും വളരെ ആടുകളേയും കൊണ്ടുവന്നു. നാല് മൃഗവാഹനങ്ങളിൽ (ഒട്ടകം, കാള, കഴുത, കോവർകഴുത)

ആറുക്കൂട്ടം കാര്യങ്ങൾ(അപ്പം, മാവ്, അത്തിപ്പഴക്കട്ട, ഉണക്കമുന്തിരിപ്പഴം, വീഞ്ഞ്, എണ്ണ) എന്നിവ കൂടാതെ  മാംസാഹാരമായി ഉപയോഗിക്കുവാൻ ധാരാളം കാള യേയും ആടുകളേയും ലഭിച്ചു.  ദൈവം ദാവീദിനെ തുണച്ചിരുന്നത് കൊണ്ട് ദാവീ ദിന് താഴെ പറയുന്നവ ലഭിച്ചു.

1. സമാധാനം
2. വീരന്മാർ
3. സിംഹാസനം
4. സന്തോഷം
5. ഭൗതികനന്മ

ദൈവം തുണയ്ക്കുന്ന ഏത് ഒരുവനും ഇതുപോലെ അനുഗ്രഹിക്ക പ്പെടും.  കാരണം ദൈവത്തിന്റെ വിശ്വസ്തതയാണ് അങ്ങനെയുള്ള ഒരുവനെ നടത്തുന്നത്.

**ജൂലൈ 21.**

ദൈവം അൽപമായി ചിലമണ്ഡലങ്ങളിൽ മേൽ ആശ്വാസം പകർന്നു. ഭരണിയിലെ എണ്ണ തീർന്നുപോകുവാൻ കലത്തിലെ മാവ് തീർന്ന് പോകുവാൻ ഈ ദൈവം സമ്മതിച്ചില്ല.  യോഹന്നാൻ വെളിപ്പാട് പുസ്തകത്തിൽ പറയുന്നു “നിങ്ങളുടെ സഹോദരനും യേശുവിന്റെ കഷ്ടതയിലും രാജ്യത്തിലും സഹിഷ്ണു തയിലും കൂട്ടാളിയുമായ യോഹന്നാൻ എന്ന ഞാൻ ദൈവവചനവും യേശുവിന്റെ സാക്ഷ്യവും നിമിത്തം പത്മോസ് എന്ന ദ്വീപിലായിരുന്നു” 1:9.

യേശുവിന്റെ ഇഹലോകജീവിതത്തിൽ നേരിട്ട കഷ്ടതയിലും വെളി പ്പെട്ട, വെളിപ്പെട്ട് കൊണ്ടിരിക്കുന്ന വെളിപ്പെടാനിരിക്കുന്ന രാജ്യത്തിന്റെ ശക്തി യിൽ ഓഹരിക്കാരനും കർത്താവും യോഹന്നാനും നേരിട്ട സകല ശോധനയിലും സഹിഷ്ണുത പ്രകടിപ്പിച്ച യോഹന്നാൻ, വളരെ നാൾ ഭൂമിയിൽ ജീവിച്ച യോഹ

ന്നാൻ, തന്റെ അവസാനനാളുകളിൽ പത്മോസ് എന്ന ദ്വീപിൽ ഏകാന്ത തടവറയിൽ ആയി. ജീവിതത്തിൽ അനീതിയോ ദോഷമോ ചെയ്തിട്ടല്ല അങ്ങനെ സംഭവിച്ചത്. ദൈവവചനവും യേശുവിന്റെ സാക്ഷ്യവും നിമിത്തവും ആയിരുന്നു.

ദൈവവചനത്തിലൂന്നി യേശുവിന്റെ സാക്ഷ്യം വഹിച്ചപ്പോൾ ഏകാന്തതയും പീഢയും അനുഭവിക്കേണ്ടി വന്നു. സുവിശേഷം നിമിത്തം എന്ത് നഷ്ടം അപമാനം, പീഢ നേരിട്ടാലും മറ്റൊരു മേഖലയിൽ പ്രതിഫലം വർദ്ധിച്ച് കൊണ്ടിരിക്കും. സുവിശേഷം നിമിത്തം സുഖിച്ച് ജീവിക്കുന്നവരും ഉദരപുരണം നടത്തുന്നവരും ശത്രുരാജ്യത്തിന് ഒരു ദോഷവും വരുത്തുന്നില്ല. അവർ മുഖാന്തരം ശത്രു ചില മേഖലയിൽ നിന്ന് നീക്കം ചെയ്യപ്പെടുന്നില്ല. അതുകൊണ്ട് ശത്രുവായ പിശാച് അവരെ ആക്രമിക്കുന്നുമില്ല. യുദായുടെ ലേഖനത്തിൽ അവരെക്കുറിച്ച് സൂചിപ്പിച്ചിരിക്കുന്നു.

1. തങ്ങൾക്ക് അറിവില്ലാത്ത സകലതിനേയും ആത്മാവിന്റെ പ്രവൃത്തി ആണെങ്കിൽക്കൂടി അവർ ദുഷിക്കുന്നു.
2. ബുദ്ധിയില്ലാത്ത മൃഗങ്ങളെപ്പോലെ തങ്ങളെത്തന്നെ വഷളാക്കുന്നു.
3. കായീന്റെ വഴിയിൽ, മറ്റൊരുവനിൽ ആരാധന, ശുശ്രൂഷ, നന്മ വെളിപ്പെടുമ്പോൾ അസൂയ മുഖാന്തരം അവനെ നശിപ്പിക്കുവാൻ വേണ്ടി സ്വന്തം ബുദ്ധിയിൽ സകലതും ചെയ്യുന്നു.
4. കൂലി കൊതിക്കുന്ന ബിലയാമിന്റെ വഞ്ചന പണം തരുന്നവർക്ക് വേണ്ടി വ്യവസ്ഥയ്ക്ക് വിരുദ്ധമായി എന്തും ചെയ്യുന്ന മാറ്റിപ്പറയുന്ന സ്വഭാവം വഞ്ചനയുടെ ആത്മാവ് വെളിപ്പെടുത്തുന്നു.
5. ദൈവികാഭിഷിക്തനായ മോശയ്ക്കെതിരെ മത്സരിച്ച് അവനെ പീഢിപ്പിക്കുവാൻ മുമ്പിൽ നിന്ന കോരഹിനെപ്പോലെ ജീവിക്കുന്നു.
6. സ്നേഹസദ്യകളിൽ മറഞ്ഞ് കിടക്കുന്ന പാറകൾ, പുറംമോടിയിൽ അലങ്കരിക്കുന്നവർ കൊതുകിനെ അരിച്ചെടുക്കുകയും, ഒട്ടകത്തെ വിഴുങ്ങിക്കളയുകയും ചെയ്യുന്ന, കിണ്ടികിണ്ണങ്ങളുടെ പുറം വെടിപ്പാക്കി അകത്ത് അതിക്രമവും കവർച്ചയും നിറയ്ക്കുന്നവർ വെള്ള തേച്ച ശവകല്ലറ പോലെ പുറമേ അഴകായി ശോഭിക്കുന്നെങ്കിലും

അകമേ ചത്തവരുടെ അസ്ഥികളും സകലവിധ അശുദ്ധിയും നിറഞ്ഞിരിക്കുന്ന സ്നേഹസദ്യകളിലെ മറഞ്ഞ് മൂടിക്കിടക്കുന്ന പാറകൾ.

7. കാറ്റ് കൊണ്ട് ഓടുന്ന വെള്ളമില്ലാത്ത മേഘങ്ങൾ, എവിടെ കൊണ്ട് പോയി ഇട്ടാലും ഒരുവിധ ഫലവും പുറപ്പെടുവിക്കാത്ത വെള്ളമില്ലാത്ത മേഘം പോലെ ആയിരിക്കുന്നവർ.
8. ഇലകൊഴിഞ്ഞ ഫലമില്ലാതെ രണ്ടുരുചത്ത് വേരറ്റും പോയ വൃക്ഷങ്ങൾ, മണ്ണിനടിയിൽ രഹസ്യജീവിതത്തിൽ വേര് ഇല്ലാത്തവർ ദൈവവുമായി രഹസ്യബന്ധം ഇല്ലാത്തവർ  തായ്ത്തടിമേൽ കേടും  പോടും ഉള്ളവർ ഇലയും ഫലവും ഇല്ലാത്ത ജീവിച്ചിരിക്കുന്ന ജീവിതങ്ങൾ.
9. തങ്ങളുടെ നാണക്കേട് ദിനംതോറും പരസ്യമാക്കുന്നവർ.
10. വക്രഗതിയുള്ള നക്ഷത്രങ്ങൾ പോലെ
11. സ്വന്തം മോഹങ്ങളെ അനുസരിച്ച് നടക്കുന്ന
12. വമ്പ് പറയുന്ന, കാര്യസാദ്ധ്യത്തിനായി മുഖസ്തുതി ഉപയോഗിക്കുന്നവർ

സ്വന്തം ജീവിതത്തിൽ ദൈവവചനം ഇല്ലാത്തവരും യേശുവിന്റെ സാക്ഷ്യം കാത്തുസൂക്ഷിക്കാത്തവരുമായവരെക്കുറിച്ചാണ് ഇവിടെ രേഖപ്പെടുത്തിയത്.അവർക്ക് പീഢ എന്ന സംഗതിയേ ഇല്ല.  പക്ഷെ ഒരുവൻ അപ്പോസ്തല അനുഭവത്തിൽ ഓടികൊണ്ടിരിക്കുന്നവൻ ഇപ്പോൾ ഏകാന്തവാസത്തിൽ പത്മോസ് ദ്വീപിന്റെ തടവറയിൽ കിടക്കുകയാണ്.  ആ ഏകാന്ത വാസത്തിലൂടെ വെളിപ്പെട്ട ആലോചനകളും വെളിപ്പാടും ആർക്കും മനസ്സിലാക്കുവാൻ പോലും കഴിയാത്ത രീതിയിൽ, അഗാധമായി വെളിപ്പാട് പുസ്തകത്തിലെ 22 അദ്ധ്യായങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു.  ആയിരാമാണ്ട് വാഴ്ചക്കാലത്ത് കർത്താവ് വെളിപ്പെടുവാനിരിക്കുന്ന രൂപത്തിൽ തേജസിൽ കർത്താവിനെ ദർശനത്തിലൂടെ അവൻ കണ്ടു.  1:2 – 18.  എല്ലാസഭകൾക്കുമുള്ള ആലോചന അവന് വെളിപ്പെട്ടു.  ഭാവികാല സംഭവങ്ങൾ ദർശനത്തിലൂടെ ദൈവം വെളിപ്പെടുത്തി കൊടുത്തു.  രണ്ട് സ്വഭാവത്തിലുള്ള ശുശ്രൂഷ.  ജഢികശുശ്രൂഷയും അത്മീകശുശ്രൂഷയും ആണ് ഇവിടെ രേഖപ്പെടുത്തിയത്.  ജഢികശുശ്രൂഷ ചെയ്യുന്നവന് കഷ്ടതയും പീഢയും ഇല്ല.  എന്നാൽ ആത്മീക ശുശ്രൂഷ ചെയ്യുന്നവൻ പീഢയും കഷ്ടതയും

ഏൽക്കേണ്ടിവരുന്നു.

**ജൂലൈ 28.**

ദൈവം നൽകിയ ആലോചന അനുസരിച്ച് തന്റെ ജനത്തെ ആശ്വസിപ്പിക്കുന്ന ദൈവകരം വെളിപ്പെടുകയാണ്. ലൂക്കോബ് :4:37-ൽ "അവന്റെ ശ്രുതി ചുറ്റുമുള്ള നാടെങ്ങും പരന്നു" എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

നിരവധി വാഗ്ദത്തങ്ങളുടേയും പ്രവചനത്തിന്റേയും കീഴിൽ നീണ്ട 400 വർഷത്തെ കട്ട പിടിച്ച ഇരുട്ടിന് ശേഷം യഹൂദയിലെ ബത്ലേഹം പട്ടണത്തിൽ യേശുകർത്താവ് ജനിച്ചു. ജനനം മുതൽ ശത്രു പോരാടി. ജ്ഞാനത്തിലും കൃപയിലും ആത്മാവിലും ബലത്തിലും യേശുകർത്താവ് വളർന്ന് വന്നു. കർത്താവിന്റെ അമ്മയ്ക്കും അടുത്ത പരിചയക്കാർക്കും കർത്താവിനോട് സംസാരിച്ചവർക്കും മാത്രമേ കർത്താവിന്റെ ജ്ഞാനവും കൃപയും അറിയാമായിരുന്നൊള്ളൂ.

12-ാമത്തെ വയസ്സിൽ യരുശലേം ദേവാലയത്തിൽ വച്ച് ഉപദേഷ്ടാക്കന്മാർ കർത്താവിനോട് സംസാരിച്ചു. കർത്താവിന്റെ ജ്ഞാനത്തിൽ അവർ വിസ്മയിച്ചു. എങ്കിലും കർത്താവ് തന്റെ ജ്ഞാനം ഒരു നിശ്ചിതസമയം വരെ വെളിപ്പെടുത്താതെ, ദൈവികശുശ്രൂഷ ചെയ്യാതെ ഒതുങ്ങിയിരുന്നു. ദൈവശബ്ദം കേൾക്കേണ്ടതിനും ശത്രുവിനെ തകർക്കുന്നതിനും വേണ്ടി, തന്റെ ശുശ്രൂഷയ്ക്ക് വേണ്ടി കാത്തിരുന്നു. യേശുകർത്താവിന്റെ ശുശ്രൂഷയ്ക്ക് ആവശ്യമായതെല്ലാം ഒരുങ്ങികൊണ്ടിരുന്നു. ദൈവികശുശ്രൂഷയ്ക്ക് അടയാളങ്ങൾ വെളിപ്പെടണമായിരുന്നു. സ്നാനസമയത്ത് പരിശുദ്ധ ആത്മാവ് പ്രാവ് രൂപത്തിൽ ഇറങ്ങിവന്നു.

പരിശുദ്ധാത്മാവിൽ നിറഞ്ഞ് മടങ്ങിയ സമയത്ത് മരുഭൂമിയിലേക്ക് ആത്മാവ് നടത്തി. പരീക്ഷണഘട്ടം ആരംഭിക്കുകയാണ്. ഒരു വലിയ ശുശ്രൂഷയ്ക്ക് മുമ്പ് ഒരു വലിയ പരീക്ഷണഘട്ടം ഉണ്ട്. തകർന്ന്പോകുവാൻ ദൈവം സമ്മതിക്കുകയില്ല. മരുഭൂമിയിലെ നിർണ്ണായകഘട്ടത്തെ അതിജീവിച്ചതിന് ശേഷമേ ശുശ്രൂഷ ആരംഭിക്കുകയൊള്ളൂ. 1998-ൽ ഒരു പ്രത്യേക അഭിഷേകം

എന്റെ മേൽ വന്നു. 1999 മുതൽ പരീക്ഷണഘട്ടവും ആരംഭിച്ചു. എങ്ങനെ പിടിച്ച് നിന്നു. എങ്ങനെ അതിജീവിച്ചു എനിക്ക് അറിയില്ല. ദൈവകൃപ എന്നെ സംരക്ഷിച്ച് നിർത്തി.

പരീക്ഷണഘട്ടത്തിന് ശേഷം ആത്മാവിന്റെ ശക്തിയോടെ ഗലീലയ്ക്ക് കർത്താവ് മടങ്ങുകയാണ്. അവൻ വളർന്ന നസ്റേത്തിൽ വന്ന് ശബ്ബത്തിൽ പള്ളിയിൽ ചെന്ന് പുസ്തകം വായിച്ച് ശുശ്രൂഷിച്ചു. ഏലിയാവിനെക്കുറിച്ചും സാരെഫാത്തിലെ വിധവയെക്കുറിച്ചും കുഷ്ഠരോഗം മാറിയ നയമാനെക്കുറിച്ചും പറഞ്ഞു. പക്ഷെ “പള്ളിയിലുള്ളവർ ഇത് കേട്ടിട്ട് എല്ലാവരും കോപം നിറഞ്ഞവരായി എഴുന്നേറ്റ് അവനെ പട്ടണത്തിന് പുറത്താക്കി” ലൂക്കോ: 4:28.

തുടർന്ന് ഗലീലയിലെ ഒരു പട്ടണമായ കർഫന്നഹൂമിൽ ചെന്ന് ശബ്ബത്തിൽ അവരെ ഉപദേശിച്ചു. വചനം അധികാരത്തോടെ ശുശ്രൂഷിച്ചു. പരിശുദ്ധാത്മശക്തി വ്യാപരിച്ചു. കർത്താവിന്റെ ഉപദേശത്തിൽ ജനം വിസ്മയിച്ചു. ഒരു അശുദ്ധഭൂതം ബാധിച്ച മനുഷ്യൻ നിലവിളിക്കുകയാണ് “യേശുവേ വിടൂ ഞങ്ങളെ നശിപ്പിക്കുവാൻ വന്നിരിക്കുന്നുവോ നീ ആർ എന്ന് ഞാൻ അറിയുന്നു. ദൈവത്തിന്റെ പരിശുദ്ധൻ തന്നെ. അവൻ ഉറക്കെ നിലവിളിക്കുകയാണ്. യേശു ഭൂതത്തെ ശാസിച്ചു. ഭൂതശക്തി അവനിൽ നിന്ന് വിട്ടുപോയി”.

എല്ലാവരും വിസ്മയിക്കുകയാണ്. അധികാരത്തോടും ശക്തിയോടും അശുദ്ധാത്മാക്കളോട് കൽപ്പിക്കുന്നു. അവ അനുസരിച്ച് വിട്ട് പോകുന്നു. ജനത്തിന്റെ ഇടയിൽ കർത്താവിനെക്കുറിച്ച് സംസാരം ഉണ്ടായി. കർത്താവിനെക്കുറിച്ചുള്ള ശ്രുതി ചുറ്റുമുള്ള നാടെങ്ങും പരന്നു. അനേകർ വിടുതൽ പ്രാപിച്ച് ദൈവത്തെ മഹത്വപ്പെടുത്തി.

## ആഗസ്റ്റ് 4.

“ഇടിച്ച് കളവിൻ, അടിസ്ഥാനംവരെ ഇടിച്ച് കളവിൻ എന്നിങ്ങനെ പറഞ്ഞ ഏദോമ്യർക്കായി യഹോവേ യരുശലേമിന്റെ നാൾ ഓർക്കേണമേ” 137:7.

ഏദോമ്യശക്തി ഗർജ്ജിക്കുകയാണ് ഇടിച്ച് കളവിൻ അടിസ്ഥാനം വരെ ഇടിച്ച് കളവിൻ. അഭിഷിക്ത ജനത്തിനെതിരെ അഭിഷിക്തനെതിരെ ഗർജ്ജിക്കുന്ന ഏദോമ്യശക്തി നാശം ആഗ്രഹിക്കുന്നു. എങ്ങനെയെങ്കിലും, ഏതെങ്കിലും രൂപത്തിൽ, ഏതെങ്കിലും മാർഗ്ഗത്തിൽ തകർക്കുക നശിപ്പിക്കുക. അവന്റെ ലക്ഷ്യം വിശുദ്ധിയിലും, വിശ്വസ്തതയിലും, സംരക്ഷണത്തിലും, നിൽക്കുന്ന ദൈവജനത്തെ തകർക്കുകയാണ്. ഏദോമ്യനായ ദോവേഗ് 85 ഇസ്രയേൽ പുരോഹിതന്മാരെ കൊന്ന് കളഞ്ഞു. പുരോഹിതന്മാരെ സംരക്ഷിക്കേണ്ടുന്നവനായ ഇസ്രയേൽരാജാവായ ശൗൽ തന്റെ സ്ഥാനം സംരക്ഷിക്കുവാൻ വേണ്ടി തന്റെ കൂടെയല്ല എന്ന് തോന്നുന്നവരെ ഒക്കെ നശിപ്പിക്കുകയാണ്. പുരോഹിതനായ അഹീമേലെക്കിന്റെ അടുത്ത് ദാവീദ് വന്ന് വിശുദ്ധമായ അപ്പവും ഗോല്യാത്തിന്റെ വാളും വാങ്ങി. അത് ഏദോമ്യനായ ദോവേഗ് മുഖാന്തരം അറിഞ്ഞ ശൗൽ തന്റെ പടയാളികളോട് അഹീമേലെക്ക് പുരോഹിതനേയും കൂടെയുള്ള പുരോഹിതന്മാരേയും കൊല്ലുവാൻ കൽപ്പിക്കുന്നു. ഇസ്രയേൽജനത്തിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ടവരാണ് പടയാളികൾ, അവർ ഒരിക്കലും പുരോഹിതന്മാർക്ക് എതിരെ നിൽക്കുകയില്ല, അവരെ കൊല്ലുകയില്ല.

എന്നാൽ ഏദോമ്യനായ ദോവേഗ് ദൈവമില്ലാത്തവനാണ്, ജാതീയനാണ്. അവന് പണം നൽകിയാൽ സ്ഥാനം നൽകിയാൽ എന്തും ചെയ്യും. നശിപ്പിക്കുക, ഉന്മൂലനം ചെയ്യുക, അതാണ് അവന്റെ പദ്ധതി. അഭിഷേകം നഷ്ടപ്പെട്ട ശൗൽ ജാതീയനായ ഏദോമ്യനെ ഉപയോഗിച്ച് യഹോവയുടെ പുരോഹിതന്മാരെ കൊന്നു.

ഉന്നതങ്ങളിൽ ഇരിക്കുന്ന അഭിഷേകം നഷ്ടപ്പെട്ട ചിലർ തങ്ങൾക്ക് നേരിട്ട് പ്രവർത്തിക്കുവാൻ കഴിയാത്ത ചില കാര്യങ്ങൾ ജാതീയന്മാരെകൊണ്ട് ചെയ്യിക്കും. എന്തിന് വേണ്ടി ?. സ്ഥാനം നഷ്ടപ്പെടാതിരിക്കുവാൻ ശൗൽ അത് ചെയ്തു. പുരോഹിതന്മാരെ നശിപ്പിച്ചു. പിന്നീട് അവനും അതേ വാളിനാൽ കൊല്ലപ്പെട്ടു. I ശമു: 22.

ഏദോമ്യ ശത്രു ലക്ഷ്യം ഇടുന്നത് അടിസ്ഥാനം ഇടിച്ച് കളയുവാനാണ്.

കാരണം അടിസ്ഥാനം ഇടിച്ച് കളഞ്ഞാൽ സർവ്വതും നശിപ്പിക്കാം. അടിസ്ഥാനം മറിഞ്ഞ് പോയാൽ നീതിമാൻ എന്ത് ചെയ്യും എന്ന് വചനം തന്നെ ചോദിക്കുന്നു. കാരണം അടിസ്ഥാനം പരമപ്രധാനമാണ് . ഒരു കെട്ടിടം എത്രമാത്രം ഉയരത്തിൽ പൊക്കുന്നുവോ അത്രമാത്രം അത് ആഴത്തിൽ അടിസ്ഥാനം ഇടണം. അങ്ങനെ ചെയ്തില്ലെങ്കിൽ ശക്തമായ ഒരു കുലുക്കം അതിനെ നേരിടുമ്പോൾ അത് ഇളകിവീഴും.

പാറമേൽ അടിസ്ഥാനം ഇട്ട് വീട് പണിയുന്നതും മണലിന്മേൽ അടിസ്ഥാനം ഇട്ട് വീട് പണിയുന്നതിനെ ക്കുറിച്ചും കർത്താവ് ഉപദേശിച്ചു. മണലിന്മേൽ വീട് പണിയുവാൻ വളരെ എളുപ്പമാണ്. ചിലർ തങ്ങളുടെ ശുശ്രൂഷാജീവിതം മണലിന്മേൽ പണിതെടുക്കുകയാണ്. മണൽ എന്തിനെ കാണിക്കുന്നു? ബലം ഇല്ലായ്മയെ കാണിക്കുന്നു. ബലം ദൈവത്തിനുള്ളത് എന്ന് വചനം പറയുന്നു. ബലമില്ലാത്തത് എന്താണ്? ഈ ഭൂമിയിലുള്ളത് ഭൂമിയിലുള്ള ചിലതിനെ അടിസ്ഥാനമാക്കി ശുശ്രൂഷാ ജീവിതം കെട്ടിപ്പടുക്കുകയാണ്. പണം, ബന്ധുത്വം, നേതൃത്വത്തിലുള്ള സ്വാധീനം തുടങ്ങിയവയാണ് ചിലർ അടിസ്ഥാനമായിക്കാണുന്നത്. അതിന്മേൽ ശുശ്രൂഷാജീവിതം കെട്ടിപ്പൊക്കുകയാണ്. പെട്ടെന്നാണ് വളർന്ന് പൊങ്ങി വരുന്നത്. പെട്ടെന്ന് തന്നെ അത് ഇടിഞ്ഞ് പോകുകയും ചെയ്യുന്നു. മലവെള്ളം പോലെ പെട്ടെന്ന് വന്ന് പെട്ടെന്ന് പോകുന്നു.

എന്നാൽ ചിലർ നേതൃത്വത്തിൽ സ്വാധീനം ഉണ്ടെങ്കിലും പണം ഉണ്ടെങ്കിലും ബന്ധുത്വം ഉണ്ടെങ്കിലും അവയെ അടിസ്ഥാനമാക്കാതെ വിളിച്ചവനെ മാത്രം നോക്കി, വചനം മാത്രം ഉപയോഗിച്ച് പരിശുദ്ധാത്മാവിന്റെ ആലോചനയ്ക്ക് കീഴിൽ അടിസ്ഥാനം ഇടുകയാണ്. അത് കഷ്ടത പിടിച്ച ജോലിയാണ്. അത് സമയം എടുക്കുന്ന ജോലിയാണ്. എത്രമാത്രം കഷ്ടപ്പെട്ടാലും മനസ്സിലാക്കുവാൻ കഴിയുന്ന രീതിയിൽ അവിടെ ഒന്നും ഉണ്ടാകുകയില്ല. പരുപരുത്ത, വരണ്ട അനുഭവം ആയിരിക്കും ആദ്യം. കാണുന്നവർ കാണുന്നവർ പറയും വ്യഥാ അദ്ധ്വാനിക്കുകയാണ് എന്ന്. വർഷങ്ങൾ കൊണ്ടായിരിക്കാം അവർ അടിസ്ഥാനം ഇടുന്നത്.

പാറമേൽ അടിസ്ഥാനം ഇടുന്നവൻ അടിസ്ഥാനം ഇട്ട് തീരുന്നതിന് മുമ്പ് തന്നെ മണലിന്മേൽ അടിസ്ഥാനം ഇട്ടവൻ അടിസ്ഥാനം ഇട്ട് കെട്ടിപൊക്കി പണി തീർത്തിരിക്കും. നോക്കുന്നവർ പറയും മണലിന്മേൽ പണിതവന്റെ പണി നല്ല പണിയാണ്. അവന് നല്ല മിടുക്കുണ്ട്. പാറമേൽ പണിയുന്നവൻ താഴോട്ടാണ് പണിയുന്നത്. അത്കൊണ്ട് അവന്റെ പണി അവർ കാണുന്നുമില്ല.

ഏദോമ്യശക്തി ഇടിച്ച് കളയുവാൻ ഗർജ്ജിച്ച് വരികയാണ്. മണലിന്മേൽ പണിതത് ഇടിഞ്ഞ് വീണ് അടിസ്ഥാനം വരെ തകർന്ന് പോകും. എന്നാൽ പാറ മേൽ പണിതത് ഇളകാതെ ഉറച്ച് നിൽക്കും. ഏത് രൂപത്തിലുള്ള ഏദോമ്യശക്തി എഴുന്നേറ്റാലും ശരി അതിന് ഒരുകോട്ടവും തട്ടുകയില്ല. ദൈവം അതിനെ സംരക്ഷിക്കും.

## ആഗസ്റ്റ് 11

ഏദോമ്യശക്തി അടിസ്ഥാനം ഇളക്കികളയുവാൻ വ്യത്യസ്ത രൂപത്തിൽ എഴുന്നേറ്റ് വന്നുവെങ്കിലും അടിസ്ഥാനത്തെ അവന് ഇളക്കുവാൻ കഴിഞ്ഞില്ല. അടിസ്ഥാനത്തിന്റെ മുകളിൽ ശത്രു ശക്തമായി പറന്ന് നിന്ന് ഇളക്കുവാൻ നോക്കി. ശത്രുവിനറിയത്തില്ലാത്ത രീതിയിലുള്ള രഹസ്യ അടിത്തറ ഉണ്ടായിരുന്നത് കൊണ്ട് അൽപനാൾ പരിഭ്രമം സൃഷ്ടിക്കുവാൻ കഴിഞ്ഞു.

ഇസ്രയേൽജനം മിസ്രയീമ്യരെ പരാജയപ്പെടുത്തി കനാൻ ദേശത്തേക്ക് യാത്ര ചെയ്യുകയാണ്. ഫറവോൻ ഇനി വരികയില്ല എന്നാണ് അവർ ചിന്തിച്ചത്. ചെങ്കടലിന്റെ അരികിലിട്ട് കുടുക്കി ഇസ്രയേൽജനത്തെ ഒടുക്കുവാൻ ഫറവോൻ വന്നു. പക്ഷെ തന്റെ ജനത്തെ യഹോവ പരിപാലിച്ച് യാത്രയ്ക്ക് യോഗ്യമാക്കി. മോശയ്ക്കും ഇസ്രയേൽജനത്തിനും ലഭിച്ച വിടുതൽ കേട്ടറിഞ്ഞ് ബന്ധുത്വം ഉള്ള ഒരു ജാതീയപുരോഹിതൻ വരികയാണ്. യിത്രോ. ‘‘യഹോവ മിസ്രയിമ്യരുടെ കൈയ്യിൽ നിന്നും ഇസ്രയേലിനെ വിടുവിച്ചതിനാൽ അവർക്ക് ചെയ്ത എല്ലാനന്മ നിമിത്തവും യിത്രോ സന്തോഷിച്ചു’’ പുറ: 18:9. മറ്റുള്ളവർക്ക് ലഭിക്കുന്ന നന്മ നിമിത്തം സന്തോഷിക്കുവാൻ കഴിയുമോ? മറ്റുള്ളവർക്ക് ലഭിക്കുന്ന കൃപ കണ്ട്

സന്തോഷിക്കുവാൻ കഴിയുമോ? കഴിയണം. തുടർന്ന് ജാതീയപുരോഹിതനായ യിത്രോ പറയുകയാണ് ''യഹോവ സകലദേവന്മാരിലും വലിയവൻ എന്ന് ഞാൻ ഇപ്പോൾ അറിയുന്നു'' പുറ:18:11. മോശയുടെ അമ്മായപ്പനായ യിത്രോ ദൈവത്തിന് ഹോമയാഗവും ഹനനയാഗവും കഴിച്ചു. ജാതീയഅനുഭവത്തിൽ ഓടുന്നവരെ നേടുവാൻ യഹോവയുടെ അത്ഭുത പ്രവൃത്തികൾ തന്നെ വെളിപ്പെടണം.

അപ്പോസ്തലകാലഘട്ടത്തിൽ പുരോഹിതന്മാർ വരെ വിശ്വാസത്തിൽ വന്ന് ദൈവജനമായിത്തീർന്നു. അതുപോലെ ഒരുശക്തമായ ഉണർവ്വ് വെളിപ്പെടുമ്പോൾ ദൈവത്തിന്റെ വലിയ പ്രവൃത്തികൾ ദേശത്ത് വെളിപ്പെടുമ്പോൾ പുരോഹിതഗണത്തിൽപ്പെട്ട ഒരു കൂട്ടം ദൈവത്തിന് വേണ്ടി ഇറങ്ങും. ജാതീയഅനുഭവത്തിൽ ഉള്ള പുരോഹിതന്മാരും തങ്ങളുടെ സകലവിധജാതീയ ആരാധനകളും വിട്ട് യഹോവയെ ആരാധിക്കുന്ന ദിനം അടുത്ത് തന്നെ നിൽക്കുന്നു.

എന്റെ ഒരു പ്രാർത്ഥന ഇതാണ്. നിഷ്കളങ്കരും നല്ല മനസാക്ഷിയുള്ളവരും നീതിമാന്മാരുമായ ജനം ഏത് ജാതീയഅനുഭവത്തിൽ ഓടുന്നവരാണെങ്കിലും ശരി അവർ മുഴുവൻ രക്ഷിക്കപ്പെടണം. ദൈവരാജ്യത്തിന് ആദായമായിത്തീരേണം. ഇന്ന് അനേക നല്ല മനുഷ്യർ ദൈവത്തെ അറിയാതെ ജീവിക്കുന്നുണ്ട്. അവരുടെ വിശ്വാസവും പ്രാർത്ഥനയും ആരാധനയും ജാതീയമാണ്. അവർ മുഴുവൻ ദൈവഭാഗത്ത് വരുവാൻ ദൈവം കൃപചെയ്യട്ടേ. ദൈവഇഷ്ടം നടപ്പിൽ വരട്ടേ.

## ആഗസ്റ്റ് 18

ദൈവത്തിന്റെ ശക്തിയേറിയ ആലോചനകൾ വെളിപ്പെടുകയാണ്. ഇത് ആരോടെങ്കിലും പറഞ്ഞാൽ കളിയെന്നേ അവർ പറയു. വ്യാമോഹം എന്നും, ബുദ്ധിക്കെത്താത്ത ആശ എന്നും സ്വപ്നജീവി എന്നും പറയാൻ സാധ്യതയുണ്ട്. അതുകൊണ്ട് വെളിപ്പെടുന്ന ആലോചനകൾ മൂടിവച്ച് ആരോടും പറയാതെ തക്ക സമയത്ത് അതിനായി ഒരുങ്ങി തയ്യാറെടുക്കാം.

മഴയില്ലായിരുന്ന കാലഘട്ടത്തിൽ നോഹ മഴയെക്കുറിച്ച് , ദൈവത്തിന്റെ ന്യായവിധി വെള്ളത്തിന്റെ രൂപത്തിൽ വരികയാണ്, രക്ഷപ്പെടുവാൻ പെട്ടകത്തിൽ പ്രവേശിക്കുക എന്ന് പറഞ്ഞു. ആരും വിശ്വസിച്ചില്ല. ലോത്ത് ന്യായവിധിയെക്കുറിച്ച് തന്റെ മരുമക്കളോട് പറഞ്ഞപ്പോൾ തീയും ഗന്ധകവും പുറപ്പെട്ടു എന്ന് പറഞ്ഞപ്പോൾ അവർ വിശ്വസിച്ചില്ല.

ആലോചനകൾ പ്രവൃത്തി രൂപത്തിൽ വെളിപ്പെടുമ്പോൾ ജനം അറിയട്ടേ. അത് വരെ ആലോചനകൾ ഉള്ളിൽ പേറി നടക്കാം. ദൈവവും അതാണ് ആഗ്രഹിക്കുന്നത് എന്ന് തോന്നുന്നു. അതാണ് ആരോടും ഇതൊന്നും പറയിക്കാതിരിക്കുവാൻ ദൈവം ചില സാഹചര്യങ്ങൾ ഒരുക്കുന്നത്. Luke: 3:5 ൽ ''ദുർഘടമായത് നിരന്ന വഴിയായിത്തീരും'' എന്നെഴുതിയിരിക്കുന്നത്. ഇംഗ്ലീഷിൽ ''The rough ways smooth'' എന്നാണ് എഴുതിയിരിക്കുന്നത്. അതിന്റെ അർത്ഥം പരുക്കമായ വഴികൾ മൃദുലമാകും എന്നാണ്.

ശുശ്രൂഷാ ആരംഭത്തിൽ പരുക്കൻ വഴികളെയാണ് നേരിട്ടത്. യാക്കോബ് തന്റെ യാത്രയിൽ കല്ല് തലയണയായി ഉപയോഗിച്ചു. പരുക്കൻ അനുഭവം. നീണ്ട 20 വർഷം ലാബാന്റെ ആടുകളെ സേവിച്ചു. പകൽ വെയിൽ, രാത്രിയിൽ ശീതം. കണ്ണിന് ഉറക്കമില്ല. ശരീരം ക്ഷയിക്കുകയാണ്. പ്രതിഫലം പത്ത് പ്രാവശ്യമാണ് തട്ടിമാറ്റിയത്. യോസേഫ് ചെറുപ്രായം മുതൽ പൊട്ടക്കിണർ, കാരാഗൃഹം, കുണ്ടറ മുതലായ പരുക്കൻ വഴികൾ നേരിട്ടു. ദാവീദ് നേരിട്ട പരുക്കൻ വഴി വിവരിക്കുവാൻ പ്രയാസം. സിംഹം, കരടി, ഗോലിയാത്ത്, ശൗലിന്റെ കുന്തം.

ദൈവം പറയുകയാണ് പരുക്കൻവഴി മൃദുവാകാൻ പോകുകയാണ്. തന്റെ ജനത്തിന്റെ നന്മ അടച്ച് വച്ച കരിങ്കൽ പാറകൾ പൊട്ടി മാറാൻ പോകുകയാണ് എന്ന് വഴിയില്ലാതെ, സഞ്ചരിക്കുവാൻ നിവൃത്തിയില്ലാതെ ദുർഘടമായി കിടന്ന ചില പാതകൾ നിരന്ന് സഞ്ചരിക്കുവാൻ യോഗ്യമായി മൃദുവായി മാറുവാൻ പോകുകയാണ് എന്ന്. ദൈവം അങ്ങനെ പറഞ്ഞാൽ വിശ്വസിക്കുക മാത്രം ചെയ്യുക.

അബ്രഹാമിനോട് ദൈവം പറഞ്ഞു അടുത്ത ആണ്ടിൽ നിന്റെ ഭാര്യ സാറയ്ക്ക് ഒരു മകൻ ഉണ്ടാകും എന്ന്. വരണ്ട ഗർഭപാത്രം നിറയുവാൻ ദൈവം വാഗ്ദത്ത സന്തതിയെ തരുവാൻ പോകുകയാണ് എന്ന് അബ്രഹാം അത് വിശ്വസിച്ചു. ദൈവികശുശ്രൂഷ ഒരു യാത്രയാണല്ലോ. വർഷങ്ങൾക്ക് മുമ്പ് നീണ്ട് കിടക്കുന്ന ദുർഘടമായ ഒരു വഴി ദൈവം എന്നെ കാണിച്ചു. ആ വഴിയിലുടനീളം ദുർഘടമായിരുന്നു. സർപ്പശക്തികൾ, ദേശാന്ധകാരവ്യാപാരങ്ങൾ, ഇരുണ്ട രൂപങ്ങൾ, കത്തിയെരിഞ്ഞ് അഴിഞ്ഞ് മാറുന്ന വെളിപ്പാടുകൾ ദൈവം കാണിച്ചു. യാത്രയ്ക്കെതിരെ തടസ്സം നിന്ന, അപമാനിച്ച, തളർത്തിക്കളഞ്ഞ, നിന്ദിച്ച, ചവിട്ടിയ പ്രാദേശിക ദേശാന്ധകാരശക്തി കീഴ്പെട്ട് മാറി എന്ന് ദൈവം പറഞ്ഞു. പുതിയശുശ്രൂഷാ വസ്ത്രം വാങ്ങിച്ച്, പുതിയ വാഹനത്തിൽ, പുതിയ താമസസ്ഥലത്ത്, പുതിയഭക്ഷണം കഴിച്ച് യാത്ര ചെയ്യുന്ന ചില ദിശാമേഖലകൾ ദൈവം കാണിച്ചു. ലക്ഷ്യം പ്രാപിക്കുന്നതിന് മുമ്പ് ദൈവം ചില ഇടത്താവളങ്ങൾ ഒരുക്കിയിരുന്നു. ഇടത്താവളങ്ങളിലെ ദേശാന്ധകാരശക്തികൾക്കെതിരെ എനിക്ക് ശുശ്രൂഷ ഇല്ലായിരുന്നു. അവ എന്റെ നേരെ വിവിധ ക്രമത്തിൽ എഴുന്നേറ്റുവെങ്കിലും അവയ്ക്കെതിരെ ഞാൻ ശുശ്രൂഷകൾ ക്രമീകരിച്ചില്ല. ദൈവം എനിക്ക് അനുവാദം തന്നില്ല. സ്വയം സംരക്ഷണത്തിനാവശ്യമായ ശുശ്രൂഷകൾ മാത്രമേ ഇടത്താവളങ്ങളിൽ ആയിരിക്കുമ്പോൾ ചെയ്യാവൂ എന്ന് ദൈവം കർശനമായി ആലോചന പറഞ്ഞു.

അതിന് വിപരീതമായി മാനുഷികബുദ്ധിയിൽ ചിലത് ഞാൻ ചെയ്തു. അതിന്റെ ദോഷം, പരിണതഫലം ഉടൻതന്നെ ദൈവം എനിക്ക് പ്രതിഫലമായി തന്നു. ഇടത്താവളങ്ങൾ നിനക്ക് ഒതുങ്ങി ഇരിക്കുവാനുള്ള ഇടങ്ങളാണ്. സംരക്ഷണമേഖലകളാണ്, ശുശ്രൂഷാ കേന്ദ്രങ്ങൾ അല്ല എന്ന് ദൈവം എന്നെ എപ്പോഴും ഓർമ്മിപ്പിക്കുന്നു. അതനുസരിച്ച് ഞാൻ കീഴ്പ്പെട്ട് പോകുന്നു. കീഴ്പെട്ട് ഞാൻ പോയില്ലെങ്കിൽ ചെറിയ ശിക്ഷ ദൈവം എനിക്ക് തരും. അത് ഞാൻ മനസ്സിലാക്കിയാൽ എനിക്ക് കൊള്ളാം. അല്ലെങ്കിൽ അതിന്റെ പരിണതഫലം, ദോഷം ഞാൻ അനുഭവിക്കും. ദൈവം തന്നെ അതിനായി എന്നെ സൂക്ഷിക്കട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു. പരുക്കൻ വഴി ദുർഘടമായിരുന്നു. വിഷസർപ്പശക്തി

കൾ ഉണ്ടായിരുന്നു. യെരിഹോമതിലുകൾ ഉണ്ടായിരുന്നു. വരൾച്ച, യോർദ്ദാൻ, മരുഭൂമി എല്ലാം ഉണ്ടായിരുന്നു. പക്ഷെ ദൈവം ഇപ്പോൾ പറയുകയാണ്. ദുർഘടവഴി നിരന്ന വഴിയായി മാറി എന്ന്, പരുക്കനായത് മൃദുവായി മാറിയെന്ന്. ദൈവത്തിന്റെ ആലോചന ഒരുവേനൽ മഴയാണ്. ആശ്വാസം ആണ്. മൃദുവായ ഒരു തലോടലാണ്. ഒരു സ്നേഹസൗമ്യതയാണ്.

ഈ ആഴ്ചയിൽ ഒരു നല്ല ആലോചന ദൈവം തന്നു. നിലവിലുള്ള എന്റെ സാഹചര്യത്തെ നോക്കിയല്ല ഞാൻ യാത്ര ചെയ്യുന്നത്. ദൈവം പറയുന്ന ആലോചനയ്ക്കനുസരിച്ചാണ്. ആയതിനാൽ ദൈവം തന്റെ ഭക്തനെ സംരക്ഷിക്കും, സൂക്ഷിക്കും, നടത്തും, ബലപ്പെടുത്തും, കരുണ പകരും.

## ആഗസ്റ്റ് 25

ദൈവം എപ്പോഴും നിറവിന്റെ ദൈവമാണ്. ശൂന്യമാകുവാൻ ശൂന്യമായിപ്പോകുവാൻ ഒരിക്കലും സമ്മതിക്കുകയില്ല. ശൂന്യതകളെ നിറച്ച് ഭംഗിയായത് പകർന്ന് സൗരഭ്യം പടർത്തുവാൻ ദൈവം ശക്തൻ.

‘‘എന്നാൽ പുരോഹിതന്മാരിലും ലേവ്യരിലും പിതൃഭവനതലവന്മാരിലും മുമ്പിലത്തെ ആലയം കണ്ടിട്ടുള്ള വയോധികന്മാരായ അനേകർ ഈ ആലയത്തിന്റെ അടിസ്ഥാനം ഇട്ട് കണ്ടപ്പോൾ ഉറക്കെ കരഞ്ഞ് പോയി. മറ്റ് പലരും സന്തോഷത്തോടെ ഉച്ചത്തിൽ ആർത്തു’’ എബ്രാ: 3:12.

പാർസി രാജാവായ കോരെശിന്റെ മനസിനെ ദൈവം ഉണർത്തി. അവനെകൊണ്ട് യരുശലേമിലെ ആലയത്തിന്റെ അടിസ്ഥാനം ഇടുവാനും പണികൾ ക്രമീകരിക്കുവാനും വേണ്ട ചില കാര്യങ്ങൾ യഹോവ ക്രമീകരിച്ചു. രാജാവ് അരുളി ചെയ്യുകയാണ്:-

1. നിങ്ങളിൽ ആരെങ്കിലും യഹോവയുടെ ജനമായിട്ടുണ്ടെങ്കിൽ
അവർ യരുശലേമിലേക്ക് യാത്ര പുറപ്പെടട്ടേ

2. ശേഷിക്കുന്ന പ്രവാസികളായവർ പൊന്ന്, വെള്ളി, മറ്റ് സാധനങ്ങൾ, കന്നുകാലികൾ തുടങ്ങിയവ യരുശലേമിലെ ദേവാലയ പണിക്കായി ഔദാര്യദാനം ചെയ്യുക

3. നെബുഖദ്നേസർ യരുശലേമിൽ നിന്ന് കൊണ്ട് പോയി തന്റെ ദേവന്മാരുടെ ക്ഷേത്രത്തിൽ വച്ച ദേവാലയം വക ഉപകരണങ്ങൾ ഇസ്രയേല്യർക്ക് എണ്ണികൊടുപ്പിച്ചു

| | | |
|---|---|---|
| പൊൻതാലം | – | മുപ്പത് |
| വെള്ളിത്താലം | – | ആയിരം |
| കത്തി | – | 29 |
| പൊൻപാത്രം | – | 30 |
| വെള്ളിപ്പാത്രം | – | 410 |
| മറ്റ് ഉപകരണങ്ങൾ | – | 1000 |

ആകെ 5400 ഉപകരണങ്ങൾ കൊടുത്തു.

സെരുബ്ബാബേലിന്റെ കൂടെ 42300 പേർ വന്നു. ദാസീ ദാസന്മാരായി 7337 പേർ, സംഗീതക്കാരായി 200 പേർ ഉണ്ടായിരുന്നു. അവരുടെ കൂടെ

| | | |
|---|---|---|
| കുതിര | – | 730 |
| കോവർ കഴുത | – | 245 |
| ഒട്ടകം | – | 435 |
| കഴുത | – | 6720 എന്നിവ ഉണ്ടായിരുന്നു. |

പിതൃഭവനത്തലവന്മാർ ദേവാലയം പണിക്കായി ഔദാര്യദാനങ്ങൾ നൽകി.

| | | |
|---|---|---|
| തങ്കക്കാശ് | – | 6100 |
| വെള്ളി | – | 5000 |
| പുരോഹിത വസ്ത്രം | – | 100 |

ഇസ്രായേൽജനം ഏഴാം മാസത്തിൽ യരുശലേം പട്ടണത്തിൽ ഒരുമി

ച്ച്കൂടി. മോശയുടെ ന്യായ പ്രമാണത്തിൽ എഴുതിയിരിക്കുന്നത് പോലെ ഹോമയാഗങ്ങൾ അർപ്പിക്കേണ്ടതിന് യാഗപീഠം പണിതു. കാലത്തും വൈകുന്നേരത്തും ഹോമയാഗങ്ങൾ അർപ്പിച്ചു. എഴുതിയിരിക്കുന്നത് പോലെ കൂടാരപ്പെരുന്നാൾ ആചരിച്ചു. അതിന്റെ ശേഷം നിരന്തരഹോമയാഗങ്ങൾ അർപ്പിച്ചു.

എന്നാൽ യഹോവയുടെ മന്ദിരത്തിന്റെ അടിസ്ഥാനം അതുവരെ ഇട്ടിരുന്നില്ല. എബ്രാ: 3:6. പാർസിരാജാവായ കോരേശിന്റെ കൽപനാപ്രകാരം ലെബാനോനിൽ നിന്ന് ദേവദാരു കടൽ വഴിയായി കൊണ്ടുവരേണ്ടതിന് സീദോന്യർക്കും സോര്യർക്കും ഭക്ഷണവും പാനീയവും എണ്ണയും കൂലിയായി കൊടുത്തു. യഹോവ നല്ലവൻ. ഇസ്രയേലിനോടുള്ള അവന്റെ ദയ എന്നേക്കുമുള്ളത് എന്ന് പറഞ്ഞ് ഗാനപ്രതിഗാനം പാടി ലേവ്യരുടെ നേതൃത്വത്തിൽ അടിസ്ഥാനം ഇട്ടു. ജനം അത്യുച്ചത്തിൽ ആർത്ത് ഘോഷിച്ചു. പുരോഹിതരിലും ലേവ്യരിലും പിതൃഭവനത്തലവൻമാരിലും വയോധികരായവർ നന്ദിയോടെ ഉറക്കെ കരഞ്ഞുപോയി. സന്തോഷത്തിന്റെ സ്വരം ഉയർന്നു. ഇസ്രയേൽജനത്തെ ഓർത്ത യഹോവയുടെ കരുണയ്ക്കായി സ്തോത്രം.

## സെപ്റ്റംബർ 1

ദൈവത്തിന്റെ ആലോചനയ്ക്കനുസരിച്ച് ഓരോ പ്രവൃത്തികൾ സാവകാശം വെളിപ്പെട്ട് കൊണ്ടിരുന്നു. ദൈവം ഓരോന്നും അതിന്റെ ക്രമം അനുസരിച്ച് നടപ്പിൽ വരുത്തുന്നു. പരിശുദ്ധാത്മ ആലോചനക്ക് കീഴിൽ നടക്കുക എന്നത് ആരംഭകാലഘട്ടത്തിൽ അൽപം ക്ലേശമെന്ന് തോന്നുമെങ്കിലും അതിൽ അഭ്യാസം പ്രാപിച്ചാൽ അതിൽ നിന്ന് ലഭിക്കുന്ന സംരക്ഷണം അതിഭയങ്കരമാണ്. അടയാളരൂപത്തിലുള്ള നന്മകൾ മറ്റുള്ളവർക്ക് മനസിലാകുന്ന രീതിയിൽ രൂപപ്പെടുകയാണ്. ഒരിക്കൽ തള്ളിക്കളഞ്ഞവർ മൂലക്കല്ലായി വന്നെങ്കിൽ കൊള്ളാമായിരുന്നു എന്നാഗ്രഹിക്കുന്നു. അവരെ ഒരിക്കലും എനിക്ക് തള്ളിക്കളയുവാൻ കഴിയില്ല. ദൈവിക പദ്ധതിക്ക് കീഴിലാണ് അതെല്ലാം സംഭവിച്ചത്. അത് എനിക്ക് നന്മക്ക് കാരണമായിത്തീരുകയും ചെയ്തു.

കർത്താവ് സാധാരണക്കാരായ അധികം വിദ്യാഭ്യാസം ഇല്ലാത്ത ഒരുകൂട്ടം ശിഷ്യന്മാരെ തെരഞ്ഞെടുത്ത് വലിയ ചില ശുശ്രൂഷകൾ ഭരമേൽപ്പിക്കുകയാണ്. ‘‘പിന്നെ അവൻ മലയിൽ കയറി തനിക്ക് ബോധിച്ചവരെ അടുക്കൽ വിളിച്ചു. അവർ അവന്റെ അരികെ വന്നു, തന്നോട് കൂടെ ഇരിപ്പാനും പ്രസംഗിക്കേണ്ടതിന് അയപ്പാനും ഭൂതങ്ങളെ പുറത്താക്കേണ്ടതിനും അധികാരം ഉണ്ടാകുവാനും പന്തിരുവരെ നിയമിച്ചു’’ മാർക്കോസ്: 3:13 – 15.

ഒന്നാമത് ശുശ്രൂഷയ്ക്ക് വിളിവരുന്നത് ഉയരത്തിൽ നിന്നാണ്. രണ്ടാമത് ശുശ്രൂഷയ്ക്ക് തനിക്ക് ബോധിച്ചവരെയാണ് കർത്താവ് വിളിച്ചത്. മൂന്നാമത് തന്നോട് കൂടെ ഇരുപ്പാനാണ് കർത്താവ് അവരെ വിളിച്ചത്. ഇത്രയും കാര്യങ്ങൾ രഹസ്യത്തിൽ നടന്നാൽ മാത്രമേ പരസ്യത്തിൽ വെളിപ്പെടേണ്ട ശുശ്രൂഷ വെളിപ്പെടുകയുള്ളൂ. എന്താണ് പരസ്യത്തിൽ വെളിപ്പെടേണ്ട ശുശ്രൂഷ.

1. പ്രസംഗിക്കേണ്ടതിന്
2. ഭൂതങ്ങളെ പുറത്താക്കേണ്ടതിന്

ആദ്യം സൂചിപ്പിച്ച കാര്യങ്ങൾ അതിന്റെ ക്രമം അനുസരിച്ച് വന്നാൽ മാത്രമേ ശുശ്രൂഷ പൂർണ്ണമാകുകയുള്ളൂ. ഫലഭൂയിഷ്ഠമാകുകയൊള്ളൂ. അനേകരുടെ ശുശ്രൂഷ ഫലദായകമാകാത്തതിന് കാരണം ഒന്നാമത് ആ രൂപത്തിലുള്ള വിളി അവർക്കുണ്ടാകുകയില്ല. രണ്ടാമത് വിളിയുണ്ടാകുമെങ്കിലും കർത്താവിനോട് കൂടെ ഇരുപ്പാൻ അവർക്ക് സമയമില്ലാത്തതിനാൽ ശുശ്രൂഷയ്ക്കുള്ള ആലോചന പ്രാപിക്കുവാൻ കഴിയുന്നില്ല.

ഒരു ശുശ്രൂഷകനെ കർത്താവ് വിളിക്കുന്നത് വചനം പ്രസംഗിക്കുവാൻ വേണ്ടിയല്ല. തനിക്ക് ബോധിക്കുന്ന ചില ശുശ്രൂഷകൾ ചെയ്യുവാനും അല്ല. കർത്താവിനോട് കൂടെ ഇരുപ്പാനാണ് ഒരുവനെ ദൈവം വിളിക്കുന്നത്. അനേകർക്ക് ഈ മർമ്മം അറിയില്ല. അതുകൊണ്ട് കർത്താവ് എന്താണ് പറയുന്നത് എന്ന് അവർക്ക് മനസ്സിലാക്കുവാൻ കഴിയുന്നില്ല. കർത്താവിന്റെ ഇഷ്ടമനുസരിച്ച് കർത്താവിനെ ശുശ്രൂഷിക്കുവാനും കഴിയുന്നില്ല. അതുകൊണ്ട് ഒരു ശുശ്രൂഷകൻ ഒന്നാമത് ചെയ്യേണ്ടത് വചനം പ്രസംഗിക്കുകയല്ല, സുവിശേഷ പ്രവർത്തനം

നടത്തുകയല്ല. തനിക്ക് ബോധിക്കുന്ന ഓരോ കാര്യങ്ങൾ ചെയ്യുകയല്ല വേണ്ടത്. കർത്താവ് ശുശ്രൂഷയ്ക്ക് വിളിച്ചാൽ കർത്താവിനോട് കൂടെ ഇരിക്കുകയാണ് അവർ ചെയ്യേണ്ടത്. വ്യവസ്ഥക്ക് കീഴിൽ വചനത്തിൽ പറയുന്നതനുസരിച്ച് അവർ ഇരുന്നാൽ കർത്താവ് തക്കസമയത്ത് ചെയ്യേണ്ടുന്ന ദൈവികശുശ്രൂഷകളെക്കുറിച്ച് ആലോചന തരും. ആ ആലോചനക്ക് കീഴിൽ ഓരോ ദൈവിക ശുശ്രൂഷയും ചെയ്യുമ്പോൾ ഫലഭൂയിഷ്ഠമായ ശുശ്രൂഷ വെളിപ്പെടും. അത് അനേകർക്ക് ആശ്വാസമായിത്തീരും. ദൈവനാമം മഹത്വപ്പെടും.

തന്നോട് കൂടെ ഇരിക്കുന്നവരുടെ മേൽ കർത്താവ് ശുശ്രൂഷ പകരുകയാണ്.

1. പ്രസംഗിക്കുക
2. ഭൂതങ്ങളെ പുറത്താക്കുക

അഭിഷേകത്താൽ നിറഞ്ഞ പ്രസംഗം അനേകർക്ക് ആശ്വാസവും വിടുതലും ആയിത്തീരുന്നു. ഭൂതങ്ങളെ പുറത്താക്കുവാൻ കഴിയണമെങ്കിൽ ഉയരത്തിൽ നിന്ന് അധികാരം ലഭിച്ചാൽ മാത്രമേ കഴിയുകയൊള്ളൂ. ജഢികബലത്താൽ ദൈവികശുശ്രൂഷ ചെയ്യുവാൻ കഴിയില്ല. അതുകൊണ്ട് നമുക്ക് കർത്താവിനോട് കൂടെ ഇരിക്കാം.

## സെപ്തംബർ 8

ദൈവം ഒരു പ്രവൃത്തി ചെയ്യുമ്പോൾ നമുക്ക് ചിലപ്പോൾ അസാധാരണം എന്നും ചിലപ്പോൾ അബദ്ധമെന്നും തോന്നാം. എന്നാൽ അൽപസമയം കൂടെ കഴിഞ്ഞ് ആ വിഷയത്തെ പരിശോധിക്കുമ്പോഴാണ് ആഴത്തിലുള്ള ദൈവിക പദ്ധതി നമുക്ക് മനസ്സിലാകുന്നത്. ദൈവിക പദ്ധതി എപ്പോഴും ദൈവവചനത്തിന് കീഴ്പെട്ട് പോകുവാൻ ആഗ്രഹിക്കുന്നവർക്ക് നന്മയായിരിക്കും. ദാവീദ് പറയുകയാണ് “നിന്നോട് ദോഷം ചെയ്യാത്ത വണ്ണം എന്നെ തടുത്തിരിക്കുന്ന യിസ്രയേലിന്റെ ദൈവമായ യഹോവയാണേ നീ ബദ്ധപ്പെട്ട് എതിരേറ്റ് വന്നിരുന്നില്ലെങ്കിൽ നേരം പുലരുമ്പോഴേക്കും പുരുഷപ്രജയൊന്നും നാബാലിന് ശേഷിക്കുകയില്ലായിരുന്നു” I ശമു: 25 : 34.

ദാവീദും അവന്റെ ആളുകളും മരുഭൂമിയിൽ പ്രവാസകാലം കഴിച്ച് കൂട്ടുകയാണ്. കർമ്മേലിൽ വ്യാപാരം ഉള്ള മഹാധനികനായ ഒരു മാവോന്യന് ഉണ്ടായിരുന്ന ആടുകൾ മരുഭൂമിയിൽ മേയുന്നുണ്ടായിരുന്നു. അവന്റെ ബാല്യ ക്കാരാണ് ആ ആടുകളെ മരുഭൂമിയിൽ മേയിച്ച് കൊണ്ടിരുന്നത്. ബാല്യക്കാർ പറയുകയാണ് ''ഞങ്ങൾ മരുഭുമിയിൽ ആടുകളെ മേയിച്ച് കൊണ്ടിരുന്നപ്പോൾ ദാവീദും അവന്റെ ആളുകളും അവിടെ ഉണ്ടായിരുന്നു. രാവും പകലും അവർ ഞങ്ങൾക്ക് ഒരു മതിൽ ആയിരുന്നു. അവർ ഞങ്ങളെ ഉപദ്രവിച്ചില്ല. ഞങ്ങൾക്ക് ഒന്നും കാണാതെ പോയതും ഇല്ല''. മാവോന്യനായ ഈ വ്യക്തിയുടെ ആടു കളുടെ രോമം കത്രിക്കുന്ന അടിയന്തിരം ഉണ്ടായിരുന്നു. അവനിൽ നിന്ന് എന്തെ ങ്കിലും നന്മ ലഭിക്കും എന്ന് കരുതി തന്റെ ആളുകളെ ദാവീദ് ഈ മാവോന്യന്റെ അടുക്കൽ അയച്ചു. പക്ഷെ ഈ മാവോന്യൻ ഇവരെ സഹായിച്ചില്ല എന്ന് മാത്ര മല്ല ചെറുതായി അപമാനിക്കുകയും ചെയ്തു. അവൻ ചെയ്തത് നന്ദി കേടാണ്.

ദാവീദ് പറയുകയാണ് ''മരുഭൂമിയിൽ അവന് ഉണ്ടായിരുന്നത് ഒക്കേയും ഞാൻ വെറുതെയല്ലോ, കാത്തത്, അവന്റെ വക ഒന്നും കാണാതെ പോയതും ഇല്ല, അവനോ നന്മക്ക് പകരം തിന്മ ചെയ്തു''. നാബാലിനും അവ നുള്ള പുരുഷ പ്രജകൾക്കും എതിരെ ദാവീദ് പുറപ്പെട്ടു. ദാവീദ് വിചാരിച്ചാൽ അവനെ തകർത്ത് കളയുവാൻ ഒരു പാടും ഇല്ല. ഈ സംഭവങ്ങൾ ഇങ്ങനെ അണിയറയിൽ നടക്കുമ്പോൾ മറ്റൊരു വ്യക്തി പ്രത്യക്ഷപ്പെടുകയാണ്. അത് മറ്റാരും അല്ല, നാബാലിന്റെ ഭാര്യ അബീഗയിൽ. നാബാലിന്റെ ഭൃത്യന്മാരിൽ നിന്ന് വിവരം ഒക്കേയും അവൾ അറിഞ്ഞു. നന്ദി കേടാണ് ചെയ്തത് എന്ന് അവൾ മന സ്സിലാക്കി. ദാവീദിന്റെ പാളയത്തിൽ അണിയറ നീക്കങ്ങൾ രഹസ്യത്തിൽ രൂപം കൊള്ളുന്ന സമയത്ത് തന്നെ അബീഗയീലിന്റെ പാളയത്തിൽ മറ്റൊരു അണിയ റനീക്കം നടക്കുകയാണ്. ദോഷത്തിനായി അണിയറ നീക്കം ഒരു ഭാഗത്ത് നട ക്കുമ്പോൾ നന്മയ്ക്കായി ഒരു അണിയറ നീക്കം മറ്റൊരു ഭാഗത്ത് നടക്കുകയാ ണ്. അബീഗയിൽ 200 അപ്പവും, രണ്ട് തുരുത്തി വീഞ്ഞും, പാകം ചെയ്ത അഞ്ച് ആടും, 5 പറ മലരും, 100 ഉണക്ക മുന്തിരിക്കുലയും, 200 അത്തിയടയും എടുത്ത് കഴുതപ്പുറത്ത് കയറ്റി പുറപ്പെട്ടു.

ഒരു ഭാഗത്ത് ദാവീദിന്റെ നേതൃത്വത്തിൽ ഒരു പട പുറപ്പാട് ദോഷത്തിനായി. മറ്റൊരുഭാഗത്ത് നന്മയ്ക്കായി അബീഗയിലിന്റെ നേതൃത്വത്തിൽ ഒരു പുറപ്പാട്. രണ്ട് ഭാഗത്തും നിഷ്കളങ്ക ജനമാണ് ഉള്ളത്. നന്മ ആഗ്രഹിക്കുന്നവരാണ് നിൽക്കുന്നത്. എന്നാൽ നന്ദി കേടിന്റെ അനുഭവം വെളിപ്പെട്ടത് കൊണ്ട് ദോഷം പ്രവർത്തിക്കുവാൻ ശത്രു സാഹചര്യം ഒരുക്കുകയാണ്. പറയുവാൻ കാരണങ്ങളും ഉണ്ട്. നിഷ്കളങ്കജനത്തിന് വേണ്ടി പ്രവർത്തിക്കുന്ന ഒരു ദൈവം ഉയരത്തിലുണ്ട്. ഈ ദൈവം ദോഷം ഉണ്ടാകാതെ നോക്കുവാൻ ശക്തനും ശ്രദ്ധാലുവും ആണ്. ദൈവം ഇതിന്റേ മദ്ധ്യേ പ്രവർത്തിക്കുകയാണ്. ദാവീദ് ദോഷത്തിന് ഇറങ്ങിപുറപ്പെട്ട സമയത്ത് തന്നെ അബീഗയിലിനെ ദൈവം രംഗത്തിറക്കി. അബീഗയിലും ദാവീദും വഴിമദ്ധ്യേ കണ്ടുമുട്ടി. അബീഗയിൽ ദാവീദിനോട് എല്ലാം വിവരിച്ചു. അവളുടെ ഒരുവാക്ക് ദാവീദിനെ പിന്തിരിപ്പിച്ചു. ''യഹോവ നിന്നെ ഇസ്രയേലിന് പ്രഭുവാക്കി വയ്ക്കുമ്പോൾ അകാരണമായി രക്തം ചീന്തുകയും യജമാനൻ താൻ തന്നെ പ്രതികാരം നടത്തുകയും ചെയ്തുപോയി എന്നുള്ള ചഞ്ചലവും മനോവ്യഥയും ഉണ്ടാകാതെ ഇരിക്കേണ്ടതിന് അവനെ വെറുതെ വിടണം'' എന്ന് പറഞ്ഞു. അവളുടെ മുഖത്തെ ആദരിച്ച് ദോഷത്തിൽ നിന്ന് ദാവീദ് പിന്മാറി. നന്ദികേടാണ് ഇവിടെ ദോഷത്തിന് കാരണമായത്. നന്ദി കാണിക്കേണ്ട ഇടത്ത് നന്ദി പ്രകടിപ്പിക്കണം. അത് ദൈവത്തിന്റെ മുമ്പിലും മനുഷ്യന്റെ മുമ്പിലും വേണം. അല്ലെങ്കിൽ ദോഷത്തിന് സാദ്ധ്യതയുണ്ട്. നന്ദിയുള്ള ജനത്തെ സംരക്ഷിക്കുവാൻ ദൈവം എപ്പോഴും കൂടെ ഉണ്ട്. ദോഷം ഉണ്ടാകുവാൻ ഈ ദൈവം സമ്മതിക്കുകയില്ല. കാരണം ദൈവം അനുവദിക്കാതെ ശത്രുവിന് ഒന്നും ചെയ്യുവാൻ കഴിയില്ല. ദൈവം പരമാധികാരിയാകുന്നു. ദൈവത്തിന് സ്തോത്രം. ദൈവത്തിന് നന്ദി.

## സെപ്റ്റംബർ 15

ദൈവനാമം മഹത്വപ്പെടട്ടേ. എളിയ ജനത്തിനെതിരെ ദുഷ്ടൻ എപ്പോഴും ആലോചന നടത്തുകയാണ്. എങ്ങനെ ഈ ജനത്തിനെ തളർത്തണം എങ്ങനെ ഈ ജനത്തിനെ മുറിവേൽപ്പിക്കണം ഇതാണ് ശത്രുവിന്റെ ആലോചന.

എന്ത് കൊണ്ടാണ് ദൈവം ശത്രുവിനും അവന്റെ കൂട്ടാളികൾക്കും നരകം നൽകുന്നത്. നരകത്തിലെ തീവ്രയാതന നിത്യമായി അവർക്ക് നൽകുവാൻ ദൈവം തീരുമാനിച്ചതിന് കാരണം ശത്രുവിന്റെ ദുഷ്ടമനോഭാവവും അവന്റെ പൈശാചികമായ ആലോചനയും ആണ്. അഭിഷിക്തജനത്തിനെതിരെയുള്ള അവന്റെ ചിന്ത എളിയ ജനത്തിനെതിരെയുള്ള അവന്റെ നീക്കം ദൈവം അറിയുന്നത് കൊണ്ട് തന്റെ ജനത്തിന് വേണ്ടി വ്യാപരിക്കുന്ന ദൈവത്തിന്റെ സംരക്ഷണം അതിവിപുലമാണ്. വചനം ഉപയോഗിച്ച് സംരക്ഷിക്കേണ്ടതിനെ വചനം ഉപയോഗിച്ച് സംരക്ഷിക്കും. ദൂതന്മാരെ അയച്ച് സംരക്ഷിക്കേണ്ടതിനെ ദൂതന്മാരെ അയച്ച് സംരക്ഷിക്കും. തന്റെ കരം ദൈവം സംരക്ഷണത്തിനായി ഉപയോഗിക്കുന്നു. ചില സന്ദർഭങ്ങൾ കർത്താവ് തന്നെ നേരിട്ടിറങ്ങിവന്ന് തന്റെ ജനത്തെ സംരക്ഷിക്കുന്നു. കർത്താവിന്റെ സംരക്ഷണം ഉള്ള ജനത്തെ ശത്രുവിന് ഒന്നും ചെയ്യുവാൻ കഴിയില്ല. അൽപം ചില വിഷമങ്ങളും തളർച്ചയും വല്ലപ്പോഴൊക്കെ നേരിടേണ്ടി വരുന്നു. അതുപോലും ദൈവം അനുവദിച്ചിട്ട് സംഭവിക്കുന്നതാകുന്നു. ദൈവത്തെ അറിയാതിരുന്ന നാളിൽ വരെ ഈ ദൈവം എന്നെ സംരക്ഷിച്ചത് ഓർക്കുമ്പോൾ ഇന്നും ഞാൻ അത്ഭുതസ്തംഭതനായി പോകുന്നു. ‘‘അവൻ എന്റെ വായെ മൂർച്ചയുള്ള വാൾപോലെയാക്കി തന്റെ കൈയ്യുടെ നിഴലിൽ എന്നെ ഒളിപ്പിച്ചു, അവൻ എന്നെ മിനുക്കിയ അമ്പാക്കി തന്റെ പൂണിയിൽ മറച്ചു വച്ചു’’ യശയ്യ:49:2.

ദൈവം ഒന്നാമത് ചെയ്തത് വായെ അഥവാ അധരത്തെ മൂർച്ചയുള്ള വാൾ പോലെയാക്കി. ഒരിക്കൽ ജഢികമായതും ലോകമയമായതുമായ വാക്കുകൾ നിറഞ്ഞ നാവ് മൂർച്ചയുള്ളതാക്കി മാറ്റുവാൻ ദൈവം തീരുമാനിച്ചു. അതിന്റെ ഭാഗമായി ദൈവം പ്രവർത്തിക്കുവാൻ തുടങ്ങി. ജഢികസംസാരത്തിലും കളിതമാശകളിലും ഇടപെടാതിരിക്കുവാൻ വിവിധ സാഹചര്യങ്ങളിലൂടെ ഇടപെടുവാൻ തുടങ്ങി. വചനം പറയേണ്ടതിനും പ്രാർത്ഥനാ വാചകങ്ങൾ മാത്രം ഉരുവിടേണ്ടതിനും വേണ്ടി നാവിനെ ദൈവം മെരുക്കുവാൻ ആരംഭിച്ചു. നാവിനെ വാൾ പോലെ മൂർച്ചയുള്ളതാക്കി മാറ്റി. ഇനി അത് തക്കസമയങ്ങളിൽ ഉപയോഗിക്കണം. അല്ലാത്ത സമയങ്ങളിൽ ഉപയോഗിക്കരുത്. അത് വെളിപ്പെടരുത്. അതിന് വേണ്ടി തന്റെ കയ്യുടെ നിഴലിൽ അതിനെ ഒളിപ്പിച്ചു. നാവിൻമേൽ ഉള്ള

അഭിഷേകം സമയത്തിന് മുമ്പ് വെളിപ്പെടരുത്. അഭിഷേകത്തിന്മേൽ ശത്രു മുറി വേൽപ്പിക്കരുത്. അതിന് വേണ്ടി ദൈവം തന്റെ കൈയുടെ നിഴലിൽ അതിനെ മറച്ചു.

പൂണിക്കകത്ത് മിനുക്കിയ അമ്പാക്കി സൂക്ഷിച്ച് വയ്ക്കുകയാണ്. പൂണിക്കകത്ത് ഇരിക്കുന്ന അമ്പ് ദൈവം ആണ് മിനുക്കി വച്ചിരിക്കുന്നത്. പൂണിക്കകത്ത് അതിനെ മറച്ച് വച്ചാൽ മാത്രമേ അതിന്റെ മൂർച്ചയെക്കുറിച്ച് ശത്രുവിന് അറിവ് കിട്ടാതിരിക്കൂ. അതിന്റ മൂർച്ച എത്രമാത്രം ഉണ്ട് എന്ന് തക്കസമയത്ത് ദൈവം വെളിപ്പെടുത്തും. അതുവരെ പൂണിക്കകത്ത് നിന്ന് സ്വയം പുറത്ത് വരാൻ ഞാൻ ഒരിക്കലും ശ്രമിക്കരുത്. ദൈവകരത്തിൻ കീഴിൽ താണിരിക്കുക തന്നെ വേണം. അത് എന്റെ സംരക്ഷണത്തിനും കൂടി വേണ്ടിയാണ് എന്ന് ഞാൻ മനസ്സിലാക്കണം. അതുകൊണ്ട് ദൈവം പറയുന്ന കർശനചട്ടക്കൂടിൽ ഞാൻ ഒതുങ്ങിക്കൂടുക തന്നെ വേണം. ദൈവം അതാഗ്രഹിക്കുന്നു. ദൈവത്തിന്റെ ആഗ്രഹം എന്തായാലും അത് ഞാൻ ശിരസാ വഹിക്കുന്നു.

## സെപ്തംബർ 22

ദൈവം സകലതും ഒരു പ്രത്യേക ക്രമത്തിന്റെ കീഴിൽ ആണ് ചെയ്യുന്നത്. അത് മനസ്സിലാക്കി നാം പ്രവർത്തിക്കുന്നത് അനുസരിച്ച് ദൈവത്തോട് കൂടുതൽ അടുക്കുവാൻ നമുക്ക് കഴിയും . ദൈവപ്രവൃത്തികൾ വെളിപ്പെടുത്തുവാൻ കഴിയും. എന്നാൽ ദൈവികക്രമം മനസ്സിലാക്കാതെ നാം നീങ്ങുമ്പോൾ സകലതും തലതിരിഞ്ഞ് നിൽക്കുന്നത് പോലെ നമുക്ക് തോന്നും. ദൈവത്തിന്റെ കർതൃത്വം നാം മനസ്സിലാക്കിയാൽ ആകുലത പകുതി കുറയും. സകലവിഷയത്തിലും സകലമണ്ഡലത്തിലും ദൈവത്തിന്റെ കർതൃത്വം വെളിപ്പെടുത്തുവാൻ നാം സമ്മതിച്ചാൽ തന്നെ നാം നല്ല ആത്മീയാനുഭവത്തിലാണ് സഞ്ചരിക്കുന്നതെന്ന് പറയാം. എന്നാൽ അതിന് വിപരീതമായി ദൈവത്തിന്റെ കർതൃത്വത്തിന് വിപരീതമായി സ്വയം ഇഷ്ടത്തിൽ നീങ്ങുമ്പോൾ ദൈവികകർതൃത്വം മാറിപ്പോകുന്നു. ദൈവികസംരക്ഷണം മാറിപ്പോകുന്നു. ദൈവികകർതൃത്വത്തിൽ നിന്ന് നമ്മെ മാറ്റിക്കളയുന്ന ചില കാര്യങ്ങൾ വെളിപ്പെടുത്തുവാൻ ആഗ്രഹിക്കുന്നു. ‘‘ഇങ്ങനെ

ചെയ്യുന്നവൻ ഒരു നാളും കുലുങ്ങിപ്പോകുകയില്ല'' സങ്കീർത്തനം 15:5 – ൽ അവസാന ഭാഗത്ത് രേഖപ്പെടുത്തിയ വാക്യമാണിത്. നീതിമാൻ ഒരുനാളും കുലുങ്ങിപ്പോകുവാൻ ദൈവമേ നീ സമ്മതിക്കുകയില്ലല്ലോ എന്ന് സങ്കീർത്തനത്തിൽ ഉണ്ട്. എന്ത് കൊണ്ടാണ് നീതിമാന്റെ മേൽ സംരക്ഷണം വരുന്നത്. അവൻ കുലുങ്ങിപ്പോകാത്തത്. നീതിമാന്റെ ചില ലക്ഷണങ്ങൾ സങ്കീർത്തനം 15 – ൽ പറയുന്നു.

1. നിഷ്കളങ്കനായി നടന്ന് നീതി പ്രവർത്തിക്കുന്നു. നിഷ്കളങ്കതയും നീതിയും അവന്റെ മുഖമുദ്രയാണ്. നീതി എവിടെ കണ്ടാലും അവന് സന്തോഷം ആണ്. നിഷ്കളങ്കന്മാരെ കാണുമ്പോൾ അവൻ ആശ്വസിക്കുന്നു. ചിലർ നിഷ്കളങ്കതയും നീതിയും ആഗ്രഹിക്കുന്നുണ്ട്. പക്ഷെ തങ്ങളുടെ ജീവിതത്തിൽ അത് വെളിപ്പെടുത്തുവാൻ കഴിയുന്നില്ല എന്ന് മാത്രം.
2. ഹൃദയപൂർവ്വം സത്യം സംസാരിക്കുന്നവൻ, ധാരാളം സംസാരിച്ചാൽ സത്യം മാത്രം പറയുവാൻ കഴിയില്ല. കാരണം വാക്ക് പെരുകിയാൽ ലംഘനം ഉണ്ട്. അതുകൊണ്ട് വാക്കുകൾ വളരെക്കുറച്ച് ഉപയോഗിക്കുകയും വാക്കുകൾ ഉപയോഗിക്കുമ്പോൾ സത്യം മാത്രം പറയുവാൻ ശ്രമിക്കുകയും ചെയ്താൽ മറ്റുള്ളവരിലൂടെ പറയുന്ന കാര്യങ്ങൾ സത്യമാണ് എന്ന് മനസ്സിലാക്കി മാത്രം അത് സംസാരിച്ചാൽ ഈ അനുഭവത്തിൽ ജീവിക്കാം.
3. നാവ് കൊണ്ട് കുരള പറയാത്തവൻ, നാവ് ഉപയോഗിച്ച് വൻ നാശം വിതറുവാൻ കഴിയും. സത്യം ഇല്ലാത്ത കാര്യങ്ങൾ, മറ്റുള്ളവരെ നശിപ്പിക്കുന്ന കാര്യങ്ങൾ, ഭോഗരസത്തിന് വേണ്ടി പറയുന്ന കാര്യങ്ങൾ,വ്യഥാ വായാടികളുടെ അധര ചർവ്വണങ്ങൾ, മറ്റുള്ളവരെക്കുറിച്ച് കേൾക്കുന്ന കാര്യങ്ങൾ സത്യം അന്വേഷിക്കാതെ മറ്റുള്ളവരെ അറിയിക്കുമ്പോൾ കൂട്ടിപ്പറയുന്ന സംഗതികൾ എല്ലാം ഈ വകയിൽപ്പെടുന്നു. ഒരു നീതിമാന് ഒരിക്കലും ഇങ്ങനെ ആകുവാൻ കഴിയില്ല.
4. കൂട്ടുകാരന് ദോഷം വരുത്താതെ അപമാനം വരുത്താതെ ഇരിക്കുന്നവൻ കൂട്ടുകാരനിൽ ദോഷമോ മറ്റെന്തെങ്കിലുമോ കാണുമ്പോൾ അവനെ തള്ളിക്കളയാതെ നല്ല അനുഭവത്തിലേക്ക് അവനെ

കൊണ്ടുവരുവാൻ നീതിമാൻ ശ്രമിക്കും. ഒരിക്കലും കൂട്ടുകാരനെതിരെ ദോഷം ചിന്തിക്കുവാൻ നീതിമാൻ ശ്രമിക്കുകയില്ല, പ്രവർത്തിക്കുകയില്ല.

5. വഷളനെ കാണുമ്പോൾ അകന്ന് മാറി അവനോട് സംസർഗ്ഗം പുലർത്താതെ സ്വയം സൂക്ഷിക്കുവാൻ നീതിമാൻ ശ്രമിക്കും. എന്നാൽ യഹോവ ഭക്തന്മാരെ കാണുമ്പോൾ അതിഭയങ്കരമായി അവനെ മാനിക്കുന്നവൻ ദ്രവ്യം പലിശക്ക് കൊടുക്കാതെ കുറ്റമില്ലാത്തവന് വിരോധമായി കൈക്കൂലി വാങ്ങാത്തവൻ. ഇങ്ങനെയുള്ള ഒരുവൻ കുലുങ്ങിപ്പോകുവാൻ ദൈവമേ നീ ഒരിക്കലും സമ്മതിക്കുകയില്ലല്ലോ.

## സെപ്തംബർ 29

ദൈവത്തിന്റെ കരുണ ഉള്ളത് കൊണ്ട് നിലനിൽക്കുന്നു. ദൈവത്തിൽ നിന്ന് ലഭിച്ച അഭിഷേകം നിലനിർത്തണമെങ്കിൽ അസാധാരണമായ സഹിഷ്ണുത പുലർത്തണം. അല്ലെങ്കിൽ അഭിഷേകത്തെ ഇല്ലാതാക്കുവാൻ ശത്രുവിന് കഴിയും. ഉയരത്തിലുള്ളത് ചിന്തിപ്പിൻ എന്ന് അപ്പോസ്തലൻ പറഞ്ഞു. ഭൂമിയിലുള്ളത് നോക്കി ആത്മീയജീവിതം കെട്ടിപ്പൊക്കുവാൻ ശ്രമിച്ചാൽ വളർത്തുവാൻ ശ്രമിച്ചാൽ നടക്കുകയില്ല. നാം ആയിരിക്കുന്ന സാഹചര്യത്തിലൂടെ, മണ്ഡലത്തിലൂടെ, ചുറ്റുമുള്ളവരിലൂടെ ശത്രു നമ്മളെ കുടുക്കുവാൻ ശ്രമിക്കും. ചിലപ്പോൾ വാക്കുകളിലോ സംസാരത്തിലോ കുടുങ്ങിപ്പോകുകയും ചെയ്യും. പാപം അതിഭയങ്കരമായി നമ്മുടെ നേരെ വെല്ലുവിളിക്കും. സാഹചര്യത്തെ ജയിച്ച്, ചുറ്റുമുള്ള മണ്ഡലത്തെ ജയിച്ച്, വേർപെട്ട് നിൽക്കേണ്ടവരോട് വേർപെട്ട്, ഇടപെടാൻ പാടില്ലാത്ത മേഖലയിൽ ഇടപെടാതെ നിന്നാൽ അഭിഷേകം കാത്ത് സൂക്ഷിക്കാം. ''അധർമ്മികളുടെ ഇടയിൽ വസിച്ചിരിക്കുമ്പോൾ നാൾതോറും അധർമ്മ പ്രവൃത്തി കണ്ടും കേട്ടും തന്റെ നീതിയുള്ള മനസ്സിൽ നൊന്തും അവരുടെ ദുഷ്ട പ്രവൃത്തിയിൽ വലഞ്ഞ് പോയ നീതിമാനായ ലോത്ത് ''.

ലോത്ത് നീതിമാനാണ്എന്ന് വചനം പറയുന്നു. അവൻ ആയിരിക്കുന്ന സ്ഥലം പാപരോഗത്താൽ നിറഞ്ഞ, മലിനമോഹത്താൽ നിറഞ്ഞ, ദുഷ്കാമപ്രവൃ

ത്തികളാൽ നിറഞ്ഞ സ്ഥലം എന്ന് കാണുന്നു. എന്റെ ഇപ്പോഴത്തെ അനുഭവം ഇതാണ്. ധാരാളം കഴിവ് ഉള്ളവർ ഉണ്ട്. ദൈവവിളിയും പരമാർത്ഥ ഹൃദയം ഉള്ള വരും ഉണ്ട്. നടത്തുന്നവർ വ്യക്തമായ ദർശനം പ്രാപിച്ച് നടത്തപ്പെടുന്ന സ്ഥാപന വുമാണ് ഈ സെമിനാരിയിൽ നിന്ന് ധാരാളം ശുശ്രൂഷകർ ഡിഗ്രി സമ്പാദിച്ചിട്ടുമു ണ്ട്. എല്ലാം നല്ലത് തന്നെ. ബാഗ്ലൂർ സിറ്റിയാണ്. അതുകൊണ്ട് അൽപം സ്വാതന്ത്ര്യം ഈ കോളേജ് നടത്തുന്ന ഉത്തരവാദിത്വപെട്ടവർ നൽകുന്നു.

പിന്നെ പണത്തിന്റെ കൊഴുപ്പ് കാണിക്കുവാൻ വേണ്ടിയുള്ള ഒരു ത്വര. ഇല്ലാത്തവനെ കണ്ട് അവന് ഒരു ചെറിയ സഹായം ഇവർചെയ്യുന്നില്ല. അപ്പോൾതന്നെ പണത്തിന്റെ കൊഴുപ്പ് കാണിച്ച് ജഢമഹിമ വെളിപ്പെടുത്തുന്നു. സകലതും സംസാരിച്ച് വ്യഥാ സംസാരത്തിൽ അകപെട്ട് സമയം മുഴുവൻ വ്യാപൃ തമായിരിക്കുന്നു. അതിനിടയ്ക്ക് പ്രാർത്ഥനയ്ക്കും ദൈവനാമത്തിനും സ്നേഹ ത്തിനും വചനത്തിനും വേണ്ടി നിൽക്കുന്ന ഒരു ചെറിയ കൂട്ടം. ഇവരുടെ ഇട യിൽ ഒരു വിധം വലിയ കുഴപ്പംകൂടാതെ പിടിച്ച് നിന്നാൽ അത് ഒരു വലിയ ഭാഗ്യം.

ലോത്ത് വലഞ്ഞ് പോയി. ദുഷ്കാമ പ്രവൃത്തി കണ്ട് അധർമ്മ പ്രവൃത്തി കണ്ട് അവന്റെ മനസ്സ് മടുത്തു. ഹൃദയം നിലവിളിക്കുകയാണ്. ആത്മാവ് കര യുകയാണ്. തളർച്ച ബാധിക്കുകയാണ്. പക്ഷെ ഇതിനെ ജയിക്കണം. നമുക്ക് ചുറ്റും കാണുന്നതിനെ നോക്കി ജീവിച്ചാൽ അഭിഷേകം താറുമാറാകും. അതു കൊണ്ട് ഉയരത്തിലേക്ക് തന്നെ നോക്കാം. ഉയരത്തിലുള്ളത് തന്നെ ചിന്തിക്കാം. അല്ലെങ്കിൽ അഭിഷേകത്തിന്മേൽ ചോർച്ച സംഭവിക്കും.

## ഒക്ടോബർ 6

പാപം പെരുകിയേടത്ത് കൃപ അത്യന്തം വർദ്ധിച്ചു. ആകയാൽ കൃപ പെരുകേണ്ടതിന് പാപം ചെയ്ത് കൊണ്ടിരിക്ക എന്നോ ഒരുനാളും അരുത്. റോമാ ലേഖനത്തിൽ ഈ വാക്യം കാണുന്നു. പാപം പെരുകിയ സ്ഥലത്ത് അതിനോട് മല്ല് പിടിച്ച് ജയിച്ച് നിന്നവരുടെ മേൽ ദൈവകൃപ വർദ്ധിക്കും. നമ്മുടെ ചുറ്റു

മണ്ഡലം നമ്മൾക്ക് വിനയായിത്തീർക്കാൻ ശത്രു ശ്രമിക്കും. അധർമ്മ പ്രവൃത്തികളും ജഢിക സംസാരവും കേട്ട് കേട്ട് സ്നേഹം തണുക്കും. പരിശുദ്ധാത്മാവിന്റെ ഫലം പുറപ്പെടുവിക്കുവാൻ കഴിയാതെ വരും. ജീവിതം വെറുതെ തള്ളിനീക്കപ്പെടുന്നത് പോലെ പോകും. ഒരുതരം നിസംഗത, മരവിപ്പ് ബാധിക്കും. എങ്ങനെയായാലും എനിക്ക് ഒന്നും ഇല്ല എന്ന മാനസികഭാവം രൂപം കൊള്ളും. ഇത് എന്താണ് ഇങ്ങനെയാകുന്നത്? എന്ത് കൊണ്ട് ഈ ഒരുതരം മരവിപ്പ് നമ്മുടെ മേൽ വരുന്നു. എന്നെ അലട്ടിയ ഒരു വിഷയമായിരുന്നു ഇത്. പക്ഷെ ദൈവം എന്നോട് സംസാരിച്ചു. പത്രോസിന്റെ ലേഖനത്തിൽ അത് വ്യക്തമായി പരിശുദ്ധാത്മാവ് രേഖപ്പെടുത്തി.

"അധർമ്മികളുടെ വഞ്ചനയിൽ കുടുങ്ങി സ്വന്തം സ്ഥിരത വിട്ട് വീണ് പോകാതിരിക്കാൻ സൂക്ഷിച്ച് കൊൾവിൻ" II പത്രോ: 3:17. ആരാണ് അധർമ്മികൾ? വിശ്വാസിയായാലും അവിശ്വാസിയായാലും പാപം ചെയ്യുന്നവർ ആരോ അവർ അധർമ്മികൾ ആണ്. എന്താണ് അധർമ്മികളുടെ വഞ്ചന? നീതിമാനെ കുടുക്കുവാൻ വേണ്ടിയുള്ള വഞ്ചനയാണ്. നീതിമാനെ തളർത്തുവാൻ വേണ്ടിയുള്ള വഞ്ചനയാണ്. അത് എങ്ങനെയാണ് വെളിപ്പെടുന്നത്? രണ്ട് വ്യക്തികൾ തമ്മിൽ സംസാരത്തിൽ പാപം ചെയ്യുമ്പോഴോ മറ്റ് വിധത്തിൽ പാപപ്രവൃത്തികളിൽ രഹസ്യമായോ പരസ്യമായോ ഏർപ്പെടുമ്പോഴോ ചിന്തകളിലൂടെയോ പ്രവർത്തികളിലൂടെയോ ജഢമഹിമ വെളിപ്പെടുത്തുമ്പോഴോ പാപം രൂപം കൊള്ളുന്നു. അധർമ്മം രൂപം കൊള്ളുന്നു. അത് അവരിലൂടെ വളർന്ന് നീണ്ട് അടുത്ത് നിൽക്കുന്നവരിലേക്ക് കൂട്ടത്തിൽ ഉള്ളവരിലേക്ക് എത്തുന്നു. എന്നിട്ട് ആ അധർമ്മത്തിലേക്ക് അവരെ വലിച്ച് അടുപ്പിക്കുന്നു. അവരിൽ ഒരാളെ പ്പോലെ ആകുവാൻ പ്രേരിപ്പിക്കുന്നു. അവരിൽ ഒരുവനെപ്പോലെ ആകാൻ ആഗ്രഹിക്കാത്തവരിലേക്കും ഈ കരം നീണ്ട് വന്ന് അവർ ചെയ്യുന്ന അതേ പാപത്തിലേക്കോ, അതിനോട് അനുബന്ധിച്ചതോ, ഏതെങ്കിലും മറ്റൊരു ലംഘനത്തിലേക്കോ അടുപ്പിച്ച് അവരേയും വീഴിക്കുക അതാണ് അധർമ്മികളുടെ വഞ്ചന. അധർമ്മി അധർമ്മത്തിൽ ഏർപ്പെട്ട് നാശത്തിലേക്ക് പോകുന്നു. അപ്പോൾതന്നെ ധർമ്മം ആഗ്രഹിക്കുന്നവരെ അധർമ്മത്തിലേക്ക് വലിച്ചടുപ്പിക്കുവാൻ ഒരുക്കുന്ന ഒരു കെണിയാണ് അധർമ്മിയുടെ വഞ്ചന.

സദൃശ്യ വാക്യത്തിൽ അത് വ്യക്തമായി കാണാൻ കഴിയും. 4: 14, 15, 16. ഏറ്റവും അവസാനം ഇങ്ങനെ കാണുന്നു ‘‘വല്ലവരേയും വീഴിച്ചിട്ടല്ലാതെ അവർക്ക് ഉറക്കം വരികയില്ല എന്ന്’’. സ്ഥിരതയിൽ ഓടുന്നവനെ, ധർമ്മം ആഗ്രഹിക്കുന്ന നീതിമാനെ കുടുക്കുക,വീഴിക്കുക ഇതാണ് ഇവിടെ കാണുന്നത്. സ്വന്തം നാശം മാത്രമല്ല മറ്റൊരുവന്റെ നാശവും കൂടി ഇവർ ഒരുക്കുന്നു. കഴിഞ്ഞ ആഴ്ച മുഴുവൻ ഈ പ്രാർത്ഥനയായിരുന്നു. അധർമ്മികളുടെ വഞ്ചനയിൽ കുടുങ്ങുവാൻ സമ്മതിക്കരുതേ ദൈവമേ എന്ന് വളരെ പ്രാർത്ഥിച്ചു. എന്നിട്ടും ചെറിയ ഒരു വഞ്ചനയിൽ ഞാൻ കുടുങ്ങി. ഒരു സഹോദരനോട് ചെയ്യേണ്ട ഒരു കാര്യം ചെയ്യുവാൻ പറഞ്ഞു. ആ സഹോദരൻ അലംഭാവത്തോടെ എന്നെ ധിക്കരിച്ചു. ഞാൻ ക്ഷമിച്ച് സാരമില്ല പോട്ടെ എന്ന് പറഞ്ഞ് അതിൽ കുടുങ്ങാതെ പോരേണ്ടതായിരുന്നു. പക്ഷെ ഞാൻ കുടുങ്ങി. ആ സഹോദരനോട് അൽപം ദേഷ്യപ്പെട്ട് സംസാരിച്ചു. ആ സഹോദരനോട് ഞാൻ ക്ഷമ ചോദിച്ചുവെങ്കിലും എന്റെ തൊണ്ടയിൽ ഒരു ബന്ധനം വീണു. വചനം അല്ലാതെ ഒരു കാര്യവും ഉറക്കെ സംസാരിക്കാൻ എനിക്ക് അനുവാദം ഇല്ല. പക്ഷെ ഞാൻ അത് ധിക്കരിച്ചു. അൽപം ദേഷ്യത്തിൽ ആ സഹോദരനെതിരെ ഞാൻ ഉറക്കെ സംസാരിച്ചു. അങ്ങനെ ഒരു ചെറിയ വഞ്ചനയിൽ ഞാൻ കുടുങ്ങി. എന്റെ പ്രാർത്ഥനാ ജീവിതത്തിൽ ആരാധനാ അനുഭവത്തിൽ ഒരു ചെറിയ വീഴ്ച സംഭവിച്ചു. അധർമ്മികളുടെ വഞ്ചന പലരൂപത്തിൽ വരും. വിവേചനത്തോടെ പ്രതികരിച്ചില്ലെങ്കിൽ സമതുല്യമായ ലംഘനം നമ്മുടെ അടുത്തേക്ക് വരും. പ്രതികരണം വരെ പാപം ആകും. യഹോവ തന്റെ അഭിഷിക്തനെ രക്ഷിക്കും. അത് ദൈവത്തിന്റെ വിശ്വസ്തനാണ്.

**ഒക്ടോബർ 13.**

M.Div IInd Year Ist Semester തീരുവാൻ പോകുന്നു. ദൈവത്തിലാശ്രയിച്ച് മൂന്ന് ദിവസം ഉപവസിക്കുവാൻ കഴിഞ്ഞു. ദേശാന്ധകാരശക്തിയുടെ വിവിധ നിറഭാവങ്ങൾ പലരീതിയിൽ വെളിപ്പെട്ട് അഭിഷിക്തമേറിയ അനുഭവത്തെ ചോർത്തിയെടുക്കുവാൻ ശ്രമിക്കുകയാണ്. ശത്രുവിന്റെ ചില പദ്ധതികൾ സ്വജീവിതത്തിൽ അൽപം ദോഷം ആയെങ്കിലും വലിയ ചില ദോഷങ്ങളെ

ദൈവം തട്ടിക്കളഞ്ഞു. അധർമ്മികളുടെ വഞ്ചന വളരെ നാൾ കൊണ്ടാണ് ജയിക്കുവാൻ കഴിഞ്ഞത്. ചില കഷ്ടതകൾ മിന്നി മറഞ്ഞു. ദൈവം കാത്ത് സൂക്ഷിക്കുന്നത് കൊണ്ട് നിലനിൽക്കുന്നു. "പക്ഷി ചുറ്റിപ്പറന്ന് കാക്കുന്നത് പോലെ സൈന്യങ്ങളുടെ യഹോവ യരുശലേമിനെ കാത്ത് കൊള്ളും, അവൻ അതിനെ കാത്ത് രക്ഷിക്കും, നശിപ്പിക്കാതെ അതിനെ പരിപാലിക്കും" യശയ്യാ: 31 : 15.

ഒരു പ്രത്യേക രീതിയിലുള്ള സംരക്ഷണവലയമാണിത്. സഭ കെട്ടി അടച്ചതോട്ടം എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ഇയ്യോബിന്റെ ചുറ്റും വേലികെട്ടി അവനെ സംരക്ഷിക്കുന്നു എന്നും കാണുന്നു. ആകാശമണ്ഡലത്തിൽ നിന്നും പാതാളഗോപുര മേഖലകളിൽ നിന്നും എപ്പോഴും ആക്രമണം വരാൻ സാധ്യതയുണ്ട്. അതുകൊണ്ട് സംരക്ഷണം വേണ്ടി വരുന്നു. യഹോവയാം ദൈവം തന്റെ ദൂതന്മാരെ ഉപയോഗിച്ച് തന്റെ ജനത്തിന് ചുറ്റും സംരക്ഷണവലയം തീർക്കുന്നു. കോട്ടകൾ കാക്കുന്ന സംരക്ഷണ ഭടന്മാരെപ്പോലെ കാവൽ ചെയ്ത് നിൽക്കുന്ന അനുഭവം കാവൽ ചെയ്ത് നിൽക്കുന്ന ഭടന്മാരില്ലെങ്കിൽ ശത്രു ചില ദോഷങ്ങൾ വിതയ്ക്കും. എവിടെയാണ് ഒരുവനെ കുടുക്കുവാൻ പറ്റിയ മേഖല എന്ന് ശത്രു പരതികൊണ്ടിരിക്കും. അതനുസരിച്ച് തന്ത്രങ്ങൾ ശത്രു മാറ്റികൊണ്ടിരിക്കും. അഭിഷേകത്തിന്മേൽ ഒരു ചോർച്ച, അതുവഴി കോട്ടയ്ക്കകത്ത് ഒരു ചെറിയ വിള്ളൽ സൃഷ്ടിച്ച്, അവിടെ എന്തെങ്കിലും കള വിതച്ച്, അത് വളർത്തി, വിള്ളൽ വലുതാക്കി, കോട്ടയെ തകർത്ത്, അകത്ത് പ്രവേശിച്ച്, അപഹരിക്കേണ്ടത് അപഹരിച്ച് അഭിഷിക്തനെ നിസഹയനാക്കുക എന്നത് ശത്രു പയറ്റുന്ന ഒരു യുദ്ധമുറയാണ്.

യഥാർത്ഥത്തിൽ ഇവിടെ അഭിഷിക്തൻ തളർന്ന് തകർന്ന് പോകും. പക്ഷെ ഉയരത്തിൽ നിന്ന് ഒരു സംരക്ഷണ വലയം തന്റെ ജനത്തിന്റെ മേൽ ഉണ്ട്. പ്രത്യക്ഷത്തിൽ അഭിഷിക്തൻ നിസാഹയനായ അവസ്ഥയിലാണെങ്കിലും വലിയ ദോഷം വിതയ്ക്കുവാൻ ശത്രുവിനെ അനുവദിക്കാതെ പക്ഷി ചുറ്റിപ്പറന്ന് കാക്കുന്നത് പോലെ ഒരു സംരക്ഷണ വലയം ശത്രുവിന് നശിപ്പിക്കുവാൻ കഴിയാത്ത രീതിയിൽ ഒരു ദൈവിക പരിപാലനം ദൈവം കൽപ്പിച്ചയക്കുന്നു.

ശത്രു പദ്ധതി പിന്നീട് ദൈവം അഭിഷിക്തനെ അറിയിച്ച് ശത്രു വിതച്ച കള കാണിച്ച് കൊടുത്ത് , എടുത്ത് കളയേണ്ടത് എടുത്ത് കളഞ്ഞ്, ചേർത്ത് വയ്ക്കേണ്ടത് ചേർത്ത് വച്ച്, കോട്ട കാത്ത് സൂക്ഷിക്കുവാൻ വേണ്ട നിർദ്ദേശം നൽകുന്നു. സംഹാരകനെതിരെ കോട്ട കാത്ത് കൊൾക എന്ന് നിർദ്ദേശവും വരുന്നു. അങ്ങനെ ഒരു പ്രാവശ്യം കൂടി ചില മേഖലകളിൽ നിന്ന് ശത്രുസ്വാധീനത്തെ നീക്കം ചെയ്ത് ജയകരമായ ഒരനുഭവത്തിലേക്ക് നടത്തി, വീഴ്ചയിൽ നിന്ന് എഴുന്നേൽപ്പിച്ച് ഒരു ജയകരമായ മുന്നേറ്റം തന്റെ ജനത്തിന്റെ മേൽ അയച്ച് പുതിയ ചില ആത്മീയമണ്ഡലത്തിലേക്ക് പ്രവേശിക്കുവാൻ തന്റെ ജനത്തെ ദൈവം ശക്തീകരിക്കുന്നു.

### ഒക്ടോബർ 20

ക്രിസ്തീയാരാധന പ്രാർത്ഥനാ അനുഭവത്തിൽ സ്ഥിരതയോടെ ഓടുക എന്നുള്ളത് വളരെ പ്രാധാന്യം ഉള്ളതാണ്. ഒരു നിശ്ചിത നാൾ നല്ല പ്രാർത്ഥന, നല്ല കാഴ്ചപ്പാട്, ഒരു നിശ്ചിതനാൾ ജഢികമായ ഓട്ടം, ബുദ്ധിപരമായ ചലനം. ഇത് ഒരു കാരണവശാലും ഒരു അഭിഷിക്തന് ചേർന്നതല്ല. എപ്പോഴും ആത്മാവിന് കീഴ്പെട്ട് ഓടണം എന്നുള്ളത് ഒരു അഭിഷിക്തന് ആവശ്യം വേണ്ട യോഗ്യതയാണ്. കാരണം ശത്രു ചിലസമയത്ത് മാത്രമല്ല പോരാടുന്നത്. അവൻ എപ്പോഴും ഒരു രീതിയിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ കെണിയും കുടുക്കും ഒരുക്കി നിൽക്കുകയാണ്. വേഗത്തിൽ കാൽവയ്ക്കുന്നതും വേഗത്തിൽ സംസാരിക്കുന്നതും വേഗത്തിൽ തീരുമാനങ്ങൾ എടുത്ത് നടപ്പിലാക്കുന്നതും ദോഷം ചെയ്യാൻ സാദ്ധ്യതയുണ്ട്. എപ്പോഴും വീഴിക്കുവാൻ ശത്രുവിന്റെ ഒരു പതിയിരുപ്പ് അവിടെയുണ്ട്. വീണ് കഴിയുമ്പോഴേ നാം അത് തിരിച്ചറിയൂ. സ്ഥിരതയോടെ ഓടേണ്ടതിനുള്ള ചില ആലോചനകൾ ദൈവം തരികയാണ്. ''മാൻ നായാട്ടുകാരന്റെ കൈയ്യിൽ നിന്നും, പക്ഷിവേട്ടക്കാരന്റെ കയ്യിൽ നിന്നും എന്നപോലെ നീ നിന്നെ തന്നെ വിടുവിക്ക'' സദൃശ്യ: 6: 5.

മാൻ നായാട്ടുകാരന്റെ കെണിയിൽ വീണാൽ എങ്ങനെയാണ് തന്നെ തന്നെ വിടുവിക്കാൻ കഴിയുക. പക്ഷിവേട്ടക്കാരന്റെ വലയിൽ പെട്ടാൽ എങ്ങ

നെയാണ് തന്നെ തന്നെ വിടുവിക്കുക. ഒരു കാരണവശാലും വലയിലോ കെണിയിലോ പെട്ടുപോയാൽ, കുടുങ്ങിപോയാൽ തന്നെതാൻ വിടുവിക്കാൻ കഴിയില്ല. മറ്റൊരു സഹായം വേണം. കെണിയിൽ കുടുങ്ങി എന്ന് കണ്ടാൽ, സ്ഥിരതയോടുള്ള ഓട്ടത്തിൽ കുടുക്ക് വീണുവെന്ന് കണ്ടാൽ ഉടൻതന്നെ ഉയരത്തിലേക്ക് സഹായത്തിനായിട്ട് അപേക്ഷിക്കണം. അപ്പോൾ ഉയരത്തിൽ നിന്ന് സഹായം, വിടുതൽ വരും. ഉയരത്തിൽ നിന്ന് പകരപ്പെടുന്ന പരിശുദ്ധാത്മശക്തിയാൽ കുടുക്ക് അഴിച്ച് സ്വാതന്ത്രം പ്രാപിക്കണം.

എന്നാൽ ഈ വചനത്തിൽ മാൻ നായാട്ട്കാരന്റെ കെണിയിൽ നിന്ന് സ്വയം വിടുവിക്കപ്പെടണം എന്നാണ് പറയുന്നത്. അതിന്റെ അർത്ഥം നായാട്ടുകാരന്റെ കെണിയിൽ വീഴുന്നതിന് മുമ്പ് ആ കെണി, കുടുക്ക്, ദൈവം തന്നിരിക്കുന്ന ആത്മീയ വിവേചനം അനുസരിച്ച് മനസ്സിലാക്കി അതിൽ വീഴാതെ ഒഴിഞ്ഞ് മാറി രക്ഷപ്പെടുന്നതിനെ കുറിച്ചാണ്. കെണിയിൽ വീഴുന്നതിന് മുമ്പുള്ള ചില തയ്യാറെടുപ്പുകൾ. എപ്പോഴും ശത്രുവിനെക്കുറിച്ച് ബോധം ഉണ്ടാകണം. കൺമുമ്പിൽ വരുന്ന സകലസാഹചര്യത്തേയും ആത്മീയവിവേചനത്തിൽ കാണണം. ദീർഘദൃഷ്ടി പ്രയോഗിക്കണം. ശത്രുരഹസ്യം പ്രാർത്ഥനയിൽ പരിശുദ്ധാത്മാവിനോട് ചോദിച്ച് മനസ്സിലാക്കണം. ഒരിക്കൽ ഒരു സഹോദരനോട് ഒരു വെളിപ്പാട് പറഞ്ഞു സുഗമമായ വഴി മുമ്പിൽ കിടക്കുകയാണ്, എന്നാൽ ആവഴി പൂർണ്ണമായും അടച്ച്കളയുവാൻ സാദ്ധ്യതയുള്ള രണ്ട് കല്ല് മുമ്പിലുണ്ട്. ആ വഴിയുടെ അത്രയും വലിപ്പമുള്ള രണ്ട് കല്ല് ആണ് ശത്രു കുടുക്കായി, കെണിയായി സൂക്ഷിച്ച് വച്ചിരിക്കുന്നത്. ആ രണ്ട് കല്ല് ഏതാണെന്ന് പ്രാർത്ഥിച്ച് ഉപവസിച്ച് പരിശുദ്ധാത്മാവിൽ നിന്ന് മനസ്സിലാക്കി വഴി അടയ്ക്കപ്പെടുവാൻ കല്ലിനെ ശത്രു ഉപയോഗിക്കപ്പെടുന്നതിന് മുമ്പ് തന്നെ, ദൈവശക്തിയാൽ, ദൈവവചനത്താൽ അത് ഉടച്ച് കളഞ്ഞാൽ ശത്രുവിന്റെ രഹസ്യപദ്ധതിയെ തകർക്കുവാൻ കഴിയും. അങ്ങനെ ചെയ്തില്ലെങ്കിൽ ശത്രു കല്ലിനെ വഴി അടയ്ക്കുന്നതിന് വേണ്ടി ഉപയോഗിക്കപ്പെടുകയും വഴി അടയുകയും ചെയ്യും.

ആ സഹോദരൻ ആത്മീയമേഖലയിൽ വലിയ പ്രാവീണ്യം ലഭിക്കാത്ത സഹോദരനായിരുന്നു. ശത്രു പദ്ധതി പ്രാർത്ഥിച്ച് ഉപവസിച്ച് നീക്കം ചെയ്തില്ല.

ഏതാനും നാൾ കഴിഞ്ഞപ്പോൾ തുടർന്ന് പഠിക്കുവാൻ കഴിയാതെ സാധാരണ വിശ്വാസ നിലവാരത്തിലേക്ക് അദ്ദേഹം മാറ്റപ്പെട്ടു. ഇനിയും പ്രാർത്ഥിച്ച് ഉപവസിച്ച് ശത്രുകൂടാരം പൊട്ടിച്ച് കളഞ്ഞാൽ ശുശ്രൂഷാ മണ്ഡലത്തിലേക്ക് ആ സഹോദരന് പ്രവേശിക്കുവാൻ കഴിയും.

ശത്രു വിരിക്കുന്ന വലയിൽ വീഴുന്നതിന് മുമ്പുള്ള, വീഴാതെ ഇരിക്കുവാൻ വേണ്ടിയുള്ള ചില തയ്യാറെടുപ്പുകളെക്കുറിച്ചാണ് ഈ വചനത്തിൽ പറയുന്നത്. അങ്ങനെ നമുക്ക് നമ്മളെത്തന്നെ വിടുവിക്കുവാൻ ദൈവശക്തിയാൽ ദൈവ ആലോചനയാൽ കഴിയൂ. അങ്ങനെ സ്ഥിരതയോടെ ക്രിസ്തീയശുശ്രൂഷാ മണ്ഡലത്തിൽ നമുക്ക് ഓടുവാൻ കഴിയും. അതിന് കഴിയണം എങ്കിൽ മാത്രമേ ഒരു യഥാർത്ഥ അഭിഷിക്തനാകുക.

## ഒക്ടോബർ 27

യിരമ്യാപ്രവാചകനെപ്പോലെ ജീവിക്കേണ്ടി വരിക എന്നുള്ളത് ഏതൊരു ശുശ്രൂഷകനെ സംബന്ധിച്ചും ദയനീയമാണ്. അമ്മയുടെ ഉദരത്തിൽ ഉരുവാകുന്നതിന് മുമ്പ് ജാതികളുടെ പ്രവാചകനായി യിരമ്യാവിനെ ദൈവം നിയോഗിച്ചു. യിരമ്യാവിന്റെ ജീവിതകാലം മുഴുവൻ ദു:ഖം നിറഞ്ഞതായിരുന്നു. തന്റെ സ്വന്തം ദു:ഖമല്ല യിരമ്യാവ് വഹിച്ചത്. അവൻ ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട ജനത്തെ നോക്കുമ്പോഴൊക്കേയും കരയുകയായിരുന്നു. കാരണം വചനത്തിന് ഒരു വിലയും അവിടെ ഇല്ല. യഹോവ ദൈവം എന്ന് പറയുകയും ജാതീയമായ എല്ലാ സംഗതികളും ഇടകലർന്ന്, യഹോവയെ ഭയമില്ലാത്ത, പ്രവാചക ആലോചനകളെ നിരസിക്കുന്ന ഒരുകൂട്ടം അവന്റെ ചുറ്റും പാർക്കുകയായിരുന്നു. ദൈവത്തിൽ നിന്ന് ഒരുവിടുതലും ഞങ്ങൾക്ക് ആവശ്യമില്ല. ഞങ്ങളുടെ കാര്യങ്ങൾ നോക്കുവാൻ ഞങ്ങൾക്ക് അറിയാം. ആവശ്യത്തിന് വേണ്ട ബുദ്ധിയും കഴിവുകളും ഞങ്ങൾക്ക് ഉണ്ട്. ജഢത്താൽ ചീർത്ത്, അതിന്റെ അഭിലാഷങ്ങൾക്ക് കീഴ്പെട്ട് സകലദൈവികപ്രമാണങ്ങൾക്കും എതിരെയുള്ള ഒരു ജനം. അവരുടെ ഇടയിൽ ദൈവികശുശ്രൂഷയോടുള്ള ഒരു എരിവും ദൈവത്തെക്കുറിച്ചുള്ള ഭയവും പേറി, പ്രവാചക ആലോചനക്ക് വേണ്ടി എപ്പോഴും പ്രാർത്ഥനയിലും ആരാ

ധനയിലും ഏർപ്പെട്ട് പോകുന്ന പ്രവാചകനായ യിരമ്യാവ് വിളിച്ച് പറയുകയാണ്. അവന്റെ സങ്കടം പൊങ്ങി വരികയാണ്. “അയ്യോ എന്റെ ജനത്തിന്റെ പുത്രിയുടെ നിഹതന്മാർ നിമിത്തം രാവും പകലും കരയേണ്ടതിന് എന്റെ തല വെള്ളവും എന്റെ കണ്ണ് കണ്ണ്നീരുറവും ആയിരുന്നെങ്കിൽ കൊള്ളായിരുന്നു”9:1. തുടർന്ന് പറയുന്നു “എന്റെ ജനത്തെ വിട്ട് പൊയ്ക്കളയേണ്ടതിന് മരുഭൂമിയിൽ വഴി യാത്രക്കാർക്കുള്ള ഒരു സത്രം എനിക്ക് കിട്ടിയിരുന്നെങ്കിൽ കൊള്ളായിരുന്നു” 9:2. അവർ എല്ലാവരും വ്യഭിചാരികളും ദ്രോഹികളുടെ കൂട്ടവുമല്ലോ, വ്യാജത്തിനായിട്ട് നാവ് വില്ലുപോലെ കുലയ്ക്കുന്നു. സത്യത്തിനായിട്ടല്ല ദേശത്ത് വീര്യം കാണിക്കുന്നത്. ദോഷം വിട്ട് മറ്റൊരു ദോഷത്തിന് പുറപ്പെടുന്നു. അവർ എന്നെ അറിയുന്നില്ല എന്ന് യഹോവ അരുൾ ചെയ്യുന്നു.

ദയനീയ അനുഭവത്തിൽ ഒരു സഹോദരൻ എന്നോട് ചോദിക്കുകയാണ്. എന്താണ് എല്ലാവരും ഇങ്ങനെ ഓരോതരത്തിലുള്ള സ്വഭാവത്തിൽ പോകുന്നത്, ഇവർ ആരും പ്രാർത്ഥിക്കുന്നതും ആരാധിക്കുന്നതും കാണുന്നില്ലല്ലോ, എന്താണ് ഇവരെക്കുറിച്ചുള്ള ദൈവിക ഉദ്ദേശ്യം. അവനെ ആശ്വസിപ്പിക്കേണ്ടതിന് വേണ്ടി ചിലത് സംസാരിച്ചു. ഇതിൽ കുറച്ച് പേരെ ദൈവികശുശ്രൂഷയിൽ നിന്ന് ദൈവം മാറ്റും. ചിലരുടെ മേൽ ദൈവവിളിയില്ല. വെറുതെ മറ്റ് നിർബന്ധങ്ങളുടെ മേൽ വന്നതാണ്. ചിലർ ഇംഗ്ലീഷിൽ പ്രാവീണ്യം ലഭിക്കേണ്ടതിന് വന്നതാണ്. ചിലർക്ക് പ്രായം കുറവാണ്. വചനം അവരിൽ കാര്യമായിട്ട് വേരൂന്നിയിട്ടില്ല. ചിലർ ഇതിന് മുമ്പ് ജീവിച്ച, ആയിരുന്ന സ്ഥലം ജഢികചിന്തക്കും സ്വഭാവത്തിനും കീഴ്പെട്ടതായിരുന്നു. എല്ലാവരും അവരവരുടെ കാര്യങ്ങളിൽ മാത്രം ശ്രദ്ധിച്ച് പോകുന്നു. മറ്റുള്ളവർ തലതിരിഞ്ഞ് ഏത് രീതിയിൽ പോയാലും പ്രശ്നവും ഇല്ല.

ഇത്തരം ചില സംഗതികൾ മുഖാന്തരം ആണ് ഇവർ ഇങ്ങനെ ആയിരിക്കുന്നത്. അതുകൊണ്ട് ഇത്തരം കാര്യങ്ങളിൽ ശ്രദ്ധിക്കാതെ ദൈവികാരാധനക്കും പ്രാർത്ഥനയ്ക്കും പ്രാധാന്യം കൊടുത്ത് ദൈവത്തിൽ നിന്ന് ലഭിക്കുന്ന ആലോചനയ്ക്കനുസരിച്ച് അധർമ്മത്തിൽ രസിക്കുന്നവരുടെ വഞ്ചനയിൽ കുടുങ്ങി അവരെപ്പോലെ ആകാതെ സൂക്ഷ്മതയോടെ വാക്കുകൾ ഉപയോഗിച്ച്,

അകന്ന് മാറിപോകേണ്ട എല്ലാ സാഹചര്യത്തിൽ നിന്നും അകന്ന് മാറി ഒന്നും അറിയത്തില്ലാത്ത ഏകാകിയെപ്പോലെ ദൈവത്തെ രാപകൽ ആരാധിച്ച് പൊയ്കൊൾക. പിന്നീട് ഒരു പ്രതിഫലം ഉണ്ട് നിശ്ചയം.

നാം ആയിരിക്കുന്ന ആത്മീകഭൗതികമണ്ഡലം നമ്മളെ കുടുക്കും. നാം അതിന് കീഴ്പെട്ടല്ല പോകുന്നത് എന്ന് കണ്ടാൽ, അതിനെ നാം കീഴ്പെടുത്താൻ ശ്രമിച്ചാൽ തീർച്ചയായും നമ്മെ അത് കുടുക്കും. കാരണം സകലലോകവും ദുഷ്ടന്റെ അധീനതയിൽ കിടക്കുന്നു. ദൈവികനിയോഗം ഇല്ലാതെ ഒരു വിഷയത്തിലും ഇടപെടരുത്. എന്നാൽ അഭിഷേകം ഉള്ളവൻ, പ്രവാചകഗണത്തിൽ പെട്ടവൻ ദൈവത്തിന്റെ നിയോഗത്തിൻ കീഴിൽ സകലതും ചെയ്യുന്നവൻ വിവേചിച്ച് പറയുകയാണ് ''എന്റെ ജനത്തിൻപുത്രിയുടെ മുറിവിൽ അവർ ലഘുവായി ചികിത്സിക്കുന്നു''8:11. ചികിത്സ അവിടെ ഉണ്ട്. ലഘുവായ ചികിത്സ. പുറമേയുള്ള ചികിത്സ. പാത്രങ്ങളുടെ പുറം വെടിപ്പാക്കുന്ന ചികിത്സ. അകമേ ഉപയോഗിക്കുവാൻ കൊള്ളാതെ, വചനത്തിനോ, പരിശുദ്ധാത്മാവിനോ,കൃപാവരങ്ങൾക്കോ യാതൊരുവിധ പ്രാധാന്യവുമില്ലാത്ത അനുഭവം. ഈ രീതിയിൽ പഠിച്ചിറങ്ങുന്നവർ എങ്ങനെ പരിശുദ്ധാത്മാവിന്റെ അഭിഷിക്തനാകും. സുവിശേഷത്തിന് എതിരായി സുവിശേഷകന്മാരെത്തന്നെ ശത്രു ഉപയോഗിക്കുകയാണ്. ശക്തിയില്ലാത്ത ഭക്തിയുടെ പുറം വേഷം മാത്രമുള്ള ഒരു ഗണം. ''നമുക്ക് അതാത് സമയത്ത് വേണ്ടുന്ന മഴ തരികയും കൊയ്ത്തിനുള്ള കാലാവധി പാലിച്ച് തരികയും ചെയ്യുന്ന ദൈവമായ യഹോവയെ നാം ഭയപ്പെടുക എന്ന് ഹൃദയത്തിൽ അവർ പറയുന്നതുമില്ല''5:24. ദൈവഭയം എന്നുള്ളത് ഈ ജനത്തിന്റെ ഇടയിൽ ഇല്ല. യഹോവ ഇവരെക്കുറിച്ച് പറയുകയാണ് ''എന്റെ ജനത്തിന്റെ ഇടയിൽ ദുഷ്ടന്മാരെ ഞാൻ കാണുന്നു. അവർ വേടന്മാരെപ്പോലെ പതിയിരിക്കുന്നു. അവർ കുടുക്ക് വച്ച് മനുഷ്യരെ പിടിക്കുന്നു. കൂട്ടിൽ പക്ഷി നിറഞ്ഞിരിക്കുന്നത് പോലെ അവരുടെ വീട്ടിൽ വഞ്ചന നിറഞ്ഞിരിക്കുന്നു'' 5:26-27. ദൈവഭയമില്ലാത്ത ജനത്തിന്റെ ഇടയിൽ രാപകലില്ലാതെ ദൈവത്തോട് കരഞ്ഞാൽ മാത്രമേ രക്ഷപ്പെടാൻ കഴിയുകയുള്ളൂ. അല്ലെങ്കിൽ കുടുക്കിൽ നാം അകപ്പെട്ട് പോകും. യിരമ്യാവിനെപ്പോലെ രാവും പകലും കരയേണ്ടതിന് എന്റെ തല വെള്ളവും എന്റെ കണ്ണ് കണ്ണ് നീരുറവും ആയിരുന്നെങ്കിൽ കൊള്ളാമായിരുന്നു.

## നവംബർ 3

വലിയ വലിയ നന്മകൾക്ക് മുമ്പ് ഇരുട്ടും ദു:ഖവും തളർച്ചയും വീഴ്ചയും വെളിപ്പെടുക എന്നത് ദൈവികനിയമമാണ്. അതനുസരിച്ചാണ് എന്ന് തോന്നുന്നു കഴിഞ്ഞ രണ്ട് ആഴ്ചയായി ഇല്ലായ്മയും ദാരിദ്രവും പീഢയും പോരും മാറി മാറി ജീവിതത്തിലേക്ക് ഇരച്ച് കയറുകയായിരുന്നു. ഒരു നല്ല ദൈവികവെളിപ്പാട് പോലും കാണുവാൻ കഴിയുന്നില്ല. അനേകദിവസത്തെ ഇരുട്ടിനും ശത്രുസ്വാധീനത്തിനും ശേഷം കഴിഞ്ഞ ചില ദിവസങ്ങളിൽ ഇരുട്ടിനെ കീറിമുറിച്ച് പ്രകാശരശ്മികൾ കടന്ന് വരികയാണ്. ഒരുസ്തംഭനാവസ്ഥ മിക്ക മണ്ഡലത്തിലും വ്യാപരിച്ച് നിന്നുവെങ്കിലും അതിന്മേലെല്ലാം മഞ്ഞ് ഉരുകി മാറുന്നത് പോലെ ഒരുമാറ്റം എനിക്ക് ദർശിക്കുവാൻ കഴിയുന്നു. ഇരുട്ടിന്റെ ചില മണ്ഡലങ്ങളുടേ മേൽ ആരാധനയിലും പ്രാർത്ഥനയിലും ഉള്ള ചില ശത്രുസ്വാധീനമേഖലകളിന്മേൽ ദൈവം ജയം പകരുകയാണ്.

''ഫറവോൻ യോസേഫിനോട് പറഞ്ഞത് എന്റെ സ്വപ്നത്തിൽ ഞാൻ നദീതീരത്ത് നിന്നു. അപ്പോൾ മാംസപുഷ്ടിയും രൂപഗുണവുമുള്ള ഏഴ് പശു നദിയിൽ നിന്ന് കയറി ഞങ്ങളുടെ ഇടയിൽ മേഞ്ഞ് കൊണ്ടിരുന്നു. അവയുടെ പിന്നാലെ ക്ഷീണിച്ചും മെലിഞ്ഞും ഏഴ് പശു കയറിവന്നു'' ഉൽ: 41:17 – 19. ഫറവോന്റെ ജീവിതത്തിൽ ആദ്യം മാംസപുഷ്ടിയും രൂപഗുണവുമുള്ള ഏഴ് പശുവാണ് കയറി വന്നത്. യോസേഫിന്റെ വ്യാഖ്യാനത്തിൽ ഏഴ് പശു ഏഴ് വർഷത്തെയാണ് കാണിക്കുന്നത്. പിന്നീടാണ് ക്ഷീണിച്ചും മെലിഞ്ഞും ഏഴ് പശു കയറി വരുന്നത്. അവൻ ഫറവോനാണ് പൈശാചികക്രമമാണ് അവന്റെ ജീവിതത്തിൽ സംഭവിച്ചത്. ആദ്യം പുഷ്ടിയും പിന്നെ മെലിഞ്ഞ അനുഭവവും. എന്നാൽ ദൈവികക്രമം ആരംഭത്തേക്കാൾ അവസാനം നല്ലത് എന്നാണ്.

അതനുസരിച്ചാണ് യോസേഫിന്റെ ജീവിതത്തിൽ ആദ്യം അടിമയും കാരാഗൃഹവാസിയും പീഢിതനും ആയത്. പിന്നീട് അധികാരവും പുഷ്ടിയും സമ്പന്നതയും അവന് മുമ്പിൽ വെളിപ്പെട്ടു. അതുപോലെ കഴിഞ്ഞ ചില നാളു

കൾ മെലിഞ്ഞും ക്ഷീണിച്ചും ഉള്ള ചില പശുക്കളാണ് ഭക്തന്റെ മുമ്പിൽ വെളിപ്പെട്ടത്. എങ്കിൽ ഇനിയുള്ള നാളുകൾ പുഷ്ടിയുള്ളതും രൂപഗുണവുമുള്ളതുമായ ചില പശുക്കളാണ് വരാൻ പോകുന്നത്.

ഏതാനും ആഴ്ചകൾക്ക് മുമ്പ് കാട്ടുപോത്തിൻ കൊമ്പുകൾ പോലെ ദുഷ്ടശക്തിയുടെ വ്യാപാരം എന്റെ നേരെ എഴുന്നേറ്റ് വന്നു. എന്നാൽ ചില ദിവസങ്ങൾ കഴിഞ്ഞപ്പോൾ ഭയപ്പെട്ട് പോയ കാട്ടുപോത്ത് കൊമ്പുകൾക്കപ്പുറമായ ചില കാഴ്ചകൾ ദൈവം കാണിച്ചു. നിറഞ്ഞ്തുളുമ്പി നിൽക്കുന്ന പാൽചുരത്തി ഭക്തനെ തൃപ്തനാക്കുന്ന പുഷ്ടിയുടെ അനുഭവം ആണ് ദൈവാത്മാവ് കാണിച്ചത്. അത് വെളിപ്പെടേണ്ട സമയമായി. സമൃദ്ധി ജീവിതത്തിൽ ഇനി വെളിപ്പെട്ടില്ലെങ്കിൽ അത് മറ്റ് രീതികളിലേക്ക് വ്യാഖ്യാനിച്ച് ക്ഷീണിപ്പിച്ച് ഭക്തനെ തളർത്തും. അത് ഒരിക്കലും ദൈവം സമ്മതിക്കുകയില്ല. അതുകൊണ്ട് മാംസപുഷ്ടിയും സമൃദ്ധിയും ദൈവം വെളിപ്പെടുത്തുകയാണ്.

## നവംബർ 10

ദിവസങ്ങൾ ഓരോന്നായി കഴിഞ്ഞ് പോകുകയാണ്. ദൈവികാലോചനകളും നടത്തിപ്പുകളും സംരക്ഷണവും പരിപാലനവും ഓരോസമയങ്ങളിൽ നടന്ന് കൊണ്ടിരിക്കുന്നു. എല്ലാം നന്മയ്ക്കായിട്ടും ദൈവരാജ്യവ്യാപ്തിക്കും മഹത്വത്തിനും ആയിത്തീരട്ടേ. ‘‘അവൻ വെളിച്ചം ചോദിച്ചു അകത്തേക്ക് ചാടി വിറച്ച് കൊണ്ട് പൗലോസിന്റേയും ശീലാസിന്റേയും മുമ്പിൽ വീണു’’ Acts : 16: 29.

പൗലോസ് തന്റെ ശുശ്രൂഷാ മദ്ധ്യേ ഫിലിപ്പിയിൽ ചെന്നു. ശക്തമായ പരിശുദ്ധാത്മ സാന്നിദ്ധ്യവും വിടുതലും വെളിപ്പെട്ടു. ചില ആളുകൾ അവരെ പിടിച്ച് അധികാരികളുടെ അടുക്കൽ എത്തിച്ചു. അധികാരികൾ കോൽ കൊണ്ട് അവരെ അടിപ്പാൻ കൽപ്പിച്ചു. അവരെ അടിപ്പിച്ചശേഷം കാരാഗൃഹത്തിൽ അടച്ച് സൂക്ഷിച്ചു. കാരാഗൃഹപ്രമാണി അവരെ അകത്തെ തടവിൽ ആക്കി അവരുടെ കാൽ ആമത്തിൽ ഇട്ട് പൂട്ടി. എല്ലാ വിധത്തിലും ഉള്ള ഒരു ബന്ധനം. യോനയെ മത്സ്യവയറ്റിനകത്ത് ബന്ധിച്ചിട്ടത് പോലെ ഇപ്പോൾ രണ്ട് വിഭാഗം ജനം മാത്രം ശേഷി

ച്ചിരിക്കുകയാണ്. ഒന്ന് ബന്ധിക്കപ്പെട്ടിരിക്കുന്ന പൗലോസും ശീലാസും രണ്ട് കാരാഗൃഹപ്രമാണിയും തടവുകാരും.

പലവിധത്തിലുള്ള പീഢയും ശുശ്രൂഷയും യാത്രയും നിമിത്തം പൗലോസും ശീലാസും ബന്ധിക്കപ്പെട്ട നിലയിൽ ഏതാണ്ട് അർദ്ധരാത്രി വരെ ഉറങ്ങിപ്പോയി. ഒരു നിശ്ചിതസമയം വരെ ഉറക്കം ദൈവം അനുവദിക്കാറുണ്ട്. ആ ഉറക്കം നിത്യമായ ഒരു ഉറക്കത്തിലേയ്ക്കോ തളർച്ചയിലേക്കോ പോകുവാനല്ല. മറിച്ച് ശക്തമായ മറ്റൊരു ശുശ്രൂഷക്ക് വേണ്ടി നൽകുന്ന വിശ്രമസമയമാണ്. വിശ്രമസമയം തീരുന്നത് എപ്പോഴാണ് എന്നറിയുന്നില്ല. പക്ഷെ അർദ്ധരാത്രി ആയപ്പോൾ ദൂതൻ അവരെ തട്ടിവിളിച്ച് എഴുന്നേൽപ്പിച്ചു. അവർ പാടുവാനും പ്രാർത്ഥിക്കുവാനും ദൈവത്തെ മഹത്വപ്പെടുത്തുവാനും തുടങ്ങി. അവർ മറ്റെല്ലാം മറന്നു. തങ്ങൾ ബന്ധനത്തിലാണ്, കാരാഗൃഹത്തിലാണ്, തങ്ങൾക്ക് ചുറ്റും തടവുകാർ ഉണ്ട് ഇതൊന്നും അവർ കാണുന്നില്ല.

ഒരു രീതിയിൽ തങ്ങൾ നേരിടുന്ന സർവ്വ പ്രതിസന്ധികളേയും പ്രതികൂലങ്ങളേയും തുറിച്ച് നോക്കി ഭയപ്പെട്ട് നിൽക്കുന്നതിന് പകരം ദൈവത്തെ പാടി ആരാധിച്ച് സ്തുതിച്ച് പോകുന്നതാണ് നല്ലത്. അതുകൊണ്ട് മാത്രമേ എന്തെങ്കിലും ഗുണം ഉള്ളൂ. ദൈവം എന്തെങ്കിലും പ്രവർത്തിച്ചാൽ മാത്രമേ അവിടെ എന്തെങ്കിലും സംഭവിക്കുകയുള്ളൂ. അവർ പൂർണ്ണമായും നിസഹായരാണ്. അവരുടെ പ്രതീക്ഷക്കനുസരിച്ച് ദൈവം പ്രവർത്തിച്ചു. പെട്ടെന്ന് വലിയ ഒരു ഭൂകമ്പം ഉണ്ടായി. കാരാഗൃഹത്തിന്റെ അടിസ്ഥാനം വരെയും കുലുങ്ങിപ്പോയി. അടഞ്ഞ് കിടന്ന സർവ്വ വാതിലും തുറന്നു. ബന്ധിക്കപ്പെട്ട സർവ്വചങ്ങലകളും അഴിഞ്ഞ് വീണു. ഇതെല്ലാം നിമിഷനേരത്തിനുള്ളിൽ സംഭവിച്ച് കഴിഞ്ഞു. എന്തെല്ലാം വിഷയങ്ങൾക്കാണ് ഒറ്റനിമിഷം കൊണ്ട് ദൈവം വിടുതൽ പകർന്നത്. അതാണ് ദൈവത്തിന്റെ പ്രവൃത്തി.

എല്ലാ അത്ഭുത പ്രവൃത്തികളും വിടുതലും സംഭവിച്ച് ദൈവത്തിന്റെ ജനം പൂർണ്ണമായും സ്വതന്ത്രമായപ്പോഴാണ് കാരാഗൃഹപ്രമാണി ഉറക്കമുണർന്നത്. അത് വരെ അവന്റെ മേലും ദൈവം ഒരു ഗാഢനിദ്ര ഇട്ടു. കഴിഞ്ഞ രാത്രിയും

അതിന് മുമ്പും അഭിഷിക്തന്മാരെ പീഢിപ്പിച്ച കൂട്ടം, പലരീതിയിൽ അവരെ ബന്ധിക്കുവാൻ ശ്രമിച്ചവർ, ഇപ്പോൾ ഭയന്ന് വിറയ്ക്കുകയാണ്. തങ്ങളുടെ പദ്ധതിയും ഇഷ്ടവും താൽപര്യവും അല്ല വെളിപ്പെട്ടിരിക്കുന്നത്. നേരം വെളുക്കുമ്പോൾ അല്പം കൂടി ശിക്ഷകളൊക്കെ കൊടുത്ത് ഇവരെ ഒന്നുകൂടി ഒതുക്കണം ഇതാണ് അവരുടെ പദ്ധതി. അർദ്ധരാത്രിവരെ ശത്രു പ്രബലനായി നിന്നുവെങ്കിലും അർദ്ധരാത്രിക്ക് ശേഷം ശത്രുസ്വാധീനം അഴിഞ്ഞ് മാറുകയാണ്. നേരം വെളുക്കുന്നതിന് മുമ്പ് ചില അത്ഭുത പ്രക്രിയകൾ സംഭവിക്കുകയാണ്. കാരാഗൃഹ പ്രമാണിയും കൂട്ടരും സ്വയം നാശത്തിലേക്ക് പോകുകയാണ്. അവരെ പീഢിപ്പിച്ച കാരാഗൃഹപ്രമാണി തന്നെത്താൻ കൊല്ലുവാൻ ഭാവിച്ച് നിൽക്കുകയാണ്. അഭിഷിക്തനായ പൗലോസിന് അവനെ രക്ഷിക്കേണ്ട ആവശ്യം ഇല്ല. പക്ഷെ പ്രതികാരം ദൈവത്തിനുള്ളത് എന്ന് അവൻ വിശ്വസിച്ച് അവരെ രക്ഷിക്കുകയാണ്. ''നിനക്ക് ഒരു ദോഷവും വരുത്തരുത് ഞങ്ങൾ ഇവിടെ ഉണ്ട്'' എന്ന് ഉറക്കെ വിളിച്ച് പറഞ്ഞു. പൗലോസിന്റെ ഒറ്റവാക്ക് നിമിത്തം അവൻ സ്വന്തം ജീവനെ രക്ഷിച്ചു. ഇതുവരെ വിറപ്പിച്ച് നിന്നിരുന്നവൻ ഇപ്പോൾ വിറയ്ക്കുകയാണ്. പൗലോസിന്റെ മുമ്പിൽ ഇപ്പോൾ ഭയങ്കരബഹുമാനവും അനുസരണവും ഉള്ളവനായി അവൻ നിന്നു. തങ്ങൾ ഇതുവരെ ഇരുട്ടിലായിരുന്നു എന്നതും ഇരുട്ടിന്റെ പ്രവൃത്തികളാണ് വെളിപ്പെടുത്തികൊണ്ടിരുന്നത് എന്നും അവർ സമ്മതിച്ച് പ്രവാചകന്റെ അടുക്കൽ വെളിച്ചം ചോദിച്ച് വരികയാണ്. അഭിഷിക്തൻ ദൈവികാലോചന അവരുടെ മേൽ പകർന്നു. തുടർന്ന് അവർ ദൈവത്തിൽ വിശ്വസിച്ചു ആ ഒരൊറ്റ കാരണത്താൽ ഒരു വലിയ സന്തോഷം, ആനന്ദം ആ ഭവനത്തിൽ വന്നു. അവർ ദൈവത്തിൽ ആനന്ദിച്ചു.

## നവംബർ 17

എളിയജനത്തോട് പോരാടുക. എങ്ങനെ എങ്കിലും ഒരു നാശം, ദോഷം ,ശത്രു ആഗ്രഹിക്കുന്നു. ശത്രുവിന്റെ ആഗ്രഹത്തിന് തന്റെ കുറുപ്രാവിനെ വിട്ടുകൊടുക്കുവാൻ ദൈവത്തിന് മനസ്സില്ല. ദുഷ്ടമൃഗത്തിന് കുറുപ്രാവിനെ ദൈവം ഏൽപ്പിച്ച് കൊടുക്കുയില്ല. ചില ദുഷ്ടദേശാന്ധകാര അധികാരശക്തികൾ ചില മണ്ഡലത്തിൽ ഫണം ഉയർത്തി പത്തി വിടർത്തിനിന്നു. അവയുടെ ചീറ്റൽ മതി

ലിന് നേരെ കൊടുങ്കാറ്റ് പോലെ അടിച്ചു. എന്നാൽ യശ: 25:4 – ൽ പറയുന്നത് പോലെ ''ഭയങ്കരന്മാരുടെ ചീറ്റൽ മതിലിന്റെ നേരെ കൊടുങ്കാറ്റ് പോലെ അടിക്കുമ്പോൾ യഹോവ എളിയവന് ഒരു ദു:ഗ്ഗവും ദരിദ്രന് അവന്റെ കഷ്ടത്തിൽ ഒരു കോട്ടയും കൊടുങ്കാറ്റിൽ ഒരു ശരണവും ഉഷ്ണത്തിൽ ഒരു തണലും ആയിരിക്കുന്നു''. അന്യന്മാരുടെ ആരവത്തെ അടക്കികളയുന്ന ദൈവകൃപ വെളിപ്പെടുകയാണ്. പടകിനെ മുക്കികളയും എന്നാണ് ശത്രു പറയുന്നത്. പക്ഷെ സൃഷ്ടിതാവ് പടകിൽ ഉണ്ട് അത്കൊണ്ട് അതിനെ മുക്കുവാൻ കഴിയില്ല എന്ന കാര്യമൊന്നും ശത്രു ശ്രദ്ധിക്കുന്നില്ല. അവൻ അതിന് വേണ്ടി ശ്രമിക്കുകയാണ്.

കർത്താവ് ശിഷ്യന്മാരുമായി പടകിൽ കയറി. നാം തടാകത്തിന്റെ അക്കരക്ക് പോകുക എന്ന് പറഞ്ഞു. അവർ തടാകത്തിലൂടെ സഞ്ചരിക്കുമ്പോൾ ഒരു ചുഴലിക്കാറ്റ് അവരുടെ നേരെ വന്ന് ആഞ്ഞടിക്കുകയാണ്. പടകിലേക്ക് വെള്ളം ഇരച്ച്കയറി തടാകത്തിന്റെ ആഴത്തിലേക്ക് മുക്കികളയുക എന്ന പദ്ധതിയുമായി ശത്രു പോരാടിക്കുകയാണ്. ശത്രു തന്റെ സകലശക്തിയും മുഴുബലവും ഉപയോഗിച്ചാണ് പോരാടുന്നത്. അതിന്റെ തീവ്രത കണ്ട് ശിഷ്യന്മാർ ഭയപ്പെട്ട് നിലവിളിക്കുകയാണ്. പക്ഷെ കർത്താവ് ശാന്തമായി ഉറങ്ങുകയാണ്. എന്താണ് ശാന്തമായ തടാകത്തിൽ ചുഴലിക്കാറ്റ് ഉണ്ടാകുവാനും പടകും പടകിലുള്ളവരും മുങ്ങിപ്പോകുന്ന തരത്തിൽ പ്രശ്നങ്ങൾ ഉണ്ടാകുവാനും കാരണം. സാധാരണമായ ഒരു ചുഴലിക്കാറ്റല്ല അത് എന്ന് മനസ്സിലാക്കുവാൻ കഴിയുന്നതിന് ചിലകാരണങ്ങൾ അവിടെ ഉണ്ട്.

ഒന്നാമതായി ഈ പടക് എങ്ങോട്ടാണ് പോകുന്നത്? ഒരു ലക്ഷ്യം ഉണ്ട് അതിന്. അത് ഗെരസേന്യ ദേശമാണ്. എന്താണ് ദേശത്തിന്റെ പ്രത്യേകത? ബഹുകാലമായി ഭൂതങ്ങൾ ബാധിച്ച ഒരു മനുഷ്യൻ അവിടെ ഉണ്ട്. വസ്ത്രം ധരിക്കാതെ ശവക്കല്ലറകളിൽ പാർത്ത് പ്രബലനായി നിൽക്കുകയാണ്. ബഹുകാലമായി നിരവധി തരത്തിലുള്ള പ്രശ്നങ്ങൾ തോളിലേറി ഒരുവിഭാഗം ജനം ഗെന്നേസരേത്ത് ബന്ധിക്കപ്പെട്ട് നിൽക്കുകയാണ്. അവരുടെ വിടുതൽ കർത്താവ് ആഗ്രഹിക്കുന്നു. അതിന് തന്റെ ശിഷ്യന്മാരേയും കൂട്ടി അവർക്ക് അക്കരെക്ക് പോക എന്ന കൽപനയും നൽകി തടാകത്തിലൂടെ അവർ യാത്ര ചെയ്യുന്നത് .

ആ സമയത്താണ് ലക്ഷ്യസ്ഥലത്ത് ഇവർ എത്താതിരിക്കുവാൻ വേണ്ടി ശത്രു ഈ രീതിയിൽ പോരാടുന്നത്. ശിഷ്യന്മാർ നിലവിളിക്കുകയാണ്. കാരണം അവർക്കതേ അറിയത്തൊള്ളൂ. നാഥാ, നാഥാ, ഞങ്ങൾ നശിച്ച് പോകുന്നു. കർത്താവ് എഴുന്നേറ്റ് കാറ്റിനേയും വെള്ളത്തിന്റെ കോപത്തേയും ശാസിച്ചു. ഈ രണ്ടും ആണ് ശത്രുവായി എഴുന്നേറ്റ് വന്നിരിക്കുന്നത്. കർത്താവിന്റെ ഒരു വാക്ക് അധികാരത്തോടെയുള്ള ഒരുവാക്ക് കേട്ട സമയത്ത് തന്നെ, പിന്നെയല്ല, ആ സമയം തന്നെ അവ അമർന്നു ശാന്തത ഉണ്ടായി. തുടർന്ന് കർത്താവ് അവരോട് ചോദിക്കുകയാണ് ''നിങ്ങളുടെ വിശ്വാസം എവിടെ'' എന്ന്. രണ്ട് സ്വഭാവത്തിലുള്ള, രണ്ട് രീതിയിലുള്ള ശുശ്രൂഷ ഇവിടെ കാണുവാൻ കഴിയുന്നു.

1. പ്രശ്നവും പ്രതികൂലവും ശത്രുവും അടുത്ത് വരുമ്പോൾ ദൈവത്തോട് നിലവിളിക്കുന്ന, ഭയപ്പെട്ട് നിലവിളിക്കുന്ന, ഉത്തരം ലഭിക്കുമോ ഇല്ലയോ എന്ന സംശയത്തിൽ പ്രാർത്ഥിക്കുന്ന ഒരു ശുശ്രൂഷ.
2. കാറ്റിന്റെ ആരവത്തേയും വെള്ളത്തിന്റെ ഇരച്ച് കയറ്റത്തേയും കണ്ട് അതിന്റെ നേരെ മുഖത്തോട് മുഖം നിന്ന് പോരാടി സ്വർഗ്ഗീയ അധികാരം ഉപയോഗിച്ച് ശാസിച്ച് അമർത്തി ശാന്തമാക്കുന്ന ശുശ്രൂഷ.

ഈ രണ്ട് വിഭാഗത്തിലും സ്വഭാവത്തിലും ഉള്ള ശുശ്രൂഷയ്ക്ക് എന്താണ് കുഴപ്പം. എവിടെയാണ് പിശക്. രണ്ടും ശരിയല്ലേ? എന്ന് ചോദിക്കാം. ഒന്ന് ശിഷ്യന്മാരും രണ്ട് കർത്താവും അല്ലേ ചെയ്തത് എന്നും ചോദിക്കാം.

ഇത് രണ്ടും ശരിയാണ്. ഈ ശുശ്രൂഷക്ക് ഒരു പിശകും ഇല്ല. ഇങ്ങനെ ചെയ്യാം ചെയ്യണം. പക്ഷെ മറ്റൊരു വിഷയം ആണ് ഇവിടെ പറയുന്നത്. ഇവിടെ ശുശ്രൂഷയുടെ നിലവാരത്തെക്കുറിച്ചാണ് സൂചിപ്പിക്കുന്നത്. ആദ്യത്തെ വിഭാഗം ശുശ്രൂഷയും രണ്ടാമത്തെ വിഭാഗം ശുശ്രൂഷയും തമ്മിൽ വലിയ വിടവുണ്ട്. ആദ്യത്തെ ശുശ്രൂഷ എല്ലാവർക്കും ചെയ്യുവാൻ കഴിയുന്നതാണ്. കാരണം അൽപം വിശ്വാസവും പ്രാർത്ഥനയും വചനധ്യാനവും ഉണ്ടെങ്കിൽ ആ ശുശ്രൂഷ ചെയ്യാം.

എന്നാൽ രണ്ടാമത്തെ വിഭാഗത്തിൽപ്പെട്ട ശുശ്രൂഷ വളരെ ഉയർന്ന നിലവാരമുള്ള ശുശ്രൂഷയാണ്. അതിനായി വിളിക്കപ്പെട്ടവർ വളരെ ചുരുക്കമാണ്. അവർക്ക് കഠിനമായ ശോധനകളാണ് നേരിടേണ്ടി വരുന്നത്. തുടർച്ചയായി ദൈവ സാന്നിദ്ധ്യത്തിൽ ചിന്തിച്ച്, പ്രാർത്ഥിച്ച്, ധ്യാനിച്ച് മറ്റെല്ലാം വെടിഞ്ഞ് ഒരു ലക്ഷ്യം മാത്രം മുമ്പിൽ കണ്ട് പോകുന്ന ഒരു വിഭാഗം. തങ്ങൾക്ക് എന്ത് സംഭവിക്കുന്നു എന്ന് അവർ നോക്കുന്നില്ല. തങ്ങളുടെ സാഹചര്യം എത്ര ദുഷ്ക്കരമാണ് എന്ന് നോക്കുന്നില്ല. ശത്രുവിനെ പിഴുത് എറിയുക അവന്റെ കുടിയിരുപ്പുകൾ വെട്ടി മാറ്റുക, അവന്റെ അധികാരത്തെ പറിച്ച് എറിയുക അതിന് വേണ്ടി മാത്രം അവർ ജാഗരിക്കുന്നു. ശത്രു പത്തി വിടർത്തി ആടുമ്പോൾ ദൈവത്തോട് ആലോചനയും അനുവാദവും ചോദിച്ച് ദൈവികനിയോഗത്തിന്റെ കീഴിൽ ശത്രുവിനെതിരെ അവർ ഇറങ്ങിപുറപ്പെടുകയാണ്. ശത്രുവിനോട് മുഖത്തോട് മുഖം പോരാടി നിൽക്കുകയാണ്. രഹസ്യജീവിതത്തിൽ പ്രാർത്ഥനയും നിലവിളിയും ആയിരിക്കും എപ്പോഴും. പക്ഷെ പരസ്യമായി അത് ഒന്നും വെളിപ്പെടുകയില്ല. അധികാരത്തോടെ ശത്രുവിനോട് കൽപ്പിക്കും. ദൈവത്തിൽ നിന്ന് അധികാരം പ്രാപിച്ച് ശത്രുവിന്റെ മേൽ അധികാരം പ്രയോഗിക്കും. ശത്രു കീഴടങ്ങുകയും ചെയ്യും. ഇത് ഒന്നും ഇല്ലാതെ ശത്രുവിന്റെ നേരെ അനുകരണരൂപത്തിൽ അധികാരം പ്രയോഗിക്കുന്നവർ ഉണ്ട്. അവരെക്കുറിച്ചല്ല പറയുന്നത്. ശത്രു ഭയപ്പെട്ട് വിറച്ച് നിൽക്കുന്ന ഒരുസംഘം അഭിഷിക്തഗണം ഉണ്ട്. അവരുടെ സാന്നിദ്ധ്യം തന്നെ ശത്രുവിന് ഭയമാണ്. അതാണ് ഗെരസെന്യദേശത്തെ പിശാച് വിറച്ച് കൊണ്ട് ചിലകാര്യങ്ങൾ പറയുന്നത്. ശത്രുവിന്റെ മുമ്പിൽ വിറയ്ക്കുന്നവരെയല്ല ശത്രുവിനെ തന്റെ സാന്നിദ്ധ്യത്തിന്റെ കീഴിൽ വിറപ്പിക്കുന്ന കീഴ്പ്പെടുത്തുന്ന ഒരു ശുശ്രൂഷക ഗണം. സ്വാർത്ഥ താൽപര്യങ്ങളില്ലാത്ത, വിശാലമനസ്ഥിതിയുള്ള ശുശ്രൂഷകഗണം എഴുന്നേറ്റിരുന്നുവെങ്കിൽ, ദൈവം എഴുന്നേൽപ്പിച്ചിരുന്നുവെങ്കിൽ കൊള്ളാമായിരുന്നു.

**നവംബർ 24**

ദൈവത്തിൽ നിന്ന് മനുഷ്യൻ അകന്ന് ജീവിക്കുമ്പോഴും എന്ത്കൊ

ണ്ടാണ് അവരുടെ ജീവിതത്തിലെ ഓരോ മേഖലയിലും ഇടപെടുവാൻ ദൈവം ആഗ്രഹിക്കുന്നത്. മനുഷ്യൻ ദൈവത്തെ ഉപയോഗിക്കുമ്പോഴും ദൈവവചനത്തിനും ദൈവികആലോചനക്കും എതിരെ നിൽക്കുമ്പോഴും ഒരു നിശ്ചിത അളവ് സംരക്ഷണം, അനുഗ്രഹം, നടത്തിപ്പ് ദൈവം അവരുടെ മേൽ പകരുന്നു. കാരണം ദൈവം സൃഷ്ടിതാവാകുന്നു. സകലതും തന്റെ കരങ്ങളാൽ ആണ് ദൈവം സൃഷ്ടിച്ചത്. സർവ്വതും തനിക്ക് പുത്രസമാനമാണ്. അതുകൊണ്ട് പിതാവായ ദൈവത്തിന്റെ ദയ തന്റെ ജനത്തിന്റെ മേൽ ഉള്ളത് കൊണ്ട് മാത്രം ആണ് ഈ ജനം നിലനിൽക്കുന്നത്.

"രെഹബയാം രാജത്വം ഉറച്ച് ബലം പ്രാപിച്ച ശേഷം അവനും അവന്റെ കൂടെയുള്ള എല്ലാ ഇസ്രയേലും യഹോവയുടെ ന്യായപ്രമാണം ഉപേക്ഷിച്ചു". 2 ദിന : 12:1. രഹബയാം ന്യായപ്രമാണം ഉപേക്ഷിക്കു എന്ന് പറയുമ്പോൾ അതിന് മുമ്പ് ന്യായപ്രമാണം അവൻ അനുസരിച്ചിരുന്നു എന്ന് മനസ്സിലാക്കുവാൻ കഴിയും. അങ്ങനെ ന്യായപ്രമാണത്തിന്റെ കീഴിൽ അനുസരണ ഉള്ളവനായത് കൊണ്ടാണ് അവൻ രാജപദവിയിൽ എത്തിയത്.

എന്നാൽ അൽപം ചിലഅനുഗ്രഹങ്ങൾ പ്രാപിച്ച് കഴിഞ്ഞപ്പോൾ ന്യായപ്രമാണത്തോട് ഒരു ഉപേക്ഷ അവന് തോന്നി. ഇതിന്മുമ്പ് നൽകിയിരുന്നത് പോലെ ഒരു പ്രാധാന്യം നൽകിയില്ല. അവനറിയാതെ തന്നെ അവന്റെ സംരക്ഷണവലയം ഭേദിക്കപ്പെട്ട് പോകുവാൻ തുടങ്ങി. അതുപോലെയുള്ള ചിലവിഷയങ്ങൾ അവന്റെ മുമ്പിൽ വന്നു. "മിസ്രയിം രാജാവായ ശീശക് 1200 രഥങ്ങളോടും 60,000 കുതിരചേവകരോടും കൂടെ യരുശലേമിന്റെ നേരെ വന്നു. അവനോട് കൂടെ ലൂബ്യർ, സൂക്യർ, കൂശ്യർ എന്നിവരും ഉണ്ടായിരുന്നു" 12:3. ഒരു വലിയ സൈന്യമാണ് എതിരെ വന്നത്. ഇതുപോലെ ഒന്ന് ഇതിന് മുമ്പ് അവൻ നേരിട്ടിട്ടില്ല. യഹൂദയോട് ചേർന്ന് ഉറപ്പുള്ള പട്ടണങ്ങളെ പിടിച്ച് യരുശലേമിന്റെ അടുക്കൽ വരെ വന്നു. പക്ഷെ അവന് യരുശലേമിനെ സംഹരിക്കുവാൻ കഴിഞ്ഞില്ല. അതിന് മുമ്പ് അറിയപ്പെടാത്ത ഒരു പ്രവാചകൻ എഴുന്നേറ്റു. ശെമയ്യാവ്, അവൻ പ്രവചിച്ചു "നിങ്ങൾ എന്നെ ഉപേക്ഷിച്ചത് കൊണ്ട് ഞാൻ നിങ്ങളെ ശീശക്കിന്റെ കയ്യിൽ ഏൽപ്പിച്ചിരിക്കുന്നു" എന്ന് പറഞ്ഞു. 12:5. ഇതാ രഹബായാമും കൂടെ

യുള്ള പ്രഭുക്കന്മാരും തങ്ങളെ തന്നെ താഴ്ത്തി. യഹോവ നീതിമാനാകുന്നു എന്ന് പറഞ്ഞു. അവരുടെ ഭാഗത്ത് നിന്ന് വന്ന ഉപേക്ഷയാണ് ഈ ശത്രുവിനെ എഴുന്നേൽപ്പിച്ചത്. പക്ഷെ ഇപ്പോൾ അവർ അത് സമ്മതിച്ചു. ഉടൻതന്നെ യഹോവയുടെ കരം പ്രവർത്തിക്കുകയാണ്. താഴ്മ അവിടെ വെളിപ്പെട്ടു എന്ന് ദൈവം മനസ്സിലാക്കി. തെറ്റ് അവർക്ക് ബോദ്ധ്യപ്പെട്ടുവെന്ന് ദൈവം അറിഞ്ഞു. തന്റെ പ്രവൃത്തി വെളിപ്പെടുത്തേണ്ട സമയമായി എന്ന് മനസ്സിലാക്കി വീണ്ടും ഒരു ആലോചന പകരുകയാണ്. ‘‘അവർ തങ്ങളെത്തന്നെ താഴ്ത്തിയിരിക്കയാൽ ഞാൻ അവരെ നശിപ്പിക്കാതെ അവർക്ക് ഒരുവിധം രക്ഷ നൽകും’’ എന്റെ കോപം ശീശക് മുഖാന്തരം യരുശലേമിൽ ചൊരിയുകയുമില്ല. ശീശക് യരുശലേമിനെ തകർത്ത് കളയുമായിരുന്നു. അതിന് തക്ക ബലവും സാഹചര്യങ്ങളും അനുകൂലമായിരുന്നു. പക്ഷെ യഹോവയുടെ കടാക്ഷം ഈ ജനത്തിന്റെ മേൽ വീണത് കൊണ്ട് ശീശക്കിന് താൻ ആഗ്രഹിച്ചത് മുഴുവൻ ചെയ്യുവാൻ കഴിഞ്ഞില്ല. തന്റെ ജനത്തിന് ഒരുവിധത്തിലുള്ള രക്ഷ നൽകി. വലിയശിക്ഷയിൽ നിന്നും ദൈവം അവരെ വിടുവിച്ചു.

ഞാൻ ബാഗ്ലൂർ വന്നിട്ട് ഇന്നേക്ക് ഒരുവർഷം പൂർത്തിയാകുന്നു. കഴിഞ്ഞ നവംബർ 24–ാം തീയതി ഇവിടെ വന്നു. ഒരുവർഷം ഏതെല്ലാം രൂപത്തിലും ഭാവത്തിലും ഒളിഞ്ഞും തെളിഞ്ഞും പരസ്യമായും രഹസ്യമായും സർവ്വ മുഖാന്തരങ്ങളിലൂടെയും ശത്രു പോരാടി. രോഗമായി ആഴ്ചകളോളം കിടന്നു. ഒരുവാക്ക് പ്രാർത്ഥിക്കുവാൻ കഴിയാതെ ദിവസങ്ങൾ കഴിച്ച്കൂട്ടി. ആരാധന പൂർണ്ണമായും നിലച്ച അനുഭവങ്ങൾ. നോക്കുന്നിടത്തെല്ലാം ഇരുട്ട് അധികാരം പ്രാപിച്ച് നിൽക്കുന്ന സാഹചര്യം എല്ലാ രീതിയിലും തകർന്ന് പോകേണ്ടതായിരുന്നു. പക്ഷെ ദൈവം സൂക്ഷിച്ചു. ഇവിടെ വരുന്നതിന് മുമ്പ് ബാഗ്ലൂരിലെ നിരവധി കാര്യങ്ങൾ ദൈവം വെളിപ്പാടുകളിലൂടെ കാണിച്ചു. ബാഗ്ലൂരിലെ കെട്ടിടങ്ങളെക്കുറിച്ച്, വാഹനങ്ങളെക്കുറിച്ച്, മൃഗങ്ങളെക്കുറിച്ച്, ഫലവർഗ്ഗങ്ങളെക്കുറിച്ച് ചില പ്രത്യേക മുഖങ്ങൾ, ചില പ്രത്യേകഇംഗ്ലീഷ് വാക്യങ്ങൾ. അങ്ങനെ നിരവധി കാര്യങ്ങൾ ദൈവം എന്നെ അറിയിച്ചിരുന്നു. ഇവിടെ വരിക എന്നത് ദൈവികപദ്ധതിയായിരുന്നു. ദൈവികപദ്ധതിയാകയാൽ ഇവിടെ നിന്ന് അഭിഷിക്തന് നേരെ എഴുന്നേൽക്കുന്ന പോരുകളേയും ദൈവം തന്നെ നിയന്ത്രിക്കും.

സർവ്വ ആവശ്യങ്ങളുടേയും മേൽ ദൈവം തന്നെ ഇടപെടും. ദൈവകരം സർവ്വ മേഖലകളിലും ചലിക്കും പക്ഷെ ഒരു സംഗതിയുണ്ട്. ദൈവവചനത്തിനും ദൈവി കആലോചനക്കും കീഴിൽ താഴ്മ ധരിച്ച് നിൽക്കണം. അനുസരിക്കുവാൻ തയ്യാറാകണം. അപ്പോൾ ദൈവം തന്റെ ജനത്തിന്റെ മേൽ പകരുവാൻ ആഗ്രഹിക്കുന്ന നന്മകൾ ഓരോന്ന് ഓരോന്നായി വന്ന് കൊണ്ടിരിക്കും. മൂന്ന് മാസത്തിലധികമായി എതിരെ നിന്ന ചിലപോരുകൾ മാറിപ്പോയത് പോലെ ഒരു ശാന്തത അനുഭവപ്പെടുകയാണ്. കഴിഞ്ഞ ചില ആഴ്ചകളിൽ കഠിനമായി പോരാടിയതിന് ശേഷം അത് മാറിപ്പോകുകയാണ്. പടകിനെ മുക്കികളയുവാൻ കൊടുങ്കാറ്റിന് കഴിഞ്ഞില്ല. യരുശലേമിനെ നശിപ്പിക്കുവാൻ ശീശക്കിന് കഴിഞ്ഞില്ല. കാരണം പരിപാലകനായി സംരക്ഷകനായി തന്റെ ജനത്തിന്റെ മേൽ യഹോവ ഉണ്ട്. പിതാവായ ദൈവത്തിന് സ്തോത്രം.

**ഡിസംബർ 1.**

നന്ദി നിറഞ്ഞ ചിലഅനുഭവങ്ങൾ സംരക്ഷണത്തിന്റെ ചില മേഖലകൾ. പുതിയ ചില ചക്രവാളത്തിന്റെ ധ്വനികൾ അത് എവിടെ നിന്നോ കേൾക്കുന്നു. അതിന്റെ ആരവം സന്തോഷഭരിതനാക്കുന്നു. രഥങ്ങൾ ഉരുളുകയാണ്. പടക്കുതിരകൾ തയ്യാറെടുക്കുകയാണ്. യാത്രകൾ തുടങ്ങുകയാണ്. ഒരു പുതിയ മണ്ഡലത്തിലേക്ക് കാൽപാദങ്ങൾ ചലിക്കുന്നു. സ്വപ്നങ്ങൾക്ക് ചില നിറച്ചാർത്തലുകൾ. 2002 ഡിസംബർ ഒന്ന് ആശ്വാസത്തിന്റെ, നന്ദിയുടെ, ശുശ്രൂഷയുടെ, അഭിഷേകത്തിന്റെ, നന്മയുടെ ചില ഗംഭീരനാദങ്ങൾ പുറപ്പെടുവിക്കുന്ന ദിനമാണ്. പരസ്യമായി അങ്ങനെ ചിലമണ്ഡലങ്ങൾ തുറക്കുമ്പോഴും രഹസ്യമായി ദൈവം ചിലആലോചനകൾ പകരുകയാണ്.

‘‘അവകാശി സർവ്വത്തിനും യജമാനൻ എങ്കിലും ശിശുവായിരിക്കുന്നിടത്തോളം ദാസനേക്കാൾ ഒട്ടും വിശേഷതയുള്ളവനല്ല പിതാവ് നിശ്ചയിച്ച അവധിയോളം രക്ഷകന്മാർക്കും ഗൃഹവിചാരകന്മാർക്കും കീഴ്പെട്ടവനത്രേ എന്ന് ഞാൻ പറയുന്നു’’ ഗലത്യ: 4:12. പലതിന്റേയും അവകാശിയാണ്. യജമാനനെപ്പോലെ നിരവധി വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടതുണ്ട്. പക്ഷെ ശിശു

വായിരിക്കുന്നിടത്തോളം കാലം ഒരു സാധാരണദാസനെപ്പോലെ പോകണം. ഒട്ടും വിശേഷത അവിടെ ലഭിക്കുകയില്ല. സാധാരണ ഒരുവനെപ്പോലെ എണ്ണപ്പെടും. പിതാവിന്റെ കൽപന വരുന്നത് വരെ രക്ഷകന്മാർക്കും ഗൃഹവിചാരകന്മാർക്കും കീഴടങ്ങി പോകുകതന്നെ വേണം. രക്ഷകന്മാരേയും ഗൃഹവിചാരകന്മാരേയും ദൈവം തരുന്നത് സംരക്ഷിക്കപ്പെടുവാൻ വേണ്ടിയാണ്. നടത്തപ്പെടുവാൻ വേണ്ടിയാണ്. സമയം ആകുന്നത് വരെ നിലനിൽക്കുവാനാണ്. മാവിൻമേൽ പൂത്ത് നിൽക്കുന്ന ചെറിയ മാങ്ങകൾ, മൂപ്പ് എത്താതെ നിൽക്കുന്ന മാങ്ങകൾ സമയത്തിന് മുമ്പേ പഴം ആക്കുവാൻ നോക്കിയാൽ അതിന് രുചി ഉണ്ടാകുകയില്ല. അത് തള്ളപ്പെട്ട് പോകും. ആരും ഉപയോഗിക്കുകയില്ല. എന്നാൽ മൂപ്പ് എത്തിയതിന് ശേഷം അത് പഴം ആകുമ്പോൾ വിശേഷമാനമായ ഒരു രുചി അതിന്മേൽ വരുന്നു. അനേകർ അതിന് വേണ്ടി കൈനീട്ടും. അത് ലഭിക്കുവാൻ അനേകർ ആഗ്രഹിക്കും. എന്നാൽ മൂപ്പ് എത്തുന്നത് വരെ അത് സാധാരണപോലെ പരിഗണിക്കപ്പെടുന്നു.

കർത്താവായ യേശുക്രിസ്തുവിന് പിതാവായ ദൈവത്തിന്റെ അരികിൽ ലോകസ്ഥാപനത്തിന് മുമ്പ് തന്നെ മഹത്വം ഉണ്ടായിരുന്നു. കർത്താവിന്റെ പ്രാർത്ഥനയിലൂടെ അത് മനമസ്സിലാക്കാം. ‘‘ലോകം ഉണ്ടാകും മുമ്പേ എനിക്ക് നിന്റെ അടുക്കൽ ഉണ്ടായിരുന്ന മഹത്വത്തിൽ എന്നെ നിന്റെ അടുക്കൽ മഹത്വപ്പെടുത്തേണമേ’’. യോഹ: 17:5. എന്നാൽ ഭൂമിയിൽ താൻ ആയിരുന്നപ്പോൾ ദൈവരൂപത്തിൽ ഇരിക്കേ ദൈവത്തോടുള്ള സമത്വം മുറുകിപ്പിടിക്കാതെ ദാസരൂപം എടുത്തു. യജമാനനാണ്, സർവ്വചരാചരത്തിന്റേയും സ്യഷ്ടിതാവാണ്. അപ്പോൾതന്നെ മനുഷ്യർക്ക് മാതൃക കാണിക്കേണ്ടതിന് ദാസരൂപം എടുത്ത് ഭൂമിയിൽ ആയിരിക്കുന്നു. ആർക്കും കർത്താവിന്റെ മേൽ അധികാരം ഇല്ല, കർതൃത്വം ഇല്ല എന്നിട്ടും ദാസനായി ഇരിക്കുകയാണ്. വേഷത്തിൽ മനുഷ്യനായി ക്രൂശ് മരണത്തോളം തന്നെത്താൻ താഴ്ത്തി ഒരുദാസനെപ്പോലെ അനുസരണയുള്ളവനായി നിന്നു.

സർവ്വത്തിനും അവകാശിയായ ദൈവം തന്റെ മേൽ യാതൊരുവിധ അധികാരം ഇല്ലാതിരുന്ന ഗൃഹവിചാരകന്മാർക്കും യജമാനന്മാർക്കും കീഴടങ്ങി

യിരുന്നു. എന്തിന്? സമയത്തിന്റെ പൂർണ്ണത ആകുവാൻ വേണ്ടി. വെറും ഒരു സാധാരണദാസനെപ്പോലെ മതിക്കപ്പെടുവാൻ വേണ്ടി നിന്ന് കൊടുത്തു. പിശാചിനും അവന്റെ ആലോചനക്കും എതിരെ മാത്രമേ കർത്താവ് നിലപാട് സ്വീകരിക്കുന്നൊള്ളൂ. ബാക്കി എല്ലാത്തിനും കീഴ്പെട്ട് നിന്നും യഹൂദപുരോഹിതനെ കേൾക്കേണ്ടതില്ല. അവരുടെ ശിക്ഷയെ പരിഗണിക്കേണ്ടതില്ല. പടയാളികളെ ഭയപ്പെടേണ്ടതില്ല. പക്ഷെ കർത്താവ് ഒരു ദാസനെപ്പോലെ അവിടെനിന്നു. തന്റെ സമയം ആകുന്നത് വരെ ഇങ്ങനെപ്പോകണം എന്നുള്ളത് ദൈവഹിതമാകയാൽ കർത്താവ് അത് അനുസരിച്ച് നിന്നു. അതുകൊണ്ട് ദൈവം കർത്താവിനെ ഏറ്റവും ഉയർത്തി സകലനാമത്തിനും മേലായ നാമം നൽകി ആദരിച്ചു.

**ഡിസംബർ 8.**

ഒരാഴ്ചത്തെ അനുഭവങ്ങളെ ആകമാനം നോക്കുമ്പോൾ ശത്രു എത്ര മാത്രം ശക്തിയോടെയാണ് പോരാടുന്നത് എന്ന് മനസ്സിലാക്കുവാൻ കഴിയുന്നു. മൂന്ന് രൂപത്തിലുള്ള പോരുകൾ വിവിധസമയങ്ങളിലായി വെളിപ്പെട്ട് കീഴടങ്ങി. കലപ്പ കൊണ്ട് പാറമേൽ ഉഴുതുന്ന അനുഭവം. പാറയ്ക്ക് നിരവധി ആത്മീയ അർത്ഥങ്ങൾ ഉണ്ട്. 1) **പരുക്കമേറിയ അനുഭവമാണ്.** ആ പരുക്കമേറിയ അനുഭവത്തെ നേരിട്ട് വെട്ടിപിളർന്നാൽ വെള്ളം ലഭിക്കുന്നു. 2) **പാറയിൽ ഒരു വിത്തും മുളയ്ക്കുകയില്ല.** എത്രമാത്രം വെള്ളം ഒഴിച്ചാലും എത്രമാത്രം വിത്ത് പാകിയാലും അത് വരണ്ട് കിടക്കും. വിത്ത് ഉണങ്ങിയും പോകും. ഇത് മാനുഷികമായ നമ്മുടെ അനുഭവം. പക്ഷെ പാറയെ ഉഴുത് വളക്കൂറുള്ള മണ്ണായി മാറ്റാം എന്ന് ദൈവം പറഞ്ഞു. ആത്മീയ അർത്ഥമാണുദ്ദേശിക്കുന്നത്. പാറയെപ്പോലെ കഠിനമായി സുവിശേഷത്തിനെതിരെ നിൽക്കുന്ന മണ്ഡലങ്ങൾ വളക്കൂറുള്ള മണ്ണായി ദൈവം രൂപാന്തരപ്പെടുത്തി. ഇനി വചനമാകുന്ന വിത്ത് വീണ് ഫലം കായ്ക്കണം. 3) **യഹോവയായ ദൈവം നമ്മുടെ സങ്കേതമായ പാറയാണ്.** അവിടെയാണ് ദൈവം നമ്മെ പാർപ്പിച്ചിരിക്കുന്നത്. അടിസ്ഥാനത്തെ ശത്രുവിന് ഇളക്കുവാൻ കഴിയില്ല. ദൈവം നമ്മുടെ സംരക്ഷണദുർഗ്ഗം ആകുന്നു.

## ഡിസംബർ 15.

"അഞ്ച് അപ്പവും രണ്ട് മീനും അല്ലാതെ ഞങ്ങൾക്കിവിടെ ഒന്നും ഇല്ല" മത്താ: 14:17. യേശു നിർജ്ജനമായ ഒരു പ്രദേശത്തേക്ക് പോയി. യോഹന്നാൻ ശിരഛേദിക്കപ്പെട്ട വിവരം അറിഞ്ഞതിന് ശേഷമാണ് യേശു നിർജ്ജനസ്ഥല ത്തേക്ക് പോയത്. അത് കേട്ട് പുരുഷാരം കാൽനടയായി അവന്റെ പിന്നാലെ പോയി. അപ്പം തിന്നുവാൻ വേണ്ടിപോയ ജനമല്ല അത്. അവന്റെ സാന്നിദ്ധ്യം കൊതിച്ച് കൂടെചെന്നതാണ്. പുരുഷാരത്തെ കണ്ട് മനസലിഞ്ഞു ശുശ്രൂഷകൾ ചെയ്തു. രോഗികൾ സൗഖ്യമായി. വൈകുന്നേരം ആയി. വിശപ്പോടെ ജനത്തെ മടക്കി അയക്കുവാൻ യേശു ആഗ്രഹിച്ചില്ല. മരുഭൂമിയും നിർജ്ജനപ്രദേശവും ആണ്. ഭക്ഷിക്കുവാൻ ഒന്നും ഇല്ല. സ്ത്രീകളും പൈതങ്ങളും കൂടാതെ 5000 പുരുഷന്മാർ ഉണ്ടായിരുന്നു. സാധാരണക്കണക്കിൽ നോക്കിയാൽ ഏകദേശം 15,000 – ൽ അധികം ജനം അവിടെ ഉണ്ട്. അഞ്ച് അപ്പവും രണ്ട് മീനും കർത്താ വിന്റെ അടുക്കൽ ലഭിച്ചു. അവിടെ ആയിരുന്ന 1500 – ൽ അധികം ജനത്തിന്റെ വിശപ്പിനെ മാറ്റി അവർക്ക് തൃപ്തി നൽകി അവരുടെ ഒന്നും ഇല്ലാത്ത അവസ്ഥ കളിന്മേൽ ദൈവകരം പ്രവർത്തിച്ചു. അന്ന് പ്രവർത്തിച്ച കർത്താവ് ഇന്നും തന്റെ ജനത്തിന് വേണ്ടി പ്രവർത്തിക്കുന്നു. കർത്താവിന്റെ കരം കുറുകിപ്പോയിട്ടില്ല. അതേ സ്വഭാവത്തിലുള്ള അത്ഭുതങ്ങൾ ഇന്നും തന്റെ ജനത്തിനായി ദൈവം ഒരുക്കും.

## ഡിസംബർ 22.

"മരുഭൂമിയിലെ പുൽപുറങ്ങൾ പച്ചവയ്ക്കുന്നു, വൃക്ഷഫലം കായ്ക്കു ന്നു. അത്തിവൃക്ഷവും മുന്തിരിവള്ളിയും അനുഭവം നൽകുന്നു" യോവേൽ : 2:22.

ഒരു സമൃദ്ധിയുടെ ആലോചനയാണ് ദൈവം ഈ ആഴ്ച തന്നത്. എന്നാൽ ഇങ്ങനെയൊരു ഫലസമൃദ്ധി വെളിപ്പെടുന്നതിന് മുമ്പ് ഒരു പ്രത്യേക കാലഘട്ടത്തെ ജനം നേരിട്ടു. ഫലസമൃദ്ധി ഉപയോഗിക്കുവാൻ കഴിയാതിരുന്ന ദിനങ്ങൾ എല്ലാം കൺമുമ്പിൽ ഉള്ളപ്പോൾതന്നെ ഇല്ലാത്തവനെപ്പോലെ പോയ

ദിനങ്ങൾ. വെട്ടുക്കിളിയും വിട്ടിലും തുള്ളനും പച്ചപ്പുഴുവും തിന്ന് കളഞ്ഞ ദിനങ്ങൾ. നാല് വിധത്തിലുള്ള നന്മകൾ മുകളിൽ രേഖപ്പെടുത്തിയിരിക്കുന്നു.

1. മരുഭൂമിയിലെ പുൽപ്പുറങ്ങൾ പച്ചവയ്ക്കുന്നത്
2. വൃക്ഷഫലം കായ്ക്കുന്നത്
3. അത്തിവൃക്ഷം അനുഭവം തരുന്നത്
4. മുന്തിരിവള്ളി ഫലസമൃദ്ധിയാകുന്നത്.

ഇത് വിവിധരീതിയിൽ വ്യാഖ്യാനിക്കാം. 1. കുടുംബജീവിതം, 2. ശുശ്രൂഷാബന്ധങ്ങൾ, 3. സാമ്പത്തികമണ്ഡലം, 4. ആത്മീയശുശ്രൂഷമേഖല. ഈ നാലു മേഖലയിലും ശക്തമായ പ്രതികൂലങ്ങൾ നേരിട്ടതാണ്. എന്ന് വച്ചാൽ നാലുവിധത്തിലുള്ള തിന്മ അനുഭവിച്ചതാണ്.

1. വെട്ടുക്കിളി തിന്ന്കളഞ്ഞ അനുഭവം
2. വിട്ടിൽ നശിപ്പിച്ചത്
3. തുള്ളൻ ഇല്ലായ്മ ചെയ്തത്
4. പച്ചപ്പുഴു ദ്രവിപ്പിച്ച് കളഞ്ഞത്.

നാലുവിധ നന്മയ്ക്കെതിരെ നാല് വിവിധ രൂപത്തിൽ ശത്രു പ്രവർത്തിച്ചു. ദൈവം അനുവദിച്ചിട്ടാണ് ഇതൊക്കെ സംഭവിച്ചത്. അതുകൊണ്ട് ദൈവം തന്നെ ഈ വിഷയങ്ങളിലെല്ലാം സ്പർശിക്കുവാൻ പോകുകയാണ്. ദൈവിക സ്പർശനം ഏൽക്കുന്ന സമയത്ത് തന്നെ ഫലസമൃദ്ധി വിവിധമണ്ഡലങ്ങളിൽ വെളിപ്പെടുകയാണ്. 2002 അവസാന നാളുകളിൽ ദൈവം ഒരു നല്ല ആലോചന തരികയാണ്.

## ഡിസംബർ 29.

2002 അവസാന ഞായറാഴ്ച ദൈവം ശക്തിയേറിയ ഒരു ആലോചനയാണ് തരുന്നത്. ഇത് ഏതെങ്കിലും ഒരു ബൈബിൾ ഭാഗത്തെ മാത്രം കേന്ദ്രീകരിച്ചല്ല. സമുദ്രത്തിന്റെ ആഴങ്ങളിൽ നിന്ന് ഗുപ്തനിധികളെ നിങ്ങൾക്ക് ഞാൻ തരും എന്ന് യഹോവ തന്റെ ജനത്തോട് അരുളി ചെയ്തു. സമുദ്രത്തിന്റെ ആഴങ്ങളിൽ പവിഴം, മുത്ത്, പുരാതനസമ്പത്ത് ഉള്ളത് പോലെ വലിയ മഹാമത്സ്യങ്ങൾ

ഉണ്ട്. മഹാമത്സ്യം ഒരുഗുപ്തനിധിയാണ് എന്ന് ദൈവം എന്നോട് പറഞ്ഞു. ഗുപ്ത നിധി എന്ന് വച്ചാൽ ഒളിച്ച് വച്ചിരിക്കുന്ന ഒരു നന്മ എന്നാണ് അർത്ഥം. എല്ലാവരും അത് കാണുന്നുണ്ട്. പക്ഷെ അത് ഗുപ്തനിധിയാണ് എന്ന് ആർക്കും അറിയില്ല. ദൈവം അതിനെ ഒളിപ്പിച്ച് വച്ചിരിക്കുന്നത് കൊണ്ട് അതിന്റെ മൂല്യം ആർക്കും അറിയില്ല. സമുദ്രത്തിന്റെ ആഴങ്ങളിലാണ് അത് ഒളിപ്പിച്ച് വച്ചിരിക്കുന്നത്. ഇരുട്ടിന്റെ ആഴങ്ങളിലാണ് ഈ മഹാമത്സ്യത്തെ,ഈ ഗുപ്തനിധിയെ ദൈവം ഒളിപ്പിച്ച് വച്ചിരിക്കുന്നത്.

സങ്കീർത്തനത്തിൽ അത് രേഖപ്പെടുത്തിയിരിക്കുന്നു. “വെള്ളത്തിലുള്ള തിമിംഗലങ്ങളുടെ തലകളെ നീ ഉടച്ച് കളഞ്ഞു. ലിവ്യാഥാന്റെ തലകളെ നീ തകർത്തു. മരുവാസികളായ ജനത്തിന് അതിനെ ആഹാരമായി കൊടുത്തു” 74:13,14. വെള്ളത്തിന്റെ ആഴത്തിൽ തിമിംഗലത്തെ, ലിവ്യാഥാനെ ദൈവം സൂക്ഷിച്ച് ഇരിക്കുകയാണ്. എന്തിന് വേണ്ടി? മരുവാസികളായ ജനത്തിന് അതിനെ ആഹാരമായി കൊടുക്കുവാൻ. മോശയുടെ കാലഘട്ടത്തിൽ മരുഭൂമിയിലായിരുന്ന ജനം മാംസത്തിന് വേണ്ടി മോശയോട് നിലവിളിച്ചു. ദൈവം മോശയോട് അരുളി ചെയ്തു. മരുഭൂമിയിലായിരിക്കുന്ന ജനത്തിന് ഒരു ദിവസമല്ല, അഞ്ച് ദിവസമല്ല, പത്ത് ദിവസമല്ല, ഇരുപത് ദിവസം അല്ല, ഒരു മാസം മുഴുവൻ ഞാൻ ഇറച്ചി നൽകും. ദൈവത്തിന്റെ ആലോചന കേട്ട് മോശ സ്തംഭിച്ചു നിൽക്കുകയാണ്. മരുഭൂമിയിൽ ഒന്നും ഇല്ല. പക്ഷെ ദൈവം സമുദ്രത്തിന്റെ ആഴത്തിൽ സൂക്ഷിച്ച് വച്ചിരിക്കുന്ന മഹാമത്സ്യമായ ലിവ്യാഥാന്റെ തലയെ തകർത്ത് അവയെ കഷ്ണങ്ങളാക്കി, ചിറക് നൽകി മരുഭൂവാസികളായ ജനങ്ങൾക്ക് അവയെ നൽകി പോഷിപ്പിച്ചു.

എന്നാൽ ഇതുപോലെ ഒരു ഗുപ്തനിധിപോലെ സൂക്ഷിച്ച് വച്ചിരിക്കുന്ന മഹാമത്സ്യം യോനാ പ്രവാചകന്റെ പുസ്തകത്തിൽ കാണുന്നു. എല്ലാവരാലും തള്ളപ്പെട്ട് യോന കപ്പലിൽ നിന്ന് സമുദ്രത്തിന്റെ ആഴത്തിലേക്ക് എടുത്തെറിയപ്പെട്ടു. സമുദ്രത്തിന്റെ ആഴത്തിൽ ദൈവം സൂക്ഷിച്ച് വച്ച ആ ഗുപ്തനിധിയായ മഹാമത്സ്യം യോനയെ വിഴുങ്ങി. ഒരു വലിയ ഇരുട്ട് യോനക്ക് ചുറ്റും കട്ടപിടിച്ച് നിൽക്കുന്നത് പോലെ. മഹാമത്സ്യത്തിന്റെ വയറ്റിൽ യോന ഒരു പ്രത്യേക സ്ഥിതിയിലാണ്. മുമ്പോട്ടും പോകത്തില്ല, പുറകോട്ടും പോകത്തില്ല. ഇരിക്കുന്നിടത്ത്

ഇരിക്കത്തും ഇല്ല. ഗുപ്തനിധിയുടെ ലക്ഷണം നേരത്തെ സൂചിപ്പിച്ചിരുന്നു. ഒളിച്ച് വച്ച, ആർക്കും കാണാത്ത ഒരു നന്മയാണത്. ഈ മഹാമത്സ്യം ഒരു വലിയ ഇരുട്ട് പോലെ യോനയെ വിഴുങ്ങിയിരിക്കുകയാണ്. യോന അവിടെ നിശ്ചലനാണ്. നിസഹായനാണ്. പക്ഷെ യോനയെ വിഴുങ്ങിയ ഇരുട്ട്, പ്രതിസന്ധി, പ്രതികൂലം, മഹാമത്സ്യം ഒളിച്ച് വച്ച ഒരു നിധിയാണ് എന്ന് ആർക്കും അറിയില്ല. ഒരു വലിയ പ്രതികൂലം ആണത് എന്നേ പലരും പറയൂ. പക്ഷെ ആ മഹാമത്സ്യം ഒരു തുറമുഖത്ത് നിന്ന് മറ്റൊരു തുറമുഖത്തേക്ക് അതിവേഗം സഞ്ചരിക്കുകയാണ്. ദൈവം ആഗ്രഹിച്ച സ്ഥലത്തേക്ക്, ശുശ്രൂഷമണ്ഡലത്തിലേക്ക് ഈ മഹാമത്സ്യം, ഈ മഹാ ഇരുട്ട് പ്രതികൂലം യോനയെ കൊണ്ടുപോകുകയാണ്.

ദൈവികശുശ്രൂഷയിൽ പ്രവേശിച്ച് കുറച്ച് നാൾ കഴിഞ്ഞ് ഒരു മഹാ പ്രതികൂലം, ഒരു ഇരുട്ട് എന്നെ വിഴുങ്ങി. ഈ ഇരുട്ട്, പ്രതികൂലം, മഹാമത്സ്യം പോലെ നിൽക്കുന്ന ഈ വിഷയങ്ങൾ മാറിപോകുവാൻ വേണ്ടി പ്രാർത്ഥിച്ചു. ദൈവം പറഞ്ഞു ‘‘നീ നേരിടുന്ന ഈ പ്രതികൂലത്തെ മഹാമത്സ്യത്തെ ഇപ്പോൾ വെട്ടിമുറിച്ചാൽ, മഹാമത്സ്യത്തിന്റെ വയറ്റിൽ ആയിരിക്കുന്ന യോനയ്ക്ക് ദോഷം വരും. അതും മാത്രമല്ല ദൈവം ആഗ്രഹിക്കുന്ന തുറമുഖത്ത് യോന എത്തുകയും ഇല്ല. യഥാർത്ഥ തുറമുഖത്ത് എത്തുന്നത് വരെ ഈ പ്രതികൂലത്തെ ദൈവം നീക്കുകയില്ല. യഥാർ
ത്ഥ തുറമുഖത്ത് യോന എത്തുന്നത് വരെ യോനയെ സംരക്ഷിക്കുവാൻ കൂടി വേണ്ടിയുള്ളതാണ് ഈ മഹാ മത്സ്യം. ഇത് പ്രതികൂലമല്ല, ഒരു ഗുപ്തനിധിയാണ്. യഥാർത്ഥ തുറമുഖത്ത് എത്തിയാൽ പ്രതികൂലമെന്ന് തോന്നിച്ച ഈ ഗുപ്തനിധിയായ മഹാമത്സ്യത്തെ ദൈവം വെട്ടിമുറിയ്ക്കും. അതിന് ശേഷം മരുഭൂവാസികളായ ജനത്തിന് അവയെ നൽകും. ഇത് എന്നോട് മാത്രമുള്ള ഒരു ആലോചനയാണ്. തീർത്തും സ്വകാര്യം. മറ്റുള്ളവർക്കും ഇത് മനസ്സിലാക്കുവാൻ സാധ്യതയില്ല. ദൈവത്തിന്റെ ഒരു അഗാധജ്ഞാനം ഇതിന്റെ ഉള്ളിൽ ഉണ്ട്. അത് എന്നെ ആശ്വസിപ്പിക്കുന്നു. നിലനിർത്തുന്നു, സഹായിക്കുന്നു,ബലപ്പെടുത്തുന്നു. ദൈവകൃപയ്ക്ക് കീഴിൽ ശരണപ്പെടുന്നു. ദൈവം ഒരുവൻ മാത്രം സംരക്ഷകൻ.’’

**ഡിസംബർ 31.**

ദൈവം കരുണ ചെയ്ത ഒരു വർഷം തീരുവാൻ പോകുന്നു. 2002 നിരവധി ദൈവികാലോചനകൾ ലഭിച്ച വർഷമാണ്. നിരവധി രഹസ്യശുശ്രൂഷകളും ദൈവം ക്രമീകരിച്ചു. മൂന്ന് പുസ്തകങ്ങൾ എഴുതുവാൻ ആലോചന ലഭിച്ചു. ഒന്ന് പൂർത്തീകരിച്ചു. രണ്ടെണ്ണം പൂർത്തീകരിക്കപ്പെടുവാൻ പോകുന്നു. ആരംഭത്തിൽ അതിശക്തമായ പോരുകൾ ശത്രുകൊണ്ടുവന്നുവെങ്കിലും അവ എല്ലാം ദൈവം പരാജയപ്പെടുത്തി. ഈ വർഷത്തിന്റെ അവസാനനാളിൽ സാമ്പത്തിക നന്മ നൽകി ദൈവം നടത്തി. യാതൊരുവിധ പരസ്യശുശ്രൂഷകളിലും ഏർപ്പെടാതെ ദൈവം പറഞ്ഞത് അനുസരിച്ച് ഒതുങ്ങിയിരുന്നു. പരസ്യമായി ശുശ്രൂഷയിൽ ആയിരിക്കുന്ന ഒരുശുശ്രൂഷകന് ആവശ്യമായത് എല്ലാം നൽകി മാനിക്കുന്നത് പോലെ എന്നേയും മാനിച്ചു. ആത്മീയമായ ഒരു സ്തംഭനത്തെ ഇപ്പോൾ നേരിടുന്നുണ്ട് എങ്കിലും അത് പൊട്ടിമാറുവാൻ പോകുകയാണ് എന്ന് ദൈവം പറയുന്നു. 1999 – ലെ ഒരു വർഷത്തെ അദ്ധ്യാപകശുശ്രൂഷക്ക് ശേഷം തുടർച്ചയായ മൂന്ന് വർഷം തികച്ചും ദൈവമുമ്പിൽ തന്നെയായിരുന്നു. ജനത്തിന്റെ മുമ്പാകെ ശുശ്രൂഷയോട് ബന്ധപ്പെട്ട് നിന്നതേ ഇല്ല. തീർത്തും ഒരു ഏകാന്തവാസം. 1999 കെരീത്ത് തോടിന്റെ അനുഭവം എന്ന് പറഞ്ഞു. 2000, 2001, 2002 മൂന്ന് വർഷം സെരാഫാത്തിന്റെ അനുഭവത്തിലായിരുന്നു. മൂന്ന് വർഷം സെരാഫാത്ത് എന്നെ പോറ്റി പുലർത്തി. സമൃദ്ധിയായ അളവിൽ തന്നെ പോറ്റി പുലർത്തി.

2003 – ൽ കർമ്മേലിന്റെ ഒരുചെറിയതുടക്കം ഞാൻ ആത്മാവിൽ ദർശിക്കുന്നു. ദാവീദിന്റെ വീണ്പോയ കൂടാരത്തെ നിവർത്തുന്ന വർഷം. ദൈവിക ശുശ്രൂഷയോടുള്ള ബന്ധത്തിൽ അൽപം സ്വാതന്ത്ര്യം ലഭിക്കുന്ന വർഷം. കഴുതയുടെ വായ് തുറക്കുന്ന വർഷം. ആഴമേറിയ ചില ശുശ്രൂഷക ആലോചനകൾ വെളിപ്പെടും എന്ന് ദൈവം എന്നോട് പറയുന്നു. അപ്പോസ്തലൻ റോമാലേഖനത്തിൽ പറയുന്നത് പോലെ പറഞ്ഞ് ഈ ഡയറിക്കുറിപ്പുകൾ അവസാനിപ്പിക്കുന്നു. ''സകലവും അവനിൽ നിന്നും അവനാലും അവങ്കലേക്കും ആകുന്നുവല്ലോ. അവന് എന്നേക്കും മഹത്വം'' ആമേൻ 11:36.

********

# PRAYER HOME MINISTRIES

KERALA - INDIA

*DIRECTOR*

**Bro. BIJU THOMAS**

**www. prayerhome.org**

## OUR VISION FROM GOD

1. Prayer Home 24 Hours Prayer Center
2. Prayer Home Bible College
3. Prayer Home Publication
4. Prayer Home Ministers Conference
5. Prayer Home Crusade
6. Prayer Home School
7. Prayer Home Service Ministry

## ഗ്രന്ഥകാരൻ എഴുതിയ പുസ്തകങ്ങൾ

1. ശുശ്രൂഷാ വെളിപ്പാടുകൾ
2. ശുശ്രൂഷാ പാഠങ്ങൾ
3. ശുശ്രൂഷാ കാഴ്ചപ്പാടുകൾ
4. ശുശ്രൂഷാ ഡയറിക്കുറിപ്പുകൾ
5. ശുശ്രൂഷകവഴി ഒരു തിരിഞ്ഞുനോട്ടം


☞ PRAYER HOME ONLINE MAGAZINE

A Journal For Spiritual Growth

☞ **PRAYER HOME PRAYER NEWS LETTER**

☞ **T I R Z A H**

A Website Journal For Children

☞ **OnLine Free AdMag**

A Free Advertisement Online Magazine